## കരുളായി ഗ്രാമപഞ്ചായത്ത്



# സമഗ്ര വികസന റിപ്പോർട്ട്

ഏറ്റവും ചെറിയവൻ പോലും ഇന്ത്യയുടെ
നിർമ്മാണത്തിൽ തനിക്ക് പങ്കുണ്ടെന്ന്
വിശ്വസിക്കുന്ന ഒരിന്ത്യയാണ്
ഞാൻ വിഭാവനം ചെയ്യുന്നത്.

ഗാന്ധിജി.

COVER DESIGNED: N. MOIDEENKUTTY

COVER PRINTING **DATAFLEX**, MANJERI

111-5

# ഒമ്പതാം പദ്ധതി ജനകീയപദ്ധതി
# കരുളായി ഗ്രാമ പഞ്ചായത്ത്
## വികസന സെമിനാർ
## 17–11–96 ഞായറാഴ്ച

## സമഗ്ര വികസന റിപ്പോർട്ട്.

1. ആമുഖം
2. പൊതുവിവരണം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. വികസന മേഖലകൾ
    1. കൃഷിയും ജലസേചനവും
    2. മൃഗസംരക്ഷണവും മൽസ്യബന്ധനവും
    3. വ്യവസായം
    4. വിദ്യാഭ്യാസം
    5. കുടിവെള്ളം – പൊതു ജനാരോഗ്യം
    6. ഗതാഗതം – ഊർജ്ജം
    7. പാർപ്പിടവും സാമൂഹ്യക്ഷേമവും
    8. സംസ്കാരം
    9. വനിത
    10. സഹകരണ പ്രസ്ഥാനം
    11. പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം
    12. വിഭവസമാഹരണം

# ഭരണ സമിതി അംഗങ്ങൾ



പ്രസിഡൻറ്
കെ.പി.ജൽസീമിയ



വൈസ് - പ്രസിഡൻറ്
കെ.ജി.സാജൻ മാസ്റ്റർ



സ്റ്റാൻറിംഗ കമ്മിറ്റിചെയർമാൻ
ടി.പി.സിദ്ധീഖ്



മെമ്പർ
കണ്ണൻ കുളവൻ കദീജ



മെമ്പർ
ഇ.വസന്ത കുമാരി



മെമ്പർ
പി.കുഞ്ഞലവി



മെമ്പർ
എൻ.സുബൈർ



മെമ്പർ
വി.വേലായുധൻ



മെമ്പർ
കെ.കോയക്കുട്ടി



ബ്ലോക്ക് പഞ്ചായത്ത മെമ്പർ
ജി.തോമസ് മാസ്റ്റർ

# I ആമുഖം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യം എല്ലാ അർത്ഥത്തിലും യാഥാർത്ഥ്യമാക്കുന്നതിന് ഈ പഞ്ചായത്തിലെ ഭരണസമിതിയും മുഴുവൻ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംഘടനകളും കൂട്ടായി പരിശ്രമിച്ച് വിജയിപ്പിക്കാൻ പ്രതിജ്ഞാബദ്ധമാണ്. ആസൂത്രണം അടിത്തട്ടിൽനിന്ന് അതായത് ജനങ്ങളിൽ നിന്ന് എന്ന തത്വം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക എന്നുള്ളതാണ് നമ്മുടെ ആദ്യത്തെ കർത്തവ്യം. ആസൂത്രണ പ്രകിയയെക്കുറിച്ച് ജനങ്ങളെ പൂർണ്ണമായും ബോധവൽക്കരണം നടത്തിയെങ്കിൽ മാത്രമെ ഈ സംരംഭത്തിന് ജനപങ്കാളിത്തം പൂർണ്ണമായും ഉപകരിക്കുകയുള്ളു. ഈ തത്വം സാക്ഷാത്കരിക്കപ്പെടുന്നതിന്റെ മുന്നോടിയായി മുഴുവൻ ജനവിഭാഗങ്ങളെയും ഒററക്കെട്ടായി അണിനിരത്തുവാനും ആസൂത്രണ പ്രക്രിയയിൽ ഭാഗവാക്കുകളാകുവാനും ഞങ്ങൾക്ക് സാധിച്ചു എന്നതിന്റെ പ്രകടമായ ഉദാഹരണമാണ് നവംബർ 1ലെ പുനരർപ്പണ ദിനത്തിന്റെ വിജയം. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന കേരള സർക്കാരിന്റെ പ്രഖ്യാപനത്തോടനുബന്ധിച്ച് ഞങ്ങൾക്കു ലഭിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പൂർണ്ണമായും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ചിട്ടയോടും സൂക്ഷ്മതയോടും കൂടി ചെയ്യാനും ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ആസൂത്രണത്തിൽ ജനകീയ പങ്കാളിത്തം– ഇതിന്റെ മുഖ്യതത്വം വികസന രംഗത്ത് പ്രാദേശിക ആവശ്യങ്ങളുടെ പ്രാധാന്യം ആണ്. ഇത് സാദ്ധ്യമാകുന്നത് ആസൂത്രണം. ജനങ്ങളിൽകൂടി നിർവ്വഹിക്കപ്പെടുമ്പോൾ മാത്രമാണ്. കാരണം അവർക്ക് മാത്രമെ അവരുടെ പ്രദേശത്തിന്റെ ആവശ്യങ്ങളും പോരായ്മകളും വ്യക്തമായും അറിയുകയുള്ളു. അതുകൊണ്ടാണ് വികസനം യാഥാർത്ഥ്യമാകുന്നതിന് ആസൂത്രണ രംഗത്ത് ജനപങ്കാളിത്തം അനിവാര്യമാണെന്ന് പറയാൻ കാരണം എന്നാൽ നാളിതുവരെയുള്ള പഞ്ചവൽസര പദ്ധതികളുടെ ആസൂത്രണരംഗത്ത് സാധാരണ ജനങ്ങൾക്ക് യാതൊരു പങ്കോ, അറിവോ, ഉണ്ടായിരുന്നില്ല.

ദേശീയ സംസ്ഥാന ആസൂത്രണബോർഡുകളിലെ ഉന്നതന്മാരായ ഉദ്യോഗസ്ഥന്മാർ ഒരുമേശക്കു ചുററുംഇരുന്ന്ആസൂത്രണം രൂപപ്പെടുത്തുമ്പോൾ മേൽപറഞ്ഞ പ്രാദേശികാവശ്യങ്ങൾ അവഗണിക്കപ്പെട്ടുഎന്നതിൽ അൽഭുതമില്ല.ഇതിന്റെഫലമായി പ്രാദേശിക ആവശ്യങ്ങൾ അവഗണിക്കപ്പെടുകയും ദുർവ്യയം, കാര്യക്ഷമതയില്ലായ്മ, സ്വജന പക്ഷപാതം, ബ്യൂറോക്രസിയുടെ അനധികൃതമായ ഇടപെടൽ, രാഷ്ട്രീയ പാളിച്ചകൾ എന്നിങ്ങനെ അതൃപ്തികരമായ നീക്കങ്ങൾക്ക് കാരണമായി. അതുകൊണ്ട് പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും ജനങ്ങളിലേക്ക് എത്തിക്കാൻ നമുക്ക് സാധിച്ചില്ല. എന്നുമാത്രമല്ല പ്രാവർത്തികമാക്കിയ പദ്ധതികൾതന്നെ ദിശാഗതി നിയന്ത്രണം (Monintering) അതായത് അതാതു ഘട്ടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും പരിശോധനയും നടത്തുക. നിർമ്മാണത്തിനു ശേഷം അതിന്റെ ഗുണമേന്മ പരിശോധിക്കുന്ന മൂല്യനിർണ്ണയം (Evaluation) എന്നീ മാനദണ്ഡങ്ങളൊന്നും കാര്യക്ഷമമായി നാം പാലിച്ചില്ല. അതുകൊണ്ട് വികസനത്തിന്റെ പേരിൽ ഭീമമായ തുകകൾ ചിലവഴിച്ചപ്പോഴും അതിന്റെ നിർമ്മാണത്തിൽപോലും മേന്മയും ഗുണനിലവാരവും ഉറപ്പുവരുത്താൻ നമുക്ക് സാധിച്ചില്ല.

മേൽപറഞ്ഞ പിഴവുകൾ പരിഹരിക്കുന്നതിനും ആവർത്തിക്കപ്പെടാതിരിക്കുന്നതിനും വേണ്ടിയാണ് ആസൂത്രണം മുകളിൽ നിന്ന് താഴോട്ട് എന്നതിനുപകരം അടിത്തട്ടിൽനിന്ന് മുകളിലേക്ക് എന്ന തത്വത്തിലേക്ക് നമ്മേ നയിച്ചത് എങ്കിൽ മാത്രമെ വികസനം സമഗ്രവും സ്ഥായിയും അർത്ഥപൂർണ്ണവും നീതി പൂർവ്വകവും ആയിരിക്കുകയുള്ളു. ഈ ബോധം ഉൾക്കൊണ്ടുകൊണ്ടാണ് ഞങ്ങൾ ജനകീയ ആസൂത്രണവുമായി മുന്നോട്ടുപോകുന്നത്.

# II പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | : കരുളായ് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : കരുളായ്, അമരമ്പലം |
| ബ്ലോക്ക് പഞ്ചായത്ത് | : നിലമ്പൂർ |
| താലൂക്ക് | : നിലമ്പൂർ |
| അസംബ്ലി മണ്ഡലം | : നിലമ്പൂർ |
| വിസ്തീർണ്ണം | : 131 ച. കിലോമീററർ |
| അതിരുകൾ | : കിഴക്ക്–തമിഴ്നാട്,<br>വടക്ക്–കരിമ്പുഴ (മൂത്തേടം പഞ്ചായത്ത്<br>തെക്ക്–അമരമ്പലം പഞ്ചായത്ത്<br>പടിഞ്ഞാറ്–നിലമ്പൂർ പഞ്ചായത്ത് |
| ജനസംഖ്യ | : 17698 (91 സെൻസസ്) |
| പുരുഷൻ | : 8600 |
| സ്ത്രീകൾ | : 9098 |
| ജനസാന്ദ്രത | : 135 |
| വാർഡുകൾ | : 9 |
| ആകെ വീടുകൾ | : 4581 |
| പ്രസിഡൻറിൻെറ പേര് | : കെ. പി. ജൽസീമിയ |
| വൈസ് പ്രസിഡൻറ് | : കെ. ജി. സാജൻ |
| സ്ററാൻറിംഗ് കമ്മിററി ചെയർമാൻ | : ടി. പി. സിദ്ദീഖ് |
| മെമ്പർമാർ | : പി. കുഞ്ഞലവി<br>എൻ. സുബൈർ<br>കെ. കോയക്കുട്ടി<br>വി. വേലായുധൻ<br>കെ. ഖദീജ<br>ഇ. വസന്തകുമാരി |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ<br>കരുളായ് ഡിവിഷൻ | : ജി. തോമസ് മാസ്ററർ |

# III സാമൂഹിക സാംസ്കാരിക ചരിത്രം

1962-ൽ കേരളത്തിലെ പഞ്ചായത്തുകൾ പുനഃസംഘടിപ്പിച്ചപ്പോൾ രൂപംകൊണ്ട് അമരമ്പലം പഞ്ചായത്തിൻെറ വടക്ക് ഭാഗമാണ് ഇന്ന് കരുളായ് പഞ്ചായത്ത് എന്നറിയപ്പെടുന്ന ഭൂപ്രദേശം ഇന്നത്തെ മൂത്തേടം പഞ്ചായത്തിൻെറ 8-ാം വാർഡ് ഉൾപ്പെടുന്ന പാലാങ്കര പ്രദേശവും ഇതിൻെറ ഭാഗമായിരുന്നു. 1963 ഡിസംബറിൽ നടന്ന കേരളത്തിലെ ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഈ പ്രദേശത്ത് നിന്നും തെരഞ്ഞെടുക്കപ്പെട്ട സർവ്വശ്രീ പുതിയറ അലവി (വൈസ് പ്രസിഡൻറ്) സി. കെ. മുഹമ്മദ് മാസ്ററർ. പുലിക്കോട്ട് കുമാരൻനായർ, ടി. എം. തോമസ് എന്നിവർ അമരമ്പലം പഞ്ചായത്ത് ഭരണ സമിതിയിൽ അംഗങ്ങളായിരുന്നു. 1968-ൽ ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ മന്ത്രിസഭയിൽ പഞ്ചായത്ത് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ അമരമ്പലം പഞ്ചായത്ത് വിഭജിച്ച് പുതിയ കരുളായി പഞ്ചായത്തിന് രൂപം നൽകി.അതോടൊപ്പം ഭരണസമിതിയേയും വിഭജിച്ച് പുതിയറ അലവി പ്രസിഡൻറായും ശ്രീ. കാരിക്കുട്ടി, കെ. പ്രേമചന്ദ്രൻനായർ, ശ്രീ. ടി. എം. തോമസ് എന്നിവർ അംഗങ്ങളായി പുതിയ പഞ്ചായത്ത് ഭരണസമിതി നോമിനേററ് ചെയ്തു. പഞ്ചായത്തിലെ ആദ്യ മിനുട്ട്സ് പ്രകാരം 21-8-68 ന് 3 മണിക്ക് ഈ ബോർഡ് സത്യവാചകം ചൊല്ലി അധികരത്തിൽ പ്രവേശിച്ചു. ഭരണസമിതിയിലെ ശ്രീ. പ്രേമചന്ദ്രൻ നായർ, ശ്രീ. കുമാരൻനായർ എന്നിവർ രാജിസമർപ്പിച്ചതിനാൽ തൽസ്ഥാനത്തേക്ക് ശ്രീ. ടി. കെ. മുഹമ്മദ് എന്ന ബാപ്പുട്ടി, എ. പി. മുഹമ്മദ് എന്നിവരെ സർക്കാർ നോമിനേററ് ചെയ്തു. ഈ ഭരണസമിതി 1976 നവംമ്പർവരെ നീണ്ടുനിന്നു. 19-11-76 ൽ ശ്രീ. ടി. കെ. മുഹമ്മദ് എന്ന ബാപ്പുട്ടി പ്രസിഡൻറ്, ശ്രീ. കെ. എ. പീററർ വൈസ് പ്രസിഡൻറ്, കക്കോടൻ മുഹമ്മദ്, എൻ. കെ. അഹമ്മദുകുട്ടി, എ. നീലകണ്ഠൻ മാസ്ററർ, ഇ. കെ. നിർമ്മല ബീവി, പാറക്കൽ ഹുസൈൻ എന്നിവർ അംഗങ്ങളായും സർക്കാർ നോമിനേററ് ചെയ്ത പുതിയ ഭരണസമിതി സത്യവാചകം ചൊല്ലി അധികാരത്തിൽ പ്രവേശിച്ചു. ഈ ഭരണസമിതി 1-4-80 വരെ അധികാരത്തിൽ തുടർന്നു. പിന്നീട്ട് സ്പെഷ്യൽ ഓഫീസറുടെ ഭരണം 88 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരെയും തുടർന്നും.

പഞ്ചായത്ത് രൂപംകൊണ്ടതിനുശേഷം ഭരണസമിതിയിലേക്ക് നടന്ന ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് 1988 ജനുവരിയിലായിരുന്നു. പ്രസ്തുത തെരഞ്ഞെടുപ്പിൽ 9-ാം വർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കെ. ഗോപിനഥൻ മാസ്ററർ പ്രസിഡൻറായും ഒന്നാം വാർഡിൽ നിന്നും കെ. പി. അബു. രണ്ടാം വാർഡിൽനിന്നും പന്നിക്കോടൻ കുഞ്ഞലവി, മൂന്നാം വർഡിൽ നിന്നും ടി. കെ. അബ്ദുള്ളക്കുട്ടി, നാലാം വാർഡിൽനിന്നും പി. സഫിയ ടീച്ചർ, അഞ്ചാം വാർഡിൽനിന്നും നാലകത്ത് കുഞ്ഞിമുഹമ്മദ്, ആറാം വർഡിൽനിന്നും വി. വേലായുധൻ, ഏഴാം വാർഡിൽനിന്നും എൻ. പി. ലൂക്കോസ് എട്ടാം വാർഡിൽനിന്നും ഖദീജ ജമാൽ എന്നിവർ അംഗങ്ങളായും ഭരണസമിതി അധികാരത്തിൽ വന്നു.

നാലുവർഷത്തിനുശേഷം പ്രസിഡൻറ് സ്ഥാനം രാജിവച്ച ഗോപിനാഥൻ മാസ്ററർക്ക് പകരം വൈസ് പ്രസിഡൻറായിരുന്ന എൻ. പി. ലൂക്കോസ് പ്രസിഡൻറായും ശ്രീ. നാലകത്ത് കുഞ്ഞിമുഹമ്മദ് വൈസ് പ്രസിഡൻറായും അധികാരമേററു.

ഈ ഭരണ സമിതി 1995 സെപ്തംബർ മാസം വരെ അധികാരത്തിൽതുടർന്നു. സെപ്തംബറിൽ 73-ാം ഭരണഘടന ഭേദഗതിയനുസരിച്ച് നിലവിൽ വന്ന പുതിയ ഗ്രാമ പഞ്ചായത്തിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 1-ാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി. കെ. പി. ജെൽസീമിയ പ്രസിഡൻറും, 5-ാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കെ. ജി. സാജൻമാസ്ററർ വൈസ് പ്രസിഡൻറായും, 2-ാം വാർഡിൽ നിന്നും പി കുഞ്ഞലവി, 3-ാം വാർഡിൽ നിന്നും എൻ. സുബൈർ, 4-ാം വാർഡിൽ നിന്നും കുണ്ടൻതൊടിക കോയക്കുട്ടി, 6-ാം വാർഡിൽ നിന്നും വി. വേലായുധൻ, 7-ാം വാർഡിൽ നിന്നും കണ്ണ

ൻകുളവൻ ഖദീജ, 8-ാം വാർഡിൽ നിന്നും ടി. പി. സിദ്ദീഖ്, 9-ാം വാർഡിൽ നിന്ന് ഇ. വസന്ത കുമാരി എന്നിവർ അംഗങ്ങളായും അധികാരമേററു. ഈ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിലേക്ക് ജി. തോമസ് മാസ്ററും തെരഞ്ഞെടുക്കപ്പെട്ടു.

പഞ്ചായത്തിന് സ്വന്തമായി കെട്ടിടനിർമ്മാണം 1970 ൽ ആരംഭിക്കുകയും 1971 ജൂൺ 24 ന് അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ശ്രീ. അവുക്കാദർകുട്ടിനഹ ഉൽഘാടനം ചെയ്യുകയും ചെയ്തു. ആഫീസ് കെട്ടിടത്തിന് ആവശ്യമായ 40 സെൻറ്സ്ഥലവും,ക്യാററിൻ പൗണ്ടിനാവശ്യമായ 3 സെൻറ് സ്ഥലവും സഹോദരൻമാരായ ശ്രീ. ടി. കെ. മുഹമ്മദ്, ടി. കെ. രായിൻ കുട്ടി, ടി. കെ. അബ്ദുള്ളകുട്ടി, ടി.കെ. കുഞ്ഞി മുഹമ്മദ് എന്നിവർ ദാനമായി നൽകിയതാണ്.

ഈ ഭൂപ്രദേശത്തിൻെറ പൂർവ്വ ചരിത്രം പരിശോധിച്ചാൽ ഈ പ്രദേശം മുഖ്യമായും നിലമ്പൂർ, മഞ്ചേരി, അമരമ്പലം എന്നീ കോവിലകങ്ങളുടെയും ചെമ്മന്തിട്ടദേവസ്വത്തിൻേറയും വകയായിരുന്നു. മാവൂരടുത്തുള്ള പെരുവയൽ ആസ്ഥാനമായുണ്ടായിരുന്ന നാടുവാഴി കുടുംബം ആയിരുന്നുഅള്ളിയിൽഇടം. ഇതിലെകാരണവന്മാരെ അങ്ങുന്നന്മാർ എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ വംശമാണ് ചെമ്മന്തിട്ട ഭഗവതിക്ഷേത്രം സ്ഥാപിച്ചതെന്നാണ് ഐതീഹ്യം. ദേവസ്വത്തിൻെറയും ക്ഷേത്രത്തിൻേറയും പരിപാലത്തിനായി ഒരു വലിയ അങ്ങുന്ന് നിയോഗിക്കപ്പെടുകയും അദ്ദേഹം കാലത്താൽ ചെമ്മന്തിട്ട ആസ്ഥാനമായി കാര്യനിർവ്വണം ചെയ്തുപോരുകയും ചെയ്തു. സാങ്കല്പികമായി ഭഗവതിയേ കുടിയിരുത്തിയ ഈ സ്ഥലത്തിൻെറ പേര് ചെമ്മന്തട്ടകം എന്നായിരുന്നു. തട്ടകം എന്നാൽ സ്ഥലം എന്നാണർത്ഥം. ഈ ക്ഷേത്രത്തിൻെറ പേരിലുള്ള ഭൂസ്വത്താണ് ചെമ്മന്തട്ട ദേവസ്വം. അതാതുകാലത്ത് ഭരണത്തിലിരുന്ന അങ്ങുന്നൻമാർ ദേവസ്വം ഭൂമി കാണം, ചാർത്ത്, പാട്ടം, മുതലായ വ്യവസ്ഥകളിൽ മദ്ധ്യവർത്തി കുടുംബങ്ങൾക്ക് കൈമാറി.

കല്ലുവെട്ടി കുടുംബം, തണ്ടുപാറകുടുംബം, കരിന്താർ കളം, പുള്ളിയിൽ കളം, മരുതങ്ങാട് കളം, തൊണ്ടിക്കളം എന്നീ കുടുംബങ്ങളായിരുന്നു മുഖ്യമായ പ്രസ്തുത മദ്ധ്യവർത്തികൾ. കല്ലുവെട്ടി കുടുംബവക സ്ഥലങ്ങൾ പിന്നീട് പാലക്കാട്ടുക്കാരനായ പി. എസ്. നാരായണഅയ്യരുടെ കുടുംബത്തിന് കൈമാറി അതാണ് കരുളായി കളം.

മേല്പറഞ്ഞ കോവിലകങ്ങളും ഈരീതിയിൽ ഭൂമി കൈമാററം നടത്തിയിരുന്നു. ഈ മദ്ധ്യവർത്തികളുടെ കീഴിൽ വയലുകൾ പാട്ടത്തിന് ഏററുവാങ്ങി മണ്ണിൽ അദ്ധ്വാനിക്കുന്ന ഒരുപററം കൃഷിക്കാർ മഞ്ചേരി, കൊണ്ടോട്ടി, അരീക്കോട് എന്നീ പ്രദേശങ്ങളിൽ നിന്നും കുടിയേറിപ്പാർത്തു. ഇവനും ഇവരുടെ പണിയാളൻമാരായ പണിയർ, ചെറുമക്കൾ, കണക്കൻമാർ, അറനാടൻമാർ എന്നീ പട്ടികജാതി പട്ടികവർഗക്കാരുമാണ് ഈ പ്രദേശത്തെ പൂർവ്വികർ.

എന്നാൽ ഈ പഞ്ചായത്തിൻെറ കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന പശ്ചിമ ഘട്ട സാനുക്കളിൽ ഇടതിങ്ങി നിൽക്കുന്ന വനത്തിൽ ആദിമ മനുഷ്യർ ഇന്നും ജീവിക്കുന്നു. നായ്ക്കന്മാർ, ചോലനായ്ക്കന്മാർ, മലമുത്തൻമാർ, പണിയർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന മനുഷ്യരാണ് യഥാർത്ഥത്തിൽ ഇവിടുത്തെ പൂർവ്വികൻമാർ. ഈ ഗുഹാമനുഷ്യരിൽ അധികഭാഗവും ഇന്നും അവരുടെ പ്രാകൃതജീവിതം നയിച്ചുവരുന്നവരാണ്. ഇൻഡ്യയിലെങ്ങുമുള്ള നരവംശ ശാസ്ത്രജ്ഞൻമാരുടെ (Anthropologists) പഠനകേന്ദ്രമാണ് ഇന്നും ഈ വനപ്രദേശം. ഇവരിൽ കുറെ കുടുംബങ്ങളെ മൈലാടിപ്പൊട്ടി, മുണ്ടപ്പൊട്ടി, ചോടാലപ്പൊട്ടി. നെടുങ്കയംഎന്നിവിടങ്ങളിലായി സർക്കാർപുനരധിവസിപ്പിച്ചിട്ടുണ്ട്. കാട്ടിലെ കായ്കനികളും കിഴങ്ങു വർഗങ്ങളും കാട്ടുതേനും ആണ് ഇവരുടെ പ്രധാന ആഹാരം. പൊതുവെ ആരോഗ്യ ദൃഢഗാത്രരും രോഗ വിമുക്തരുമായ ഇവരുടെ പ്രധാന ജോലി തേൻപന്തം, ഏലം മുതലായ വനവിഭവങ്ങൾ ശേഖരിക്കുകയാണ്. എന്നാൽ മറേറതു മേഖലയിലും പോലെ മദ്ധ്യവർത്തികളാൽ ചൂഷണം ചെയ്യപ്പെടുന്നതുകൊണ്ട് ഈ മേഖലയിൽ നിന്നും സ്വകാര്യ ഏജൻസികളെ മാററി ഗിരിജൻ സഹകരണ സംഘം എന്ന സ്ഥാപനം മുഖേനയാണ് ഈ വിഭവങ്ങൾ ഇപ്പോൾ സമാഹരിക്കുന്നതും വിപണനം ചെയ്യുന്നതും.

ഈ വനത്തിന് മൊത്തം 26560.75 ഹെക്ടർ വിസ്തീർണ്ണം ഉണ്ട്. ഇതിൽ ചെറുപുഴ മുതൽ അതിരുപൂള വരെയുള്ള ഭൂവിഭാഗം മുൻപ് അമരമ്പലം കോവിലകത്തിന്റെ അധീനതയിലായിരുന്നു എന്ന് പഴമക്കാർ പറയുന്നു. ചില കരാർ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് ഗവൺമെന്റ് കൈവശപ്പെടുത്തിയതുകൊണ്ടാണ് ഇന്നും ഈ വനം സർക്കാർ അധീനത്തിൽ നിലനിൽക്കുന്നത്.

ഈ വനത്തിനുള്ളിൽ അതിപുരാതന കാലത്ത് സംസ്കാര സമ്പന്നമായ ഒരു നാഗരികത നിലനിന്നിരുന്നു എന്നതിന് ധാരാളം തെളിവുകളുംഉണ്ട്. വനത്തിനുള്ളിൽകൂടി നടന്നുപോകുന്ന ഒരു പുരാ വസ്തു ഗവേഷകനെ ആകർഷിക്കുന്ന പാണ്ടാൻകുളം. പോത്ത്കുളം, കല്ലേംകുളം എന്നീ പുരാതന കുളങ്ങളും നിരവധി അമ്പലത്തറകളും കിണറുകളും അവയുടെ പടവുകളും ഇന്നും നിലനിൽക്കുന്നുണ്ട്. എഴുത്ത്കല്ല് എന്നറിയപ്പെടുന്ന ശിലാലിഖിതം പാലിഭാഷയിലുള്ളതാണെന്ന് ഇവിടെ സന്ദർശിച്ച പുരാവസ്തു ഗവേഷകർ രേഖപ്പെടുത്തിയിട്ടുണ്ട്. "ആന വെള്ളം കുടിക്കാൻവരും" എന്ന മുന്നറിയിപ്പാണ് ആ ശിലാലിഖിതത്തിന്റെ അർത്ഥമെന്ന് കോഴിക്കോട്ട് സർവ്വകലാശാല ചരിത്രവിഭാഗം ഗവേഷകന്മാർ ഈയിടെ വ്യക്തമാക്കിയത് പ്രസ്ഥാവ്യമാണ്. ഇവിടെക്കാണുന്ന താമരക്കുളങ്ങളും മററും മേൽ പ്രസ്താവിച്ച വസ്തുതകളും അതിപുരാതന കാലത്ത് ഇവിടെ ജനവാസം ഉണ്ടായിരുന്നു എന്നതിന്റെ സൂചനയാണ്, എന്നാലിന്ന് വിശാലമായ ഈ വനം നമ്മുടെ സംസ്ഥാനത്തിന്റെ പരിസ്ഥിതി സംരക്ഷണത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു എന്നു മാത്രമല്ല, ഈ വനസമ്പത്തിൽ നിന്നും സർക്കാർ ഖജനാവിലേക്ക് വർഷംതോറും 10 കോടിയിലധികം രൂപ വരുമാനവും ഉണ്ട്.

വന്യ ജീവി സംരക്ഷണത്തിന്റെ കാര്യത്തിൽ ഈ നിത്യഹരിത വനം ഒരുവലിയ പങ്കാണ് വഹിക്കുന്നത്. ചുരുക്കം ചില ഇനങ്ങൊളൊഴിച്ചാൽ മിക്കവാറും എല്ലാ വന്യ ജീവികൾക്കും ഈ വനം ഒരു സങ്കേതമാണ്. ലോക പ്രശസ്ത പക്ഷിനിരീക്ഷകനായ ഡോക്ടർ സലീം അലി പല തവണ ഈ വനം സന്ദർശിക്കുകയും ഗവേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ആനകൾ ഈ വനത്തിന്റെ ഒരു കൗതുകമായിരുന്നു ഒരു കാലത്ത്. വാരിക്കുഴികളുണ്ടാക്കി അതിൽ വീഴ്ത്തി പാപ്പാനകളുടെ സഹായത്തോടെ പിടിച്ചുകൊണ്ട് വരുന്ന ആനകളെ മെരുക്കിയെടുത്ത് ലേലം ചെയ്ത് വിൽക്കുന്നത് നമ്മുടെ സർക്കാരിലേക്ക് ഒരു വലിയ മുതൽക്കൂട്ടായിരുന്നു. ഇൻഡ്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽ നെഹ്റു ജപ്പാനിലെ കുട്ടികൾക്ക് സമ്മാനിച്ച ആനക്കുട്ടി ഇവിടെ നിന്നും പിടിച്ച് പരിശീലിപ്പിച്ചതാണ്. കരുളായി ഫോറസ്ററ് റേഞ്ചിലെ ജീവനക്കാരായ പ്രഭാകരൻ ഫോറസ്ററരും രണ്ട് പണിയന്മാരും ആണ് ഇൻഡ്യാഗവൺമെൻറിന്റെ നിയോഗ പ്രകാരം ജപ്പാനിലേക്കുള്ള യാത്രയിൽ ആനക്കുട്ടിയെ അനുഗമിച്ചത്. ആനയെ പിടിച്ച് മെരുക്കി പരിശീലനം നൽകാനുള്ള ആനപ്പന്തികൾ നെടുങ്കയത്ത് ഇന്നും ടൂറിസ്ററുകളെ ആകർഷിച്ചുവരുന്നു. നെടുങ്കയം അതിമനോഹരമായ ഒരു പ്രദേശമാണ്. ഒരുവശത്തുകൂടെ ചെറുപുഴയും മറുവശത്തുകൂടെ കരിമ്പുഴയും ഒഴുകുന്ന ഈ പ്രദേശത്തേക്ക് കടക്കാൻ ബ്രിട്ടീഷ് എഞ്ചിനീയർമാർ 1931-ലും, 1933- ലും നിർമ്മിച്ച ഇരുമ്പ് പാലങ്ങൾ ഒരു ശക്തിക്ഷയത്തിന്നും കാരണമാകതെ ഇന്നും ഭദ്രമായി നിലനിൽക്കുന്നു. ഈ പാലങ്ങളുടെ പണികൾക്ക് നേതൃത്വം നൽകിയ എഞ്ചിനീയർ സായിപ്പ് ഡോവ്സൻ നെടുങ്കയത്ത് കരിമ്പുഴയിൽ മുങ്ങിമരിച്ചു. അദ്ദേഹത്തിന്റെ ശവകുടീരം ഇന്നും ടൂറിസ്ററുകളുടെ ഒരു ശ്രദ്ധാകേന്ദ്രമാണ്. കരിമ്പുഴയുടെ പാർശ്വത്തിൽ മനോഹരമായ ഒരു കൊച്ചു കുന്നിന്റെ മുകളിൽ തടികൊണ്ട് മാത്രം നിർമ്മിച്ച മനോഹരമായ ഒരു ടൂറിസ്ററ് ബംഗ്ലാവ് അല്പസ്വല്പം കാലങ്ങൾക്ക് കീഴടങ്ങിയെങ്കിലും ഇന്നും തലയുയർത്തി നിൽക്കുന്നു. അതിന്റെ പൂമുഖത്ത് നിന്ന് നോക്കിയാൽ ഏത് ശിലാഹൃദയനും കാനനഭംഗിയിൽ ലയിച്ചുചേരാൻ കഴിയും. വർഷകാലത്തുപോലും അച്ഛസ്പടിക ജലം ഒഴുകുന്ന കരിമ്പുഴ ഔഷധവാഹിനിയാണെന്നാണ് ഇവിടുത്തുകാരുടെ വിശ്വാസം. എല്ലാംകൊണ്ടും മനോഹരമായ ഒരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിച്ചെടുക്കാവുന്ന നെടുങ്കയം പ്രദേശവും വിസ്മയാവഹമായ ഒരു വന്യമൃഗസംരക്ഷണ കേന്ദ്രമായി സംരക്ഷിക്കപ്പെടാവുന്ന വന പ്രദേശവുമാണ് ഈപഞ്ചായത്തിന്റെ പാർശ്വത്തിലുള്ളത്. ഇവ യാഥാർത്ഥ്യമായാൽ അത്ഈപഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുമെന്നുള്ള കാര്യത്തിൻ സംശയമില്ല.

ചരിത്ര പ്രധാനമായ മാപ്പിള ലഹള എന്ന മലബാർ കലാപത്തിലും നിസ്തുലമായ പങ്ക് ഈ പഞ്ചായത്ത് വഹിച്ചിട്ടുണ്ട്. 1921–ൽ നടന്ന പ്രസ്തുത ലഹളയിൽ ഈ പഞ്ചായത്തിലെ പള്ളിക്കുന്ന് പ്രദേശം കേന്ദ്രമായിട്ടായിരുന്നു സ്വാതന്ത്ര്യ സേനാനികൾ പ്രവർത്തിച്ചിരുന്നത്. ഈ കലാപകാരികൾക്ക് നേതൃത്വം നൽകിയവരിൽ പ്രധാനിയായ മൊടവങ്ങുലവൻ ഉണ്ണിത്തറി പട്ടാളത്തിന് കീഴടങ്ങാൻ വിസമ്മതിച്ചത് കാരണം വെടിയേററ് രക്തസാക്ഷിത്വം വരിച്ചത് ഇവിടെയാണ്. സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായിട്ടാണ് ഇവിടെയും കലാപമുണ്ടായത്. പത്തിരുപത് പേർ ഈ പ്രദേശത്ത് നിന്നും ആൻഡമാനിലേക്ക് നാടുകടത്തപ്പെട്ടിട്ടുണ്ട്. അതിൽപലരും മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ലഹളക്കാർ സ്വാഭാവികമായും കരുളായ് വനം ഒളിസങ്കേതമായി തിരഞ്ഞെടുത്തു. ഇവരെ വേട്ടയാടാൻ വനത്തിലെത്തിയ പട്ടാളക്കാർ ഒളിക്കുന്നതിനുവേണ്ടിയുണ്ടാക്കിയ കിടങ്ങുകളിപ്പോഴും അവിടെ കാണാം. സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ശ്രീ. കാരൊളി നാരായണമേനോൻ എന്ന കരുളായ് മേനോൻ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം എന്നും സ്മരിക്കപ്പെടേണ്ട വ്യക്തിയാണ്.

1942–ൽ വ്യാപകമായ കോളറ ഈ പ്രദേശത്ത് പടർന്നുപിടിച്ചു. അനേകംപേർ മൃതിയടഞ്ഞു. പ്രതിരോധനടപടികളുടെയും ഫലപ്രദമായ ചികിൽസയുടെയും അഭാവംകാരണമാണ് ഇങ്ങനെ സംഭവിച്ചത്. ഈ കാലഘട്ടങ്ങളിൽ വിദ്യാഭ്യാസത്തിൻെറ അഭാവവും പൊതുബോധവൽക്കരണത്തിൻെറ ഇല്ലായ്മയും ജനങ്ങളെ അന്ധവിശ്വാസങ്ങളിൽ തളച്ചിടുകയായിരുന്നു. ഒടിയയൻ, കൂളിയൻ, എന്നീ ഭൂതപ്രേതാതികളിൽ വിശ്വസിച്ച് ഭയവിഹ്വലരായി ജീവിതം നയിക്കുകയാണ്. വസൂരി, കോളറ മുതലായ പകർച്ചവ്യാധികൾപോലും പിശാചുക്കളുടെ ബാധക്കൊണ്ടാണുണ്ടാകുന്നതെന്ന് അന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു.

1948 കാലത്ത് തിരുവിതാംകൂറുകാരനായ പ്ലാവുങ്കൽ അച്ചൻ അന്നത്തെ നിലമ്പൂർ കോവിലകം ദിവാനും കോവിലകം കുടുംബാംഗവുമായിരുന്ന ഏട്ടൻ രാജയുമായി ചർച്ചചെയ്തു. തിരുവതാംകൂറിൽ നിന്നും കുറെ ക്രിസ്ത്യൻകുടുംബങ്ങളെ കൊണ്ടുവന്ന് താമസിപ്പിക്കാൻ അൽപ്പം ഭൂമി അനുവദിച്ച് വാങ്ങുകയും അച്ചൻെറ നേതൃത്വത്തിൽ 47 കുടുംബങ്ങൾക്ക് 280 ഏക്കർ സ്ഥലത്ത് വീട് വെച്ച് താമസിക്കാൻ സൗകര്യം ലഭിക്കുകയും ചെയ്തു.

മഹാമനസ്കനും ഭാവനാസമ്പന്നനുമായിരുന്ന അച്ചൻ ഈ 280 ഏക്കർ സ്ഥലം ഒരു മാതൃകാ ഗ്രാമമായി വികസിപ്പിച്ചെടുക്കാമെന്ന് സ്വപ്നം കണ്ടു. പള്ളി, വിദ്യാലയം, വായനശാല, കളിസ്ഥലം, റോഡ്, ചന്ത എന്നീ പൊതുസൗകര്യങ്ങൾ എല്ലാം ഉൾക്കൊള്ളുന്ന ഒരു ആധുനിക ക്ഷേമ ഗ്രാമമായിരുന്നു ആ സ്വപ്നം. ഈ സ്വപ്നം ഏറക്കുറെ സാക്ഷാൽക്കരിക്കാൻ അച്ചന് സാധിച്ചു. അച്ചൻ ഈ ഗ്രാമത്തിന് 'ബഥേൽ'കോളനി എന്ന് നാമകരണം ചെയ്തു. ഈ കോളനിയാണ് പുല്ലഞ്ചേരി ക്രിസ്ത്യൻകോളനി. നിലമ്പൂർ മേഖലയിലെ ആദ്യത്തെ കുടിയേററമായിരുന്നു ഇത്. വികസനത്തിൻെറ ബാലപാഠം ഈ പഞ്ചായത്തിലെ ജനങ്ങൾ ആദ്യമായി ഉൾക്കൊണ്ടത് 'ബഥേൽ' കോളനിയിൽ നിന്നാണ്. റോഡ്, വിദ്യാലയം, വൈദ്യുതി, ആധുനിക രീതിയിലുള്ള കൃഷിസമ്പ്രദായം അതിനോടനുബന്ധിച്ചുള്ള ക്ഷീര വികസന സംരംഭങ്ങൾ, തുടങ്ങി മനുഷ്യ ജീവിതം അനായാസവും, സുഖകരവും ആക്കാനുള്ള നവീന മാർഗ മാതൃകകൾ, ഇവരിൽ നിന്നും നാട്ടുകാർക്ക് പഠിക്കാൻ കഴിഞ്ഞു ഈ മേഖലയിലെ ആദ്യത്തെ ക്രിസ്ത്യൻ പള്ളിയും ഈ കോളനിയിലാണ്.

അതുപോലെ 2 നൂററാണ്ടുകൾ പഴക്കമുള്ള മുസ്ലിം ദേവാലയമാണ് തിരുമുണ്ടി ജുമാമസ്ജിദ്. നിലമ്പൂർ മേഖലയിൽ മൈലാടി പള്ളി കഴിഞ്ഞാൽ ഏററവും പഴക്കം ചെന്ന പള്ളി ഇതാണ്. ഈ പള്ളിയുടെ നിർമ്മാണത്തിന് നേതൃത്വം നൽകിയവരിൽ പന്നിക്കോടൻ കുടുംബത്തിൽപ്പെട്ടവരിൽ ഒരാൾ പള്ളി പണി പൂർത്തിയാകുന്നതിന് മുൻപ് മരണപ്പെടുകയും ചെട്ടിയിൽ കബറടക്കപ്പെടുകയുംചെ യ്തിട്ടുണ്ട്. ആ കബറ് ഇന്നും നിലനിൽക്കുന്നു.

ഈ രണ്ട് ദേവാലയങ്ങളെക്കാൾ പഴക്കം ചെന്നതാണ് ഹിന്ദുദേവാലയമായ ചെമ്മന്തട്ട ഭഗവതി ക്ഷേത്രം. മററു ക്ഷേത്രങ്ങളിൽനിന്നും വ്യത്യസ്ഥമായ പലസവിശേഷതകളും ഈ ക്ഷേത്രത്തിനുണ്ടെന്ന് ഭക്തൻമാർ പറയുന്നു. ഇവിടുത്തെ പ്രതിഷ്ട ഭഗവതിയാണെങ്കിലും ഭഗവതിയുടെ വിഗ്രഹം ഇവിടെ പ്രതിഷ്ടിച്ചിട്ടില്ല. ആയതിനാൽ പ്രതിഷ്ട സാങ്കല്പികം മാത്രമാണ്. പ്രഭാമണ്ഡലം എന്ന പേരിലറിയപ്പെടുന്ന വെങ്കല

ത്തിൽ നിർമ്മിച്ച ഒരു ഇരിപ്പിടം മേൽക്കൂരയില്ലാത്ത ഒരു മുറിയിൽ സ്ഥാപിച്ചിരിക്കയാണ്. ഈ ഇരിപ്പിടത്തിലാണ് ഭഗവതി ഉപവിഷ്ടയായിരിക്കുന്നതെന്നാണ് സങ്കല്പം. ഭഗവതി വെയിലും മഴയും മഞ്ഞും ഏററുകൊണ്ടാണിരിക്കുന്നത്.

പിന്നീട് ക്രിസ്ത്യൻ, മുസ്ലീം, ഹിന്ദുദേവാലയങ്ങൾ ഈ പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ഉയർന്നുവന്നിട്ടുണ്ട്. ഈ ദേവാലയങ്ങളെ അംഗീകരിച്ചുകൊണ്ട് ജീവിക്കുന്ന വ്യത്യസ്ഥ മതവിഭാഗങ്ങൾ ഐക്യത്തിലും സൗഹാർദ്ദത്തിലും മതസഹിഷ്ണുതയിലുമാണ് ഇവിടെ വർത്തിച്ചു പോരുന്നത്.

നാല്പതുകളുടെ അവസാനഘട്ടംവരെ ഈ പ്രദേശത്തുകാർക്കറിയാമായിരുന്ന ഏക കൃഷി നെൽകൃഷിയായിരുന്നു. തിരുവിതാംകൂർ ഭാഗത്തുനിന്നുള്ള കുടിയേററക്കാരുടെ ആവിർഭാവത്തോടെയാണ് കൃഷി കരയിലേക്കും വ്യാപിക്കാൻ തുടങ്ങിയത്. അക്കാലങ്ങളിൽ മുഖ്യതൊഴിൽ നെൽകൃഷിയും സർക്കാർ വനത്തിലെ കൂലിപ്പണിയുമായിരുന്നു. കൃഷി കരയിലേക്ക് വ്യാപിച്ചതോടെ വാഴ, കപ്പ, റബ്ബർ, മുതലായവ വ്യാപകമായി കൃഷിചെയ്യാൻ തുടങ്ങി. ഈ കാലഘട്ടങ്ങളിൽ സർക്കാർ വനത്തിൽ മരംവെട്ടി വില്പന നടത്തി ഒഴിവായ കൂപ്പുകൾ പൂനംകൃഷിക്കുവേണ്ടി ലേലം ചെയ്തുകൊടുക്കുന്ന പതിവുണ്ടായിരുന്നു. ഫലഭൂയിഷ്ടമായമണ്ണിൽആദായകരമായ ഈ പൂനം കൃഷി നെല്ലുല്പാദന രംഗത്ത് വൻവിജയമായിരുന്നു. സർക്കാരിന് വലിയ സാമ്പത്തികനേട്ടവും ആയിരുന്നു.

1960-65 കാലഘട്ടത്തിൽ ഈ പ്രദേശം വ്യാപകമായ രീതിയിൽ പരുത്തി കൃഷി ചെയ്തിരുന്നു. സീ അയലൻറ് കോട്ടൺ എന്ന തമിഴ് നാടം ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന കമ്പനിയാണ് ഇതിനുവേണ്ട പ്രോൽസാഹനം നൽകിയത്. മേൽത്തരം വിത്ത്, വളം, കീടനാശിനി, കേന്ദ്ര സബ്സിഡിയോടെ ഈ കമ്പനി കൃഷിക്കാരുടെ ഇടയിൽ വിതരണം ചെയ്തു. നാലഞ്ചുവർഷ കാലം നിലനിന്ന ഈ കൃഷി ആദായകരമല്ലാതെ വന്നപ്പോൾ നിലച്ചുപോയി. ഈ പ്രദേശത്ത് തരിശ് പ്രദേശങ്ങൾ ഇപ്പോൾ ഇല്ല. റബ്ബർ, തെങ്ങ്, കമുക്, കശുവണ്ടി, മുതലായവ വ്യാപകമായും ലാഭകരമായും ഈ പ്രദേശങ്ങളിൽ കൃഷി ചെയ്തുവരുന്നു.

പുരാതന കാലത്ത് ഇവിടുത്തുകാർക്ക് ബാഹ്യലോകവുമായി ബന്ധപ്പെടുവാനുള്ള ഏക ഗതാഗത മാർഗം ചെറുപുഴ-മുക്കട്ട ഫോറസ്ററ് റോഡായിരുന്നു. സർക്കാർ വനത്തിൽ നിന്നും തടി കയററിപ്പോകുന്നലോറികൾമാത്രമായിരുന്നു ഇതിലേ സഞ്ചരിച്ചിരുന്ന വാഹനങ്ങൾ. പൊതുഗതാഗത സംവിധാനം അന്ന് തീരെ ഉണ്ടായിരുന്നില്ല. ജനങ്ങളും വിദ്യാർത്ഥികളും കാൽനടയായിട്ടായിരുന്നു അടുത്ത അങ്ങാടിയായ നിലമ്പൂരിലെത്തിയിരുന്നത്. 1968-ലാണ് മുക്കട്ട – ചെറുപുഴ റോഡ് സർക്കാർ ഏറെറടുത്തത്. അന്നത്തെ മന്ത്രിസഭയിലെ ശ്രീ. അഹമ്മദ്കുരുക്കൾ, M. K. കൃഷ്ണൻ എന്നീ മന്ത്രിമാരാണ് ഈ കാര്യത്തിൽ മുൻകൈ എടുത്ത് പ്രവർത്തിച്ചത്. പിന്നീട് കരുളായ്-ചുള്ളിയോട് റോഡ്, കരുളായ്-മണ്ണാത്തിപ്പൊയിൽ-പൂക്കോട്ടുംപാടം റോഡ്, കരുളായ്-അരക്കംപൊയിൽ – പൂക്കോട്ടുംപാടം റോഡ് അമ്പലപ്പടി-കൂററമ്പാറ റോഡ്, എന്നീ പ്രധാന റോഡുകൾ നിലവിൽവന്നതോടുകൂടി ഈ പഞ്ചായത്തിലെ ഗതാഗതം സുഗമമായി. എങ്കിലും ടാർ ചെയ്യപ്പെട്ട റോഡ് ഈ പഞ്ചായത്തിൽ ഇപ്പോഴും കുറവാണ്. ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന വാണിയമ്പലം-എടക്കര റോഡിൽ കല്ലേന്തോടുമുക്കിൽ കരിമ്പുഴക്ക് ഒരുപാലം ഈ നാട്ടുകാരുടെ ഒരു ചിരകാല സ്വപ്നം ആയിരുന്നു. 1996 മാർച്ച് മാസം 15-ാം തീയ്യതി അന്നത്തെ തൊഴിൽ വകുപ്പ്മന്ത്രിയും മണ്ഡലം എം. എൽ എ. യുമായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദ് പ്രസ്തുത പാലത്തിൻെറ ശിലാസ്ഥാപനം നടത്തി ഈ പ്രദേശത്തിൻെറ സാമ്പത്തിക വാണിജ്യ പുരോഗതി ഈ പാലം വഴി തുറന്നുകൊടുക്കുമെന്ന കാര്യത്തിൽ സംശയമില്ല. സർക്കാർബസിൻെറ സേവനം ലഭിക്കാത്ത ഏക പഞ്ചായത്താണ് കരുളായി. ഇടക്കാലത്ത് പെരിന്തൽമണ്ണ – കരുളായി റൂട്ടിൽ സർവ്വീസ് തുടങ്ങിയെങ്കിലും അത് അധിക കാലം നീണ്ടുനിന്നില്ല.

വിദ്യാഭ്യാസ സൗകര്യം ഈ പഞ്ചായത്തിൽ ഇന്നും അപര്യാപ്തമാണ്. ഏകദേശം ഇരുപതിനായിരത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ. ഒരു യു. പി, സ്കൂൾ, 3 എൽ. പി. സ്കൂളുകൾ ഇവമാത്രമാണ് ഔപചാരിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃതവിദ്യാലയങ്ങൾ,ചിലനേഴ്സറിസ്കൂളുകളും പാരലൽകോളേജുകളും ഈ രംഗത്തുണ്ട്.

ബാലവാടി അംഗനവാടി ഇനത്തിൽ 13 ശിശുപാഠശാലകളും സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് ആദ്യമായി നിലവിൽ വന്ന സ്ഥാപനം കരുളായി അങ്ങാടിയിൽ സ്ഥിതിചെയ്യുന്ന ദേശസേവാസമാജം വായനശാലയാണ്. ഇത് 1955 ലാണ് സ്ഥാപിതമായത്. അതിനുശേഷം പതിനൊന്നിനപരിപാടിയുടെ ഭാഗമായി 9 ാം വാർഡ് കാർലിക്കോട് സ്ഥാപിച്ച സാംസ്കാരിക നിലയമാണ് ഈ രംഗത്തേക്ക് വന്ന നവാഗതൻ, ഈ നിലയം 18-2-90 ന് അന്നത്തെ വിദ്യുച്ഛക്തി ഗ്രാമവികസന മന്ത്രി ശ്രീ. ടി. ശിവദാസമേനോനാണ് ഉൽഘാടനം നിർവ്വഹിച്ചത്.

ആദ്യമായി വിദ്യാലയം തുടങ്ങിയത് 1-ാം വാർഡിലെ തിരുമുണ്ടി പ്രദേശമാണ് (പള്ളിക്കുന്ന്).പെൺകുട്ടികൾക്ക്വേണ്ടിനടത്തിയിരുന്ന മാപ്പിള ഗേൾസ് പ്രൈമറി സ്കൂളാണെന്ന് പഴമക്കാർപറയുന്നു. ഈപ്രദേശത്ത്നിന്നുംആദ്യമായി അദ്ധ്യാപക പരിശീലനംനേടിയ ശ്രീ.C.K മുഹമ്മദ്മാസ്ററർഅദ്ധ്യാപകനായി ആദ്യം നിയമിതനായത് അന്ന് ചെട്ടിയിൽ പ്രവർത്തിച്ചിരുന്ന തണ്ടുപാറക്കൽ കുടുംബം നടത്തിവന്നിരുന്ന മാപ്പിള എയിഡഡ് പ്രൈമറി സ്കൂളായിരുന്നു. ഈ സ്കൂളിൽ ശ്രീ. സി. കെ. യോടൊപ്പം പനോലൽ ഉണ്ണീൻകുട്ടി സാഹിബും അദ്ധ്യാപകനായി കുറെ വർഷങ്ങൾപഠിപ്പിച്ചിട്ടുണ്ട്.അതിന്റെ മാനേജർ ജനാബ് ടി. കെ. മമ്മുട്ടി സാഹിബ് ആയിരുന്നു. ഈ വിദ്യാലയം 1941-ൽ ഡി. എം ആർ. ടി. ഏറെറടുക്കുകയും പ്രസ്തുത സ്കൂൾ പുള്ളിയിലേക്ക് മാററി സ്ഥാപിക്കുകയും ചെയ്തു. ഇതാണ് പുള്ളിയിൽ ഡി. എ. എൽ. പി. സ്കൂൾ. ഇതിന്ന് മുൻപ് ചെറുപള്ളി കുടുംബാംഗമായ പട്ടേങ്ങാട്ട് മാധവൻനായർ നടത്തി വന്നിരുന്നപ്രൈമറി സ്കൂൾ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു.

1949-ൽ ഡി. എം. ആർ. ട്രസ്ററ് മറെറാരു സ്കൂൾ കരുളായി അങ്ങാടിക്ക് സമീപം ഡി. എ. എൽ. പി. സ്കൂൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. ഈ സ്കൂളിന്റെ സംസ്ഥാപനത്തിൽ പ്രവർത്തിച്ചത് ശ്രീ. സി. കെ. മുഹമ്മദ് മാസ്ററർ, ശ്രീ. കെ. ഗോവിന്ദൻനായർ മാസ്ററർ എന്നിവരാണ്. അതിനുശേഷം അമ്പതുകളുടെ ഒടുവിൽ പുല്ലഞ്ചേരി ബഥേൽ കോളനിയിൽ പരപ്പുഴ ചാക്കോചേട്ടൻ ദാനമായി നൽകിയ സ്ഥലത്ത് ഒരു സർക്കാർ എൽ. പി. സ്കൂൾ സ്ഥാപിതമായി.

1968-ൽ കുഞ്ഞാമുട്ടി മെമ്മോറിയൽ ഹൈസ്കൂൾ സ്ഥാപിതമായതോടെയാണ് ഈ പ്രദേശത്തെ വിദ്യാഭ്യാസരംഗത്ത് ഒരു നവോത്ഥാനം കൈവന്നത്. മാനേജർ ശ്രീ. ടി. കെ. മുഹമ്മദ് ഹെഡ്മാസ്ററർ ടി. കെ. അബ്ദുള്ളക്കുട്ടിയും സഹോദരൻമാരും ആണ് ഇതിന് വഴിയൊരുക്കിയത്.

1974-ൽ കരുളായിൽ സർക്കാർ തലത്തിൽ ഒരു യു പി. സ്കൂൾ ആനുവദിച്ചുകിട്ടി. കരുളായിൽ ചില അസൗകര്യങ്ങൾ ഉണ്ടായ കാരണം പുള്ളിയിൽ എൽ. പി. സ്കൂൾ മാനേജ്മെൻറിന്റെ അധീനതയിലുണ്ടായിരുന്ന 1 ഏക്കർ 25 സെൻറ് സ്ഥലവും കെട്ടിടവും ദാനമായി കിട്ടിയപ്പോൾ ഒരുസർക്കാർ ററീ-നോട്ടിഫിക്കേഷൻ മുഖേനകരുളായി ഗവ. യു. പി. സ്കൂൾ പുള്ളിയിൽ ഗവൺമെൻറ് യു. പി. സ്കൂളായി മാററി സ്ഥാപിച്ചു ബാക്കി സ്ഥലം നാട്ടുകാർ ദാനമായി നൽകിയതാണ്. അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. ചാക്കീരി അഹമ്മത്കുട്ടി സ്കൂൾ ഉൽഘാടനം ചെയ്തു. പ്രഥമ പ്രധാനാദ്ധ്യാപകൻ ശ്രീ എൻ. സലീംമാസ്ററർ ആയിരുന്നു. ഈ സ്കൂളിന്റെ സംസ്ഥാപനത്തിൽ ശ്രീ. ടി. കെ. അബ്ദുള്ളകുട്ടി മാസ്റററും ശ്രീ. ടി. കെ. നമ്പീശൻ മാസ്റററുടെയും സേവനം നിസ്തുലമാണ്. പിന്നീട് ശ്രീ.യു.കേശവൻമാസ്റററർഹെഡ്മാസ്ററർ ആയി വന്നപ്പോൾ സ്ഥലദൗർലഭ്യം പരിഹരിക്കാൻ 1984-ൽ ജനങ്ങളുടെ ശ്രമഫലമായി 6 ക്ലാസ് മുറിയുള്ള ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഈ സംരംഭത്തിന് അഡ്വ. പി. കരുണാകരൻനായരുടെ അകമഴിഞ്ഞ സംഭാവനയും നേതൃത്വവും ജനങ്ങളുടെ നിർലോഭമായ സഹകരണത്തിന് പ്രചോദനമേകി.

കൂടാതെ റിസർവ് വനത്തിനുള്ളിൽ നെടുങ്കയത്ത് ഗിരിവർഗക്കാർക്കുവേണ്ടി ഒരു ഏകവ്യാപകസ്കൂളും കുറച്ചുകാലം പ്രവർത്തിച്ചിരുന്നു. ഡിസ്ട്രിക്ട് പ്രൈമറി എഡ്യുക്കേഷൻ പ്രോഗ്രാം എന്ന പിന്നോക്ക പ്രദേശങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടിയുള്ള പുതിയ പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽ വാരിക്കൽ പ്രദേശത്ത്

അനുവദിച്ചു കിട്ടിയ പ്രൈമറി സ്കൂളിന് അര ഏക്കർ സ്ഥലം നാട്ടുകാർ സൗജന്യമായി നൽകിയിരിക്കയാണ് സ്കൂൾ തുറക്കുന്നതിനുള്ള പ്രവർത്തനം തുടർന്നു വരികയാണ്. വിദ്യാഭ്യാസ രംഗത്ത് കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേററ് അംഗം, സംസ്ഥാന പരീക്ഷാ ബോർഡ് അംഗം എന്നീ നിലകളിലേക്ക് ഉയർന്നുകൊണ്ടുള്ള ശ്രീ. ടി. കെ. അബ്ദുള്ളകുട്ടിയുടെ വളർച്ച ഈ പഞ്ചായത്തിന് അഭിമാനമാണ്.

സഹകരണ രംഗത്തെ ഈ പ്രദേശത്തെ ആദ്യത്തെ സംരംഭം 1950 കളിൽ പ്രവർത്തിച്ചു ലിക്വിഡേററ് ചെയ്യപ്പെട്ട വിവിധോദ്ദേശ ഐക്യനാണയ സംഘം ആണ്. ഇതിന്റെ പ്രസിഡൻറ് കെ. ടി. കുഞ്ഞിമൊയ്തീൻകുട്ടിസാഹിബ് ആയിരുന്നു. പിന്നീട് ഇന്നത്തെ കരുളായി സർവീസ് സഹകരണ ബാങ്ക് 3–10–74 ന് റജിസ്ററർ ചെയ്യപ്പെടുകയും 4—10—74 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ശ്രീ. ടി. കെ. അബ്ദുള്ളക്കുട്ടി പ്രഥമ പ്രസിഡൻറും ശ്രീ. പി. എം. പോൾ ഹോണററി സെക്രട്ടറിയും ആയിരുന്നു. ക്ഷീരോല്പാദന രംഗത്ത് 3 സഹകരണ സംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ചെറുകിട റബ്ബറുല്പാദകരെ സഹായിക്കുന്നതിനുവേണ്ടി ചാരിററബിൾസൊസൈററി ആക്ട് അനുസരിച്ച് കരുളായ് വില്ലേജ് റബ്ബറുല്പാദക സംഘം പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രഥമ പ്രസിഡൻറ് ശ്രീ. പി. രാമചന്ദ്രൻനായരാണ്. മൃഗസംരക്ഷണ രംഗത്ത് പരിമിതമായ സൗകര്യങ്ങൾ മാത്രമെ ഉള്ളു.

ആരോഗ്യ രംഗത്ത് മുൻകാലങ്ങളിൽ ഫോറസ്ററ് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഒരു ചെറിയ ഡിസ്പെൻസറിയും കമ്പൗണ്ടറും ആയിരുന്നു ഈ പ്രദേശത്തെ ചികിൽസാ രംഗത്തേ ആദ്യത്തെ കാൽവെപ്പ്. കമ്പൗണ്ടർ അച്ചുതൻനായരുടെ സേവനം ജനങ്ങൾക്ക് ആശ്വാസം ഏകിയിരുന്നു ഇന്നത്തെ പ്രാഥമികാരോഗ്യകേന്ദ്രം 1976 ലാണ് സ്ഥാപിതമായത്. ആദ്യത്തെ ഡോക്ടർ ജി. മോഹൻദാസ് ആയിരുന്നു. ഇന്നത്തെ ആശുപത്രി നിൽക്കുന്ന ഒരേക്കർ സ്ഥലത്തിൽ 75 സെൻറ് ശ്രീ. തുപ്പിലിക്കാടൻ അബുവും 25 സെൻറ് സ്ഥലം കോഴിക്കോടൻ സെയ്തലവിഹാജിയും ദാനമായി നൽകിയതാണ്.

ഇതുകൂടാതെ അമ്പലപ്പടി മണ്ടംമോയ്, കാട്ട്ലപ്പാടം എന്നീ സ്ഥലങ്ങളിൽ ഓരോ സബ്സെൻററും പ്രവർത്തിക്കുന്നുണ്ട്. ഗിരിവർഗക്കാരെ മാത്രം ഉദ്ദേശിച്ചുകൊണ്ട് വാരിക്കൽ എന്ന സ്ഥലത്ത് ട്രൈബൽ ആയുർവ്വേദഡിസ്പൻസറി ഒരു ഫുൾടൈം ഡോക്ടറുടെ കീഴിൽ നടത്തിവരുന്നുണ്ട്.

പുല്ലഞ്ചേരിയിൽ വന്നു നിന്ന വൈദ്യുതി ലൈൻ കരുളായി അങ്ങാടിയിലേക്ക് നീട്ടുന്നതിനുവേണ്ടി അന്ന് നിലവിലുണ്ടായിരുന്ന റൂറൽ ഇലക്ട്രിഫിക്കേഷൻ കൺസ്ട്രക്ഷൻ കമ്പനി 1973–ൽ പ്രവർത്തനം ആരംഭിക്കുകയും 1979-ൽ നടപ്പിലാവുകയും ചെയ്തു. മിനിമം ഗ്യാരണ്ടി മുതലായ ഔപചാരിക പ്രവർത്തനങ്ങൾക്ക്നേതൃത്വം കൊടുക്കുകയും R. E. C. C, K. S. E. B. എന്നിവരുടെ മുൻപിൽ ഉത്തരവാദിത്വം ഏറെറടുക്കുകയും ചെയ്തത് ടി. കെ. മുഹമ്മദ് എന്ന ബാപ്പുട്ടിയാണ് എന്ന് ഫയലുകളിൽ കാണാം. ചില ഭാഗങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളുടെ അവസാനം വരെയും തപാൽ സൗകര്യം ഉണ്ടായിരുന്നില്ല. അക്കാലങ്ങളിൽ അമരമ്പലം പഞ്ചായത്തിലെ തോട്ടേക്കാട്ട് പോസ്ററാഫീസിനെയാണ് ആശ്രയിച്ചിരുന്നത്. ആഴ്ചയിൽ ഒരുദിവസം തപാൽ ശിപായി ശങ്കരൻനായർ എഴുത്തു വിതരണം നടത്തിയിരുന്നു. ഇന്ന് നിലവിലുള്ള ബ്രാഞ്ച് പോസ്ററാഫീസ് കരുളായി അങ്ങാടിയിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 1976-ൽ കരുളായിൽ ടെലഫോൺ കണക്ഷൻ വളരെ പരിമിതമായിരുന്നു. 1991 ജനുവരി 23–ന് ഉത്ഘാടനം ചെയ്ത ടെലഫോൺ എക്ചേഞ്ചിൽ ഇന്ന് 176 കണക്ഷൻ ഉണ്ട്.

ജൻമി കുടിയാൻ തർക്കം നിലവിലുണ്ടായിരുന്ന കാലത്ത് പ്രാദേശികമായിത്തന്നെ നിലവിലുണ്ടായിരുന്ന പാട്ടക്കോടതി ഇവിടെയും പ്രവർത്തിച്ചിരുന്നു. അമ്പതുകളിലെ തരിശ്പ്രക്ഷോഭം ഏറക്കുറെ ശക്തമായിത്തന്നെ ഇവിടെ നടന്നു. അതുപോലെ എഴുപതുകളിൽ സംസ്ഥാനവ്യാപകമായി നടന്ന മിച്ചഭൂമി പിടിച്ചെടുക്കൽ സമരവും ഈ പ്രദേശത്ത് അരിപ്പമലയിലും മററും ഉണ്ടായിരുന്നു. ഈ സമരങ്ങൾ സർക്കാരിന്റെ ഭൂപരിഷ്കരണ പ്രക്രിയക്ക് ആക്കംകൂട്ടിയിട്ടുണ്ട്.

**ഈ റിപ്പോർട്ടിൽ എടുത്തു പറയാവുന്ന ചില വ്യക്തികളാണ് താഴെ ചേർത്തിരിക്കുന്നത്**

| | |
|---|---|
| ടി. കെ. അബ്ദുള്ളക്കുട്ടി | സർവ്വകലാശാല ബിരുദം നേടിയ ആദ്യത്തെ മുസ്ലീം |
| ടി. രാമകുമാർ | ഈ പഞ്ചായത്തിലെ ആദ്യത്തെ ബിരുദാനന്തര ബിരുദധാരിയും ഉന്നത ഔദ്യോഗിക സ്ഥാനത്തെത്തിയ വ്യക്തിയും (കേന്ദ്ര സെക്രട്ടറിയേററ്) |
| ടി. കെ. മെഹമ്മൂദ് | ആദ്യത്തെ എഞ്ചിനീയറിംഗ് ബിരുദധാരി |
| പി. സഫിയ | ആദ്യത്തെ മുസ്ലീം അദ്ധ്യാപിക |
| കെ. രാമകൃഷ്ണൻ(DIG. Registration) | ഉന്നത പദവിയിലെത്തിയ പട്ടിക ജാതിക്കാരൻ |
| കെ. പ്രവീൺകുമാർ | ആദ്യത്തെ ഹരിജൻ എഞ്ചിനീയർ |
| കെ. പ്രസീത | ആദ്യത്തെ ഹരിജൻ വനിത എഞ്ചിനീയർ |
| അച്യുതൻമാസ്ററർ | അദ്ധ്യാപകനായ ആദ്യത്തെ ഗിരിവർഗക്കാരൻ |
| കെ. റസീന | B A Arabic & Islamic History യിൽ കാലിക്കററ് യൂയിവേഴ്സിററിയിൽ നിന്ന് ഒന്നാം റാങ്ക് ലഭിച്ച വനിത. |
| സി. എം. മറിയക്കുട്ടി | സർവ്വകലാശാല വിദ്യാഭ്യാസം നേടിയ ആദ്യത്തെ മുസ്ലീം വനിത |
| നാലകത്ത് ഹഫ്സത്ത് Staff Nurse, All India Institute of Medical Seience, Delhi) | ഉന്നത സ്ഥാനത്തെത്തിയ മുസ്ലീം വനിത |
| എ. എസ്. മറിയാമ്മ എന്ന അമ്മിണി സിസ്ററർ | ആരോഗ്യ സംരക്ഷണ രംഗത്ത് യാതൊരു ഉപാധിയും ഇല്ലാതിരുന്ന കാലത്ത് സേവനം ചെയ്ത വനിത |
| ഖദീജ ജമാൽ | പഞ്ചായത്ത് ഭരണം, സഹകരണ രംഗം എന്നീ രംഗങ്ങളിൽ നിറഞ്ഞുനിന്ന മുസ്ലീം സമുദായത്തിലെ ഒരു ഗൃഹനായിക. |
| പി. ടി. ബിജീന | ഏക ഹൈസ്കൂളായ K M H S ൽ നിന്നും S S L C ക്ക് ഏററവും കൂടുതൽ മാർക്ക് ലഭിച്ച കുട്ടി |

അൻപതുകൾ മുതൽ ഈ പഞ്ചായത്തിൽ വിവിധ സാമൂഹ്യ രാഷ്ട്രീയ രംഗത്ത് പ്രവർത്തിച്ചിരുന്ന വ്യക്തികളാണ് കാപ്പിൽ അബൂബക്കർ, നാരായണ മേനോൻ. ടി. കെ. മുഹമ്മദ്, ടി. കെ. അബ്ദുള്ളക്കുട്ടി, എൻ. വി. ജേക്കബ് മാസ്ററർ പി. ഗോവിന്ദൻനായർമാസ്ററർ, സി. കെ. മുഹമ്മദ്മാസ്ററർ തുടങ്ങിയവർ.

വികസനം എത്തിനോക്കാൻ മടിച്ചിരുന്ന ഒരു പ്രദേശം ഇന്നത്തെ നിലയിലേക്ക് ഉയർന്നുവന്ന വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള ഒരു വികസന ചരിത്രത്തിൻെറ സംക്ഷിപ്തമാണ് ഇവിടെ കുറിച്ചത്. ഈ വികസന പാതയിലേക്ക് ഈ പ്രദേശത്തെ നയിക്കുന്നതിൽ പങ്ക് വഹിച്ച നിസ്വാർത്ഥ സേവകരുടെ പേരുകളാണ് ഇതിൽ സ്മരിച്ചിട്ടുള്ളത്. പോരായ്മകൾ ഉണ്ടായേക്കാം. സ്മരിക്കാൻ വിട്ടുപോയവരും ഉണ്ടായേക്കാം എങ്കിൽ ക്ഷമായാചനം. ഇവിടെ നിർത്തട്ടെ. ○

# IV ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി.

## ഭൂപ്രകൃതി

വനഭാഗം ഒഴിച്ച് 5149 ഏക്കർകരഭൂമിയാണ് ഈ പഞ്ചായത്തിലുള്ളത്. 26560.75 ഹെക്ടറാണ് വനത്തിൻെറ വിസ്തൃതി. ഇതിൻെറ കുറച്ചു ഭാഗം മൂത്തേടം പഞ്ചായത്തിൻേറതാണ്. കുന്നും കുഴിയും ആയിട്ടാണ് പൊതുവേയുള്ള പഞ്ചായത്തിലെ ഭൂമിയുടെ പ്രകൃതി. വനത്തിനുള്ളിൽ ഏകദേശം 300 ഏക്കർസ്ഥലം (ഇരുപ്പൂകൃഷിക്ക് പററിയ സ്ഥലം) ചതുപ്പ്സ്ഥലമായി കിടക്കുകയാണ്. ആകെ 1052 ഏക്കർ പാടവും 3587 ഏക്കർ പുരയിടവും 260 ഏക്കർ പുറമ്പോക്ക് ഭൂമിയും പഞ്ചായത്തിലുണ്ട്.

നരിയാളംകുന്ന്, കൊട്ടുപാറക്കുന്ന്, കൊഴലമുണ്ടക്കുന്ന്, ചൂരക്കണ്ടിമല, കരടിയൻമല, കക്കാടൻകുന്ന്, തൂവാലക്കുന്ന്, മച്ചിമല, അരിപ്പമല, എന്നിവയാണിവിടുത്തെ പ്രധാന കുന്നുകൾ. പുഞ്ചപ്പാടം,കക്കോടുപാടം, തോട്ടപൊയിൽ മണ്ടമോയ്പാടം, പിലാക്കോട്ടുംപാടം, കൊളവട്ടം കരിന്താർപാടം, കരുളായ്പാടം, ചെട്ടിയിൽപാടം,. കാട്ട്ലപാടം, മുല്ലപ്പള്ളി, വരക്കുളം, പെരുമ്പൊയിൽ, മൈലമ്പാറ, തെക്കേമുണ്ട, ഭൂമിക്കുത്ത്, പനിച്ചോല, ചെറുപുഴ, പാണ്ഡ്യാലംപാടം, കൊഴലമുണ്ട, ചീരപ്പാടം, മരുതങ്ങാട്പാടം പുള്ളിയിൽപാടം എന്നിവയാണ് നെൽകൃഷി ചെയ്യുന്ന പ്രധാന സ്ഥലങ്ങൾ. കുന്നുകളിൽ മുഖ്യമായും റബ്ബർ കൃഷിയാണ്. പൊതുവിൽ ചെമ്മണ്ണ്, ചരൽമണ്ണ്, മണൽ കലർന്ന മണ്ണ്, വെട്ടുകല്ല് എന്നിങ്ങനെ നാല് തരത്തിലാണ് മണ്ണിൻെറ ഘടന ഈ പഞ്ചായത്തിൻെറ വടക്കുഭാഗം പൊതുവിൽ ഫലഭൂയിഷ്ഠമാണ്. ഈർപ്പം നിലനിൽക്കാത്ത മണ്ണാകയാൽ വരൾച്ച കൂടുതലാണ്

## ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം കരുളായിലെ ജനസംഖ്യ 17,698 ആണ്. ഇതിൽ പുരുഷൻമാർ 8600 ഉം സ്ത്രീകൾ 9098 ഉണ്ട്. പുരുഷമാരെ അപേക്ഷിച്ച് 498 സ്ത്രീകൾ കൂടുതലുണ്ട്. 35 കോളനകളിലായി 1980 പട്ടികജാതിക്കാരും 723 പട്ടികവർഗക്കാരും ഇവിടെയുണ്ട്.

മഖ്യമായും ജനങ്ങളുടെ തൊഴിൽ കൃഷിയാണ്. പരിമിതമായ വിദ്യാഭ്യാസ സൗകര്യങ്ങൾ മാത്രമുള്ള ഈ പഞ്ചായത്തിൽ നിരക്ഷരർ ഉണ്ട്. സ്ത്രീകളിലാണ് കൂടുതൽ നിരക്ഷരർ. നെൽകൃഷി ആദായകരമല്ലാതായപ്പോൾ റബ്ബർ, വാഴ, കപ്പ, എന്നീ കൃഷികളിലേക്ക് മാററം സംഭവിച്ചിട്ടുണ്ട്. അതുപോലെ കെട്ടിട നിർമ്മാണ രംഗത്തേക്കാണ് തൊഴിലാളികൾ പണിയെടുക്കാൻ കൂടുതൽ താല്പര്യം കാണിക്കുന്നത്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. വനവുമായി ബന്ധപ്പെട്ട് ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഉണ്ട്. സമൃദ്ധമായ വനസമ്പത്തുള്ള പഞ്ചായത്താണെങ്കിലും വനവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ഒന്നും ഇല്ല.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പ്രധാന ശ്രപ്നമാണ്. യുവാക്കൾ പല സ്ഥലത്തായി ക്ലബ്ബുകൾ രൂപീകരിച്ചു സന്നദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. പുരാതനകാലം മുതൽ വിവിധമത ദേവാലയങ്ങൾ പരസ്പരംഅംഗീകരിച്ച് സഹിഷ്ണുതയോടും സാഹോദര്യത്തോടും കൂടി കഴിയുന്നു. ഉച്ച നീചത്വങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. പരമ്പരാഗത തൊഴിലെടുക്കുന്നവർ നാമമാത്രമാണ്,

## ജലപ്രകൃതി

ഈ പഞ്ചായത്തിൻെറ കിഴക്കുഭാഗത്ത് നിന്ന് ഉൽഭവിക്കുന്ന കരിമ്പുഴയും, ചെറുപുഴയും കൂടി ഒന്നിച്ച് കരിമ്പുഴയായി ഒഴുകുന്നു. കരിമ്പുഴയാണ് ഈ പഞ്ചായത്തിൻെറ വടക്കേ അതിർത്തി. വനത്തിൽ നിന്നും വരുന്ന ചെരങ്ങേംതോട് മൈലമ്പാറ ഭാഗത്തുകൂടെ ഒഴുകുന്നുണ്ട്. ഇതു കൂടാതെ വലിയതോട്, മരുതങ്ങാട്തോട് അരക്കംപൊയിൽതോട് എന്നിവയാണ്പ്രധാനതോടുകൾ ഈ തോടുകളിൽ വർഷക്കാലത്ത്മാത്രമെ വെള്ളം ഉണ്ടാവുകയുള്ളു. തടയണകളും നീർമറികളും ഇവിടെ കുറവായതിനാൽ ഇവിടുത്തെ ഭൂമിയിൽ നീർവാർച്ച കൂടുതലാണ്. പൊതുവേ വരൾച്ച അനുഭവപ്പെടുന്ന പ്രദേശമാണ്. മഴയേ മാത്രം ആശ്രയിച്ചുചെയ്യുന്ന കൃഷികളാണ് പ്രധാനമായിട്ടുള്ളത്.

ഊത്താലക്കൽ, തോട്ടപ്പൊയിൽ, മരുതങ്ങാട് പള്ളിക്കുന്ന് എന്നിവിടങ്ങളിലെ തോടുകളിൽ ക്രോസ് ബാറുകൾ ഉണ്ട്. അത്തിക്കൽ പുല്ലഞ്ചേരി എന്നീ ഭാഗത്ത്പരിമിതമായ തോതിൽ ജലസേചന സൗകര്യം ഉണ്ട്. 8–ാം വാർഡിൽ നരിയാളം കുന്ന് പ്രദേശത്ത് കുടിവെള്ളത്തിന് കടുത്ത ക്ഷാമം അനുഭവപ്പെടുന്നുണ്ട്. വനത്തിലെ മലഞ്ചരുവുകളിൽ നിന്നും ഉറവകൾഉണ്ടെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് അത് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. നാലഞ്ചുവാഡുകളിലെ കൃഷികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പാണ്ഡ്യാലംപാടം ലിഫ്ററ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിന് കുറെക്കാലമായി മുറവിളി കൂട്ടുന്നുണ്ട്.

കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ഈ പഞ്ചായത്തിൽ കരിമ്പുഴയിൽ നിന്നും വെള്ളം ശേഖരിച്ച് പൈപ്പിലൂടെ നരിയാളം കുന്നിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളം എത്തിച്ചാൽ ജനങ്ങൾക്ക് ആശ്വാസമാകും.

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

## 1 കൃഷിയും ജലസേചനവും

1968 ൽ അമരമ്പലം പഞ്ചായത്ത് വിഭജിച്ചാണ് കരുളായി പഞ്ചായത്ത് നിലവിൽ വന്നത്. അന്ന് മൂത്തേടം പഞ്ചായത്തിലെ പാലാങ്കര വാർഡ് കൂടി ഉൾപ്പെട്ടതായിരുന്നു മൂത്തേടം പഞ്ചായത്ത് രൂപീകരിച്ചതോടുകൂടി കരുളായി പഞ്ചായത്തിൽ നിന്നും പാലാങ്കര ഒഴിവാകുകയും കരിമ്പുഴ, കല്ലേൻതോട് ഇവ വടക്കെ അതിരായി മാറുകയും ചെയ്തു. ഈ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ജ: പുതിയറ അലവിസാഹിബ് എന്നാളായിരുന്നു. 1968 മുതൽ ആദ്യത്തെ തെരെഞ്ഞെടുപ്പ് നടന്ന 1988 വരെ അലവി സാഹിബിനു ശേഷം ജ: ടി കെ മുഹമ്മദ് എന്ന ബാപ്പുട്ടി ആയിരുന്നു പ്രസിഡണ്ട്. 1988ൽ ആദ്യമായി ഈ പഞ്ചായത്തിൽ തെരഞ്ഞെടുപ്പ് നടന്നശേഷം പ്രസിഡണ്ടായത് സ: K. ഗോപിനാഥൻ മാസ്റ്ററും 1992 മുതൽ മൂന്നു വർഷം ശ്രീ. N. P ലൂക്കോസും ആയിരുന്നു പ്രസിഡണ്ട്.

ഈ പഞ്ചായത്തിന്റെ കിഴക്ക് ഭാഗം ഗവ: ഫോറസ്റ്റാണ്. ഫോറസ്റ്റ് ഏകദേശം 26560.75 ഹെക്ടർ വിസ്തീർണ്ണം വരും. മൂത്തേടം പഞ്ചായത്ത് രൂപീകരണത്തോടുകൂടി ഫോറസ്റ്റിലെ ചില ഭാഗം മൂത്തേടം പഞ്ചായത്തിൽ ഉൾപ്പെട്ടു. കേരളത്തിൽ അറിയപ്പെടുന്ന വനങ്ങളിൽ ഒന്നാണ് ഇത്. ഇത് ഒരു വന്യജീവി സങ്കേതവുമാണ്. ഈ വനത്തിൽ നിന്ന് സക്കാരിന് മരം, മുള, മലഞ്ചരക്കുകൾ ഇവ വിൽക്കുന്ന വകയിലും മററും വർഷത്തിൽ 10 കോടിയിലധികം രൂപ ആദായം ലഭിക്കുന്നുണ്ട്. ബ്രിട്ടീഷുകാരന്റെ കാലം മുതൽ വന പ്രദേശമാണിവ. ലോകത്തിൽ പ്രശസ്തിയാർജിച്ച തേക്ക്, ഈട്ടി എന്നിവയും സൈലന്റ്‌വാലി പോലുള്ള നിത്യഹരിത വനങ്ങളും ഇടതിങ്ങിയതാണ് ഈ വനം. ചെറുപുഴമുതൽ കിഴക്ക് 8 ച: കിലോമീററർ സമതലപ്രദേശവും അവിടം മുതൽ കിഴക്കോട്ട് പശ്ചിമഘട്ടത്തിന്റെ തുടർച്ചയായ മലനിരകളുമാണ്. സമതലപ്രദേശത്ത് ചെറുപുഴമുതൽ അതിർപൂള വരെയുള്ള പ്രദേശം ബ്രിട്ടീഷുകാർ അമരമ്പലം കോവിലകക്കാരിൽ നിന്ന് പിടിച്ചു പററിയതാണെന്ന് പറഞ്ഞു കേൾക്കുന്നു.

മലനിരകളിൽ അങ്ങിങ്ങായി പൂർവ്വികരായ മലനായ്ക്കന്മാരും സമതലങ്ങളായ മാഞ്ചീരി, ചൊടാലപ്പൊട്ടി, മുണ്ടക്കടവ്, നെടുങ്കയം എന്നിവിടങ്ങളിൽ കൂട്ടമായും മലനായ്ക്കർ വിഭാഗത്തിൽ പെട്ട ആദിവാസികൾ താമസിക്കുന്നുണ്ട്. ഫോറസ്റ്റിനകത്തുള്ള താമസക്കാരായതുകൊണ്ട് ഡിപ്പാർട്ടുമെൻറ് ഫണ്ടുകൾ മാത്രമാണ് ഇവരുടെ ഉന്നമനത്തിനുവേണ്ടി ചെലവഴിക്കുന്നത്.

ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് ഫൈനൽ ഫില്ലിങ്ങ് നടത്തുന്ന ക്രൂപ്പുകൾ അടുത്ത കാലംവരെ പുനംകൃഷി നടത്തിയിരുന്നു. സമതലങ്ങളിലെ കാരീരി പാടം, താള്ക്കൊല്ലിപാടം, പുളിക്കൽകൈപാടം, മാങ്ങണ്ടിപൊയിൽ എന്നീ സ്ഥലങ്ങളും രണ്ടുവിള കൃഷി ചെയ്യുന്നതിനായി ലേലത്തിൽ വർഷംതോറും കൊടുത്തിരുന്നു. ഇതെല്ലാം നിർത്തലാക്കി. ഈ സ്ഥലങ്ങളത്രയും ചതുപ്പുനിലങ്ങളായി കിടക്കുകയാണ്. ഫോറസ്റ്റിനകത്ത് ശങ്കരൻകോട് എന്നുപറയുന്ന സ്ഥലത്ത് 126 ഏക്ര കൃഷിക്ക് ഉപയുക്തമായ ഭൂമിസ്വകാര്യ ഉടമയിലുണ്ട്. വന്യജീവികളുടെ ശല്യം കർഷകത്തൊഴിലാളികളുടെ കുറവ്, നെൽകൃഷിയിലെ നഷ്ടം ഇവമൂലം ഈ ഭൂമിയിൽ നൂറിലധികം ഏക്ര തരിശായി കിടക്കുന്നു.

നൂററാണ്ടുകൾക്ക് മുമ്പ് ഈ ഭാഗങ്ങളിൽ ഒരു മനുഷ്യ തലമുറ ജീവിച്ചിരുന്നതായി അവിടുത്തെ ഇപ്പോഴും നിലനിൽക്കുന്ന കുളങ്ങളും, അമ്പലത്തറകളും മററും വിളിച്ചോതുന്നു. ഈ കുളങ്ങളിൽ വെള്ളതാമര പൂക്കൾ ഇന്നും ഒരു കാഴ്ചയാണ്.

ഫോറസ്ററ് കഴിഞ്ഞാൽ പഞ്ചായത്തിന്റെ വടക്കുഭാഗം ചെറുപുഴ, കരിമ്പുഴ എന്നീ പുഴയോരങ്ങളായതിനാൽ വളരെ ഫലഫൂയിഷ്ടമായ മണ്ണും അതിനനുസരിച്ചുള്ള നാണ്യവിളകളും നിറഞ്ഞതാണ്.

നരിയളംകുന്ന്, വള്ളിക്കെട്ട്, അമ്പലക്കുന്ന്, തേക്കുംകുന്ന്, കൊട്ടുപാറക്കുന്ന്, കളംകുന്ന്. കൊയലംമുണ്ടകുന്ന്, പനിച്ചോലകുന്ന്, ചൂരക്കണ്ടിമല,

...യൻമല, കക്കാടംകുന്ന്, വള്ളിക്കെട്ട് കരിന്താർ, മൂച്ചിമല, കൊട്ടാരക്കാട്കുന്ന്, ചക്കിട്ടമല, അരിപ്പമല. കൂളിക്കുന്ന്, മരുതങ്ങാട്കുന്ന് മച്ചിമല തൊണ്ടിമൂലകുന്ന്, തുവാലകുന്ന്, തോട്ടപ്പൊയിൽ കുന്ന്, കുരുപ്പൊട്ടിമല, തൊണ്ടികുന്ന് എന്നീ പ്രദേശങ്ങൾ ഉയരം കൂടിയ സ്ഥലവും ഇതിനിടക്കായി സമതല പ്രദേശങ്ങളും വയലുകളും നിറഞ്ഞതാണ് ഈ പഞ്ചായത്ത്. ഭൂമി മിക്കവയും പടിഞ്ഞാറോട്ട നീരൊഴുക്കുള്ളവയാണ്. ഉയരം കൂടിയ കുന്നിൽ പ്രദേശങ്ങളിൽ റബ്ബർ, കശുവണ്ടി എന്നിവയും സമതലപ്രദേശങ്ങളിൽ മുഖ്യമായും തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നിവയും മുഖ്യ കൃഷിയാണ്. വയലുകളിൽ നെല്ല്, വാഴ, പച്ചക്കറി, മരച്ചീനി എന്നിവ കൃഷി ചെയ്യുവരുന്നു. ചതുപ്പ്നിലങ്ങൾ, തടാകങ്ങൾ എന്നിവ ഈ പഞ്ചായത്തിൽ ഇല്ല.

ഫോറസ്ററ് കഴിഞ്ഞാൽ ബാക്കി ഭാഗം ഭൂമികളുത്രയും നിലമ്പൂർ കോവിലകം, അമരമ്പലം കോവിലകം, മഞ്ചേരി കോവിലകം, ചെമ്മന്തട്ട ദേവസ്വം ഇവരുടെ വകയായിരുന്നു. അവരിൽ നിന്നും മദ്ധ്യവർത്തികളായി (ഇടജന്മിമാരായി) കല്ല്വെട്ടി കുടുംബം കരുളായികളം, തണ്ടുപാറക്കൻ കുടുംബം കരിന്താർകളം. പുള്ളികളം, മരുതങ്ങാട്കളം, തൊണ്ടികളം, വേട്ടേക്കോടൻ കുടുംബം എന്നിവ പാട്ടം, ചാർത്ത്, കാണം, പണയം, ചൂണ്ടിപണയം എന്നിങ്ങനെ പലതരം അവകാശങ്ങൾ വഴി കൈവശം ഉറപ്പിച്ചു. ഇവരുടെ കീഴിൽ വയലുകളും, തരിശുകളും പാട്ടത്തിനായി കൃഷിക്കാർക്ക് കൊടുത്തു. ഇങ്ങനെ കൃഷിഭൂമി പാട്ടത്തിന് ഏററുവാങ്ങി കൃഷിചെയ്തും മണ്ണിലധ്വാനിച്ചും ഒരു പററം കൃഷിക്കാരും ഇതുപോലെ കൃഷി ആവശ്യാർത്ഥവും ഫോറസ്ററിലെ തൊഴിലുമായി ബന്ധപ്പെട്ടും പഞ്ചായത്തിൻെറ അയൽപ്രദേശങ്ങളായ നിലമ്പൂർ, വണ്ടൂർ, മഞ്ചേരി, കൊണ്ടോട്ടി എന്നിവിടങ്ങളിൽ നിന്നും ധാരാളം ആളുകൾ കുടിയേറിപ്പാർത്തു. ഇവരുടെ പണിയാളരായി പണിയർ ചെറുമക്കൾ, കണക്കന്മാർ, എന്നീ പട്ടികജാതി വർഗ്ഗത്തിൽപ്പെട്ടവരും കാടിനെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന അറനാടർ, നായ്കർ തുടങ്ങിയവരും ഉൾപ്പെട്ടതാണ ഈ പഞ്ചായത്തിലെ പൂർവ്വീകർ.

1921 ലെ മലബാർ കലാപം ഈ പഞ്ചായത്തിൽ പള്ളിക്കുന്ന് കേന്ദ്രമായിട്ടാണ് നടന്നിട്ടുള്ളത്. കിഴക്കും,വടക്കും പ്രദേശങ്ങൾ അന്ന് കാടും, ആൾ താമസക്കുറവും കാരണമാണ് ഇങ്ങനെ സംഭവിച്ചത്_ ഏതാണ്ട് 15നും 20നും ഇടയ്ക്കുള്ള ആളുകൾ ഇതുമായി ജയിൽ ശിക്ഷ അനുഭവിക്കുകയും ഏതാനും പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. മലബാർ കലാപം തികച്ചും ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടമായിട്ടാണ് ഈ പഞ്ചായത്തിൽ നടന്നത്. ബ്രിട്ടീഷ് ഗവൺമെൻറ ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകിയതിൻെറ് പേരിൽ അത്തരക്കാരെ സമൂഹത്തിൽ നിന്നും ഒററപ്പെടുത്തിയിരുന്നു. എന്നാൽ ഈ പഞ്ചായത്തിൽ ലഹള ഒരിക്കലും ജൻമിത്വത്തിനെതിരായിട്ടില്ല. 1921 നു ശേഷം ഫോറസ്ററിനകത്ത് ഒട്ടോറെ തൊഴിൽ സാധ്യതകൾ തുടങ്ങി. ഈ തൊഴിലന്വേക്ഷകരായും വന്ന ഒട്ടേറെ പേർ നമ്മുടെ പഞ്ചായത്തിൽ പല സ്ഥലങ്ങളിൽ സ്ഥിരതാമസക്കാരും കൃഷിക്കാരുമായി മാറി. ഈ കാലഘട്ടം മുതൽ തന്നെ കൈവശ കർഷകരെ ഞങ്ങളുടെ ഭൂമിയിൽ നിന്നും ഒഴിപ്പിക്കുകയും മററുള്ളവർക്ക് അതേ ഭൂമി കൂടുതൽ പാട്ടത്തിന് നൽകുകയും ജൻമിമാർ പതിവാക്കിയിരുന്നു. കൈവശക്കാർക്ക് രേഖ നൽകാതെയും പാട്ടം അളന്നാൽ രസീത് കൊടുക്കാതെയും, കരം ജൻമിമാർ നേരിട്ട് അടയ്ക്കുന്നതിനാലും കൈവശ കർഷകർക്ക് എത്ര കാലം ഭൂമി കൈവശം വച്ചാലും അവകാശം സ്ഥാപിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിനെതിരെ കൈവശ കൃഷിക്കാർ അസംതൃപ്തരായിരുന്നു 1948_50 കാലങ്ങളിൽ തരിശ് പ്രക്ഷോഭം ഈ പഞ്ചായത്തിലും തുടങ്ങിയിരുന്നു, ഇതിൻെറ ഫലമായി ഭൂമി നഷ്ടപ്പെട്ട കർഷകരും തിരുവിതാംകൂറിൽനിന്ന് കുടിയേറിപ്പാർത്ത കുടിയേററക്കാരും ഇവരെല്ലാം ചേർന്ന് ഒഴിഞ്ഞ സ്ഥലങ്ങൾ കയ്യേറി കൈവശപ്പെടുത്താൻ തുടങ്ങി. കാടുകൾ മുഴുവനും ജന്മിമാരുടെ കാര്യസ്ഥന്മാരെ സ്വാധീനിച്ച് കരിചുട്ട് വനങ്ങൾ നശിപ്പിച്ചിരുന്നു. ഈ സ്ഥലങ്ങൾ കയ്യേറി കൈവശപ്പെട്ടുത്തി മുറിച്ച് വിററ് കാശാക്കുന്ന ഒരു പുത്തൻ പ്രമാണിവർഗം അന്ന് ഉടലെടുത്തു. ഇവർ തമ്മിൽ നടന്ന നിർഭാഗ്യകര

മായ സംഭവങ്ങളുടെ അവസാനത്തേതാണ് 1959ൽ നടന്ന മത്തായി കൊലക്കേസ്. ഈ സംഘട്ടനത്തിൽ രണ്ട്പേർ മരണപ്പെടുകയും ഒട്ടേറെപേർക്ക് പരിക്ക് പററുകയും ചെയ്തു. ഇതോടുകൂടി നിലമ്പൂർ, അമരമ്പലം എന്നീ കോവിലകം വകയും കരുളായികളും വക സ്ഥലവും കൃഷിക്കാരുടെ അധീനതയിലായി.

1957 ലെ സ: ഇ. എം. എസ്സിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ ഒന്നാം മന്ത്രിസഭ ഒഴിപ്പിക്കലിനെതിരെ ഓഡിനൻസ് കൊണ്ടുവന്നതുമൂലം ഒട്ടേറെ കർഷകർ ഒഴിയിക്കലിൽ നിന്ന് മോചിതരായി. 1967 ലെ സർക്കാർ ജന്മിത്വം അവസാനിപ്പിച്ചുകൊണ്ടുള്ള നിയമം പാസ്സാക്കുകയും 1970ൽ സ: അച്ചുതമേനോൻ സർക്കാർ നടപ്പാക്കുകയും ചെയ്തതോടുകൂടിയാണ് കർഷകന്റെ കൈവശമുള്ള മണ്ണിൽ ഉറച്ചുനിൽക്കുന്നതിനും ദീർഘകാല വിളകൾ ഇറക്കാൻ ധൈര്യം കാണിച്ചതും. ജന്മിത്വം അവസാനിപ്പിച്ച നിയമം നിലവിലുണ്ടെങ്കിലും പഴയ കൈയ്യേറി കൈവശക്കാരായ പലർക്കും ഇപ്പോഴും ജന്മാവകാശം കിട്ടാൻ ബാക്കിയുണ്ട്. 1960_67 കാലഘട്ടങ്ങളിൽ കരുളായി പഞ്ചായത്തിലെ മുഖ്യകര കൃഷി പരുത്തികൃഷിയായിരുന്നു. തുടക്കത്തിൽ കർഷകന് ഏറെ ലാഭകരമായിരുന്ന ഈ കൃഷി മില്ലുടമകളുടെ ചവിട്ടി താഴ്ത്തൽ കാരണം കർഷകർ ഈ കൃഷിയിൽ നിന്ന് പിന്തിരിഞ്ഞു. അതിനുശേഷംകരഭാഗങ്ങളിൽ കപ്പ, ഇഞ്ചി, വാഴ മുതലായ കൃഷിയും വയലുകളിൽ നെല്ല്, പച്ചക്കറി, വാഴ തുടങ്ങിയ കൃഷിയും വ്യാപകമായി, 1989ൽ കേരളത്തിൽ ആരംഭിച്ച മരംബരി കൃഷി 1991ൽ ഈ പഞ്ചായത്തിൽ അല്പം ചില കൃഷിക്കാർ ആരംഭിച്ചുവെങ്കിലും മാർക്കററ് പ്രശ്നവും സാങ്കേതിക സഹായത്തിന്റെ കുറവും കാരണം കൃഷിക്കാർ ഈ രംഗത്തുനിന്നും പുറകോട്ടുപോയി. എന്നാൽ നെൽകൃഷി നഷ്ടത്തിലായതിനാൽ അധിക കൃഷിക്കാരും പാട്ട വ്യവസ്ഥയിലാക്കിയിരിക്കുന്നു. കർഷകതൊഴിലാളികളുടെ കൂലി നിരക്ക് പട്ടികയിൽ വാഡ് തിരിച്ച് കൊടുത്തിരിക്കുന്നു.

3. 14

## നമ്മുടെ പഞ്ചായത്തിലെ ഭൂമി സംബന്ധിച്ച വിവരങ്ങൾ പട്ടിക ചേർക്കുന്നു.

3.1 ഭൂമിസംബന്ധിച്ച വിവരങ്ങൾ.
(അടിസ്ഥാന വിവര രജിസ്ററർ)

| ഇനം | വിസ്തീർണ്ണം (ഹെ) |
|---|---|
| വനം | 17695 |
| നിലം | 420 ഹെക്ററർ |
| പുരയിടം | 1430 ഹെക്ററർ |
| പുറമ്പോക്ക് | 105 ഹെക്ററർ |
| കൃഷിയോഗ്യ | |
| തരിശ് | ഇല്ല |
| കൃഷിയോഗ്യ മല്ലാ | |
| ത്ത തരിശ് | ഇല്ല |
| ആകെ | 19650 (ഹെ) |

നമ്മുടെ വിസ്തൃതിയുടെ 88. 9%വും വനവും 8.1% പുരയിടവും 2.4% നിലവും 0.6% പുറമ്പോക്കുമാകുന്നു.

3.2

## 1. നെല്ല്

2 വിള കൃഷിചെയ്യുന്നതാണധികം നിലവും പുഞ്ചകൃഷി ഈ പഞ്ചായത്തിൽ തീരെ ഇല്ല. കാരണം ജലദൗർലഭ്യം തന്നെ വിരിപ്പ് കൃഷി മുണ്ടകൻ കൃഷി എന്നീ രണ്ടുവിളകളിൽ വിരിപ്പു കൃഷിക്കാണ് ഏററവും കൂടുതൽ വിളവ് ലഭിക്കുന്നത്. മുണ്ടകന് വിളവ് കുറയാൻ കാരണം മഴ കുറവായതുകൊണ്ടും രോഗ കീടങ്ങൾ കൂടുതൽ ആയതിനാലും ആണ് വിളവ് കുറയാൻ കാരണം. കേരളത്തിൽ ഹെക്ടററിന്ന് 2.5 ടൺ വിളവ് ഉള്ളപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഹെക്ടററിന്ന് 2 ടൺ മാത്രമാണ് വിളവ്. ഇതിനു പ്രധാന കാരണം ജലസേചന സൗകര്യമില്ലായ്മയും മണ്ണിന്റെ ഗുണമേൻമ വ്യത്യാസവും കൃഷിക്കാരന് കൃഷി ചെയ്യുന്നതിൽ ശാസ്ത്രീയ പരിഗണന ലഭിക്കുന്നതും കാരണങ്ങൾ തന്നെ.

## 2. തെങ്ങ്

തെങ്ങ് കൃഷി വ്യാപകമായത് 1970ൽ ഭൂനിയമം നടപ്പായതിനുശേഷമാണ്. അക്കാലങ്ങളിൽ അയൽ പ്രദേശങ്ങളിൽ നിന്നും നിത്യോപയോഗാവശ്യത്തിലേക്ക് നാളികേരം ഇറക്കുമതി ചെയ്യുകയായിരുന്നു. ഇന്ന്ഈ പഞ്ചായത്തിലെ ആവശ്യം കഴിച്ചു നാളികേരം കൊപ്രയായും നാളികേരമായും കയററി പോവാൻ തുടങ്ങിട്ടുണ്ട്.

കേരളത്തിൽ ശരാശരി നാളികേരം ഉൽപ്പാദനം തെങ്ങ് ഒന്നിനു മുപ്പതാണ്. ഈ പഞ്ചായത്തിലും ശരാശരി വിളവ് മുപ്പതാണെങ്കിലും കുറവാണ്. 330 ഹെക്ടർ സ്ഥലത്താണ് ഈ പഞ്ചായത്തിൽ തെങ്ങ് കൃഷി. തെങ്ങിനെ കേരളത്തിൽ പ്രധാന രോഗമായ കാററ് വീഴ്ച ഈ പഞ്ചായത്തിലില്ല. തെങ്ങ് കൃഷിക്കാവശ്യമായ വെള്ളം ലഭിക്കുകയാണെങ്കിൽ ഇന്നത്തേതിൻെറ പതിൻ മടങ്ങ് ഉൽപാദിപ്പിക്കാം. പ്രധാന രോഗങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്.

## 3. കവുങ്ങ്:-

കവുങ്ങ് 33 ഹെക്ടർ സ്ഥലത്താണ് നമ്മുടെ പഞ്ചായത്തിൽ കൃഷി ചെയ്യുന്നത്. ഒരു കവുങ്ങിൽ നിന്നും 6 കിലോ ഉൽപ്പാദനം ലഭിക്കുന്നുണ്ട്. കവുങ്ങിനെ ബാധിക്കുന്ന രോഗങ്ങളിൽ മുഖ്യം മഹാളി തന്നെ.

## 4. റബർ:-

ഈ പഞ്ചായത്തിലെ കര കൃഷിയിൽ മുഖ്യ കൃഷി റബ്ബർ ആണ്. റബ്ബർ ഉല്പ്പാദന രംഗത്ത് നമ്മുടെ പഞ്ചായത്ത് പുറകിലല്ല. എന്ന് മാത്രമല്ല മെച്ചവുമാണ്. എന്നാൽ ഈ രംഗത്ത് നിന്ന് ലഭിക്കുന്ന അസംസ്കൃത പദാർത്ഥം ഉപയോഗപ്പെടുത്തി ഒരു തൊഴിൽ ശാല പോലും പഞ്ചായത്തിലില്ല. പ്രധാന രോഗം പട്ടമരവിപ്പ്.

## 5. വാഴ:-

നമ്മുടെ പഞ്ചായത്തിൽ 195 ഹെക്ടർ വാഴ കൃഷി നടത്തുന്നു. രണ്ട് ഘട്ടങ്ങളിലായാണ് വാഴ കൃഷി നടത്തുന്നത്. ചളിവാഴ എന്നും, ഓണവാഴ എന്നും പേരു് വിളിക്കുന്നു. ചളിവാഴ ഏറെക്കുറെ ലാഭകരമാണ്. ഉൽപ്പാദനം കൂടുകയും, നല്ല വിലയും ലഭിക്കുന്നു. എന്നാൽ മററുള്ള കൃഷിക്ക് സീസണിൽ വില കുറയുകയും ജല ദൌർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ ശരാശരി വിളവ് 5 കിലോ ആണ്. പ്രധാന രോഗം കൂമ്പടപ്പ്, പട്ടകരിച്ചൽ.

3.3

## വളം, കടകൾ [രാസവള, കീടനാശിനി, വിപണനം]

പഞ്ചായത്തിൽ സഹകരണ സംഘത്തിൽ രാസവളങ്ങളോ കീടനാശിനികളോ, വിൽക്കുന്ന സ്ഥാപനങ്ങളില്ല. രാസവളകടകൾ സ്വകാര്യ മേഖലയിൽ 7 എണ്ണം ഉണ്ട്. 1995_96 ൽ രാസവളം 15 ടൺ വില്പന നടന്നിട്ടുണ്ട്. കീടനാശിനി 1993_94 ൽ 94-95, 95_96, എന്നീ കാലഘട്ടങ്ങളിൽ കൃഷി ഭവനിൽ നിന്നും ഗ്രൂപ്പ് ഫാമിങ് വഴി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ നിലവിൽ ഇല്ല. കൃഷിക്കാർ ജൈവവളങ്ങൾ, ഉപയോഗിക്കുന്നതിൽ വളരെ പുറകിലാണ്. മണ്ണ് പരിശോധന നടത്തി രാസവളങ്ങൾ ഉപയോഗിക്കാൻ കർഷകരെ പ്രേരിപ്പിക്കേണ്ടതുണ്ട്.

3.4

## ജലസേചനസംവിധാനങ്ങൾ:-

കരുളായ് പഞ്ചായത്തിൻെറ വക അത്തിക്കൽ ലിഫ്ററി റിഗേഷൻ പദ്ധതി, മാത്രമാണ് പൊതു രംഗത്തുള്ളത്. ഏകദേശം 50 ഏക്കർ നിലത്തേക്ക് മാത്രമാണ് ഇത് പ്രയോജനപ്പെടുന്നത്. ഇതിൻെറ കനാലും, മോട്ടറും വികസിപ്പിച്ചാൽ മൂന്ന്, രണ്ട്, ഒമ്പത്, എന്നീ വാർഡുകളിലെ മിക്ക പാടശേഖരങ്ങളും നനയ്ക്കാൻ കഴിയുന്നതാണ്. സ്വകാര്യ മേഖലയിൽ പുല്ലഞ്ചേരി, ജലസേചന പദ്ധതി, അത്തിക്കാപ്പ് ജലസേചന പദ്ധതിമൂലം ചുരുങ്ങിയ

സ്ഥലം കൃഷിക്ക് ഉപയുക്തമാണ്. കൂടാതെ ഒന്നാം വാർഡിൽ ഒരു പൊതു കുളവും, വലിയ തോടിന് മൂന്ന് ക്രോസ് ബാറുകളും, മൂന്നാം വാർഡിൽ ഒരു കുളവും നാലാം വാർഡിൽ ഒന്നും, ഏഴാം വാർഡിൽ ഒരു കുളവും, ഒമ്പതാം വാർഡിൽ ഒരു കുളവുമുണ്ട്. മൂന്ന് V. C. B കളിൽ ഊത്തലക്കൽ, തോട്ടപൊയിൽ, എന്നിവയിൽ നിന്ന് രണ്ടാം വാർഡിലേക്കും പ്രയോജനം ലഭിക്കുന്നതാണ്.

3.5

### *കൃഷിഭവൻ:-*

കരുളായ് പഞ്ചായത്തിൽ 1988-ലാണ് കൃഷിഭവൻ നിലവിൽ വന്നത്. അതിനു മുമ്പ് അമരമ്പലത്തും, പിന്നീട് ചുങ്കത്തറയിലും എല്ലാ ആഫീസുകളുടെ കീഴിലായിരുന്ന കരുളായ് പഞ്ചായത്ത്. കൃഷിഭവനിൽ നിന്നുള്ള ആനുകൂല്യങ്ങൾ നെൽകൃഷിക്കുള്ള സബ്സിഡി, നടീൽ, വസ്തു വിതരണം, ദുരിതാശ്വാസ വിതരണം, കാർഷികോപകരണ വിതരണം, ഇൻഷൂറൻസ് പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. എന്നാൽ നെൽകൃഷിക്കുള്ള സബ്സിഡി മുഴുവൻ കർഷകർക്കും ലഭിക്കുന്നില്ല. ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമുള്ള നടീൽ വസ്തുക്കൾ യഥാസമയം ലഭിക്കുന്നില്ല. ആവശ്യമില്ലാത്ത നടീൽ വസ്തുക്കൾ സമയം നോക്കാതെ വിതരണം ചെയ്യുന്നതു കാരണം കർഷകൻ ഉപയോഗപ്പെടുത്തുന്നില്ല. ഇതിനൊരു മാററം അത്യാവശ്യമാണ്. കൃഷിഭവനിന്റെ കീഴിൽ ഇന്ന് നിലവിലുള്ള ഗ്രൂപ്പ് ഫാമിങ് പുനക്രമീകരിക്കുക. കൃഷിഭവനിലെ ഉദ്യോഗസ്ഥർ പാടശേഖരങ്ങൾ നേരിൽ സന്ദർശിച്ച് കർഷകന് തക്ക സമയത്ത് നിർദ്ദേശം നൽകണം. ഉല്പാദന ശേഷിയുള്ള വിത്തുകൾ യഥാസമയം കർഷകന് ലഭ്യമാക്കണം. കൂടാതെ എല്ലാ കർഷകർക്കും സബ്സിഡി നിരക്കിൽ വിത്ത്, വളം, കീടനാശിനി മുതലായവ ലഭ്യമാക്കണം.

കൃഷിഭവൻ മുഖേന താഴെ പറയുന്ന കാര്യങ്ങൾ കൂടി നടപ്പാക്കേണ്ടതാണ്.

1. കൊപ്ര സംഭരണം__സംസ്ക്കരണം.
2. അടയ്ക്ക സംഭരണം__സംസ്ക്കരണം.
3. രണ്ടാം വിളക്ക് ശേഷം പാടങ്ങളിൽ പയർ, എള്ള് തുടങ്ങിയ കൃഷി നടപ്പാക്കുക.
4. പാടശേഖര സമിതിക്ക് ബോണസ്സിന്റെ കൂടെ കുമ്മായം, കീടനാശിനി, പ്രയർ (കുററി പമ്പ്) വാങ്ങാനുള്ള സ്കീം പെർമിററ് യഥാസമയത്തിന് വിതരണം ചെയ്യുക.
5. ഒരു അപ്പ്രൂഡ് നേഴ്സറി തുടങ്ങാനുള്ള പ്രവർത്തനം ആരംഭിക്കുക.
6. കപ്പ കൃഷിയ്ക്കുള്ള സ്കീം തയ്യാറാക്കുക.
7. യുവജനങ്ങൾക്കുള്ള തൊഴിൽ ദാന പദ്ധതിയും അനുയോജ്യമായ സ്ക്കീമുകളും തയ്യാറാക്കി നടപ്പാക്കുക.

3.6

### *പ്രകൃതിക്ഷോഭം ഇൻഷൂറൻസ്*

1993 - 94ൽ പന്ത്രണ്ടര ഹെക്ടർ സ്ഥലത്ത് കൊടുങ്കാററ് കാരണം നാശനഷ്ടം സംഭവിച്ചവരിൽ 216 പേർക്കായി 89205 രൂപ വിതരണം ചെയ്തിട്ടുണ്ട് 1994 –95 4 ഹെക്ററർ സ്ഥലത്ത് കൊടുങ്കാററ് കാരണമുണ്ടായ നാശനഷ്ടങ്ങളിൽ 42 പേർക്ക് സഹായധനം വിതരണം ചെയ്തിട്ടുണ്ട്.

റബ്ബർ, തെങ്ങ്, വാഴ തുടങ്ങിയ വിളകൾക്ക് ഇൻഷൂറൻസ് സമ്പ്രദായം നിലവിലുണ്ട്. ഇതുമായി കൃഷിക്കാർ വേണ്ടത്ര സഹകരിക്കുന്നില്ല. അനുബന്ധം 3ൽ 3:2 മുതൽ 3.6 വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ പട്ടിക തിരിച്ച് താഴെ ചേർക്കുന്നു.

3.2

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 330 ഹെ: | 660 ടൺ | 2 ടൺ |
| നെല്ല് (രണ്ടാം വിള) | 330 ഹെ: | 577 ടൺ | 1.75 |
| പയർ | 20 ഹെ: | 2.5 ടൺ | 125 കി. |
| എള്ള് | — | — | — |
| പച്ചക്കറികൾ | 9 ഹെ: | 54 ടൺ | 6 ടൺ |
| തെങ്ങ് | 230 ഹെ: | | 30 ഒരെണ്ണത്തിന് |
| വാഴ | 195 ഹെ: | 3510 ടൺ | 18 ടൺ |
| മരച്ചീനി | 12 ഹെ: | 400 ടൺ | 33 ടൺ |
| കുരുമുളക് | 23 ഹെ: | 50 ടൺ | 2.1 ടൺ |
| കശുമാവ് | 80 ഹെ: | 192 ടൺ | 15 കി./ 1 ഹെ. |
| പ്ലാവ് | 14 ഹെ: | — | — |
| മാവ് | 15 ഹെ: | 10 ടൺ | 0.6 ടൺ |
| റബ്ബർ | 400 ഹെ: | 22 ടൺ | 55 / ഹെ. |
| കവുങ്ങ് | 33 ഹെ: | 19 ടൺ | 6 ടൺ / ഹെ. |

## ജലസേചന സംവിധാനങ്ങൾ

3.4

| വാർഡ് നമ്പ്ര് | പൊതു ജല സേചന കിണർ. | കുഴൽക്കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് (ഹെക്ടർ) |
|---|---|---|---|---|---|
| 1 | — | — | 1 | 3 | — |
| 2 | — | — | — | — | — |
| 3 | — | — | 1 | — | — |
| 4 | — | — | 1 | — | — |
| 5 | — | — | — | — | — |
| 6 | — | — | — | — | — |
| 7 | — | — | 1 | — | — |
| 8 | — | — | — | — | — |
| 9 | — | — | 1 | 1 | — |
| ആകെ. | — | — | 5 | 4 | — |

3.5

## നടീൽ വസ്തു വിതരണം

| ഇനം | എണ്ണം 1993 – 94 | 94 – 95 | 95 – 96 |
|---|---|---|---|
| തെങ്ങ് | 733 | 170 | 142 |
| കശുമാവ് | 800 | 110 | 4000 |
| കുരുമുളക് | 650 | 4000 | 2500 |
| കവുങ്ങ് | 347 | 350 | 200 |
| ഗ്രാമ്പൂ | — | — | 25 |

### 3.6 ദുരിതാശ്വാസ വിതരണം.

| വർഷം | പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം. ഹെക്ടർ വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാററ് | ഉരുൾ പൊട്ടൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം. | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | |
| 93.94 | — | — | $10\frac{1}{2}$ Hc | — | 216 | 89205/= |
| 94.95 | — | — | 4 | — | 42 പേർ | 25334/= |
| 95.96 | — | — | — | — | — | — |

### 3.7
### തെങ്ങ് കൃഷി സംബന്ധിച്ച വിവരം

| വാർഡ് | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം: കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗം ബാധിച്ച തെങ്ങ്: റൂട്ട് വിൽററ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മററുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 30 ഹെ | 1200 | 3900 | 5100 | — | — | 240 | 21 | 32 | 293 |
| 2 | 20 ഹെ | 842 | 2558 | 3400 | — | — | 160 | 14 | 24 | 198 |
| 3 | 28 ഹെ | 912 | 3848 | 4760 | — | — | 224 | 19 | 36 | 279 |
| 4 | 70 ഹെ | 2320 | 9580 | 11900 | — | — | 560 | 49 | 75 | 684 |
| 5 | 32 ഹെ | 1401 | 4039 | 5440 | — | — | 256 | 21 | 36 | 313 |
| 6 | 28 ഹെ | 927 | 2833 | 4760 | — | — | 252 | 18 | 24 | 294 |
| 7 | 60 ഹെ | 1324 | 8886 | 10200 | — | — | 540 | 65 | 102 | 707 |
| 8 | 32 | 1112 | 4328 | 5440 | — | — | 328 | 24 | 38 | 390 |
| 9 | 30 | 1127 | 3873 | 5100 | — | — | 240 | 19 | 33 | 292 |

നമ്മുടെ പഞ്ചായത്തിൽ ഏക്കറിന് ശരാശരി 100 പറ നെല്ലാണ്. ഉല്പാദനം. ജലസേചനം കൊണ്ട്. കൃഷി ചെയ്യുന്നത് പഞ്ചായത്ത് സ്ഥാപിച്ച അത്തിക്കൽ ലിഫ്ററ് ഇറിഗേഷൻ, പുല്ലഞ്ചേരി കർഷക സമിതി അത്തിക്കാപ്പിൽ സ്വകാര്യ വ്യക്തികളുടെ പദ്ധതി പ്രകാരം വളരെ കുറഞ്ഞ സ്ഥലത്ത് മാത്രമാണ്. നമ്മുടെ നിലങ്ങളിൽ 75%വും ഇരുപ്പ് കൃഷി നടത്താൻ ഷാണ്ട്യേലംപാടം ലിഫ്ററ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുകയും അത്തിക്കൽ ലിഫ്ററ് ഇറിഗേഷൻ പദ്ധതി വിപുലീകരിക്കുയും ചെയ്താൽ സാധിക്കുന്നതാണ്.

**ജലവിഭവങ്ങൾ:-**

1. പഞ്ചായത്തിന്റെ കിഴക്ക ഭാഗത്തുള്ള വനത്തിൽനിന്നും തുടങ്ങി പടിഞ്ഞാറെ അററം വരെ വടക്ക് അതിരായി ഒഴുകുന്ന കരിമ്പുഴ വർഷം മുഴുവൻ വെള്ളം കിട്ടുന്നതാണ്.

2. കിഴക്ക് വനത്തിൽ നിന്നും തുടങ്ങി കരിമ്പുഴയിൽ ചേരുന്ന ചെറുപുഴ (മദ്ധ്യ വേനലിൽ ഇട മുറിഞ്ഞ് ഒഴുകുന്നത്.)

### തോടുകൾ:-

1. അമരമ്പലം പഞ്ചായത്തിൽ നിന്ന് തുടങ്ങി പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗം വരെ പോകുന്ന വലിയ തോട്. വർഷത്തിൽ 8 മാസം വെള്ളം കിട്ടും

2. വനത്തിൽ നിന്നും തുടങ്ങി ചെറുപുഴയിൽ ചേരുന്ന ചെരങ്ങേംതോട് (6 മാസം വെള്ളം കിട്ടുന്നതാണ്.)

3. അരക്കംപൊയിൽ തോട് കണ്ടിക്കൽ ഭാഗത്തുനിന്ന് തുടങ്ങി കുത്തുങ്ങൽ വലിയ തോട്ടിൽ ചേരുന്നു. 6 മാസം വെള്ളം കിട്ടുന്നതാണ്

4. ചെട്ടികൈത്തോട്, മരുതങ്ങാട് തോട്, പുള്ളി അമ്പലപ്പടിത്തോട് (മഴക്കാലത്ത് മഴ പെയ്യുമ്പോൾ മാത്രം വെള്ളം ഒഴുകുന്നത്.

### പൂർവ്വികമായി വററാതിരുന്ന കുളങ്ങൾ

ആനപ്പാറകുളം, വനമ്പുറംകുളം, സായിപ്പപടി കുളം, ചീരപ്പാടംകുളം, പുള്ളികുളം, കാരകുളം, കൊട്ടാരക്കാട്കുളം, ചെട്ടിയിൽ കുളം ശങ്കരങ്കോട് രണ്ട് മൂന്ന് കുളങ്ങൾ.

എന്നാൽ ചുററു പടവില്ലാത്തതിനാലും വർഷത്തിലൊരിക്കലെങ്കിലും അററകുററപ്പണികൾ ചെയ്യാത്തതിനാലും ഈ കുളങ്ങൾ ഇത്രയും ഇടിഞ്ഞ് പൊളിഞ്ഞ് തൂർന്നുകൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിൽ മുഖ്യ കൃഷി നെൽകൃഷി ആണ്. 1052 ഏക്കർ പാടത്താണ് ഈ കൃഷി ചെയ്യുന്നത്. അതുകഴിഞ്ഞാൽ റബ്ബർ, തെങ്ങ്. കവുങ്ങ്, കപ്പ, കുരുമുളക്, പച്ചക്കറി, വാഴ, ആയുർവേദ മരുന്നുകൾ എന്നിവയാണ് പ്രധാന കൃഷികൾ പരിമിധ ജലസേചന സൗകര്യങ്ങൾ ഉള്ള ഇവിടെ മഴയേ ആശ്രയിച്ച് മാത്രമാണ് എല്ലാ കൃഷിയും ചെയ്യുന്നത്.

### പ്രശ്നങ്ങൾ

1. ജല ദൗർലഭ്യം ഒന്നുമുതൽ 9 വരെ വാർഡുകളിൽ കൃഷിക്കാവശ്യമായ വെള്ളം ലഭിക്കുവാൻ പററിയ പാണ്ഡ്യാലം പാഠം ലിഫ്ററ് ഇറിഗേഷൻ പദ്ധതി പ്രവർത്തനം ആരംഭിക്കുക.

2. അത്തിക്കൽ ലിഫ്ററ് ഇറിഗേഷൻ പദ്ധതി, പുല്ലഞ്ചേരി ജലസേചന പദ്ധതി, അത്തിക്കാപ്പ് പദ്ധതി എന്നീ ജലസേചന പദ്ധതികൾ വിപുലപ്പെടുത്തുക.

3. വലിയ തോടിന് സൈഡ് കെട്ടി ക്രോസ് ബാറുകൾ നിർമ്മിച്ച് കനാലിലൂടെ ജലസേചനത്തിന് ഉപയോഗപ്രദമാക്കുക.

4. മരുതങ്ങാട് തോട്, ചെരങ്ങേം തോട്, അരക്കൽപൊയിൽ തോട് എന്നിവയിലും അതാതു വാർഡുകളിലെ ചെറിയ തോടുകളിലും തടയണങ്ങൾ നിർമ്മിച്ച് വെള്ളം തടഞ്ഞു നിർത്തുക.

5. പൊതുകുളങ്ങളായ കൊളവട്ടം കുളം, ചെട്ടിക്കുളം പുള്ളിയിൽ കുളം, തോണ്ടികുളം, കരുളായി കുളം എന്നീ കുളങ്ങൾ സൈഡ് കെട്ടി ആഴം കൂട്ടുക,

6. കുളം ആവശ്യം വേണ്ട സ്ഥലങ്ങളായ ഒന്നാം വാർഡിലെ ആനപ്പാറ, തോട്ടപ്പൊയിൽ മൂന്നാം വാർഡിൽ പട്ടിണികൊല്ലി ആറാം വർഡിൽ ഭൂമിക്കുത്ത് 9-ാം വാർഡിൽ നെരയം പൊയിൽ, മംഗലത്ത്പാടം എന്നിവിടങ്ങളിൽ പുതിയതായി കുളങ്ങൾ നിർമ്മിക്കുക.

7. നീർമറി പദ്തി ഈ പഞ്ചായത്തിൽ നടപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം.

8. ഈ പ്രദേശത്തെ മണ്ണിൻെറ ജലാംശം നിലനിർത്തുന്നതിന് അതിലൂടെ ഒഴുകുന്ന കരിമ്പുഴയ്ക്ക് പല സ്ഥലത്തായി തടയിണകൾ നിർമ്മിക്കുക.

### || മണ്ണൊലിപ്പ്:-

ഈ പഞ്ചായത്തിൻെറ കിഴക്കു ഭാഗം ഉയർന്ന് നിൽക്കുന്നതിനാൽ പടിഞ്ഞാറോട്ടുള്ള നീരൊഴുക്കിൽ ശക്തമായ മണ്ണൊലിപ്പ് കാരണം

വളക്കൂറുള്ള മേൽമണ്ണ് ഒഴുകി പോകുന്നു. മണ്ണൊലിപ്പ് തടയുന്നതിനുള്ള മണ്ണ് സംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നാമമാത്രമാണ്.

ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്തുകയും കയ്യാലകൾ നിർമ്മിച്ച് വെള്ളം തടഞ്ഞു നിർത്തുകയും വേണം.

മണ്ണ് പരിശോധന നടക്കാത്തതിനാൽ മണ്ണിനനുസരിച്ച് ശാസ്ത്രീയ വള പ്രയോഗം ചെയ്യാൻ സാധിക്കുന്നില്ല.

കൃഷിക്കാരുടെ മണ്ണ് പരിശോധന കർശനമാക്കുകയും പരിശോധന റിപ്പോർട്ട് എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്യുക. ഇതനുസരിച്ച് വളപ്രയോഗം നടത്താൻ പ്രേരണ നൽകുക. കൂട്ടത്തിൽ ജൈവ വളങ്ങൾക്ക് പ്രാധാന്യം നൽകുക.

### III *മാർക്കററ്:-*

കാർഷികോല്പന്നങ്ങൾക്ക് ഉല്പാദന സമയത്ത് ന്യായമായ വില ലഭിക്കാൻ വിപണി കണ്ടെത്തുകയും കാർഷിക സഹകരണ സംഘങ്ങൾക്കുള്ള പങ്ക് നിറവേററുകയും ചെയ്യുക.

### IV *കൃഷിഭവൻ:-*

കൃഷിഭവൻ മുഖേന നിലവിലുള്ള ആനുകൂല്യങ്ങൾ ഈ പഞ്ചായത്തിലെ മുഴുവൻ വിഭാഗം കർഷകർക്കും ലഭ്യമാക്കുക. ഗ്രൂപ്പ് ഫാമിംഗ് സിസ്ററം നവീകരിക്കുക. മുഴുവൻ കർഷകരേയും ഗ്രൂപ്പ് ഫാമിഗിൽ കൊണ്ടുവരുക. മണ്ണ് പരിശോധിച്ച് മൂപ്പ് നിർണ്ണയിച്ച് വിത്തുകൾ യഥാസമയം വിതരണം ചെയ്യുകയും മൂപ്പ് കുറഞ്ഞതും കൂടിയതുമായ വിത്തുകൾ ഉപയോഗിക്കാൻ പ്രേരണ ചെലുത്തുകയും ചെയ്യുക. ആവശ്യമായ യന്ത്ര സാമഗ്രികൾ ഗ്രൂപ്പ് ഫാമിംഗ് മുഖേന കർഷകർക്ക് നൽകുക. കൃഷിക്കാർക്ക് ആവശ്യമുള്ളതും ആവശ്യപ്പെടുമ്പോൾ ലഭിക്കുന്നതുമായ തൈകൾ വിതരണം കൃഷിഭവനിൽ നടത്തുക. കാർഷിക മേഖലയിൽ ഉണ്ടാകുന്ന രോഗങ്ങൾ നിർണ്ണയിച്ച് അതിനുള്ള മരുന്ന് ലഭ്യമാക്കണം. ഗ്രൂപ്പ് ഫാമിഗിൽ നിശ്ചിത കാലങ്ങളിൽ ഇടവിട്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക. ചെറുകിട കർഷകർക്ക് ഉപതൊഴിലായി കോഴിവളർത്തൽ, മൃഗപരിപാലനം, തേനീച്ച വളർത്തൽ ഇവ പ്രോത്സാഹിപ്പിക്കുക. തെങ്ങുകൃഷിയിൽ ഇടവിളയായി മരംബറി കൃഷി ചെയ്യാൻ പ്രേരിപ്പിക്കുക.

### V *വന്യമൃഗ ശല്യം*

ഈ പഞ്ചായത്തിൽ 5, 6, 7. എന്നീ വാർഡുകളിൽ ഉള്ള കർഷകർക്ക് വന്യമൃഗ ശല്ല്യം കാരണം കൃഷിക്ക് നാശനഷ്ടങ്ങൾ സംഭവിക്കുന്നു. നശിക്കുന്ന കൃഷിക്ക് പ്രതിഫലം ലഭിക്കുക, വന്യമൃഗ ശല്യം തടയാനായി കിടങ്ങുകൾ നിർമ്മിക്കുകയും ചെയ്യുക. ആയൂർവേദമരുന്നു കൃഷി, പൂ കൃഷി പ്രോത്സാഹിപ്പിക്കുക.

കൃഷിഭവനിൽ നിന്ന് ഏതാനും ചില വിളകൾക്ക് മാത്രമാണ് ഇൻഷൂറൻസ് സ്കീം നിലവിലുള്ളത് മുഴവൻ വിളകൾക്കും ഇൻഷൂറൻസ് സ്കീം നടപ്പാക്കുക. നിലവിൽ കഷ്കക്ക് നൽകി വരുന്ന സബ്സീഡികൾ വദ്ധിപ്പിക്കുക.

കർഷകർക്കുള്ള ആനുകൂല്യങ്ങൾ ഭൂമിയുടെ ഉടമസ്ഥാവകാശം മാത്രം നോക്കാതെ യഥാർത്ഥ കർഷകന് ലഭ്യമാക്കുക. ബോധവൽക്കരണത്തിന്റെ ഭാഗമായി ഇടയ്ക്കിടെ കാർഷിക സെമിനാറുകൾ നടത്തുക. കൃഷിയുടെ പ്രാധാന്യം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

മേൽ പ്രസ്താപിച്ച കർഷകരുടെ ആവശ്യപൂർണ്ണതയിലെത്തുന്നതിനും കാർഷിക കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വൈദ്യുതി ഒരത്യാവശ്യ ഘടകമാണ്.

ഈ പഞ്ചായത്തിൽ വനത്തിനകത്തു മീൻമുട്ടിയെന്ന സ്ഥലത്തുള്ള വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും. ഈ പദ്ധതി സർക്കാർ ഏറെറടുത്തു നടത്തിയാൽ ഈ പഞ്ചായത്തിലെ മുഴവൻ ആവശ്യക്കാർക്കും വൈദ്യുതി നൽകി മിച്ചം വരുത്താവുന്നതാണ്.

ധാരാളം കർഷകരുള്ള ഈ പഞ്ചായത്തിൽ അവർകൾക്ക് പ്രോത്സാഹനം നൽകാൻ പെൻഷൻ (ക്ഷേമ പദ്ധതി, തുടങ്ങിയവ നടപ്പാക്കണം.

കൂടാതെ ഓരോ വാർഡിൽ നിന്നും ഗ്രാമ സഭകളിൽ ഉയർന്ന് വന്നിട്ടുള്ള പ്രത്യേക ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

1. മൂന്ന്, നാല്, അഞ്ച്, ആറ്, ഒമ്പത് എന്നീ വാർഡുകളിൽ കൃഷി സ്ഥലത്തേക്ക് ട്രാക്ടർ ഇറങ്ങുന്നതിനും ഉല്പന്നങ്ങൾ കൊണ്ടു പോകുന്നതിനും ആവശ്യമായ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുകയും ഉള്ളവ മെച്ചപ്പെടുത്തുകയും ചെയ്യുക,

2. രണ്ട്, മൂന്ന്, ആറ് വാർഡുകളിൽ നിലവിലുള്ള പച്ചക്കറി കൃഷിക്കാരെ സംഘടിപ്പിച്ചുകൊണ്ട് സഹകരണസംഘം സ്ഥാപിക്കുക.

3. എല്ലാ വാർഡുകളിലുമുള്ള മുഴവൻ കൃഷിക്കാർക്കും കരുളായി സർവ്വീസ് സഹകരണ ബാങ്ക് മുഖേനയുള്ള വായ്പാ സൗകര്യം ലഭ്യമാക്കുക.

ഈ പഞ്ചായത്തിലെ കർഷകതൊഴിലാളികളുടെ കൂലിനിരക്ക്.

| വാർഡ് | പുരുഷ തൊഴിലിന് രൂപയിൽ | സ്ത്രീ തൊഴിലിന് രൂപയിൽ | കർഷക തൊഴിലാളികളുടെ ലഭ്യത |
|---|---|---|---|
| 1 | 100 | 60 | കുറവാണ് |
| 2 | 100 | 70 | കുറവാണ് |
| 3 | 100 | 60 | അത്യാവശ്യം പണിക്കാരുണ്ട് |
| 4 | 100 | 70 | കുറവാണ് |
| 5 | 75 | 60 | അത്യാവശ്യത്തിനുണ്ട് |
| 6 | 80 | 60 | അത്യാവശ്യത്തിനുണ്ട് |
| 7 | 100 | 60 | അത്യാവശ്യത്തിനുണ്ട് |
| 8 | 100 | 70 | കുറവാണ് |
| 9 | 100 | 60 | അത്യാവശ്യത്തിനുണ്ട് |

# 2 മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

കരുളായ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട്, എരുമ എന്നിവയാണ്. വളരെ ചുരുങ്ങിയ തോതിൽ ഉഴവുകാളകളെ വളർത്തുന്നുണ്ട്. 1968-ൽ വരെ നാടൻ പശുക്കളും നാടൻ എരുമകളുമാണ് ഉണ്ടായിരുന്നത്. 1968 നു ശേഷം ധവളവിപ്ലവത്തോടുകൂടി നാടൻ പശുക്കളിലും എരുമകളിലും കൃത്രിമ ബീജ സങ്കലനം വഴി സങ്കര വർഗത്തിൽപ്പെട്ട കന്നുകുട്ടികളെ ഉൽപ്പാദിപ്പിക്കുകയും പാലുൽപാദനം വർദ്ധിപ്പിക്കുകയും ചെയ്തു, നിലവിലുള്ള പശുക്കളിൽ 60 ശതമാനവും ജേഴ്സിക്രോസും, 20 ശതമാനം സ്വിസ്സ് ബ്രൗൺ വർഗത്തിൽപ്പെട്ടവയും ബാക്കി 20 ശതമാനം മററു നാടൻ ഇനങ്ങളിൽപ്പെട്ടവയുമാണ്. 30 ശതമാനം സങ്കര ഇനത്തിൽപ്പെട്ട എരുമകളും ബാക്കി നാടൻ ഇനത്തിൽപ്പെട്ടവയുമാണ്. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിൽ 3500 ആടുകളെ വളർത്തുന്നുണ്ട്. പഞ്ചായത്തിൽ റബ്ബർ, തെങ്ങ് എന്നീ നാണ്യ വിളകൾ കൃഷിചെയ്യാൻ ആരംഭിക്കുന്നതിന് മുമ്പ് ധാരാളം പുൽമേടകളും മേച്ചിൽ സ്ഥലങ്ങളും ഉണ്ടായിരുന്നതിനാൽ കന്നുകാലി വളർത്തലും പാലുൽപാദനവും ലാഭകരമായിരുന്നു. 1960-ൽ ആണ് പഞ്ചായത്തിൽ രണ്ട് പാൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചത്. ദേശീയ വരുമാനത്തിന്റെ 40 ശതമാനം ക്ഷീര വികസനം, മൃഗ സംരക്ഷണം എന്നിവയിൽ കൂടിയാണ് ലഭിക്കുന്നത്. ഇത്രയും ദേശീയ വരുമാനമുള്ള കാർഷിക മേഖലയായ ഈ രംഗത്ത് ആവശ്യമായ പ്രോൽസാഹനവും, ധനസഹായവും ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല.

## ക്ഷീരവികസനം

1989-ൽ പഞ്ചായത്തിൽ ഒരു ആനന്ദ് മാതൃക ക്ഷീരോൽപ്പാദക സംഘം രൂപീകരിച്ചു.

1955 മുതൽ 60 വരെ നിലമ്പൂർ മിൽക്ക് സപ്ലൈ സൊസൈററിയുടെ കറവ കേന്ദ്രങ്ങളായിരുന്നു. കരുളായ്, പുല്ലഞ്ചേരിയും തുടർന്നു നിലമ്പൂർ സൊസൈററി സപ്ലൈ യൂണിയനായപ്പോൾ 1960-ൽ കരുളായി, പുല്ലഞ്ചേരി എന്നീ പരസ്പര സഹായ പാൽ വിതരണ സംഘങ്ങൾ രൂപം കൊണ്ട് ആ കാലങ്ങളിൽ കറവ കന്നിനെ രണ്ടുനേരവും സംഘത്തിൽ കൊണ്ടുവന്ന് സെക്രട്ടറി മുമ്പാകെ കറന്ന് പാൽ സംഘത്തിൽ കൊടുക്കണമായിരുന്നു. ദിവസവും രണ്ട് നേരവും (ഉച്ചക്ക് 12 മണിക്കും, വൈകുന്നേരം 4 മണി) സംഘത്തിൽ കറവ കന്നിനെ കൊണ്ടുവരുന്ന ബുദ്ധിമുട്ട് സംഘം ഭരണസമിതി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 10 കറവക്കാർക്ക് ഒന്നിച്ചുചേരുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ കറവ കന്നുകളെ കൊണ്ടുവന്നു കറക്കുന്നതിനും അവിടെ നിന്നും പാൽ സംഘത്തിൽ എത്തിക്കുന്നതിനും തീരുമാനിച്ചു. യാതൊരുവിധ ഗതാഗത സൗകര്യങ്ങളും, ഇല്ലാതിരുന്ന കാലങ്ങളിൽ മൂത്തേടം പഞ്ചായത്തിൽ നിന്നും പാൽ തലച്ചുമട് ആയിട്ടാണ് സംഘത്തിൽ എത്തിച്ചിരുന്നത്. ആ കാലത്ത് കരുളായി പഞ്ചായത്തിൽ പാലുൽപാദനം നന്നേ കുറവായിരുന്നു. തിരുവിതാംകൂറിൽ നിന്നും കുടിയേറി പാർത്ത കുടിയേററക്കാരുടെ മുഖ്യമായ വരുമാനമായിരുന്നു പാലുൽപാദനം. കൃഷികളെല്ലാം കാട്ടുമൃഗങ്ങളുടെ ശല്യത്തിൽ നശിപ്പിക്കപ്പെട്ടവരെ, ഈ പ്രദേശത്ത് നിലനിർത്തിയ കാർഷിക മേഖലയാണ് കന്നുകാലി വളർത്തലും പാലുല്പാദനവും,

കാലങ്ങൾ മാറുകയും, നാടിന്റെ സംസ്കാരവും വികസനവും മാറുകയും ചെയ്തതോടുകൂടി പാലുൽപാദനത്തിനും, ഉപഭോഗത്തിനും വളർച്ചയുണ്ടാവുകയും, പലരും, പാലുൽപാദന മേഖലയിലേക്ക് കടന്നു വരികയും ചെയ്തു. സർക്കാരിന്റെ ഭാഗത്ത് നിന്ന് നാമമാത്രമായ സാമ്പത്തിക സഹായവും പ്രോൽസാഹനവും ലഭിച്ചതോടുകൂടി പാലുൽപാദനം വർദ്ധിച്ചു.

ഈ സംഘങ്ങളിൽ കൂടിയും ദിവസേന ശരാശരി 1200 ലിററർ പാൽ സംഭരിക്കുന്നുണ്ട്. ഏകദേശം 800 ലിററർ പാലോളം സ്വകാര്യ മേഖലയിലും ഉൽപാദിപ്പിക്കുന്നു, പാലിന്റെ വിലക്കുറവും, കാലിതീററയുടെ വിലവർദ്ധനവും, പച്ചപ്പുൽ യഥേഷ്ടം ലഭിക്കാത്തതും, ജലസേചന സൗകര്യക്കുറവും, മൃഗചികിൽസസൗകര്യക്കുറ

വുമാണ് ക്ഷീരോൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്ന മുഖ്യ ഘടകങ്ങൾ. സംഭരിക്കുന്ന പാലിന്റെ 10 ശതമാനം മാത്രമാണ് ഈ പഞ്ചായത്തിലെ ഉപഭോഗം. W H O യുടെ കണക്കു പ്രകാരം ഒരാൾക്ക് ശരാശരി 120 ഗ്രാം പാൽ കഴിച്ചിരിക്കണമെന്നാണനുശാസിക്കുന്നത്. എന്നാൽ പഞ്ചായത്തിലെ ഉപഭോഗം 40 ഗ്രാമിന് താഴെയാണ്. ഇത് നമ്മുടെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയെ കാണിക്കുന്നു.

പഞ്ചായത്തിലെ മുഖ്യ വിളയായ റബ്ബർ കൃഷി കഴിഞ്ഞാൽ രണ്ടാം സ്ഥാനം മൃഗസംരക്ഷണ ക്ഷീരവികസന മേഖലയാണ്. ആവശ്യമായ പ്രോൽസാഹനവും, അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ പഞ്ചായത്തിലെ മുഖ്യ വരുമാന മാർഗമായി ഈ മേഖലയെ മാററാൻ കഴിയും. ധാരാളം സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, പഞ്ചായത്തിന്റെ മുഖഛായ മാററുന്നതിനും, വലിയ മുതൽമുടക്ക് കൂടാതെ നടത്തുവാൻ കഴിയുന്ന കാർഷിക മേഖലയാണ് മൃഗസംരക്ഷണം. നിലവിലുള്ള മൂന്ന് പാൽ സംഘങ്ങൾ ലാഭകരമായി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും ഈ സംഘങ്ങളിൽ കൂടി പാൽ സംഭരിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

**പഞ്ചായത്തിൽ ലഭ്യമായ കണക്കുപ്രകാരം വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും പട്ടിക ചുവടെ ചേർക്കുന്നു**

| മൃഗങ്ങളുടെ ഇനം | | എണ്ണം | മൃഗങ്ങളുടെ ഇനം | | എണ്ണം |
|---|---|---|---|---|---|
| പശു | — | 1290 | ആട് | — | 3500 |
| കിടാരികൾ | — | 752 | കോഴി | — | 7670 |
| കന്നുകുട്ടികൾ | — | 247 | താറാവ് | — | 3089 |
| എരുമ | — | 184 | മുയൽ | — | 70 |
| കാള | — | 60 | | | |

പഞ്ചായത്തിൽ ആകെ ഒരു മൃഗാശുപത്രിയാണുള്ളത് അതിൽ സ്ഥിരമായി ഒരു ഡോക്ടറുമില്ല. അതുകൊണ്ട് കന്നുകാലികൾക്ക് രോഗം വന്നാൽ 10 ഉം 15 ഉം K M ദൂരമുള്ള മററു മൃഗാശുപത്രികളെ ആശ്രയിക്കേണ്ട ഗതികേടാണ്. നിലവിലുള്ള മൃഗാശുപത്രി പഞ്ചായത്തിന്റെ ഒരു അതിർത്തിയിലായതിനാൽ കൂടുതൽ കർഷകർക്ക് ഉപകാരപ്രദമല്ല. ആയതിനാൽ കരുളായി പഞ്ചായത്തിന്റെ ടൗണിൽ മൃഗാശുപത്രി സ്ഥാപിച്ചാൽ കർഷകർക്ക് കൂടുതൽ പ്രയോജനപ്പെടുന്നതാണ്. പഞ്ചായത്തിൽ മൂന്ന് കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ മൂന്ന് സെൻററിലും കൂടി രണ്ട് C I I മാരാണുള്ളത്. ആയതിനാൽ ഈ സെൻററിലെല്ലാം കൃത്യമായി ജോലിക്കാരെ നിശ്ചയിക്കുകയും, അവയുടെ പ്രവർത്തന സമയം രാവിലെ 9 മണിമുതൽ വൈകുന്നേരം 5 മണിവരെ ആക്കി മാറേറണ്ടതുണ്ട്.

ഈ പ്രദേശങ്ങളിൽ കന്നുകാലികളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങൾ, അകിട് വീക്കം, പനി, കുളമ്പ് രോഗം, വിരശല്യം മുതലായവയാണ്. ഇതിന് ഫലപ്രദമായി ചികിൽസിക്കാനുള്ള സംവിധാനം ഇല്ലാത്തതും കർഷകർക്ക് രോഗത്തെ സംബന്ധിച്ചുള്ള വ്യക്തമായ അറിവില്ലായ്മയും, മൂലം ഇവ പ്രാരംഭഘട്ടത്തിൽ തന്നെ ചികിൽസിച്ചു മാററാൻ കഴിയാതെ വരുന്നു. ഇതുമൂലം കൃഷിക്കാർക്ക് വളരെയധികം സാമ്പത്തിക നഷ്ടം നേരിടുന്നുണ്ട്.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ ഏറിയ പങ്കും കാലിവളർത്തലിലൂടെ നിറവേററാൻ കഴിയുമെങ്കിലും, ചാണകം ഈ പഞ്ചായത്തിൽ നിന്നും കയററി അയക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഇത് കൃഷിക്കാരുടെ അറിവില്ലായ്മയും സഹകരണക്കുറവുമാണ്. മാതൃകാപരമായ കന്നുകാലി തൊഴുത്ത് സ്ഥാപിക്കുവാൻ സൗകര്യം

ചെയ്താൽ ചാണകം, മൂത്രം എന്നിവ ഉപയോഗിച്ച് പാചകത്തിന് ആവശ്യമായ ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിനും ജൈവവളം ഉൽപാദിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ധന സഹായം നൽകുന്നുണ്ടെങ്കിലും കർഷകർ ആരും തന്നെ ബോധവാൻമാരല്ല. അതുകൊണ്ട് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

**മൃഗസംരക്ഷണ വകുപ്പിൻെറയും, ക്ഷീര വികസന വകുപ്പിൻെറയും നിലവിലുള്ള പദ്ധതികളും പോരായ്മകളും.**

1) ഹരിജന ഗിരിജന കുടുംബങ്ങൾക്ക്, ആടുകളെയും കോഴി, കോഴിക്കൂട് എന്നിവയും മൃഗസംരക്ഷണ വകുപ്പിൽനിന്ന് സൗജന്യമായി നൽകിയിരുന്നു. ഇവയിൽ ഒരുഭാഗമെങ്കിലും ഗുണഭോക്താവിൽ നിന്ന് കൈമാററം ചെയ്യപ്പെട്ട് പോവുകയും വേണ്ട രീതിയിലുള്ള സംരക്ഷണം ഇല്ലാതെ നശിച്ച് പോവുകയും ചെയ്യുന്നു. പദ്ധതിയെക്കുറിച്ചുള്ള ശരിയായ അവലോകനം സമയാ സമയങ്ങളിൽ നടത്താത്തതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്.

2) പച്ചപ്പുൽകൃഷി വികസിപ്പിക്കുന്നതിനു വേണ്ടി മൃഗസംരക്ഷണ വകുപ്പും, ക്ഷീരവികസന വകുപ്പും പുൽവിത്ത്, പുൽകട, പയറ്, ചോളം എന്നിവയും വളവും സൗജന്യ നിരക്കിൽ നൽകുന്നുണ്ട്. എങ്കിലും ഇവ കൃഷി ചെയ്യേണ്ട യഥാസമയം ലഭ്യമാക്കാത്തതുകൊണ്ട് ഉദ്ദേശിച്ച ത്ര ഫലം കിട്ടുന്നില്ല.

**3) മാതൃകാ, ഡയറി ഫാം യൂണിററ്.**

കാലിതൊഴുത്ത് നിർമ്മിച്ച് കറവപ്പശുക്കളെ വാങ്ങി മാതൃകാപരമായി സംരക്ഷിക്കുന്നതിന് നൽകുന്ന ധനസഹായ പദ്ധതിയാണിത്.

2) കറവപശുക്കളെ 50 സെൻറ് സ്ഥലത്ത് തീററപ്പുൽകൃഷി ചെയ്തിട്ടുള്ള ക്ഷീര കർഷകന് 7000 രൂപ വരെ സഹായം നൽകി വരുന്നു. ക്ഷീരോൽപാദനം വർദ്ധിപ്പിക്കാവുന്ന ഈ പദ്ധതി തുടരേണ്ടതാണ്,

**4) മാതൃകാ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായധനം**

(തൊഴുത്തിന് Rs. 1250/-)

നല്ല പാർപ്പിടവും കറവപ്പശുക്കളിൽ 20 ശതമാനത്തോളം പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കും. രണ്ട് ഉരുക്കളെ ഉൾക്കൊള്ളാൻ കഴിയുന്ന വൃത്തിയുള്ള, ഉറപ്പുള്ള നല്ല മേൽക്കൂരയും, തറയും ഉള്ള മാതൃകാ കാലിത്തൊഴുത്തുകൾ നിർമ്മിക്കാൻ 1250 രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ധനസഹായം വർദ്ധിപ്പിക്കേണ്ടതാണ്

**5) വാണിജ്യാടിസ്ഥാനത്തിലുള്ള തീററപ്പുൽ കൃഷി പദ്ധതി**

കാലിതീററയിൽ പച്ചപ്പുല്ലിൻെറ പ്രാധാന്യം ഏറെയാണ്. സ്വന്തമായി ഭൂമിയുള്ള ചെറുകിട കർഷകർ അവരുടെ ഭൂമിയും ഭൂരഹിതരായ നാമമാത്ര കൃഷിക്കാർക്ക് പാട്ടത്തിന് എടുത്ത ഭൂമിയിലും, പുൽകൃഷിചെയ്യാം. ലാഭകരമായ ക്ഷീരോൽപാദനത്തിനും, ആരോഗ്യകരമായ പശുപരിപാലനത്തിനും, പച്ചപ്പുല്ല് അത്യാവശ്യമാണ്. ശാസ്ത്രീയമായി പച്ചപ്പുല്ല് വെച്ച് പിടിപ്പിച്ച് കർഷകർക്ക് മിതമായ വില വെച്ച് ഈ തോട്ടത്തിൽ നിന്നും പച്ചപ്പുല്ല് നൽകാവുന്നതാണ്, ഈ ഇനത്തിൽ മൊത്തം 15000 രൂപ ധനസഹായം നല്കാവുന്നതാണ്.

**6) നാടൻ ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിററുകൾ**

പാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കുക അഭ്യസ്ത വിദ്യരായ വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുക; ഗ്രാമീണ ജനതയുടെ ആഹാരരീതി മെച്ചമാക്കുക; പാൽ ഉൽപാദകർക്ക് ആദായകരമായ വില ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് ഉള്ള പദ്ധതിയാണിത് പാലിൽ നിന്ന് അതിരുചികരമായ പനീർ, പേഡ, ഖോവ മിൽക്ക്, ചോക്കലേററുകൾ, പാലിറച്ചി, അച്ചാർ, കട്ട്ലററ് കേക്ക്, ഐസ്ക്രീം, ലെസ്സി, സിപ്പ്, അപ്പ്, കുൽഫി, തൈര് മുതലായ പാലുൽപ്പന്നങ്ങൾ നിർമ്മിച്ച് വ്യാപാരം നടത്തുക ഈ ഇനത്തിൽ 40,000 രൂപ വരെ സബ്സിഡി നൽകാവുന്നതാണ്.

### 7) കറവപ്പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി

ലഭ്യമാക്കുന്ന പക്ഷം പഞ്ചായത്തിലെ പരിമിത കർഷകർ, കർഷകതൊഴിലാളി, മററു ദുർബല വിഭാഗങ്ങൾ എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് കറവപ്പശുക്കളെ 50 ശതമാനം സബ്സിഡി നിരക്കിൽ പഞ്ചായത്തിലെ കർഷകർക്ക് നൽകാവുന്നതാണ്.

### 8) കർഷക സമ്പർക്ക പരിപാടി

പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ആധുനിക പശു പരിപാലനം, ക്ഷീര വികസനം, എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നൽകുന്നു. ഈ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ലഘു ഭക്ഷണവും, മററും ലഭ്യമാക്കാൻ ഓരോ സമ്പർക്ക പരിപാടിക്കും 500 രൂപ ക്രമത്തിൽ ധനസഹായം നൽകാവുന്നതാണ്.

### 9) ക്ഷീരോൽപ്പന്ന നിർമ്മാണ പ്രദർശനം

ഈ പരിപാടിയിൽ വനിതാ സംഘടനകൾ വനിതാ സമാജങ്ങൾ, ക്ലബ്ബുകൾ, സഹകരണ സ്ഥാപനങ്ങൾ, തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി ക്ഷീരോൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന രീതി വിശദമാക്കുകയും, പ്രാദേശികമായി ഉപയോഗിക്കുന്ന ക്ഷീരോൽപ്പന്നം അവിടെവെച്ചുതന്നെ നിർമ്മിച്ച് വിശദീകരിക്കുകയും ചെയ്യുന്നു. ഉൽപന്ന നിർമ്മാണത്തിന് 500 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.

### 10 കന്നുകാലി പ്രദർശനം

കർഷകർക്ക് ശാസ്ത്രീയമായി കന്നുകാലി പരിചരണ മുറകൾ മനസിലാക്കുവാനും, മേൽത്തരം വർഗഗുണമുള്ള കാലികളെ നേരിൽ കാണാൻ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കന്നുകാലി പ്രദർശനം ക്രമീകരിക്കാവുന്നതാണ്. ഈ ഇനത്തിൽ 5000 രൂപവരെ ധനസഹായം നൽകാവുന്നതാണ്.

### 11 കന്നുകുട്ടി വിതരണ പദ്ധതി

പഞ്ചായത്തിലെ കർഷകർക്ക് വർഗഗുണമുള്ള കാലികളെ ലഭിക്കാൻ വളരെ ബുദ്ധിമുട്ടുണ്ട് കമ്പോളത്തിൽ നല്ല പശുക്കളെ ലഭിക്കാൻ അമിത വില നൽകണം. ഇതിനുവേണ്ടി നല്ല കന്നുകുട്ടികളെ വളർത്തിയെടുക്കുന്ന കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കാവുന്നതാണ്. ഇവിടെ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ഓരോ വർഷവും 25 കന്നുകുട്ടികളെ വളർത്തുന്നതിനുള്ള സഹായധനം (ഒരു കുട്ടിക്ക് 1000 രൂപ വീതം) നൽകിയാൽ അവർ സംരക്ഷിക്കുന്ന നല്ലകിടാരികളായി വളരുകയും ഏകദേശം 18 മാസം കൊണ്ട് 6000 രൂപ വില വരുന്ന പശുക്കളായി വിൽക്കാവുന്നതാണ്

### 12) കാലിതീററ സഹായ പദ്ധതി

പാൽവില കൂടുതൽ വർദ്ധിപ്പിക്കാതെ കൂടുതൽ ലാഭകരമായി പാൽ ഉൽപാദിപ്പിക്കുവാൻ കാലിതീററയുടെ വില കുറക്കുക, എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിലെ ക്ഷീരോൽപ്പാദകർക്ക് 50 ശതമാനം നിരക്കിൽ കാലിതീററ സബ്സിഡി അനുവദിക്കാവുന്നതാണ്.

### 13) പുൽകൃഷി വികസന പരിപാടി

1) പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് തങ്ങളുടെ പാടത്തും പറമ്പിലും കൃഷിചെയ്ത് കാലികൾക്ക് നൽകുന്ന തീററപ്പുല്ല് പയറു വർഗ മിശ്രിതം, 5 സെൻറ് സ്ഥലത്ത് 200 gm. പുൽവിൽത്ത്, 1 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 1000 രൂപ പ്രകാരം രാസവളം സബ്സിഡി നൽകുന്നു.

2) വൻപയർ & മക്കഞ്ചോളം

കന്നുകാലികൾക്ക് കാലിതീററയായി നൽകാവുന്ന വൻപയറ് വിത്തും, മക്കഞ്ചോളത്തിൻെറ വിത്തും, ഹെക്ടറിന് 1000 രൂപ പ്രകാരം രാസവളം കർഷകർക്ക് നൽകി കൃഷി ചെയ്യാവുന്നതാണ്.

3) പുൽകടകൾ ഉപയോഗിച്ചുള്ള പുൽകൃഷി

തീററ ചെലവു കുറക്കാൻ കർഷകർക്ക് തങ്ങളുടെ പാടത്തും, പറമ്പിലും, കൃഷിചെയ്യാൻ പററിയ സങ്കരയിനം നേപ്പിയർ, ഗിനി, പുൽകടകൾ കർഷകരുടെ കൃഷിയിടങ്ങളിൽ എത്തിച്ചു കൊടുക്കുക. ഈ ഇനത്തിൽ പുൽകടകളുടെ വില രാസവളം, വിതരണം, മററു കൈകാര്യ ചിലവുകൾ എന്നിവയിലേക്കായി 1500 രൂപ ഹെക്ടർ ഒന്നിന് നൽകാവുന്നതാണ്.

## 14 ശുദ്ധമായ പാൽ ഉൽപാദിപ്പിക്കാൻ കിററ് വിതരണം

നാമമാത്ര വില ഈടാക്കികൊണ്ട് ശുദ്ധമായ പാൽ ഉൽപ്പാദിപ്പിക്കാൻ സഹായിക്കുന്ന അണുനാശിനികളും, പശുക്കളെ വൃത്തിയാക്കാൻ സഹായിക്കുന്ന ഉപകരണങ്ങളും മററും അടങ്ങിയ കിററ് വിതരണം ചെയ്യാവുന്നതാണ്. കിററ് ഒന്നിന് 75 രൂപ വിലവരും 15 രൂപ കർഷകരിൽ നിന്നും 60 രൂപ ധനസഹായം നൽകാവുന്നതാണ്.

## 15) യൂറിയ ചേർത്ത് വൈക്കോൽ സംപുഷ്ടീകരണം

സാധാരണ കർഷകർ ഉരുക്കാംക്ക് നൽകുന്ന വയ്ക്കോലിൽ യൂറിയ ചേർത്ത് സംപുഷ്ടികരിച്ചാൽ പോഷക ഗുണം വർദ്ധിപ്പിക്കാനും, തീററച്ചെലവ് കുറക്കാനും സഹായിക്കും. ഈ ഇനത്തിൽ 500 രൂപ വരെ സഹായധനം നൽകാവുന്നതാണ്.

## 16) ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണം

1) മിൽക്കോ ടെസ്ററർ

ക്ഷീരസഹകരണ സംഘങ്ങാംക്ക് ആധുനിക രീതിയിൽ പാൽ ഗുണ നിയന്ത്രണം നടപ്പിലാക്കുന്നതിന് മിൽക്കോ ടെസ്ററർ വാങ്ങാൻ 15,000 രൂപ ധനസഹായം നൽകാവുന്നതാണ്.

2) മിൽക്ക് കൂളർ

പാൽ ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ഉപകരണങ്ങാം വാങ്ങുന്നതിന് ക്ഷീരസഹകരണസംഘങ്ങാംക്ക് ധനസഹായം 15,000 രൂപവരെ നൽകാവുന്നതാണ്.

3) ഓഫീസ് കെട്ടിട നിർമ്മാണ സബ്സിഡി

ക്ഷീര സഹകരണ സംഘം ഓഫീസ് നിർമ്മിക്കുന്നതിന് 40,000 രൂപ വരെ സബ്സിഡി നൽകാവുന്നതാണ്.

4) പ്രവർത്തന മൂലധനം

ആവശ്യകത ബോധ്യപ്പെടുന്നതനുസരിച്ച് ക്ഷീരസഹകരണ സംഘങ്ങാംക്കാവശ്യമായ പ്രവർത്തന മൂലധനം നൽകാവുന്നതാണ്. 10,000 രൂപ വരെ ഈ ഇനത്തിൽ നൽകാവുന്നതാണ്

5) മാനേജിരിയൽ ഗ്രാൻറ്

യോഗ്യതനേടിയ സെക്രട്ടറിമാരുടെ നിയമനം പ്രോൽസാഹിപ്പിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങാംക്ക് മൂന്ന് വർഷം മാനേജിരിയൽ ഗ്രാൻറ് നൽകാവുന്നതാണ്. ആദ്യ വർഷം പ്രതിമാസം 500 രൂപ നിരക്കിലും രണ്ടാംവർഷം പ്രതിമാസം 400 രൂപ നിരക്കിലും മൂന്നാം വർഷം പ്രതിമാസം 300 രൂപ നിരക്കിലും ധനസഹായം നൽകാവുന്നതാണ്.

## പാലുൽപാദന മേഖലയിലെ പ്രശ്നങ്ങൾ

1) പാലിൻെറ വിലക്കുറവ്
2) കാലിത്തീററയുടെ അമിതമായ വില വർദ്ധനവ്
3) പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
4) മൃഗ ചികിൽസക്കുള്ള സൗകര്യക്കുറവ്
5) നാടൻ ക്ഷീരോൽപന്നങ്ങളുടെ വിപണന സൗകര്യക്കുറവ്
6) പാലിൻെറ ഉൽപാദനക്കമ്മി
7) ശാസ്ത്രീയമായ കന്നുകാലി വളർത്തലിലും പാലുൽപാദനത്തിലും കറവയിലുമുള്ള അറിവില്ലായ്മ
8) കറവകന്നുകളെ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായത്തിൻെറ വിതരണത്തിലെ അപാകത
9) പേപ്പട്ടി ശല്യം
10) അകിടുവീക്കം, വന്ധ്യത, എന്നിവ ഫലപ്രദമായി തടയുന്നതിനുള്ള സൗകര്യം ഇല്ലായ്മ
11) കാലിത്തൊഴുത്തിൻെറ അഭാവം
12) കൃത്രിമ ബീജ സങ്കലനത്തിനുള്ള ഭാരിച്ച ഫീസ്.

### സാദ്ധ്യതകൾ

1) ജലസേചനസൗകര്യം ലഭ്യമായാൽ വേനൽക്കാലത്ത് പച്ചപ്പുല്ല്, ചോളം. എന്നിവ കൃഷി ചെയ്തു കന്നുകാലികളെ സംരക്ഷിക്കുന്നതിനും പാലുൽപാദനം വർദ്ധിപ്പിക്കുന്ന

തിനും സഹായിക്കും. തരിശായി കിടക്കുന്ന പാടങ്ങൾ പുൽകൃഷിക്ക് ഉപയുക്തമായി കൊടുക്കേണ്ടതാണ്.

2) പാൽ മിച്ചമുള്ള കാലങ്ങളിൽ മിച്ചം വരുന്ന പാൽ അതാതു പ്രദേശത്തെ എൽ. പി. സ്കൂൾ, അംഗനവാടി, എന്നീ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് പഞ്ചായത്തു മുഖേന സംവിധാനം ചെയ്താൽ അധികോൽപാദനകാലത്ത് പാൽ വിലകുറക്കുന്ന സംവിധാനം ഇല്ലാതാകാനും പിഞ്ചു കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സഹായകമാവും.

3) നാടൻ പാലുൽപന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്താനുള്ള സൗകര്യംലഭ്യമായാൽ കർഷകർക്ക് പാലിന് കൂടുതൽ വില നൽകാനുള്ള സാഹചര്യം ഉണ്ടാകും.

4) പാൽ സംഭരിക്കുന്നതിനും, ശീതീകരിക്കുന്നതിനും ശീതീകരണശാല സ്ഥാപിച്ചാൽ പഞ്ചായത്തിലെ പാൽ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും, പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനും സഹായിക്കും.

5) കറവകന്നുകളെ വാങ്ങുന്നതിനുള്ള വായ്പകൾ ക്ഷീരസംഘം മുഖേന വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ പാൽ ആവശ്യമുള്ള സമയങ്ങളിൽ വായ്പ ലഭ്യമാക്കുവാനും, പാലുൽപാദനം വർദ്ധിപ്പിക്കുവാനും സഹായിക്കുന്നതോടൊപ്പം യഥാർത്ഥ ഗുണഭോക്താവിന് ലഭ്യമാക്കാൻ സഹായിക്കും.

6) നിലവിലുള്ള **S L B P** പദ്ധതിയിൽ നല്ലയിനം കറവകന്നുകളെകൂടി ഉൾപ്പെടുത്തിയാൽ പാലുൽപാദനം വർദ്ധിപ്പിക്കാൻ സഹായിക്കും.

(7) കറവകന്ന് വാങ്ങുന്നതിന് അനുവദിക്കുന്ന സബ്സിഡി (**D R D A**) മാററം വരുത്തി പാലിന് സബ്സിഡി അനുവദിച്ചാൽ പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന് വായ്പാ, ദുർവിനിയോഗം തടയുന്നതിനും ഒരു പരിധിവരെ സഹായിക്കും.

8) കൃഷിവായ്പക്കുള്ള പലിശ സബ്സിഡി, കറവലോണിന്റെ പലിശക്കും, ബാധകമാക്കിയാൽ കൂടുതൽ പ്രയോജനമാവും.

9) പാലും, പാലുൽപന്നങ്ങളും വിൽക്കുവാൻ കരുളായി അങ്ങാടിയിൻ വില്പനകേന്ദ്രത്തിനുള്ള സൗകര്യം ലഭ്യമാക്കിയാൽ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും, രണ്ട് സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായകമാവും.

10) കൃത്രിമ ബീജസങ്കലനവും കന്നുകാലി ഇൻഷുറൻസും സൗജന്യമാക്കിയാൽ പാലുൽപാദന രംഗത്തുണ്ടാകുന്ന നഷ്ടം കുറയ്ക്കുവാൻ സഹായിക്കും.

11) ഗുണമേൻമയുള്ള കാലിത്തീററ ഉൽപാദിപ്പിക്കുന്ന ഒരു ചെറുകിട ഫാക്ടറി സ്ഥാപിക്കുന്ന പക്ഷം നല്ലയിനം കാലിത്തീററ ഉൽപാദിപ്പിക്കുന്നതിനും, രണ്ടോ മൂന്നോ പേർക്ക് തൊഴിൽലഭിക്കുന്നതിനും സഹായിക്കും

12) രണ്ട് കറവ കന്നുകൾ ഉള്ള വീടുകളിൽ ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്ന പക്ഷം ഇന്ധനച്ചെലവ് ചുരുക്കുന്നതിനും സഹായിക്കും

13) കന്നുകാലി തൊഴുത്ത് ഇല്ലാത്ത ക്ഷീര കർഷകർക്ക് തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായം ലഭ്യമാക്കിയാൽ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കും

14) സ്ഥിരമായി കറവ കന്നുകളെ വളർത്തുന്നവർക്ക് കർഷക തൊഴിലാളികൾക്കെന്നപോലെ ക്ഷേമ നിധി ഏർപ്പെടുത്തുക. (ചുരുങ്ങിയത് 5 വർഷം കറവ കൃഷി ചെയ്യുന്നവർക്ക്)

15) വൈക്കോൽ, ചാണകം, എന്നിവ ഈ പഞ്ചായത്തിൽ നിന്നും കയററി അയക്കാതെ അവ ഇവിടെത്തന്നെ ഉപയോഗപ്പെടുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ കന്നുകാലിവളർത്തൽ ലാഭകരമാക്കുവാനും കൂടുതൽ പേരെ ഇതിലേക്ക് ആകർഷിക്കുവാനും സഹായിക്കും.

16) ശാസ്ത്രീയമായ കന്നുകാലി വളർത്തൽ പാലിൻെറ ഉപഭോഗം, പാലിൻെറ ഗുണപരിശോധന, പാലിൻെറ വിലനിർണ്ണയം, പാലിൽ നിന്നും ഉണ്ടാക്കുന്ന വിവിധ ഉപഉൽപന്നങ്ങൾ എന്നിവയെ സംബന്ധിച്ച്, വാർഡ് തലത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്താൽ ക്ഷീരോൽപാദന രംഗത്ത് കൂടുതൽപേരെ ആകൃഷ്ടരാക്കുവാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കുന്നതിനും സഹായിക്കുന്നതാണ്.

## 2) ആടുവളർത്തൽ

പഞ്ചായത്തിൻെറ ആരംഭകാലം മുതൽ തന്നെ ചെറിയ തോതിൽ ആടുകളെവളർത്തിയിരുന്നെങ്കിലും, സർക്കാരിൻെറ സഹായത്തോടുകൂടി മൃഗസംരക്ഷണ വകുപ്പ്, ഹരിജന-ഗിരിജന കുടുംബങ്ങൾക്ക് ആടുകളെ വിതരണം ചെയ്തതോടുകൂടി ആടുവളർത്തൽ വ്യാപകമായ കൃഷിയായി മാറിയിട്ടുണ്ട്. ആടുകളിൽ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങളാണ് പനി, ഉദരസംബന്ധമായ രോഗങ്ങൾ എന്നിവ. വളർത്തുനായക്കളിൽ നിന്നുള്ള ആക്രമണം ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

പ്രധാന പ്രശ്നങ്ങൾ

1) ആടുകൾക്കാവശ്യമായ പച്ചിലകൾ ലഭ്യമല്ല.
2) ആടുകളിൽ കണ്ടുവരുന്ന മാരകരോഗങ്ങൾ
3) ആടുകളെ വിൽക്കുമ്പോൾ യഥാർത്ഥവില ലഭിക്കാതെ വഞ്ചിക്കപ്പെടുന്നു.
4) ആട്ടിൻപ്പാൽ വിൽപ്പനക്കുള്ള അസൗകര്യം

സാധ്യതകൾ

1) ആടുവളർത്തലിൽ തൽപരരായ വ്യക്തികൾക്ക് ഗോട്ട്ഫാം തുടങ്ങുന്നതിനുള്ള സാമ്പത്തികവും, സാങ്കേതികവുമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ മൂന്നോ നാലോ ആടുവളർത്തൽ കേന്ദ്രങ്ങൾ നടത്തുവാൻ സാധ്യതയുണ്ട്.

2) പച്ചില കൃഷി ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ ആടുവളർത്തലിന് സഹായകമാവും.

3) മൃഗാശുപത്രികളിൽ കൂടിയുള്ള ചികിൽസാസൗകര്യം ക്രമമായി ലഭിക്കുവാൻ സൗകര്യം ഉണ്ടായാൽ ആടുവളർത്തലിന് സഹായകമാവും.

## 3) മുയൽ

കൗതുകത്തിനുവേണ്ടിയും, ചുരുക്കം ചിലർ മാംസ ആവശ്യത്തിനുവേണ്ടിയും മുയലുകളെ ചുരുക്കം ചില വീടുകളിൽ വളർത്തുന്നുണ്ട്. പ്രത്യുൽപാദന ശേഷിയുള്ള ഒരു മൃഗം എന്ന നിലയിൽ മുയൽ വളർത്തൽ ലാഭകരമായ ഒരു കൃഷിയാക്കി മാററാവുന്നതാണ്,

## 4) മത്സ്യബന്ധനം

പഞ്ചായത്തിൽ മത്സ്യകൃഷി നടത്തുന്നതായി അറിവില്ല. കടൽ മത്സ്യങ്ങൾ മാർക്കററിൽ നിന്നു വാങ്ങിയും, പുഴ മത്സ്യങ്ങളുമാണ് ഭക്ഷിക്കുന്നത്. മത്സ്യകൃഷി ഈ പഞ്ചായത്തിൽ തള്ളിക്കളയാവുന്നതല്ല. കുളം, കിണർ എന്നിവ നിർമ്മിച്ച് ചെറിയ രീതിയിലുള്ള മത്സ്യകൃഷി നടത്തുവാനുള്ള സൗകര്യങ്ങളുണ്ട്. ജലസേചന സൗകര്യവും, ധനസഹായവും നൽകിയാൽ കൂടുതൽ മത്സ്യകൃഷി നടത്തുന്നതിന് സാധിക്കും.

പ്രശ്നങ്ങൾ-

1) ജലാശയത്തിൻെറയും, ജലസേചനത്തിൻെറയും കുറവ്.

നിർദ്ദേശങ്ങൾ-

1) ജലസേചന സൗകര്യം ലഭ്യമായാൽ മത്സ്യകൃഷിക്ക് അനുയോജ്യമായ അന്തരീക്ഷമുണ്ട് കിണർ, ചെറിയ കുളങ്ങൾ എന്നിവ നിർമ്മിച്ച് ചെറിയ തോതിൽ മത്സ്യകൃഷി നടത്തുവാൻ താൽപര്യമുള്ള ആളുകൾക്ക് സാമ്പത്തിക സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തി മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

## 5) വളർത്തു പക്ഷികൾ

വളർത്തുപക്ഷികളിൽ പ്രധാനപ്പെട്ടത് കോഴികളാണ്. പഞ്ചായത്തിൽ 90 ശതമാനം വീടുകളിലും നാടൻ കോഴികളെ വളർത്തുന്നുണ്ട്. എന്നാൽ വ്യാവസായിക അടിസ്ഥാനത്തിലോ, ഫാം ആയിട്ടോ നടത്തുന്നില്ല. കോഴിഫാം നടത്തുന്നതിന് തൽപരരായ ആളുകൾ പഞ്ചായത്തിൽ ഉള്ളതായി അറിവുണ്ട്. അവർക്കാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ചെയ്തുകൊടുത്താൽ കുറച്ചാളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

പ്രശ്നങ്ങൾ–

1) കോഴിവസന്ത, കോഴിപ്പുണ്ണ്, വിരശല്യം
2) ഗുണമേൻമയുള്ള കോഴിത്തീററ ലഭ്യമല്ല.

സാദ്ധ്യതകൾ–

1) നിലവിലുള്ള മൃഗാശുപത്രിയിൽ കൂടി കോഴികളിൽ കണ്ടുവരുന്ന രോഗങ്ങൾക്ക് യഥാസമയം ഫലപ്രദമായ ചികിൽസാ സംവിധാനം ഏർപ്പെടുത്തിയാൽ കോഴിവളർത്തൽ ആദായകരമായ കൃഷിയാക്കിമാററൻ കഴിയും

2) ഗുണനിലവാരമുള്ള കോഴിതീററ, കാലിതീററ എന്നിവ ഉൽപാദിപ്പിക്കുവാൻ ചെറുകിട കാലിതീററ ഫാക്ടറി തുടങ്ങിയാൽ കോഴിവളർത്തൽ ലാഭകരമായ കൃഷിയായിമാറും.

താറാവ് വളർത്തൽ

ഈ പഞ്ചായത്തിൽ ആകെ രണ്ട് താറാവ് കൃഷിക്കാരാണുള്ളത്. ചുരുക്കം ചില വീടുകളിൽ സ്വന്തം ആവശ്യത്തിനുവേണ്ടിയും, താറാവുകളെ വളർത്തുന്നുണ്ട്. ജലസേചന സൗകര്യക്കുറവും, താറാവുകളിൽ ധാരാളമായി കാണുന്ന രോഗങ്ങളും ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

പ്രശ്നങ്ങൾ

1) താറാവുകളിൽ കണ്ടുവരുന്ന മാരകരോഗങ്ങൾ
2) ജലാശയത്തിൻെറ കുറവ്.
3) ഗുണമേന്മയുള്ള തീററയുടെ അപര്യാപ്തത

സാധ്യതകൾ

1) മൃഗാശുപത്രികളിൽ കൂടി യഥാസമയം ചികിൽസ ലഭ്യമായാൽ താറാവ് വളർത്തൽ ലാഭകരമാവും.

2) വേനൽകാലങ്ങളിൽ താറാവ് വളർത്തലിന് പ്രയാസം നേരിടുന്നതിനാൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയാണങ്കിൽ ഈ കൃഷി ആദായകരമാവും.

3) ഗുണമേന്മയുള്ള താറാവ് തീററ ലഭ്യമായാൽ താറാവ് കൃഷി കൂടുതൽ വ്യാപകമാക്കുവാൻ സാധിക്കും.



# 3 വ്യവസായം

കരുളായി പഞ്ചായത്തിലെ തൊഴിൽ മേഖല പരിശോധിച്ചാൽ വ്യാവസായികമായി വളരെ പിന്നോക്കമാണെന്ന് കാണാം. വൻകിടവ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും ഇവിടെ ഇല്ലാത്തതുകൊണ്ട് ജനങ്ങളുടെ വരുമാനം ശുഷ്കമാണ്. വ്യവസായ വികസനത്തിനുവേണ്ടി കൊതിക്കുന്ന ഒരു നാടാണിത്, ഒന്നിലേറെ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന 2 സ്വകാര്യ വ്യക്തികളുടെ തടി അറപ്പുമില്ലുകൾ മാത്രമേ വ്യവസായ യൂണിറ്റ് എന്ന് പറയാൻ ഈ പഞ്ചായത്തിലുള്ളൂ. പരമ്പരാഗത വ്യവസായ രംഗത്ത് 9-ാം വാർഡിലെ കുംഭാരൻമാരുടെ കളിമൺ പാത്രനിർമ്മാണമാണ് ഏക വ്യവസായം.

കരുളായി പഞ്ചായത്തിന്റെ വലിയൊരു ഭാഗം റിസർവ്വ് വനങ്ങളാണ്. ഈ വനത്തിൽ നിന്നും ഏകദേശം പത്തുകോടിയോളം രൂപയുടെ മരങ്ങൾ ഓരോ വർഷവും ലേലം ചെയ്ത് വിൽക്കുന്നുണ്ട്. ഈ തടികൾ ഉപയോഗിച്ചുള്ള നിരവധി വ്യവസായ യൂണിറ്റുകൾക്ക് സാധ്യതയുണ്ട്. റിസർവ്വ് വനത്തിൽ ധാരാളം ആദിവാസികൾ താമസിക്കുന്നുണ്ട്. ഇവർ രൂക്ഷമായ തൊഴില്ലായ്മ പ്രശ്നം നേരിടുന്നു വന വിഭവങ്ങളായ ഓട, ചൂരൽ, മുള എന്നിവ ഉപയോഗിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചാൽ ഇവരുടെ തൊഴില്ലായ്മ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കും. റിസർവ്വ് വനത്തിനുള്ളിൽ ധാരാളം തരിശ് പ്രദേശങ്ങൾ കിടപ്പുണ്ട്. ഈ പ്രദേശങ്ങളിൽ ആദിവാസികളെ ഉപയോഗിച്ചുകൊണ്ട് ഔഷധ സസ്യകൃഷിക്ക് വളരെയധികം സാധ്യതകൾ ഉണ്ട്. കരുളായി ഫോറസ്റ്റിനുള്ളിൽ ശേഖരിക്കപ്പെടുന്ന തേക്കുമരങ്ങളിൽ നിന്നും ബാക്കി വരുന്നവ വിറക് ആവശ്യത്തിന് വേണ്ടിയിട്ടാണ് (Teak billets) ഉപയോഗിക്കുന്നത്. എന്നാൽ വിറക് എന്ന ഇനത്തിൽ പെടുത്തി ലേലം ചെയ്തുകൊണ്ടുപോകുന്ന ഈ തേക്ക് ബില്ല്യറ്റ്സ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വെച്ച് പലതരം മരഉരുപ്പടികളായി മാറ്റുകയാണ് ചെയ്യുന്നത്. ഈ സാധ്യത ഇവിടെ ഉപയോഗപ്പെടുത്തി ഒന്നിലധികം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയും. (eg: ഫർണിച്ചർ, സ്വിച്ച് ബോർഡുകൾ കരകൗശല വസ്തുക്കൾ etc)

റിസർവ്വ് വനത്തിലെ തോട്ടപഴങ്ങൾ (ഏലം, ചന്തം, തേൻ, മരുന്നുകൾ) ശേഖരിച്ച് വിപണനം ചെയ്യുവാനുള്ള അധികാരം ഇപ്പോൾ കൽക്കുളം ഗിരിജൻ സൊസൈറ്റിയ്ക്കാണ്. ഈ തോട്ടപഴങ്ങൾ ഉപയോഗിച്ചുകൊണ്ട് പലവിധ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സാധ്യതകളുമുണ്ട്.

വളരെയധികം ടൂറിസ്റ്റുകളെ ആകർഷിച്ച് കൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് 'നെടുങ്കയം'. കേരള സർക്കാർ ഇതൊരു ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചാൽ ടൂറിസത്തിൽ നിന്നും പഞ്ചായത്തിന് വരുമാനം വർദ്ധിക്കുവാനുള്ള സാധ്യതയുണ്ട്. മാത്രവുമല്ല ഈ മേഖലയുമായി ബന്ധപ്പെട്ട് വളരെയധികം തൊഴിലവസരങ്ങൾക്ക് കൂടി സാധ്യതയുണ്ട്.

നാളികേരം, റബ്ബർ, നെല്ല്, കളിമണ്ണ് ഇവ ഉപയോഗിച്ചുകൊണ്ടുള്ള ചെറുകിട യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സാധ്യതകൾ പ്രദേശിക തലത്തിൽ വളരെയധികമുണ്ട്.

### റബ്ബർ

റബ്ബർ മേഖലയിൽ ഒരു പാൽ സംഭരണ യൂണിറ്റ് ഉണ്ടെങ്കിലും ഈ യൂണിറ്റ് സംഭരണ വിതരണ രംഗത്ത് മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. റബ്ബർ പാൽ ഉപയോഗിച്ചുള്ള റബ്ബർ ബാൻഡുകൾ കയ്യുറകൾ, ബലൂണുകൾ ചപ്പലുകൾ, അഡ്ഹസ്വിസ്, (eg: ഫെവിക്കോൾ) സെൻറിഫ്യൂജിഡ് ലാറ്റക്സ്, റബ്ബർ ഫോം, മായ്പ് റബ്ബർ ഫൈബർ ഫോം എന്നിവയുടെ ചെറുകിടമേഖലയിലുള്ള ധാരാളംയൂണിറ്റുകൾക്ക് സാധ്യതയുണ്ട്.

### നാളികേരം

ലോകബാങ്കിന്റെ സഹായത്തോടുകൂടി പ്രവർത്തിച്ച സാധു തെങ്ങുകൃഷി പദ്ധതിപ്രകാരം കരുളായി പഞ്ചായത്തിൽ തെങ്ങുകൃഷിവളരെയധികം വർദ്ധിച്ചു. ഇപ്പോൾ നാളികേര ഉല്പാദനരംഗത്ത് ഈ പഞ്ചായത്ത് ഒരു മിച്ച പഞ്ചായത്താണ്. എന്നാൽ ഈ സാധ്യതയെ പ്രയോഗപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. നാളികേരവുമായി ബന്ധപ്പെട്ട പല ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിക്കുവാൻ സാധിക്കും. തൊണ്ട് സംസ്ക്കരണം, കൊപ്രാനിർമ്മാണം, വെളിച്ചെണ്ണ ഉല്പാദനം, ചിരട്ട ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല വസ്തുനിർമ്മാണം തുടങ്ങിയവ ഇവയിൽ ചിലതാണ്.

### നെല്ല്:—

9—ാം പഞ്ചവത്സര പദ്ധതിയിൽ കാർഷിക മേഖലയിലുണ്ടാവുന്ന വികസനവും കൂടി പരിഗണിക്കുമ്പോൾ ഈ പഞ്ചായത്തിലെ നെല്ലുല്പാദനം വർദ്ധിക്കുവാനാണ് സാധ്യത. ഇത് പ്രയോജനപ്പെടുത്തിക്കൊണ്ട് നെല്ല് സംസ്ക്കരണ രംഗത്ത് കുറെ പേർക്ക്, പ്രത്യേകിച്ച്, സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുവാനുള്ള സാധ്യതയുണ്ട്.

### കളിമൺ വ്യവസായം.

പഞ്ചായത്തിലെ ഭൂപ്രകൃതി പഠന പര്യടനത്തിൽ നിന്നും മനസ്സിലായതു പ്രകാരം കളിമണ്ണിന്റെ വൻ നിക്ഷേപം തന്നെ ഈ പഞ്ചായത്തിലുണ്ട്. V, VI, VII, XI വാർഡുകളിൽ ഈ നിക്ഷേപം കൂടുതലുണ്ട്. ഈ അസംസ്കൃത വസ്തു ഉപയോഗിച്ചുള്ള ഒന്നിലധികം വൻകിട കളിമൺ വ്യവസായ സംരംഭങ്ങൾക്ക് സാധ്യതയുണ്ട്. ഈ സംരംഭത്തിനാവശ്യമായ വിറകിന്റെ ലഭ്യതയും മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് സുലഭമാണ്. കുലത്തൊഴിലായ മൺപാത്ര നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന കുംഭാരന്മാർക്ക് പാത്ര നിർമ്മാണത്തിന്റെ ആധുനിക വശങ്ങൾ പരിചയപ്പെടുത്തുകയും യന്ത്രവൽക്കരണം നടത്തുകയും, വിപണന മേഖല വർദ്ധിപ്പിക്കുകയും ചെയ്താൽ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ പിന്നണിയിൽ നിൽക്കുന്ന ഈ വിഭാഗത്തെ പുനരുദ്ധരിക്കാൻ സാധിക്കുന്നതാണ്.

### സെറികൾച്ചർ

കേരള വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെറിഫെഡിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ തുടങ്ങാൻ സാധിക്കുന്നതാണ്. ഈ വകുപ്പ് മൾബറി വിത്തുകൾ സൗജന്യമായി നൽകുകയും പ്രായോഗിക പരിശീലനം നൽകുകയും പട്ടുനൂൽ പുഴുക്കളെ വളർത്തുന്നതിനുവേണ്ടി സബ്സിഡി നൽകുകയും കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കൊക്കൂൺ ശേഖരിക്കുകയും ചെയ്യുന്ന സംവിധാനം ഇന്നുണ്ട്. ഈ സാധ്യതകൾ മുഴുവൻ ഉപയോഗപ്പെടുത്തിക്കൊണ്ട് സെറികൾച്ചർ വികസന സാധ്യതകൾ പരിഗണിക്കാവുന്നതാണ്. വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

### ചെങ്കൽ വ്യവസായം.

ഈ പഞ്ചായത്തിൽ സുലഭമായി കാണുന്ന ചെങ്കല്ല് വ്യവസായിക അടിസ്ഥാനത്തിൽ ഖനനം ചെയ്ത് എടുത്താൽ കെട്ടിട നിർമ്മാണ രംഗത്ത് വളരെയധികം സാധ്യതകളുള്ള സംരംഭമാണ്.

### ഖാദിഗ്രാമ വ്യവസായ യൂനിററുകൾ

ഒരു ചെറുകിട വ്യവസായ സംരഭമായി ആരംഭിക്കാവുന്ന യൂനിററുകളാണ് സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം തുടങ്ങിയവ. സോപ്പ് നിർമ്മാണ യൂണിററിന് ആവശ്യമുള്ള അസംസ്കൃത പദാർത്ഥങ്ങളായ വെളിച്ചെണ്ണ, റബ്ബർ ഓയിൽ എന്നിവ ഈ പ്രദേശത്ത് സുലഭമാണ്. കുടുംബ പങ്കാളിത്തത്തോടുകൂടി വീട്ടമ്മമാർക്ക് തുടങ്ങാവുന്ന ഒരു മേഖലയാണിത്. ഇതു പോലെ തന്നെമെഴുകുതിരി നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, തേനീച്ച വളർത്തൽ എന്നിവ ഖാദി ഗ്രാമ വ്യവസായ യൂണിററിന്റെ കീഴിൽ തുടങ്ങാവുന്നവയാണ്.

### സിമൻറുപയോഗിച്ചുളള കെട്ടിട സാമഗ്രികളുടെ നിർമ്മാണം.

ഈ വ്യവസായത്തിനാവശ്യമുള്ള അസംസ്കൃത വസ്തുവായ മണൽ നമ്മുടെ പഞ്ചായത്തിലെ കരിമ്പുഴയിൽ നിന്നും ലഭിക്കുന്നതിനാൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമൻറ്, ഇഷ്ടി

ക, കട്ടിള, ജനൽ ഫ്രെയിമുകൾ എന്നിവ നിർമ്മിക്കുന്ന ചെറുകിട യൂണിററുകൾക്ക് വളരെയേറെ സാധ്യതയുണ്ട്.

### *പ്രശ്നങ്ങൾ*

— വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പററിയ സ്ഥലങ്ങൾ പഞ്ചായത്തിൽ കുറവാണ്.

— വൈദ്യുതിക്ഷാമവും വോൾട്ടേജ് പ്രശ്നവും ഗുരുതരമാണ്.

— വിദഗ്ധ തൊഴിലാളികൾക്ക് ക്ഷാമം ഉണ്ട്.

— വ്യവസായ സംരംഭകർക്ക് ഉത്തേജനം നൽകുന്നതിനാവശ്യമായ സംവിധാനം പഞ്ചായത്ത് തലത്തിലില്ല

— സഹകരണ മേഖലയിൽ തുടങ്ങുവാനാരംഭിച്ച രണ്ട് ഇഷ്ടിക നിർമ്മാണ യൂണിററുകൾ പ്രവർത്തന നിരതമല്ല.

— വന വിഭവങ്ങൾ ഉപയോഗിച്ചുള്ള വ്യവസായ യൂണിററുകൾക്ക് ഫോറസ്ററ് ഡിപ്പാർട്ടുമെൻറിൻെറ അനുവാദം ലഭിക്കുവാൻ പ്രയാസം അനുഭവപ്പെടുന്നു.

### *സാധ്യതകൾ:*

— വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവസായ എസ്റേററ് സ്ഥാപിക്കുക.

— കെട്ടിടം, വൈദ്യുതി, വെള്ളം, ഇവ ലഭ്യമാക്കുക.

— അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായങ്ങൾക്കാവശ്യമായ മാസ്ററർപ്ലാൻ തയ്യാറാക്കുക.

— സംരംഭകത്വ പരിശീലനം ഏർപ്പെടുത്തുക.

— സഹകരണ മേഖല കാര്യക്ഷമമാക്കുകയും പുതിയവ ആരംഭിക്കുകയും ചെയ്യുക.

— ഗൾഫ് പണം ഉപയോഗിച്ചുകൊണ്ട് തൊഴിലവസരങ്ങൾക്ക്, അവർക്ക് പ്രചോദനം നൽകുക.

വനം വകുപ്പിൻെറ കീഴിൽ നിരവധി വന വിഭവ ചൂഷണ പ്രവർത്തികൾ നടക്കാറുണ്ട്. എന്നാൽ വർഷങ്ങൾക്ക് മുമ്പ് ഉണ്ടാക്കിട്ടുള്ള മിനിമം കൂലി പ്രകാരമാണ്. ദിവസകൂലി നിശ്ചയിക്കുന്നത്. പ്രാദേശിക കൂലി നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ ഫോറസ്റ്റ് ഷെഡ്യൂൾറേററ് 50% മാത്രമേ വരുന്നുള്ളൂ. ആയതുകൊണ്ട് തന്നെ കഴിഞ്ഞ നാലാഞ്ചുവർഷങ്ങളായി കരുളായി ഫോറസ്റ്റ് റേഞ്ചിൻെറ പരിധിയിൽ വരുന്ന പ്രാദേശത്ത് പ്രവർത്തി നടക്കാത്തത് മൂലം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല.

സുമാർ 5500 ഓളം ഹെക്ടർ വനപ്രദേശത്ത് കൂലി നിരക്ക് പുതുക്കാത്തത് കൊണ്ട് വർഷം തോറും ഒരുകോടി രൂപക്കുള്ള തൊഴിൽ ദിനങ്ങൾ പാഴായി പോവുകയാണ്. ഈ കാര്യത്തിൽ സർക്കാരിൻെറ പ്രത്യേകിച്ച് വനം വകുപ്പിൻേറയും ധനകാര്യവകുപ്പിൻേറയും സജീവ ശ്രദ്ധ ആവശ്യമായിരിക്കുന്നു.



# 3 (A) മാർക്കററ്

പുരയിടങ്ങളിൽ ഇടവിളകളായി, മഞ്ഞൾ, ഇഞ്ചി എന്നിവയും മററ് കാർഷികോല്പന്നങ്ങളായ നാളീകേരം, നേന്ത്രവാഴ, അടയ്ക്ക, നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക്, പച്ചക്കറി എന്നിവയൊക്കെ വിപണനം നടത്താൻ ഇതുവരേയും ചന്തകളൊന്നും ഉണ്ടായിട്ടില്ല. കുരുമുളക്, അടയ്ക്ക, മഞ്ഞൾ, ഇഞ്ചി എന്നിവയൊക്കെ നിലമ്പൂരിൽ കൊണ്ടുപോയി കടകളിലും വൈദ്യശാലകളിലും വിൽപ്പന നടത്തുകയാണ്. മുൻപ് മുതൽ നടന്നുവരുന്ന സ്ഥിതി. ആവശ്യമായിട്ടുള്ള ചരക്കുകൾ വാങ്ങുവാൻ ചന്തയില്ലാത്തതുകൊണ്ട് എവിടെ നിന്നും ലഭിക്കുമെന്നുള്ള വിവരം ജനങ്ങൾക്ക് കിട്ടുന്നില്ല. യഥാർത്ഥത്തിൽ മററാരാൾക്ക് ആവശ്യമായ ചരക്ക് ഈ പ്രദേശത്ത് ലഭിക്കാനുണ്ടാകും.

അതുപോലെ മററ് തലങ്ങളിലെല്ലാം ഉപഭോക്താക്കൾക്ക് ആവശ്യമായ സാധനങ്ങൾ ലഭിക്കുന്നതിന് നിലമ്പൂരിലും മററും പോയി വരേണ്ട അവസ്ഥയാണ്. ഇറച്ചി, മൽസ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുള്ള സൗകര്യങ്ങളും ഇവിടെ തീരെ അപര്യാപ്തമാണ്. മാർക്കററ് ഇല്ലാത്തതുകൊണ്ട് നല്ലതരം മൽസ്യം ഇവിടെ ലഭിക്കാറില്ല. മാർക്കററില്ലാത്തതുകൊണ്ട് കാർഷികോല്പന്നങ്ങളുടെ യഥാർത്ഥ വില കിട്ടാതെ കൃഷിക്കാർക്ക് പലപ്പോഴും സാമ്പത്തിക നഷ്ടവും അതുമൂലം കൃഷിയോട് നിരാശയും ഉണ്ടാകാറുണ്ട്.

ചില കാലങ്ങളിൽ തമിഴ്നാട്ടുകാർ പച്ചക്കറിയും അതുപോലെ മററു പലചരക്കുകളുമായി താൽക്കാലികമായി കച്ചവടം നടത്തുന്നുണ്ട്. അവിടെ നല്ല വിൽപ്പനയും നടക്കുന്നുണ്ട്. ഒരു ചന്തയുടെ അഭാവമാണ് ഇങ്ങനെയുള്ള സ്വകാര്യചന്തയുടെ ആവിർഭാവം. ഇതിന് ഒരു പൊതു മാർക്കററ് ഈ പഞ്ചായത്തിലെ സാമ്പത്തിക വളർച്ചക്കും അതുവഴി ധാരാളം പേർക്ക് തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയും. വിററഴിക്കാനുള്ള സാധ്യതയുണ്ടായാൽ കാർഷിക പ്രവർത്തികൾക്ക് താൽപര്യം ഉണ്ടാകും.

### പ്രശ്നങ്ങൾ

1 മൽസ്യം, മാംസം എന്നിവ ലഭിക്കാൻ സ്ഥിരമായ സൗകര്യമില്ല.

2 കാർഷികോല്പന്നങ്ങൾ യഥാസമയം വിററഴിച്ച് അടുത്ത വിളയിറക്കാൻ സാധിക്കുന്നില്ല.

3 സ്ഥിരമായ സംവിധാനം ഇല്ലാത്തതുകൊണ്ട് പല ഭാഗത്തും പരിസര ശുചിത്വത്തിന്റെ പ്രശ്നം ഉണ്ട്.

### സാധ്യതകൾ

1 മൽസ്യം, ഇറച്ചി എന്നിവ വിൽപ്പന നടത്തുന്നതിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുക. പഞ്ചായത്ത് ലവലിൽ ഇറച്ചി സംസ്കരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

2 കാർഷികോല്പന്നങ്ങൾ വിററഴിക്കാനും അതുപോലെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേററുന്നതിനും, പഞ്ചായത്തിന്റെ ആസ്ഥാന ഭാഗത്ത് ഒരു ആഴ്ച ചന്ത തുടങ്ങുന്നതിനുള്ള സൗകര്യം കണ്ടെത്തുക.

3 പരിസര ശുചീകരണത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും, കേന്ദ്രീകരിച്ച് നടത്തുന്ന ചന്തകളിൽ നിന്നും അവശിഷ്ടം നീക്കം ചെയ്യാനും, രോഗാണുവിമുക്തമാക്കാനും പഞ്ചായത്ത് ഭരണ സമിതി വേണ്ടതുചെയ്യുക.

4 മാസത്തിലൊരിക്കൽ ഒരു കന്നുകാലി, മററ് ഉല്പന്നങ്ങളും വിററാഴിക്കാനും വാങ്ങാനും ഉള്ള മാസച്ചന്ത ആരംഭിക്കുക.

# 4 വിദ്യാഭ്യാസം

കരുളായി പഞ്ചായത്തിൽ ആദ്യമായി വിദ്യാലയം തുങ്ങിയത് 1-ാം വാർഡിലെ പള്ളിക്കുന്ന് പ്രദേശത്താണ്. പെൺകുട്ടികൾക്കുവേണ്ടി നടത്തിയിരുന്ന മാപ്പിള ഗേൾസ് പ്രൈമറി സ്കൂൾ ആണിതെന്ന് പറയപ്പെടുന്നു. ഈ പ്രദേശത്ത് നിന്നും ആദ്യമായി അദ്ധ്യാപക പരിശീലനം നേടിയ സി. കെ. മുഹമ്മദ് മാസ്റ്റർ അദ്ധ്യാപകനായി ആദ്യം നിയമിതനായത് അന്ന് ചെടിയിൽ പ്രവർത്തിച്ചിരുന്ന മാപ്പിള എയിഡഡ് പ്രൈമറി സ്കൂളിലായിരുന്നു. 1941-ൽ ഡി.എം. ആർ. ടി. ഈ സ്കൂൾ ഏറ്റെടുക്കുകയും പ്രസ്തുത സ്കൂൾ പുള്ളിയിലേക്ക് മാററി സ്ഥാപിക്കുകയും ചെയ്തു. ഇതാണ് പുള്ളിയിൽ ഡി. എ. എൽ. പി (DALP) സ്കൂൾ. 1949-ൽ ഡി. എം. ആർ. ട്രസ്ററ് മറെറാരു സ്കൂൾ കരുളായി അങ്ങാടിക്ക് സമീപം ഡി. എ. എൽ. പി. സ്കൂൾ എന്ന പേരിൽ ആരംഭിച്ചു. ശ്രീ. പി. ഗോവിന്ദൻ നായർ മാസ്റ്റർ ഇതിന്റെ ആദ്യകാല അദ്ധ്യാപകനായിരുന്നു. ഈ സ്ഥാപനം ഒരു ട്രൈബൽ സ്കൂൾ ആയിരുന്നു എന്ന് പറയപ്പെടുന്നു. തുടർന്ന് C. K. മുഹമ്മദ് മാസ്റ്റർ തുടങ്ങിയവരും ഈ സ്ഥാപനത്തിന്റെ വളർച്ചക്ക് സഹായിച്ചു. അമ്പതുകളിൽ പുല്ലഞ്ചേരിയിൽ ബഥേൽ കോളനിയിൽ ഒരു സർക്കാർ L. P. സ്കൂൾ സ്ഥാപിതമായി.

1968-ൽ കുഞ്ഞാമ്മുട്ടി മെമ്മോറിയൽ ഹൈസ്കൂൾ സ്ഥാപിതമായി. ശ്രീ. ടി.കെ. മുഹമ്മദ് ശ്രീ. ടി. കെ. അബ്ദുള്ളകുട്ടിമാസ്റ്റർ തുടങ്ങിയവർ സംയുക്തമായി പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് ഈ സ്ഥാപനം ഉണ്ടായത്

1974-ൽ കരുളായി പ്രദേശത്ത് സർക്കാർ ഒരു യു. പി. സ്കൂൾ അനുവദിച്ചു. സ്ഥലലഭ്യതയനുസരിച്ച് ഈ സ്ഥാപനം പുള്ളിയിൽ പ്രവർത്തനമാരംഭിച്ചു. വിശദമായി സാമൂഹിക സംസ്കാരിക ചരിത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

കൂടാതെ വനത്തിൽ നെടുങ്കയത്ത് ഗിരിവർഗ്ഗക്കാർക്ക് വേണ്ടി ഒരു ഏകാദ്ധ്യാപക സ്കൂൾ കുറച്ചുകാലം പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിൽ വാരിക്കൽ പ്രദേശത്ത് D.P.E.P. പദ്ധതി പ്രകാരം ഒരു L. P. സ്കൂൾ അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനവുമായി മുന്നോട്ട് പോകുന്നു.

ഇവിടെ ഏതാനും പാരലൽകോളേജുകളും അംഗനവാടിഇനത്തിൽ 13 ശിശുപാഠശാലകളും പ്രവർത്തിച്ചുവരുന്നു. അനൗപചാരിക വിദ്യഭ്യാസ രംഗത്ത് ആദ്യമായി നിലവിൽ വന്ന സ്ഥാപനം കരുളായി അങ്ങാടിയിൽ സ്ഥിതിചെയ്യുന്ന ദേശസേവ സമാജം വായനശാലയാണ്. 1955-ൽ സ്ഥാപിച്ചു. 9-ാം വാർഡിൽ കാർലിക്കോട് ഒരു സാംസ്കാരിക നിലയവും പ്രവർത്തിക്കുന്നുണ്ട്.

## *വിദ്യാഭ്യാസം*

വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കം നില്ക്കുന്ന ഒരു പ്രദേശമാണ് കരുളായി. ഒരു കുടിയേററ മേഖലകൂടിയായ ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവും ഉള്ള സ്ഥാപനങ്ങളുടെ പരിതാപകരമായ ഭൗതീക സാഹചര്യങ്ങളും സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥയും വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സം നില്ക്കുന്ന ഘടകങ്ങളാണ്. സാക്ഷരതയുടെ കാര്യത്തിൽ 100 ശതമാനം വിജയം കൈവരിക്കാൻ സംസ്ഥാനത്തെ മററു പ്രദേശങ്ങളോടൊപ്പം ഈ പഞ്ചായത്തും സജീവമായി പ്രവർത്തിക്കുകയും ഒരളവുവരെ ലക്ഷ്യപ്രാപ്തിയിലെത്തുകയും ചെയ്തു. എന്നാൽ നവസാക്ഷരർക്ക് ആവശ്യമായ തുടർവിദ്യാഭ്യാസം നൽകാൻ ഭരണകർത്താക്കൾ കാര്യമായി ശ്രമിക്കാത്തതിന്റെ ഫലമായി എഴുതുവാനും വായിക്കുവാനും പഠിച്ച നവസാക്ഷരരിൽ ഭൂരിപക്ഷവും ഇന്ന് നിരക്ഷരരായി മാറിയിരിക്കുന്ന ദയനീയ സ്ഥിതി പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും ഉണ്ട്. മാതാപിതാക്കളുടെ നിരക്ഷരത നല്ലൊരു അളവിൽ തന്റെ കുട്ടികളുടേയും വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സം നില്ക്കുന്നു.

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 17698 ആണ്. ജനനനിരക്ക് താരതമ്യേന കൂടുതലുള്ള ഈ പ്രദേശത്ത് ഏകദേശം 20,000 ജനങ്ങൾ അധിവസിക്കുന്നതായി കണക്കാക്കാം. ഈ ജനങ്ങളുടെ മുഴുവൻ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേററുവാൻ ഈ പഞ്ചായത്തിൻെറ 9 വാർഡുകളിലുമായി സ്ഥിതിചെയ്യുന്ന ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ 6 എണ്ണം മാത്രമാണ് എന്ന വസ്തുത ഈ പ്രദേശത്തെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് മതിയായ ഒരു കാരണമാണ്. പുല്ലഞ്ചേരിയിൽ (9–ാം വാർഡ്) പ്രവർത്തിക്കുന്ന ഒരു എൽ. പി. സ്ക്കൂളും പുള്ളിയിൽ (9-ാംവാർഡ്) പ്രവർത്തിക്കുന്ന ഒരു യു. പി. സ്ക്കൂളും മാത്രമാണ് ഈ പഞ്ചായത്തിൽ ഗവൺമെൻറ് ഉടമയിലുള്ള വിദ്യാലയങ്ങൾ. സേർവൻറ്സ് ഓഫ് ഇൻഡ്യ സൊസൈററിയുടെ മാനേജ്മെൻറിൽ പ്രവർത്തിക്കുന്ന രണ്ട് എയിഡഡ് എൽ. പി. സ്ക്കൂളുകളും (8, 9 വാർഡുകളിൽ) കരുളായി എഡ്യുക്കേഷൻ സൊസൈററിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കുഞ്ഞാമുട്ടി മെമ്മോറിയൽ ഹൈസ്കൂളും (3–ാംവാർഡ്) മാത്രമാണ് കേരളാ ഗവൺമെൻറിൻെറ നിയമങ്ങളും ചട്ടങ്ങളും സിലബസും അനുസരിച്ച് പഠനം നടത്തുന്ന ഈ പ്രദേശത്തെ മററ് വിദ്യാലയങ്ങൾ. സ്വകാര്യ മാനേജ്മെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഫസൽ–എ–ഒമർ ഇംഗ്ലീഷ്മീഡിയം സ്ക്കൂളാണ് (4ാംവാർഡ്) ഈ പഞ്ചായത്തിലെ മറെറാരു വിദ്യാലയം. മുകളിൽ പറഞ്ഞ ആറ് വിദ്യാലയങ്ങളിലുംകൂടി 3399 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. (പട്ടിക 1 A)

ഗവൺമെൻറ്, എയിഡ്ഡ് വിദ്യാലയങ്ങൾ ഓരോന്നായി പരിശോധിച്ചാൽ അവിടത്തെ ഭൗതിക സാഹചര്യങ്ങളും (പട്ടിക IV)അക്കാഡമിക് സൗകര്യങ്ങളും (പട്ടിക III) വളരെ പരിമിതമാണ് എന്ന് മനസിലാക്കാം. പല്ലഞ്ചേരിയിൽ പ്രവർത്തിക്കുന്ന L. P. സ്കൂൾ നിർത്തൽ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു ഏകാദ്ധ്യാപക വിദ്യാലയമാണ്. ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിലായി ആകെ 26 വിദ്യാർത്ഥികൾ മാത്രമാണ് അവിടെ ഇപ്പോൾ പഠനം നടത്തുന്നത്. ഒരു അദ്ധ്യാപകൻ മാത്രം ഉള്ളത് കൊണ്ട് ഒരേ സമയം 4 ക്ലാസ്സുകൾക്ക് വിദ്യ പകർന്നു നൽകേണ്ട ഭാരിച്ച ഉത്തരവാദിത്വത്തോടൊപ്പം ഓഫീസ് കാര്യങ്ങൾക്കായും മററു സ്വകാര്യ ആവശ്യങ്ങൾക്ക് ലീവ് എടുത്തും സ്കൂളിൽ നിന്ന് അദ്ധ്യാപകൻ വിട്ടുനിൽക്കുന്ന സാഹചര്യത്തിൽ എണ്ണത്തിൽ ശുഷ്ക്കമെങ്കിലും ഈ വിദ്യാർത്ഥികളുടെ പഠനം ഒരു അഭ്യാസമായി മാറുകയാണ്. ഇങ്ങനെ പ്രഥമിക പാഠങ്ങൾ ഗ്രഹിക്കാതെ ഉയർന്ന ക്ലാസ്സുകളിൽ എത്തുന്ന വിദ്യാർത്ഥി പഠനത്തിൽ പിന്നോക്കം പോകുകയും പഠനത്തിൽ താത്പര്യം കുറയുകയും അവനും അവൻ ഉൾക്കൊള്ളുന്ന സമൂഹത്തിനും ഒരു പ്രശ്നമായി തീരുകയും ചെയ്യുന്നു. കെട്ടിടവും മററ് ഭൗതീക സാഹചര്യങ്ങളും ഉള്ള പുല്ലഞ്ചേരി സ്കൂളിൻെറ ഉന്നമനത്തിന് ആ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് കൂടുതൽ അധ്യാപകരെ നിയമിക്കേണ്ടതാണ്. അതേവാർഡിൽ പ്രവർത്തിക്കുന്ന പുള്ളിയിൽ G. U. P സ്കൂൾ കരുളായി പഞ്ചായത്തിലെ ഏക അപ്പർ പ്രൈമറി വിദ്യാലയമാണ്. ഇപ്പോൾ നിലവിലുള്ള പാറേറൺ അനുസരിച്ച് 18 ഡിവിഷനുകൾക്കുള്ള വിദ്യാർത്ഥികൾ ഇവിടെയുണ്ട്. എന്നാൽ 9 ക്ലാസ്സ്മുറികൾ മാത്രമാണ് ഉള്ളത്. അതുകൊണ്ട് ഉള്ള വിദ്യാർത്ഥികളെ 15 ഡിവിഷനായിതിരിച്ച്2 ഷിഫ്ററുകളായി ക്ലാസ്സ്നടത്തുന്നു. ആവശ്യത്തിന് പഠനോപകരണങ്ങളോ. ബഞ്ച്, ഡസ്ക്ക് മുതലായ ഉപകരണങ്ങളോ ഈ സ്കൂളിൽ ഇല്ല ഒരുക്ലാസ്സിൽ 65 ഉം 70 ഉം കുട്ടികൾ പഠനം നടത്തുന്നതിനാൽ ഓരോ കുട്ടിക്കും വ്യക്തിപരമായ ശ്രദ്ധ കൊടുക്കുന്നതിനും പഠനത്തിൽ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും അധ്യാപകർക്ക് സാധിക്കുന്നില്ല. ഗവൺമെൻറ് സ്കൂളായതിനാൽ പലവിഷയങ്ങളും പഠിപ്പിക്കുന്നതിന് വേണ്ടത്ര അധ്യാപകരില്ലാത്ത പ്രശ്നങ്ങളും ഇടക്കെങ്കിലും ഉണ്ടാകാറുണ്ട്. ഇങ്ങനെ ഭൗതീക സാഹചര്യങ്ങളുടെ കുറവും അധ്യാപകരുടെ കുറവുംമൂലം വിദ്യാർത്ഥികൾക്ക് പഠനത്തിൽ താത്പര്യം കുറയുകയും കുട്ടികളിൽ അച്ചടക്കരാഹിത്യം വളരുകയും ചെയ്യുന്നു. അടിയന്തിരമായി 10 ക്ലാസ്സ് മുറികളെങ്കിലും നിർമ്മിക്കുകയും ആവശ്യത്തിന് അധ്യാപകരെ യഥാസമയത്ത് നിയമിക്കുകയും ബഞ്ച്, ഡസ്ക്ക്, ബ്ലാക്ക്ബോർഡ്, ലാബ്രട്ടറി, ലൈബ്രറി, കളിസ്ഥലം, ഓഡിയോ വിഷ്വൽ ഉപകരണങ്ങൾ എന്നിവ ആവശ്യത്തിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ സ്വകാര്യ എയിഡഡ് വിദ്യാലയങ്ങളെകുറിച്ച് അടുത്തതായി ചിന്തിക്കാം. സേർവൻസ് ഓഫ് ഇഡ്യാ സൊസൈററിയുടെ മാനേജ്മെൻറിൽ കരുളായി പഞ്ചായത്ത് 8-ാം

പട്ടിക I A വിദ്യാർത്ഥികൾ, അധ്യാപകർ

| നമ്പ്ര് | സ്ക്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | DALPS കരുളായി | എയിഡഡ് | 246 | 245 | 491 | 8 | 6 | 14 |
| 2 | DALPS പുള്ളിയിൽ | ,, | 336 | 265 | 601 | 4 | 13 | 17 |
| 3 | GLPS പുല്ലഞ്ചേരി | Govt. | 15 | 11 | 26 | 1 | – | 1 |
| 4 | ഫസൽ–എ–ഒമർ കരുളായി | പ്രൈവററ് | 80 | 75 | 155 | – | 9 | 9 |
| 5 | GUPS പുള്ളിയിൽ | Govt. | 343 | 344 | 687 | 11 | 9 | 20 |
| 6 | KMHS കരുളായി | എയിഡഡ് | 723 | 716 | 1439 | 29 | 23 | 52 |
| | Total | | 1743 | 1656 | 3399 | 53 | 60 | 113 |

അവലംഭം: സെക്കൻററി ഡാററ.

വാർഡിൽ പ്രവർത്തിച്ചുവരുന്ന D. A. L. P. സ്കൂളിൽ 491 വിദ്യാർത്ഥികളും 14 അദ്ധ്യാപകരും ഉണ്ട്. ട്രൈബൽ ഹോസ്ററലായി പ്രവർത്തിച്ചിരുന്ന സ്ഥാപനം പിന്നീട് ലോവർ പ്രൈമറി സ്കൂളായി പരിവർത്തനം ചെയ്യപ്പെട്ടു എന്നാണ് ചരിത്രം. ഈ പഞ്ചായത്തിൻെറ പല വാർഡുകളിൽ നിന്നും കുട്ടികൾ ഇവിടെ ചേർന്ന് പഠിക്കുന്നുണ്ട്. പ്രത്യേകിച്ച് വിദ്യാലയങ്ങൾ ഇല്ലാത്ത നാല്, അഞ്ച്, ആറ് ഏഴ്, വാർഡുകളിൽ നിന്ന് ഒന്നും രണ്ടും അതിലേറെയും കിലോമീററുകൾ താണ്ടിവേണം പിഞ്ചുകുഞ്ഞുങ്ങൾക്ക് ഇവിടെ എത്തിച്ചേരുവാൻ. സ്കൂളിൻെറ ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല. സ്കൂളിന് ആവശ്യത്തിന് ഫർണീച്ചറോ പഠനോപകരണങ്ങളോ ഇല്ല. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന രക്ഷകർത്താക്കളുടെ മക്കളാണ് ഇവിടത്തെ വിദ്യാർത്ഥികളിൽ കൂടുതലും. അതുകൊണ്ട് കുട്ടികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ, കുട, വസ്ത്രങ്ങൾ മുതലായവ ആവശ്യത്തിന് നൽകുവാനോ അവരെ കൃത്യമായി സ്കൂളിൽ അയക്കുന്നതിനോ പല രക്ഷകർത്താക്കൾക്കും സാധിക്കുന്നില്ല. പരിമിതമായ സൗകര്യങ്ങൾ വെച്ചുകൊണ്ട് സാമാന്യം നല്ല രീതിയിൽ പഠനവും പാഠ്യേതര പ്രവർത്തനങ്ങളും നടക്കുന്ന ഈ വിദ്യാലയത്തിൽ മാതൃ സംഗമത്തിൻെറയും P. T. A യുടേയും കിയാത്മകമായ സഹകരണം ലഭിക്കുന്നുണ്ട്. ഈ വിദ്യാലയത്തിൻെറ ഭൗതിക അക്കാഡമിക് സൗകര്യങ്ങൾ കുറെകൂടി മെച്ചപ്പെടുത്തിയാൽ പഠനനിലവാരം തൃപ്തികരമായ രീതിയിൽ ഉയർത്തുവാൻ സാധിക്കും.

സേർവൻറ്സ് ഓഫ് ഇൻഡ്യാ സൊസൈററിയുടെ മേൽനോട്ടത്തിൽ ഈ പഞ്ചായത്തിലെ 9–ാം വാർഡിൽ പ്രവർത്തിക്കുന്ന DALPS ആണ് പ്രൈമറി വിദ്യാഭ്യാസ രംഗത്തെ മററൊരു സ്ഥാപനം. ഇവിടെ ഇപ്പോൾ 601 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. 17 അധ്യാപകരാണ് ഈ സ്കൂളിൽ വിദ്യ അഭ്യസിപ്പിക്കുന്നത്. സ്കൂൾ കെട്ടിടവും മററു ഭൗതീക സാഹചര്യങ്ങളും പൊതുവെ തൃപ്തികരമല്ല. സ്കൂളിൽ വൈദ്യുതി ഇതേവരെ ലഭിച്ചിട്ടില്ല. ഇവിടെ പഠി

ക്കുന്ന വിദ്യാർത്ഥികളിൽ കൂടുതലും മററു വാർഡുകളിൽനിന്ന് വളരെയേറെ ദൂരം സഞ്ചരിച്ച് എത്തിച്ചേരുന്നവരാണ്. അതുകൊണ്ട് വർഷകാലത്ത് പൊതുവെ ഹാജർനില കുറയാറുണ്ട്. കർഷകരുടേയും കർഷകതൊഴിലാളികളുടേയും മററു കൂലിതൊഴിലാളികളുടേയും മക്കളാണ് ഇവിടത്തെ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും. കരുളായ് നിലമ്പൂർ റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഈ സ്കൂളിൻെറ മുൻഭാഗത്ത് മാത്രമേ മതിൽകെട്ടി ഭദ്രമാക്കിയിട്ടുള്ളൂ. മററുഭാഗങ്ങൾ തുറന്ന്കിടക്കുന്നത് വിദ്യാർത്ഥികൾക്ക് വളരെ വിഷമങ്ങൾ ഉണ്ടാക്കുന്നുണ്ട്. സ്കൂൾകെട്ടിടങ്ങളുടേയും ഉപകരണങ്ങളുടേയും അററകുററപണികൾ യഥാസമയങ്ങളിൽ കൃത്യമായി നടത്തപ്പെടുന്നില്ല. വിദ്യാർത്ഥികളുടെ പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും നല്ലപ്രകടനം കാഴ്ചവെക്കുവാൻ സ്കൂളിന് കഴിയുന്നുണ്ട്. ബാലകലോത്സവങ്ങളിൽ സബ്ജില്ലയിൽതന്നെ ഒരു മികച്ച വിദ്യാലയം എന്ന പ്രശസ്തി ആർജിക്കുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ വളരെയേറെ താൽപ്പര്യം രക്ഷാകർത്താക്കൾക്ക് ഉണ്ടെങ്കിലും സാമ്പത്തിക പരാധീനത ഒരു പരിധിവരെ വിദ്യാഭ്യാസ നിലവാരതകർച്ചക്ക് കാരണമാകുന്നുണ്ട്. പരിമിതമായ സൗകര്യങ്ങൾ മാത്രമാണെങ്കിലും മികച്ച പ്രകടനം കാഴ്ചവെക്കാൻ സ്ക്കൂളിന് കഴിയുന്നത് മാത്ര സംഘമത്തിൻേറയും സ്കൂൾ P T A യുടേയും സഹകരണവും പ്രവർത്തനങ്ങളുംകൊണ്ട് മാത്രമാണ്. ഈ വിദ്യാലയത്തിൻെറ ഭൗതിക, അക്കാഡമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തിയാൽ വിദ്യാർത്ഥികളുടെ പഠനനിലവാരം ഒരു പരിധിവരെ ഉയർത്തികൊണ്ടുവരുവാൻ സാധിക്കും.

കരുളായി പഞ്ചായത്തിലെ ഏക ഹൈസ്കൂൾ സ്തിചെയ്യുന്നത് മൂന്നാം വാർഡിലാണ്. കരുളായ് എഡ്യുക്കേഷൻ സൊസൈററിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 1439 വിദ്യാർത്ഥികളും 52 അദ്ധ്യാപകരുമാണ് ഉള്ളത്. മുപ്പത്ഡിവിഷനുകൾ ഉള്ള ഈ വിദ്യാലയത്തിൽ 60ൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന ക്ലാസ്സുകളും ഉണ്ട്. വിശാലമായ അഞ്ച് ഏക്കർ പുരയിടത്തിൽ സ്ഥിചെയ്യുന്ന വിദ്യാലയത്തിൽ ഈ പഞ്ചായത്തിലെ ഒൻപതു വാർഡുകളിൽനിന്ന് മാത്രമല്ല സമീപ പഞ്ചായത്തുകളായ മൂത്തേടം, അമരമ്പലം നിലമ്പൂർ എന്നിവിടങ്ങങ്ങളിൽനിന്നും ധാരാളംകുട്ടികൾ വളരെ ക്ലേശങ്ങൾ സഹിച്ച് പഠനത്തിനായി എത്തിച്ചേരുന്നുണ്ട്. അച്ചടക്കത്തിൻേറയും ശിക്ഷണത്തിൻേറയും കാര്യത്തിൽ സമീപ ഹൈസ്കൂളുകളെ അപേക്ഷിച്ച് മുൻപന്തിയിലാണ് ഈ വിദ്യാലയം. വിദ്യാർത്ഥികളുടെ ബാഹുല്യം കാരണം ബഞ്ച്, ഡസ്

പട്ടിക III

| | അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | P. T. A. പ്രവർത്തനം സജീവം |
| ഉള്ളത് | 5 | 3 | 3 | 3 | 3 | 2 | 1 | — | — | 1 | 67 | 5 | 4 |
| ഇല്ലാത്തത് | — | 2 | 2 | 2 | 2 | 3 | 4 | 5 | 5 | 4 | 1 | 1 | 1 |

പട്ടിക IV

ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പ്ര് | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | D A L P S കരുളായി | 491 | 14 | 2 | 1 | ഉണ്ട് | ഇല്ല |
| 2 | D A L P S പുള്ളിയിൽ | 601 | 17 | 2 | 1 | ഉണ്ട് | ഇല്ല |
| 3 | G L P S പുല്ലഞ്ചേരി | 26 | 1 | 1 | ഇല്ല | ഇല്ല | ഇല്ല |
| 4 | G U P S പുള്ളിയിൽ | 687 | 20 | 2 | 1 | ഉണ്ട് | ഉണ്ട് |
| 5 | K M H S കരുളായി | 1439 | 52 | 2 | 2 | ഉണ്ട് | ഉണ്ട് |
| 6 | ഫസൽ–എ–ഒമർ L P S കരുളായി | 155 | 9 | 1 | 2 | ഉണ്ട് | ഉണ്ട് |

ക്ക് മുതലായവ അപര്യാപ്തമാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി 2 മൂത്രപ്പുരകളും 2 കക്കൂസുകളും ഇപ്പോഴുണ്ട്. (പട്ടിക IV)

എങ്കിലും 1439 കുട്ടികൾക്കും 52 അധ്യാപകർക്കും 5 അനദ്ധ്യാപക ജീവനക്കാർക്കും ഈ സൗകര്യങ്ങൾ പരിമിതമാണ്. കുട്ടികൾക്ക് കുടിവെള്ളം ലഭിക്കുന്നതിന്ആവശ്യമായ കിണറും, ടാപ്പുകളും ഏർപ്പെടുത്തിയിട്ടുണ്ട്. വിശാലമായ ഈ സ്കൂൾ കോമ്പൗണ്ടിന് ചുററുമതിൽഇല്ല. ഈ വിദ്യാലയത്തിൻെറ ഒരു ഭാഗത്ത് കോളനി ആയതുകൊണ്ട് ആ ഭാഗത്ത് മതിൽ ഇല്ലാത്തത് വിദ്യാർത്ഥികളുടെ ശ്രദ്ധ ക്ലാസ്റൂമിൽനിന്ന് അങ്ങോട്ട് തിരിയുവാൻ സാദ്ധ്യതയുണ്ട്. സ്കൂളിന് സ്വന്തമായി ലൈബ്രറിയും, ലാബ്രട്ടറിയും ഉണ്ടെങ്കിലും അതിൻെറ പ്രവർത്തനം തൃപ്തികരമായ രീതിയിൽ നടക്കുന്നില്ല. ലാബ്രട്ടറിയും അദ്ധ്യാപകരുടെ വിശ്രമമുറിയും ഒരുമിച്ച് പ്രവർത്തിക്കുന്നതുമൂലവും ഉപകരണങ്ങളും രാസവസ്തുക്കളും ചിട്ടയായി ക്രമീകരിച്ചുവെക്കാൻ വിഷമമുണ്ട്. എന്നാൽ ഫിസിക്സ്, ബയോളജി വിഷയങ്ങൾക്ക് ലഭ്യമായ പഠനസഹായികൾ വിദ്യാർത്ഥികൾക്ക് കാണിച്ച്കൊടുക്കാറുണ്ട്.

ലൈബ്രറിപുസ്തകങ്ങളിൽ വിദ്യാർത്ഥികളുടെ നിലവാരത്തിന് യോജിച്ചവ ക്ലാസ് അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നുണ്ട്. വിദ്യാർതിസമരങ്ങൾമൂലം ഈ വിദ്യാലയത്തിൽ അദ്ധ്യയനദിവസങ്ങൾ നഷ്ടപ്പെടാറില്ല. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ സൗഹൃദം നിലനിർത്തുന്നതുകൊണ്ട് വിദ്യാലയത്തിൻെറ അച്ചടക്കം കാത്തുസൂക്ഷിക്കുവാൻ കഴിയുന്നുണ്ട്. പഠനത്തിൽ വളരെ ഏറെ ശ്രദ്ധ നൽകുന്നുണ്ടെങ്കിലും വിജയശതമാനം താരതമ്യേന [illegible]വാണ്. പട്ടിക (V A)

സ്പോർട്സ്, യുവജനോത്സവം മുതലായ പാഠ്യേതര പ്രവർത്തനങ്ങളിൽ തൃപ്തികരമായ നേട്ടം കൈവരിക്കുവാൻ സ്കൂളിന് കഴിയുന്നുണ്ട്. വിദ്യാഭ്യാസം ഒട്ടും തന്നെ ലഭിക്കാത്തതോ പരിമിതമായ വിദ്യാഭ്യാസം മാത്രം ലഭിച്ചതോ ആയ കർഷകരുടേയും തൊഴിലാളികളുടേയും കുട്ടികളാണ് ഇവിടെ പഠിക്കുന്നവരിൽ ഭൂരിപക്ഷവും. സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ മക്കളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. കുട്ടികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, കുട, യൂണിഫോം മുതലായവ ആവശ്യമായ രീതിയിൽ വാങ്ങികൊടുക്കുവാൻ പല രക്ഷി

പട്ടിക V—A SSLC വിജയശതമാനം

| സ്കൂൾ | 90—91 | 91—92 | 92—93 | 93—94 | 94—95 | 95—96 |
|---|---|---|---|---|---|---|
| KMHS കരുളായി | 34.7% | 24.4% | 25.5% | 22.5% | 29.6% | 17.4% |

പട്ടിക V—B 95–96 കാൽകൊല്ല പരീക്ഷ

| ക്ലാസുകൾ | 30%ൽതാഴെ മാർക്ക് ലഭിച്ചവർ | 30%നും 40%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40%നും50%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 50%നും60%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 60%നു മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| III | 70 | 92 | 87 | 18 | 25 |
| IV | 54 | 75 | 97 | 25 | 34 |
| V | 29 | 125 | 34 | 27 | 25 |
| VI | 20 | 71 | 65 | 55 | 30 |
| VII | 15 | 50 | 65 | 60 | 26 |
| VIII | 500 | 500 | 20 | 10 | — |
| IX | 410 | 60 | 10 | 4 | — |
| X | 305 | 50 | 15 | 5 | — |

താക്കാംക്കും കഴിയുന്നില്ല. അതുമൂലം ഇടക്ക് വെച്ച് പഠനം നിർത്തുന്ന കുട്ടികളും വിരളമല്ല. ശൈശവവിവാഹം ഒരളവു വരെ ഇപ്പോഴും ഈ പ്രദേശത്ത് നിലനിൽക്കുന്നതുമൂലം ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികളിൽ പലരും വിവാഹിതരാവുകയും പഠനം അവസാനിപ്പിക്കുകയും ചെയ്യുന്നത് വിരളമല്ല. വിവാഹം കഴിഞ്ഞ് കുടുംബജീവിതം നയിക്കുന്ന പല വിദ്യാർത്ഥിനികളും ഈ സ്കൂളിൽ പഠനം നടത്തുന്നുണ്ട്. അവരുടെ സാന്നിദ്ധ്യം ഒരളവു വരെ മററു വിദ്യാർത്ഥികളുടെ പഠനത്തേയും ദോഷകരമായി ബാധിക്കുന്നു.

ശുദ്ധവായുവും വെളിച്ചവും ധാരാളമായി ലഭിക്കത്തക്ക രീതിയിൽ നിർമ്മിച്ചിരിക്കുന്ന ക്ലാസ്സ് മുറികളിൽ മിക്കതിലും വിശാലമായ ബ്ലാക്ക് ബോർഡുകളും ഉണ്ട്. ഇപ്പോൾ ഒൻപത് മുറികളിൽ ഉപയോഗിക്കുന്ന ചെറുതും പലകയിൽ നിർമ്മിച്ചതുമായ ബ്ലാക്ക് ബോർഡ്കൾക്ക് പകരം മററു ക്ലാസ്സ് റൂമുകളിൽ ഉള്ളതുപോലെ ചുമരിൽ സിമൻറ് പൂശി വലിയ ബോർഡുകൾ നിർമ്മിച്ചാൽ നന്നായിരിക്കും. കുട്ടികൾക്ക് കളിക്കുന്നതിനും കായിക വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനും വിശാലമായ ഒരു കളിസ്ഥലം സ്കൂൾ കോമ്പൗണ്ടിന് ഉള്ളിൽ തന്നെയുണ്ട്. മററുഭാഗങ്ങളിൽ നിന്ന് ഒഴുകിവരുന്ന മഴ വെള്ളം വേണ്ടരീതിയിൽ തിരിച്ചുവിട്ട് ചുററും മതിൽ കെട്ടി സംരക്ഷിച്ചാൽ ഈ പ്രദേശത്തെ ഏററവും നല്ല

പട്ടിക I—B L. P., U. P., H. S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| | L P | | | U P | | | H S | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | ശതമാനം | ആൺ | പെൺ | ശതമാനം | ആൺ | പെൺ | ശതമാനം |
| 3244 | 677 | 596 | 46.80 | 343 | 344 | 50.07 | 723 | 716 | 49.76 |
| | | | | | | | | ആകെ | 48.81 |

പട്ടിക I—C പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| L P | | | U P | | | H S | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | ശതമാനം | ആകെ | SC/ST | ശതമാനം | ആകെ | SC/ST | ശതമാനം |
| 1117 | 168 | 15.04 | 687 | 89 | 13.00 | 1439 | 100 | 7.00 |
| | | | | | | | ആകെ | 11.68 |

ഒരു കളിസ്ഥലമാക്കി മാററുവാൻ കഴിയും. ഇപ്പോഴുള്ള കളിസ്ഥലത്തോട് ചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം കൂടി നിരത്തിയെടുത്താൽ വോളിബോൾ, ബാസ്ക്കററ്ബോൾ, ഷട്ടിൽ, കബടി, മുതലായവക്കുള്ള കളിസ്ഥലങ്ങളും നിർമ്മിക്കാവുന്നതും കുട്ടികളെ ഈ വക കളികളിൽ പരിശീലനംനൽകി മികച്ചപ്രതിഭകളാക്കാവുന്നതുമാണ്. മധ്യവേനൽ അവധിക്കാലങ്ങളിൽ സ്കൂൾ ഗ്രൗണ്ടിൽ ഫുട്ബോൾ മത്സരങ്ങൾ നടത്തുന്നതിന് സമീപപ്രദേശങ്ങളിലുള്ള സ്പോർട്സ് ക്ലബ്ബുകൾക്ക് അനുവാദം നൽകാറുണ്ട്. ഇതിന് യാതൊരുപ്രതിഫലവും വാങ്ങാറില്ല. എന്നാൽ ഇങ്ങനെ നടത്തപ്പെടുന്ന ടൂർണ്ണമെൻറുകളിൽ നിന്ന് ലഭിക്കുന്ന ലാഭത്തിൻെറ ഒരു വിഹിതവും വിവിധ കായികസംഘടനകളുടേയും മററു സന്നദ്ധ സംഘടനകളുടേയും വിദ്യാർത്ഥികളുടേയും കായികശക്തി വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തിയാൽ ഈ കളിസ്ഥലത്തിന് ഇപ്പോഴുള്ള എല്ലാ ന്യൂനതകളും പരിഹരിച്ച് ഇതൊരു മികച്ച സ്റേറഡിയം ആക്കി ാറമറാം.

മാതൃ സംഗമം എല്ലാവർഷവും നടത്തുകയും അതിൽ വിദ്യാർത്ഥികളുടെ പുരോഗതിക്കായി സജീവചർച്ചകളും നിർദ്ദേശങ്ങളും ഉരുത്തിരിഞ്ഞു വരുകയും അവ ഫലപ്രദമായി നടപ്പിലാക്കുവാൻ ഹെഡ്മാസ്ററും അദ്ധ്യാപകരും പരമാവധി ശ്രമിക്കുകയും ചെയ്യാറുണ്ട്. സ്കൂൾ P. T. A. വളരെസജീവമായി പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണിത്. P. T. A. യുടെ സഹായസഹകരണത്തോടെ നിർദ്ധനരായകുട്ടികൾക്ക് കുടയും മററു പഠനോപകരണങ്ങളും വാങ്ങികൊടുക്കുകയും പ്രഥമ ശുശ്രൂഷയ്ക്ക് അവശ്യമായ മരുന്നുകൾ വാങ്ങി ഉപയോഗിക്കുകയും വിദഗ്ധചികിത്സ ആവശ്യമായ കുട്ടികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് ആവശ്യമായ വാഹന സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും മററും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികളുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ സ്കൂളിൽ നിന്ന് എസ്. എസ്. എൽ. സി. പരീക്ഷ എഴുതിപാസാകുന്നവരിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ്അവാർഡുകൾ P. T. A. യുടെ വകയായി ഓരോവർഷവും നൽകിവരുന്നുണ്ട്. കൂടാതെ ഓരോവർഷവും സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക്ദിനം എന്നിവ P. T. A. യുടെകൂടി സഹകരണത്തോടെ സമുചിതമായി ആഘോഷിക്കാറുണ്ട്. സ്കൂളിൻെറ പുരോഗമനപരമായ എല്ലാ പ്രവർത്തനങ്ങളിലും ഇവിടത്തെ P.T.A. സജീവമായി സഹകരിക്കുന്നു. ഹെഡ്മാസ്ററും അധ്യാപകരും മററു ജീവനക്കാരും മാനേജ്മെൻറും P. T. A. യും എല്ലാം ഒത്തൊരുമയോടെ പ്രവർത്തിക്കുന്നുണ്ട് എങ്കിലും ഈ സ്കൂളിലെ വിജയശതമാനം വളരെ കുറവാണ് [പട്ടിക. V A]

ഈ പഞ്ചായത്തിലെ ഏക ഇംഗ്ലീഷ് മീഡിയം സ്കൂൾ സ[illegible] മേഖലയിൽ പ്രവർത്തിക്കു

പട്ടിക I—D

പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മററുള്ളവർ | | | ആകെ |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 5 | 4 | 9 | 22 | 11 | 33 | 42 |

അവലംഭം: പൊതുവിവര ശേഖരണ സർവ്വേ

പട്ടിക II

ഗവ: സ്കൂളുകളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടേയും കണക്ക്

| ആകെ അധ്യാപകർ (പഞ്ചായത്തിൽ) | ഗവ: വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | ഗവ: അധ്യാപകരുടെ ശതമാനം | വിദ്യാർത്ഥികളുടെ ആകെ എണ്ണം (പഞ്ചായത്തിൽ) | ഗവ: സ്കൂളുകളിലെ വിദ്യാർത്ഥികഠം | ശതമാനം |
|---|---|---|---|---|---|
| 113 | 21 | 18.60 | 3399 | 713 | 20.87 |

അവലംബം: സെക്കൻററി ഡാററ

ന്നതും അൺ എയിഡഡും ആയ ഫസൽ എ ഒമർ സ്കൂളാണ്. ഇവിടെ **L K G, U K G**. കൂടാതെ പ്രൈമറി ക്ലാസുകളും പ്രവർത്തിക്കുന്നു. 155 വിദ്യാർത്ഥികളും 9 അധ്യാപകരും (പട്ടിക I A) ആണ് ഇവിടെ ഉള്ളത് ഇംഗ്ലീഷ് മാധ്യമത്തിനും പുറമെ ഹിന്ദിയും ഇവിടെ പഠിപ്പിക്കുന്നുണ്ട്. **C. B. S. E.** സിലബസ് അനുസരിച്ചാണ് പഠനം നടക്കുന്നത്. ഈ പഞ്ചായത്തിലെ സാമ്പത്തികവും, വിദ്യാഭ്യാസപരവുമായി മുൻപന്തിയിൽ നിൽക്കുന്ന രക്ഷകർത്താക്കളുടെ കുട്ടികളാണ് ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികളിൽ കൂടുതലും. വിദ്യാർത്ഥികളിൽ നിന്നും ട്യൂഷൻ ഫീസ് ഈടാക്കിയാണ് ഇത് പ്രവർത്തിക്കുന്നത്. അഹമ്മദീയ മുസ്ലീം സമുദായത്തിൻെറ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന സ്ഥാപനമാണെങ്കിലും എല്ലാ വിഭാഗം കുട്ടികഠക്കും ഇവിടെ പ്രവേശനം നൽകുന്നുണ്ട്. ഇവിടത്തെ അധ്യാപകരിലും എല്ലാ വിഭാഗങ്ങളും ഉഠപ്പെടുന്നുണ്ട്. പ്രൈമറി തലം മുതൽ ഹിന്ദിയും, ഇംഗ്ലീഷും, മലയാളവും പഠിക്കേണ്ടതുകൊണ്ട് വിദ്യാർത്ഥികഠക്ക് വളരെ പഠനഭാരവും പ്രയാസവും അനുഭവപ്പെടുന്നുണ്ട്. സ്കൂഠ സിലബസുമായി പൊരുത്തപ്പെട്ടുപോകുവാൻ കഴിയാത്തതുമൂലം പല വിദ്യാർത്ഥികളിലും മാനസിക പിരിമുറുക്കങ്ങഠ ഉണ്ടാകുകയും പഠനത്തോട് വെറുപ്പ് ഉളവാക്കുകയും ചെയ്യുന്നു. ഇതുമായി പൊരുത്തപ്പെട്ടു പോകുവാൻ കഴിയാതെ പല കട്ടികളേയും അടുത്തുള്ള എയിഡഡ് പ്രൈമറി സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്ന സ്ഥിതിവിശേഷവും ഉണ്ട്. ഈ വിദ്യാലയത്തിൽ 155 കുട്ടികഠ മാത്രമേ പഠനം നടത്തുന്നുള്ളൂ. എങ്കിലും ഈ പഞ്ചായത്തിൽ നിന്ന് ഏകദേശം 300 ഓളം കുട്ടികഠ സമീപപട്ടണമായ നിലമ്പൂരിൽ പ്രവർത്തിക്കുന്ന വിവിധ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോകുന്നുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും സാമ്പത്തികമായി ഉയർന്ന നിലയിലുള്ള രക്ഷകർത്താക്കളുടേയും ഉദ്യോഗസ്ഥൻമാരുടേയും പ്രത്യേകിച്ച് ഈ പ്രദേശത്തെ സർക്കാർ, എയിഡഡ് സ്കൂളുകളിലെ അധ്യാപകരുടെയും മക്കളാണ്. മാസം 50 മുതൽ 150 വരെ രൂപ ട്യൂഷൻ ഫീസും 100രൂ മുതൽ 200രൂ വരെ വാൻ ചാർജ്ജും കൊടുത്താണ് ഈ വിദ്യാർത്ഥികഠ പഠനം നടത്തുന്നത്. ഈ സ്കൂളുകളിൽ മിക്കവരും **C B S E** സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്നവ ആയതിനാൽ വിദ്യാർത്ഥികഠക്ക് അനുഭവപ്പെടുന്ന പ്രയാസങ്ങഠ അൽപമല്ല. പഞ്ചായത്തിനുള്ളിൽ വിദ്യാസമ്പന്നരായവരുടെ മക്കഠ ഇംഗ്ലീഷ മീഡിയം സ്കൂളുകളിൽ പോകുന്നത് ഈ പ്രദേശത്തെ സാധാരണ സ്കൂളുകളുടെ പഠനനിലവാരം താഴുന്നതിന് ഒരു മുഖ്യ കാരണമായി മാറിയിരിക്കുന്നു. ഉദ്യോഗസ്ഥരായ അച്ഛനമ്മമാർക്ക് അവരുടെ കുട്ടികളെ നോക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ ക്രഷുകളോ, ഡേ കെയർ സെൻററുകളോ നല്ല നിലയിൽ പ്രവർത്തിക്കുന്ന അംഗനവാടികളോ സമീപത്ത് ഇല്ലാത്തതുകൊണ്ട് 3 വയ

കുമ്പോഠം തന്നെ കുട്ടികളെ L. K. G. യിൽ ചേർക്കാൻ നിർബന്ധിതരായിതീരുന്നു.

ഇവിടെ പ്രവർത്തിച്ചുവരുന്ന ഫസൽ–എ–ഒമർ സ്കൂഠം മുസ്ലീംപള്ളിയോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. ഈ കോമ്പൗണ്ടിൽ തന്നെ പ്രവർത്തിക്കുന്ന ഒരു പൊതുവായനശാലയുണ്ട്. സ്കൂഠം അങ്ങാടിയുമായി വളരെ അടുത്തായതു കൊണ്ട് കുട്ടികളുടെ ആരോഗ്യത്തെ വളരെ ദോഷകരമായിബാധിക്കുന്നുണ്ട്. പ്രത്യേകിച്ച്പഞ്ചായത്തിൽ ഒരു പൊതുമാർക്കററില്ലാത്തതിനാൽ മത്സ്യവും മാംസവും കച്ചവടം ചെയ്യുന്നത് ഈസ്കൂളിൻെറ മുൻവശത്തുള്ള നിരത്തുവക്കിൽ വെച്ചാണ്. ഇതുമൂലം കുട്ടികഠക്ക് പലപ്പോഴും പലതര അസുഖങ്ങളും ഉണ്ടാകാറുണ്ട്. ദേവാലയത്തിൻേറയും പൊതുവായനശാലയുടേയും സാമിപ്യം വിദ്യാർത്ഥികളുടെ പഠനത്തെ അൽപമെങ്കിലും ദോഷകരമായി ബാധിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ ഒൻപതു വാഡുകളിലായി ആകെ 13 അംഗനവാടികളാണ് പ്രവർത്തിക്കുന്നത്. അവയിൽ സ്വന്തമായി കെട്ടിടമുള്ളവ ചുരുക്കമാണ്. കളിപ്പാട്ടങ്ങളോ ഉപകരണങ്ങളോ ഒരു അംഗനവാടിക്കും ഇല്ല. അംഗനവാടികളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ലെന്നാണ് വിവിധ വാർഡുകളിലെ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന് മനസിലാക്കുന്നത്. പരിമിതമായ സൗകര്യങ്ങഠം പോലും ഇല്ലാത്ത അംഗനവാടികളിൽ കൊച്ചുകുട്ടികളെ അയക്കുന്നതിന് പല രക്ഷിതാക്കളും വൈമുഖ്യം കണിക്കാറുണ്ട്. സ്വന്തമായിസ്ഥലവുംകെട്ടിടവും ഇല്ലാത്ത അംഗനവാടികഠക്ക് അവ അടിയന്തിരമായി നിർമ്മിച്ചു നൽകേണ്ടതും അവിടത്തെ കുട്ടികഠക്ക് ആവശ്യമായ കളിപ്പാട്ടങ്ങളും ഉപകരണങ്ങളും ലഭ്യമാക്കേണ്ടതും ആകുന്നു.

പഞ്ചായത്തിൻെറ ഒന്നാം വാർഡിൽ രണ്ടും രണ്ടാം വാർഡിൽ രണ്ടും മൂന്നാം വാർഡിൽ രണ്ടും നാലാം വാർഡിൽ മൂന്നും അഞ്ചാം വാർഡിൽ നാലും ആറാം വാഡിൽ രണ്ടും ഏഴാം വാർഡിൽ മൂന്നും എട്ടാം വാർഡിൽ രണ്ടും ഒൻപതാം വാർഡിൽ ഒരു അംഗനവാടിയും കൂടുതലായി ആരംഭിച്ചാൽ മാത്രമേ ഈ പഞ്ചായത്തിലെ മുഴുവൻ കുട്ടികഠക്കും പ്രീ പ്രൈമറി വിദ്യാഭ്യാസം നൽകുവാൻ കഴിയു.

കരുളായി അങ്ങാടിക്ക് സമീപം പ്രവർത്തിക്കുന്ന രണ്ട് പാരലൽകോളേജുകളാണ് ആ രംഗത്തെ സ്ഥാപനങ്ങഠം. ഈ പഞ്ചായത്തിലേയും മററു സമീപ പഞ്ചായത്തുകളിലേയും വിദ്യാലയങ്ങളിൽ പഠിച്ച് വിജയിക്കുകയോ പരാജപ്പെടുകയോ ചെയ്യുന്ന വിദ്യാർത്ഥികളും രാവിലേയും വൈകിട്ടും മററ് അവധിദിവസങ്ങളിലും ട്യൂഷൻ എടുക്കുന്ന വിദ്യാർത്ഥികളുമാണ് ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങഠം പൊതുവെ തൃപ്തികരമല്ല. ആവശ്യത്തിന് സ്ഥലസൗകര്യങ്ങളോ ഉറപ്പോ കെട്ടിടങ്ങഠംക്കില്ല. ഇവിടെ പഠിപ്പിക്കുന്ന അധ്യാപകരിൽ പലരും വേണ്ടത്ര വിദ്യാഭ്യാസയോഗ്യത നേടിയവരും അല്ല. അതുമൂലം ഇതിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം തൃപ്തികരമല്ല.

സാങ്കേതിക വിദ്യാഭ്യാസരംഗത്ത്ഒരു ടൈപ്പ്റൈററിംഗ് ഇൻസ്ററിററ്യൂട്ട് മാത്രമാണ് ഈ പഞ്ചായത്തിലുള്ളത് ശാസ്ത്ര സാങ്കേതിക മേഖല വളരെവികസനംപ്രാപിച്ച ഈ കാലഘട്ടത്തിൽ ടൈപ്പ്റൈററിംഗ് ഷോർട്ട്ഹാൻറ്എന്നിവയോട്ആഭിമുഖ്യം കുറഞ്ഞുവരുന്നതായി അനുഭവപ്പെടുന്നു. വളരെ കുറച്ചുവിദ്യാർത്ഥികഠം മാത്രമാണ് ഈ സ്ഥാപനത്തിൽ വിദ്യ അഭ്യസിക്കുന്നത്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായമ പൊതുവെ യുവജനങ്ങളിൽ ഒരു നിരാശ ജനിപ്പിക്കുകയും പഠിത്തത്തോട് ഒരു താത്പര്യമില്ലായ്മ നിഴലിക്കുകയും ചെയ്യുന്നു. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകഠം അഭ്യസിപ്പിക്കുന്നതും അതുവഴി സ്വയം തൊഴിൽ കണ്ടെത്താൻ സഹായകരവുമായ സങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങഠം പഞ്ചായത്തിൽ ആരംഭിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഏററവും കൂടുതൽ തഴയപ്പെട്ടുകിടക്കുന്ന ഒരു രംഗമാണ് അനൗപചാരിക വിദ്യാഭ്യാസമേഖല. 9–ാംവാർഡിൽ പ്രവർത്തിക്കുന്ന സാംസ്കരിക നിലയവും 8–ാം വാർഡിൽ അങ്ങാടിയോട്ചേർന്ന് പ്രവർത്തിക്കുന്നവായനശാലയും മാത്രമാണ് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങഠം. അങ്ങാടിയിൽ തന്നെ 4–ാം വാർഡിൽ ഫസൽ എ ഒമർ സ്കൂഠം കോമ്പൗണ്ടിൽ ഒരു പൊതുവായനശാലയും പ്രവർത്തിക്കുന്നുണ്ട്. കുടുംബം പുലർത്താൻ പകലന്തിയോളം കഷ്ടപ്പെട്ടുപണിയെടുക്കുന്ന കർഷകരേയും തൊഴിലാളികളേയും മററു ജനവിഭാഗങ്ങളേയും അറിവിൻെറ ലോകത്തേക്ക് നയിക്കുന്നതിനുള്ള പ്രമുഖ സ്ഥാപനങ്ങളായ ഈ വായനശാലകഠംക്കും ഇ

ല്പായ്മകരം മാത്രമാണ് പറയാനുള്ളത്. വളരെ വർഷങ്ങളായി അങ്ങാടിയിൽ പ്രവർത്തിച്ചുവരുന്ന വായനശാലക്ക് ഒരു ചുററുമതിൽ കെട്ടി സുരക്ഷിതമാക്കിയത് അടുത്ത കാലത്താണ്. ഈ വായനശാല രാവിലെ മുതൽ വൈകിട്ട് വരെ തുറന്ന് പ്രവർത്തിക്കത്തക്കരീതിയിൽ ഒരു മുഴുവൻ സമയം ലൈബ്രേറിയനെ ചുമതലപ്പെടുത്തേണ്ടതും പുതിയതും നിലവാരമുള്ളതുമായ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്. 9–ാം വാർഡിൽ സ്ഥിതിചെയ്യുന്ന സാംസ്കരിക നിലയത്തിലും കൂടുതൽ പുസ്തകങ്ങളും ആനുകാലീക പ്രസിദ്ധീകരണങ്ങളും വായനക്കാർക്ക് ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സാംസ്കാരിക സ്ഥാപനങ്ങളിലേക്ക് പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽനിന്ന് അഞ്ചും ആറും കിലോമീററർ ദൂരമുണ്ട്. നിർധന തൊഴിലാളി വിഭാഗങ്ങൾക്ക് അനുഗ്രഹമുണ്ടെങ്കിൽകൂടി വായനയിൽ നിന്ന് അകററുന്നു. ദിനപത്രങ്ങൾ പോലും വായിക്കുന്നവരുടെ എണ്ണം ഈ പഞ്ചായത്തിൽ തുലോം കുറവാണ്. പത്രങ്ങളുടേയും മററ് ആനുകാലീക പ്രസിദ്ധീകരണങ്ങളുടേയും വരിസംഖ്യാനിരക്ക് ഇടത്തരക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും സ്വന്തമായി അവ വരുത്തിവായിക്കാൻ പര്യാപ്തമല്ലാതാക്കിത്തീർത്തിരിക്കുന്ന ഈ കാലഘട്ടത്തിൽ പൊതുവായനശാലകളുടെ പ്രസക്തി വളരെ കൂടുതലാണ്. പഞ്ചായത്തിലെ സമസ്ത ജനവിഭാഗങ്ങൾക്കും വായനശാലകളുടെ പ്രായോജനം ലഭിക്കണമെങ്കിൽ ഓരോ വാർഡിന്റേയും ഏകദേശം മധ്യഭാഗത്ത് വരത്തക്കവിധം ഓരോ പൊതുവായനശാലകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. വായനശാലകളിൽ വൈദ്യുത വിളക്കുകളും മററും സൗകര്യങ്ങളും ആവശ്യത്തിന് ഏർപ്പെടുത്തേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ അവരുടെ വിദ്യാഭ്യാസ പുരോഗതിക്കായി കാര്യമായ പ്രവർത്തനങ്ങൾ ഒന്നുംതന്നെ ചെയ്തിട്ടില്ല എന്നുമാത്രമല്ല ഉണ്ടായിരുന്നവകൂടി നിർത്തലാക്കുകയാണ് ചെയ്തത്. പട്ടികകവർഗ്ഗ ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന നെടുങ്കയത്ത് ഒരു പ്രൈമറി സ്കൂൾ പ്രവർത്തിച്ചിരുന്നത് വനാന്തർ ഭാഗത്തുള്ള ഉച്ചക്കുളം കോളനിക്ക് മാററുകയാണുണ്ടായത്. അതുമൂലം ആ വിദ്യാലയത്തിൽ പലപ്പോഴും അധ്യാപകർ ഉണ്ടാകാറില്ല. മാത്രമല്ല നെടുങ്കയത്തും മുണ്ടക്കടവിലും മാഞ്ചീരിയിലും ഉള്ള ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് ഉണ്ടായിരുന്ന സൗകര്യം നഷ്ടപ്പെടുകയും ചെയ്തു ആദിവാസികളെ സമൂഹത്തിന്റെമുഖ്യധാരയിലേക്ക് കൊണ്ടുവരണമെങ്കിൽ അവർക്ക് വിദ്യാഭ്യാസം നൽകേണ്ടത് അത്യാവശ്യമാണ്. അതിനാൽ ആ ജനവിഭാഗങ്ങളിൽനിന്ന് വിദ്യാഭ്യാസം ലഭിച്ചവരെ അധ്യാപകരായി നിയമിച്ചുകൊണ്ട് ഓരോ കോളനിയിലും ഓരോ ഏകാധ്യാപകവിദ്യാലയമെങ്കിലും ആരംഭിക്കേണ്ടതാണ്.

കരുളായി പഞ്ചായത്തിലെ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന വിദ്യാലയങ്ങൾ പരിശോധിച്ചാൽ [ പട്ടിക I C ] ഹൈസ്സ്കൂൾ തലത്തിൽ വിദ്യാഭ്യാസം നടത്തുന്ന S C / S T വിദ്യാർത്ഥികളുടെ അനുപാതം L P, U P യെ അപേക്ഷിച്ച് കുറവാണെന്നുകാണാം. ഓരോതലത്തിൽനിന്നും പൊഴിഞ്ഞുപോകുന്നവരുടെ എണ്ണം ഈ വിഭാഗങ്ങളിൽ വളരെ കൂടുതലാണ്. സാമ്പത്തികവും സാമൂഹ്യവുമായ കാരണങ്ങളാണ് ഈ കൊഴിഞ്ഞുപോക്കിനു പിന്നിൽ എന്ന് പരിശോധിച്ചാൽ മനസ്സിലാക്കാം. S C / S T വിഭാഗം വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്സുകൾ സർക്കാർ നിർദ്ദേശം അനുസരിച്ച് ഇപ്പോൾ 8,9,10 ക്ലാസുകളിൽ നൽകുന്നുണ്ടെങ്കിലും അതിൽ പങ്കെടുക്കുവാനും പ്രയോജനപ്പെടുത്തുവാനും വിദ്യാർത്ഥികൾ വൈമുഖ്യം പ്രകടിപ്പിക്കുന്നു. തൻമൂലം ഉദ്ദേശിച്ചലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല. S C / S T വിദ്യാർത്ഥികളുടെ പൊഴിഞ്ഞുപോക്ക് തടയണമെങ്കിൽ അവരുടെ ജീവിതസാഹചര്യങ്ങൾ മനസിലാക്കി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകേണ്ടതാവശ്യമാണ്.

ഈ പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങൾ നിലമ്പൂർ – കരുളായി റോഡ് ചേർന്ന് സ്ഥിതിചെയ്യുന്നതുമൂലം, പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന, നാല്, അഞ്ച്, ആറ്, ഏഴ് എന്നീ വാർഡുകളിലെ നല്ലൊരു വിഭാഗം കുട്ടികൾ പ്രൈമറി വിദ്യാഭ്യാസത്തിനായി സമീപ പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്ന വിദ്യാലയങ്ങളെ ആശ്രയിക്കുന്നു. വളരെ അകലെയുള്ള ഈ വിദ്യാലയങ്ങളിൽ എത്തുന്നതിന് പാടവും തോടും താണ്ടി പേകേണ്ടതുകൊണ്ട് മഴക്കാലങ്ങളിൽ പല ദിവസങ്ങളിലും കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയാറില്ല. തൻമൂലം ഹാജ

നഷ്ടപ്പെടുക മാത്രമല്ല പാഠഭാഗങ്ങളും പഠിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഒന്നാം വാർഡിൽ വലമ്പൂരം ഭാഗത്ത് ഒരു വിദ്യാലയം (ഒന്നാംതരം മുതൽ 10-ാംതരം വരെ) ആരംഭിക്കേണ്ടത് ആവശ്യമാണ് ഈ വിദ്യാലയത്തിന് ആവശ്യമായ സ്ഥലം നൽകുവാൻ വാർഡിലെ ജനങ്ങൾ തയ്യാറാണ്, അതുപോലെ മൂന്നാം വാർഡിൽ ഒരു ഹൈസ്കൂൾ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പ്രദേശത്ത് നിന്ന് നാലും അഞ്ചും കിലോമീററർ നടന്നുവേണം ഏററവും അടുത്തുള്ള യു. പി സ്കൂളിൽ എത്തുവാൻ അവിടെ ആവശ്യമായ സ്ഥല സൗകര്യങ്ങളും ഇല്ല. അതിനൊരു പരിഹാരം ഇവിടെയുള്ള കെ. എം. ഹൈസ്കൂളിനോട് ചേർത്ത് ഒരു യു. പി. വിഭാഗം പ്രവർത്തനം തുടങ്ങേണ്ടതാവശ്യമാണ്, അതിന് ആവശ്യമായ സ്ഥലം ഇപ്പോൾ തന്നെ ഇവിടെയുണ്ട്. ഈ പഞ്ചായത്തിൽനിന്നും എസ്. എസ്. എൽസി പാസായി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾ ഉപരി പഠനം നടത്തുന്നതിന് പതിനഞ്ചോ ഇരുപതോ കിലോമീററർ സഞ്ചരിക്കണം. അവിടെ സീററുകളുടെ എണ്ണം പരിമിതമായതുകൊണ്ട് പിന്നോക്ക പ്രദേശമായ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് പലപ്പോഴും കോളേജുകളിൽ പ്രവേശനം ലഭിക്കാറില്ല. ഒരു വൻതുക ട്യൂഷൻ ഫീസ് കൊടുത്ത് പാരലൽ കോളേജുകളിൽ പോകാൻ സാമ്പത്തിക പരാധീനത മൂലം പല കുട്ടികൾക്കും കഴിയുന്നില്ല, അതുകൊണ്ട് പത്താം തരം കഴിയുന്നതോടെ പഠനം നിർത്തുന്ന ഒരു സാഹചര്യമാണിവിടെയുള്ളത്. അതിന് ഒരു പരിഹാരമാർഗം ഇവിടത്തെ ഹൈസ്കൂളിനോടനുബന്ധിച്ച് +2 കോഴ്സ് അനുവദിപ്പിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

നാലാം വാർഡിലും, മൂന്നാം വാർഡിലുമുള്ള കുട്ടികൾ രണ്ടും മൂന്നും കിലോമീററർ നടന്നുവേണം പ്രൈമറി സ്കൂളിൽ എത്താൻ. ഇത് വളരെ പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. ആയതുകൊണ്ട് നാലാംവാർഡിലെ ചെട്ടിഭാഗത്ത് ഒരു ലോവർ പ്രൈമറി സ്കൂൾ തുടങ്ങിയാൽ ഈ പ്രദേശത്ത് പാർക്കുന്ന വിദ്യാർത്ഥികളുടെ പഠന പുരോഗതിക്ക് പര്യാപ്തമാകും.

വിദ്യാലയങ്ങൾ യാതൊന്നും ഇല്ലാത്ത ഒരു പ്രദേശമാണ് അഞ്ചും, ആറും വാർഡുകൾ. ഇവിടുത്തെ കുട്ടികൾ വളരെയേറെ ക്ലേശങ്ങൾ സഹിച്ചാണ് ഇപ്പോൾ സ്കൂളിൽ പോകുന്നത്. അതുകൊണ്ട് ധാരാളം കുട്ടികൾ ഇടക്കുവെച്ച് പഠനം മതിയാക്കുന്ന അവസ്ഥയും ഈ പ്രദേശത്ത് ധാരാളമായിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തിലും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശംകൂടിയാണ് ഇത്. അതുകൊണ്ട് മൈലമ്പാറ ഭാഗത്ത് ഒരു എൽ. പി. സ്കൂളും, ഒരു യു. പി. സ്കൂളും ആരംഭിക്കേണ്ടത് ഈ പ്രദേശത്തിൻെറ വിദ്യാഭ്യാസ പുരോഗതിക്ക് അനിവാര്യമാണ്. വാരിക്കൽ ഭാഗത്ത് ഒരു ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുന്നതിന് അര ഏക്കർ സ്ഥലം നാട്ടുകാർ സൗജന്യമായി നൽകിയിട്ടുണ്ട്. അവിടെ കെട്ടിടം പണിത് അടുത്ത അദ്ധ്യയന വർഷം മുതൽ പഠനം ആരംഭിക്കേണ്ടത് ആ പ്രദേശത്തിൻെറ സമഗ്ര പുരോഗതിക്ക് ആവശ്യമാണ്.

സാങ്കേതിക വിദ്യാഭ്യാസം നേടിയ വളരെ കുറച്ചു വ്യക്തികൾ മാത്രമെ ഈ പഞ്ചായത്തിൽ ഉള്ളു. സാമ്പത്തിക പരാധീനതമൂലം വിദൂര സ്ഥലങ്ങളിലുള്ള വിദ്യാലയങ്ങളിൽ ചേർന്നു പഠിക്കാൻ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല. സാങ്കേതിക ജ്ഞാനം നേടുവാൻ ആഗ്രഹിക്കുന്ന വളരെയേറെ യുവജനങ്ങളുള്ള ഈ പഞ്ചായത്തിൽ അവർക്കായി ചില സ്ഥാപനങ്ങൾ തുടങ്ങേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്ത് പരിധിക്കുള്ളിൽ അനുയോജ്യമായ പ്രദേശത്ത് പ്രധാനപ്പെട്ട എല്ലാ കോഴ്സുകളും പഠിപ്പിക്കുന്ന ഒരു I T I ഉം ഒരു പോളിടെക്നിക്കും തുടങ്ങേണ്ടതും ഓരോ വിഭാഗത്തിലും 50 ശതമാനം സീററുകൾ എങ്കിലും ഈ പഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസമാക്കിയിട്ടുള്ളവരുടെമക്കൾക്ക് സംവരണം ചെയ്യേണ്ടതും ആവശ്യമാണ്. പെൺകുട്ടികൾക്കും വനിതകൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ ഓരോ വാർഡിലും സ്ത്രീകൾക്കുമാത്രമായി തൊഴിൽപരിശീലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാവശ്യമാണ്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 10 ശതമാനത്തിലേറെയുംഇന്നുംനിരക്ഷരരാണ്. അവരെ സാക്ഷരരാക്കുന്നതിനും അവരുടെ പുനർ വിദ്യാഭ്യാസത്തിനും സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തേണ്ടതാണ്. സന്നദ്ധ സംഘടനകളുടെയും മഹിളാ സംഘടനകളുടെയും പൊതുപ്രവർത്തകരുടെയും സഹകരണത്തോടെ അംഗനവാടികൾ കേന്ദ്രീകരിച്ച് സാക്ഷ

രതാ പ്രവർത്തനങ്ങൾ നടത്തേണ്ടതാവശ്യമാണ്. നവ സാക്ഷരർക്കായി പത്രങ്ങളും മററ് പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുകയും ചെയ്യണം. നാം ജീവിക്കുന്ന സമൂഹത്തെകുറിച്ചും നമുക്കുചുററും നടക്കുന്ന സംഭവങ്ങളെക്കുറിച്ചും ജനങ്ങളിൽ ഒരു അവബോധം സൃഷ്ടിക്കുന്നതിന് ഒരു വാർഡിൽ രണ്ട് ടെലിവിഷൻ സെററ് വീതമെങ്കിലും സ്ഥാപിക്കേണ്ടതാണ്. ഇവ ആ പ്രദേശത്തെ വായനശാലയോടൊ, സാംസ്കാരിക സ്ഥാപനത്തോടൊ അനുബന്ധിച്ച് ചെയ്യാവുന്നതാണ്. വിദ്യാഭ്യാസത്തിൻെറ ആവശ്യകതയിലേക്ക് ജനശ്രദ്ധ ആകർഷിക്കത്തക്ക രീതിയിൽ പഞ്ചായത്തിനുള്ളിലേയും, സമീപപ്രദേശങ്ങളിലേയും സ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രദർശനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

ജനകീയ ആസൂത്രണ പദ്ധതി, സാക്ഷരതാ പ്രവർത്തനം, വിവിധ തരം സെൻസസ് പ്രവർത്തനങ്ങൾ തെരഞ്ഞെടുപ്പ് ജോലികൾ എന്നിങ്ങനെ മനുഷ്യശേഷി ആവശ്യമായി വരുന്ന മിക്ക ജോലികളും അദ്ധ്യാപകരെയാണ് ഏൽപ്പിക്കാറുള്ളത് ഇതുമൂലം വളരെയേറെ അദ്ധ്യാപകർ പ്രത്യേകിച്ച് പ്രൈമറി സ്കൂൾ അദ്ധ്യാപകർ അ ദ് ധ്യ യ ന വർഷത്തിൻെറ ബഹുഭൂരിപക്ഷം ദിവസങ്ങളിലും സ്കൂളിൽ നിന്ന് വിട്ടുനിൽക്കുവാൻനിർബന്ധിതരായിത്തീരുന്നു. ഇങ്ങനെ മററു ജോലികളിൽ ഏർപ്പെടുന്ന അദ്ധ്യാപകരുടെ പാഠഭാഗങ്ങൾ പലപ്പോഴും പഠിപ്പിച്ചുതീർക്കുവാൻ കഴിയാതെ വരുന്നു. പ്രൈമറി ക്ലാസുകളിൽ നഷ്ടപ്പെടുന്ന ഈ പാഠഭാഗങ്ങൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിൻെറ അടിസ്ഥാന ശിലതന്നെ തകർത്തുകളയുന്നു. ആയതുകൊണ്ട് അദ്ധ്യാപകരെ പ്രസ്തുത തൊഴിലുകളിൽ നിന്നും ഒഴിവാക്കേണ്ടതും പകരം തൊഴിലില്ലായ്മ വേതനം കൈപ്പററുന്ന തൊഴിൽ രഹിതരായ യുവജനങ്ങളെ ഏൽപ്പിക്കുകയും അവർക്ക് ന്യായമായ പ്രതിഫലം നൽകുവാൻ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാവശ്യമാണ്.

## വിദ്യാഭ്യാസ പ്രശ്നങ്ങൾ

1) എസ്. എസ്. എൽ. സി. വിജയശതമാനത്തിലുള്ള കുറവ്
2) സ്കൂളുകളുടെ ഭൗതീക സാഹചര്യങ്ങളുടെ തൃപ്തികരമല്ലാത്ത അവസ്ഥ
3) കുട്ടികൾ ഇംഗ്ളീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്നതുമൂലം മററ് വിദ്യാലയങ്ങളിൽ കുട്ടികളുടെകുറവ് അനുഭവപ്പെടുന്നു.
4) സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത.
5) ഒരു അംഗനവാടിപോലുമില്ലാത്ത വാർഡുകൾ ഇപ്പോഴും ഈ പഞ്ചായത്തിൽ ഉണ്ട് എന്ന അവസ്ഥ.
6) ശിശുവിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.
7) അംഗനവാടികളിലെ ഭൗതീക സാഹചര്യങ്ങളുടെയും, പഠനോപകരണങ്ങളുടെയും അപര്യാപ്തത.
8) അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്
9) സാങ്കേതിക വിദ്യാലയങ്ങളുടെ അഭാവം.
10) ഉപരിപഠനത്തിനുള്ള സൗകര്യങ്ങളുടെ അഭാവം.
11) കലാ കായിക വിദ്യാലയങ്ങളുടെ അഭാവം.
12) ആദിവാസികളുടെ വിദ്യാഭ്യാസ പുരോഗതിക്കുള്ള സ്ഥാപനങ്ങളുടെ കുറവ്.
13) പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ നിലവിലുള്ള അദ്ധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടുന്നു.

സാധ്യതകൾ–

മുകളിൽ പ്രതിപാദിച്ച മിക്ക പ്രശ്നങ്ങൾക്കും പരിഹാരം റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. സ്കൂളുകളിലെ അധ്യാപക വിദ്യാർത്ഥി അനുപാതം ഇപ്പോഴുള്ള 1:40 എന്നത് 1:30 ആക്കുന്നത് വിദ്യാഭ്യാസ നിലവാരം ഉയരുവാൻ വളരെയേറെ ഉപകരിക്കും. പുതിയ സ്കൂളുകൾ തുടങ്ങുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന അധ്യാപകരെ പുതിയ സ്കൂളുകളിൽ നിയമനം നൽകി സംരക്ഷിക്കാവുന്നതാണ്. സിലബസ് മാററുമ്പോൾ അധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ നൽകേണ്ടതാണ്. അതുപോലെ തന്നെ സ്കൂളിലെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്താൻ എയ്ഡഡ് സ്കൂൾ മാനേജ്മെൻറിന് നൽകുന്ന മെയിൻറൻസ് ഗ്രാൻറ് കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. കലാലയങ്ങളിൽ ശാശ്വത സമാധാനം നിലനിർത്തുവാൻ സ്കൂൾ രാഷ്ട്രീയം നിരോധിക്കേണ്ടതാണ്.

# കുടിവെള്ളവും പൊതുജനാരോഗ്യവും 5

## കുടിവെള്ളം

കരുളായി ഗ്രാമപഞ്ചായത്ത് രൂപം കൊണ്ട് മൂന്നാമത്തെ ഭരണ സമിതിയാണ് ഇപ്പോൾ ഭരിക്കുന്നത്. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന ഒരു പഞ്ചായത്ത് കേരളത്തിൽ വേറെ കാണുവാൻ പ്രയാസമാണ്. വിഭവ സമാഹരണത്തിനുള്ള വലിയ എസ്റേററുകളോ, തൊഴിൽ ശാലകളോ, ഗവൺമെൻറ് സ്ഥാപനങ്ങളോ ഈ പ്രദേശത്തില്ല. 4524 വീടുകളിൽ നിന്നും, നികുതിയും ഒരു ഹൈസ്കൂളും, ഒരു യു. പി, മൂന്ന് എൽ പി, ഒരു സിനിമാ തിയേററർ, ഒരു PHC അതിനോടനുബന്ധിച്ച് നാല് കുടുംബ ക്ഷേമ കേന്ദ്രങ്ങളും, ഒരു ആയുർവ്വേദ ആശുപത്രി, ഒരു കൃഷി ആഫീസ്, ഗ്രാമ സേവക ആഫീസ്, ഒരു വില്ലേജ് ആഫീസ് എന്നിവ മാത്രമാണ്.

4524 വീടുകളിൽ വസിക്കുന്ന 17,698 ജനങ്ങളും കൂലിവേലക്കാരും ചെറുകിട കൃഷിക്കാരുമാണ്.

ഈ പഞ്ചായത്തിൽ 1424 വീടുകൾക്ക മാത്രമെ സ്വന്തമായി കിണറുകൾ ഉള്ളൂ. വേനൽക്കാലത്ത് ഏതാണ്ട് നാല് മാസത്തോളം ഇവിടെ വെള്ളം കിട്ടുന്നില്ല. കാരണം ഈ പഞ്ചായത്ത് കുന്നിൻ പ്രദേശമാണ്. പ്രത്യേകിച്ച് കിഴക്ക് വടക്ക് ഭാഗങ്ങൾ മുഴവനും അൺ സർവ്വേഡ് ഏരിയ (Reserv Forest )

കുടിവെള്ള ക്ഷാമ പരിഹാരാർത്ഥം പഞ്ചായത്തിൽ നിന്നും 30 കിണറുകളും 23 Pipe Connection നും 3 hand pump സെററുകളും മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.

കുടിവെള്ളത്തിനു വേണ്ടി 300 മുതൽ 700 മീററർ വരെ അലയുന്നു. പൊതുവെ 60 % കുടുംബങ്ങൾ അയൽ വീട്ടിലെ കിണറുകളെ ആശ്രയിക്കുന്നു.

ഏററവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന വാർഡുകളും പ്രദേശങ്ങളും അടിയന്തിര ശ്രദ്ധയ്ക്കായി താഴെ ചേർക്കുന്നു.

I-ാം വാർഡിൽ

നിലംപതി, അംബേദ്കർ ഗ്രാമം ഇവിടെ കുടിവെള്ള പദ്ധതി പ്രവർത്തനം തുടങ്ങിയിട്ടുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല. II-ാം വാർഡിലും III-ാം വാർഡിലും ഒരു കി. മീ. വരെ സഞ്ചരിച്ചാണ് കുടിവെള്ളം ശേഖരിക്കുന്നത് കരിമ്പുഴയിൽ നിന്നും Lift Irrigation പദ്ധതി നടപ്പാക്കിയാൽ ഇവിടുത്തെ ക്ഷാമം തീരുന്നതാണ്.

IV-ാം വാർഡിൽ കിണറുകൾ കൊണ്ട് ശുദ്ധജലക്ഷാമം പരിഹരിക്കാൻ പററുന്നില്ല. കാരണം വളരെ ആഴത്തിൽ കുഴിച്ചാൽ മാത്രമേ വെള്ളം കാണുന്നുള്ളൂ. പഴയ കാലത്ത് ഇവിടം ഫോറസ്റ്റിൻെറ ഭാഗവും പുഴകൾ ഈ ഭാഗത്തുകൂടി ഒഴുകിയിരുന്നതുമാണ്. അതിനു തെളിവായി കിണർ താഴ്ത്തുമ്പോൾ വലിയ വലിയ ഉരുളൻ പാറകൾ ധാരാളമായി പ്രത്യക്ഷപ്പെടുന്നു. അതു കൊണ്ട് കിണററിൽ വെള്ളം കിട്ടാതെ പരാജയപ്പെടുന്നു.

V-ാം വാർഡിലെ കാരക്കളം എന്ന സ്ഥലത്തുള്ള പൊതുക്കിണർ മാത്രമാണ് ആശ്രയം. വേനൽക്കാലത്ത് ഈ കിണറും വററിപോകുന്നു. ഈ കിണർ 10 മീററർ കൂടി താഴ്ത്തിയാൽ ഏകദേശം $\frac{1}{3}$ ജനങ്ങളുടെ കുടിവെള്ള ക്ഷാമം തീർക്കാം. കൂടാതെ ചെറുപുഴയിൽ നിന്നും ' ടാങ്ക് ' കെട്ടി ജലം പമ്പ് ചെയ്താൽ ഈ വാർഡിനും ഇതിനടുത്ത വാർഡിനും ജല ക്ഷാമം പരിഹരിക്കാം.

VI-ാം വാർഡിലെ വാരിക്കൽ, മൈലമ്പാറ, പനച്ചോല, ഭൂമിക്കുത്ത്, ഡിസംബർ കോളനി, എന്നിവിടങ്ങളിലെ കുടിവെള്ള സ്രോതസ്സ് ചെറുപുഴ ആറിനെ ആശ്രയിച്ചാണ്. ഇവിടെ ചില ഭാഗങ്ങളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആയത് മററു സ്ഥലങ്ങൾക്കു കൂടി നീട്ടുകയും ചെയ്യേണ്ടതാണ്.

7-ാം വാർഡിൽ നരിയാളം കുന്ന്, കുഴലമുണ്ട കുന്ന്, അമ്പലക്കുന്ന്, ഡിസംബർ കോളനി കുന്ന്, എന്നീ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം

രൂക്ഷമാണ്. പരിഹാരമായി കരിമ്പുഴയിൽ നിന്നും നരിയാളത്ത് കുന്നിൽ ' ടാങ്ക് ' കെട്ടി സംവിധാനം ചെയ്താൽ ഏതാണ്ട് കരുളായി ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ശുദ്ധജലം എത്തിക്കാവുന്നതാണ്.

എട്ടാം വാർഡിൽ കൊട്ടപാറക്കുന്ന്, അത്തിമലക്കുന്ന്, അത്തിക്കൽ, മൂച്ചിമലക്കുന്ന്, ചെവുടിക്കാപ്പ്, എന്നീ പ്രദേശങ്ങൾ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. പരിഹാരമായി കരിമ്പുഴയിൽ നിന്നും കൊട്ടപാറക്കുന്നിൽ വെള്ളം ശേഖരിച്ച് വിതരണം ചെയ്യാവുന്നതാണ്.

ഒൻപതാം വാർഡിൽ വലിയപള്ളി, ചെറിയപള്ളി, പട്ടിക വർഗ്ഗ കോളനി, മരുതങ്ങാട് കുംഭാരകോളനി എന്നീ പ്രദേശങ്ങളിലാണ് ശുദ്ധജലക്ഷാമം അനുഭവിക്കുന്നത്. സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ഈ ഭാഗക്കാർക്ക് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വളരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ഇവിടെ 8-ാം വാർഡിലെ പദ്ധതിയിൽ നിന്ന് പൈപ്പ് വഴി വെള്ളം നൽകാവുന്നതാണ്.

പൊതുവെ ഈ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമ പ്രശ്ന പരിഹാരത്തിന് ഏക മാർഗ്ഗം കരിമ്പുഴ, ചെറുപുഴ, എന്നീ നദികളിൽ നിന്നും ജലം ശേഖരിച്ച് വിതരണം ചെയ്യുക എന്ന ഒരേയൊരു പരിഹാര മാർഗ്ഗം മാത്രമേ പ്രായോഗികമാകുകയുള്ളൂ.

## പൊതുജനാരോഗ്യം

നാമമാത്രമായി ഇവിടെ സ്ഥാപിച്ചിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങൾക്കും അതിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ സുഹൃത്തുക്കൾക്കും ചികിത്സിക്കേണ്ട ഒരു ഗതികേടാണ് ഈ പഞ്ചായത്തിനെ സംബന്ധിച്ച് പറയാനുള്ളത്.

കൂലിവേലക്കാരും അർദ്ധ പട്ടിണിക്കാരും, അനാരോഗ്യരും, സാക്ഷരതയിൽ ഏററവും പിന്നിൽ നിൽക്കുന്നവരുമായ [വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതയും അകലക്കൂടുതലും] ജനതയാണ് ഇവിടെയുള്ളത്.

ആരോഗ്യപരിപാലന വിദ്യാഭ്യാസം ഉണ്ടെങ്കിൽ മാത്രമേ സമൂഹം ആരോഗ്യ പുരോഗതിയിലേക്ക് പ്രാമുഖ്യം കാട്ടുകയുള്ളൂ; ആയത് ഈ പഞ്ചായത്തിൽ തൊട്ടു തീണ്ടിയിട്ടില്ല. ' കുനിൻമേൽ കുരു എന്ന പോലെ' ഇവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളായ മൂന്ന് L. P. സ്കൂളുകൾ, ഒരു U. P. [Govenment], ഒരു H. S. നിലനിൽക്കുന്നു. ആയതിൽ കുട്ടികൾ എത്തിച്ചേരുവാൻ നാലും, അഞ്ചും കിലോമീററുകൾ ദിവസവും നടക്കേണ്ട ഗതികേടാണുള്ളത്. ഉന്നതപഠനം ആവശ്യമുള്ളവർക്ക് 25 K. M. ദൂരം യാത്ര ചെയ്ത് പഠിക്കുന്നതിന് വേണ്ട സൗകര്യമേയുള്ളൂ. മാനസികവും, ശാരീരികവുമായ വളർച്ചയ്ക്ക് ഉപകരിക്കുന്ന ഗ്രന്ഥശാലകളോ വായന ശാലകളോ, കളിസ്ഥലങ്ങളോ ഈ പഞ്ചായത്തിനെ അലട്ടിയിട്ടില്ല. ഈ പഞ്ചായത്തിൽ കറൻറ് എന്ന അപൂർവ്വ വസ്തു 1173 വീടുകൾക്ക മാത്രമായി ഉപയോഗപ്പെടുന്നുള്ളൂ. ( വോൾട്ടേജ് ക്ഷാമം )

പഞ്ചായത്തിൻെറ സാമ്പത്തിക പരാധീനതകളുടെ തെളിവിലേയ്ക്കായി വീടുകളുടെ നിർമ്മാണം കൂടി ഇവിടെ വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു. ആകെയുള്ള 4524 വീടുകളിൽ 376 വീടുകൾ വാർത്തതും 2697 വീടുകൾ ഓടുമേഞ്ഞതും, 1451 വീടുകൾ ഓലയും വയ്ക്കോലും മേഞ്ഞവയുമാണ്.

ഈ പഞ്ചായത്തിൽ ആര്യോഗ്യപരിപാലനത്തിനും, ശുശ്രൂഷയ്ക്കും, ആരോഗ്യ വിദ്യാഭ്യാസത്തിനും, കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കും, പരിസര ശുചീകരണത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

[a] P H Centre [1] ഈ സ്ഥാപനം 1990 ൽ സ്ഥാപിച്ചതും 1 ഏക്കർ ഭൂമി സ്വന്തമായുള്ളതുമാണ്. ഇവിടെ സ്ത്രീകൾക്കമാത്രമായി 10 കിടക്കകൾ ഉള്ള ഒരു വാർഡും, അതിനോടനുബന്ധിച്ച് ആധുനീക രീതിയിലുള്ള ഒരു ഓപ്പറേഷൻ തീയററും, മലമ്പനി, ക്ഷയരോഗം എന്നിവ കണ്ടുപിടിക്കുന്നതിനുള്ള ഉപകരണത്തോടു കൂടിയ ഒരു ലാബട്ടറിയും, ഡോക്ടർക്കും, സ്റ്റാഫിനും താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സും ഉണ്ട്. കൂടാതെ ഈ സ്ഥാപനത്തോട് അനുബന്ധിച്ച് മണ്ടംമൊയ്യിൽ, അമ്പലപ്പടി, കാട്ടിലപ്പാടം, കരുളായി, (PHC യോ

ട് ചേർന്ന്) നാല് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും പണിതിട്ടുണ്ട്. ഇതിലേയ്ക്കായി Medical Officer മുതൽ Part-time Sweeper വരെയുള്ള 19 ഉദ്യോഗസ്ഥൻമാരേയും ബഹുമാനപ്പെട്ട ഗവൺമെൻറ് അനുവദിച്ചിട്ടുണ്ട്.

ലാബറട്ടറി ടെക്നിഷീൻ [ഒന്ന് ] ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ I [രണ്ട്]. പാർട്ട് ടൈംസ്വീപ്പർ [ ഒന്ന്] മെഡിക്കൽ ഓഫീസർ [ഒന്ന്] എന്നിങ്ങനെ അഞ്ച് പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്.

വാർഡ് VII ൽ പനച്ചോല എന്ന സ്ഥലത്ത് കുടുംബ ക്ഷേമ ഉപകേന്ദ്രത്തിനായി 8 വർഷങ്ങൾക്ക് മുൻപ് നാട്ടുകാർ സംഭാവനയായി 10 സെൻറ് സ്ഥലം വിട്ടു കൊടുത്തിട്ടുള്ളതിൽ കെട്ടിടമോ പ്രവർത്തനമോ നടന്നിട്ടില്ല. ആയത് പ്രവർത്തനം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

90-ൽ സ്ഥാപിച്ച ഈ ഗവൺമെൻറ് സ്ഥാപനങ്ങളിൽ വാർഷിക അററകുററ പണികൾ നടത്താത്തതിനാൽ ചോർച്ചയും വാതിൽ, ജനൽ, മുതലായവയ്ക്ക് കേട്പാട് സംഭവിച്ചു കിടക്കുന്നു. കോമ്പൗണ്ട് വാൾ ഉണ്ടെങ്കിലും സുരക്ഷിതമല്ല. ആശുപത്രിയുടെ കിണർ 500 മീററർ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ കിണർ ആരോഗ്യ പ്രദമല്ലാത്ത വിധത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ ഇപ്പോൾ മൂന്ന് മീററരോളം താഴ്ചയിൽ മണ്ണിടിയുകയും അപ്രകാരം ചളിയും മണ്ണും നിറഞ്ഞുകിടക്കുകയാണ്. കാലാകാലങ്ങളിൽ ഈ വെള്ളം ശുദ്ധീകരണം നടക്കുന്നില്ല.

ഇതിൽ നിന്നും വരുന്ന വെള്ളം സംഭരിക്കുന്നത് ആശുപത്രി കോമ്പൗണ്ടിലുള്ള ടാങ്കിലാണ് സംഭരിക്കുന്നത്. എന്നാൽ ടാങ്ക് പണിതപ്പോൾ അതിൻെറ ഉൾഭാഗം വൃത്തിയാക്കാനുള്ള ഗോവണി പണിതിട്ടില്ലാത്തതിനാൽ വീണ്ടും വെള്ളം വൃത്തിഹീനമാകുന്നു. കിണററിൻ കരയിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനും ഓഫാക്കുന്നതിനും സാങ്കേതിക പരിജ്ഞാനമുള്ള ആളുകളെ പോസ്റ്റ് ചെയ്തിട്ടില്ല. ആശുപത്രിയുടെ ഡ്രേനേജും പൈപ്പ്ലൈനും പൊട്ടികിടക്കുന്നു. കക്കൂസുകൾ ബ്ലോക്കേജ് ആണ്.

ഓപ്പറേഷൻ തീയററിൽ അത്യാവശ്യമുള്ള Shadow less Lamb കേടാണ്. കൂടാതെ രണ്ട് Electric Stebilizer, ഒരു Auto dave കേടായി കിടക്കുന്നു. Charge over Switch ഉം Paralel വയറിംഗും ഇല്ലാത്തതിനാൽ ജനറേററർ പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ടുന്നു. വാർഡിലെ ഇലക്ട്രിക്ക് വയറിംഗ് damage വന്നിരിക്കുന്നതിനാൽ Tube ഉം, bulb ഉം പ്രവർത്തിക്കുന്നില്ല.

വാർഡിൽ കിടക്കുന്ന 10 Bed നും കേട് സംഭവിച്ചിരിക്കുന്നു. കൂടാതെ Bed cover, Pillow cover, Bed sheet. ഇവ ഒന്നിനും ഇല്ല. കറൻറ് സപ്ലൈ failure ആകുന്നതു കാരണം പ്രതിരോധ കുത്തിവയ്പ്പുകൾക്കുള്ള മരുന്നുകളുടെ Potency നശിക്കുന്നു.

ഫീൽഡ് ഉപയോഗത്തിന് ഒരു Jeep അനുവദിച്ചിട്ടുണ്ടെങ്കിലും ആയത് സുരക്ഷിതമായി സൂക്ഷിക്കുന്നതിന് Shed ഇല്ല.

ഡോക്ടറുടെ സാനിധ്യത്തിൽ മാത്രം നടത്തേണ്ട പ്രതിരോധ കുത്തിവയ്പ്പുകൾ ഡോക്ടർ ഇല്ലാതെയാണ് ഇവിടെ സംഘടിപ്പിക്കുന്നത്. ആയതുമൂലം പ്രതിരോധ കുത്തിവയ്പ്പിനു ശേഷം ധാരാളം കുട്ടികൾക്ക് ആപ്സസും പനിയും ഉണ്ടാകുകയും ആയതിൻെറ ചികിത്സക്കായി 12 KM അകലമുള്ള നിലമ്പൂർ താലൂക്ക് ആശുപത്രിയിലേക്ക് കൊണ്ടു പോകേണ്ട ഗതികേടാണ് ഇവിടെ നടന്നു വരുന്നത്.

കുടുംബക്ഷേമ പദ്ധതി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി മാത്രം അനുവദിച്ചിട്ടുള്ള ഈ ആശുപത്രി സ്ത്രീ പുരുഷ ഭേദമന്യേ എല്ലാവർക്കും വേണ്ട സംരക്ഷണം ലഭിക്കുന്നതിലുള്ള 100 കിടക്കകൾ ഉള്ള ഒരു ആശുപത്രിയായി ഉയർത്തുകയും, വേണ്ട Staff-നെയും doctor-മാരേയും നിയമിക്കേണ്ടത് അടിയന്തിര ആവശ്യമാണ്.

ആശുപത്രിയ്ക്ക് ദിവസേന വേണ്ട മണ്ണെണ്ണ, ഡീസൽ മുതലായവക്ക് മുൻകൂർ ഫണ്ട്

ഇല്ലാത്തതുകൊണ്ട് ഓപ്പറേഷനും കുത്തിവയ്പ്പ് ക്യാമ്പുകൾക്കും മുടക്കം വരുന്നു.

രോഗികൾക്ക് വരുന്നതിനും പോകുന്നതിനും ഇന്നുള്ള ആശ്രയം Bus stop-ൽ നിന്നും 1 KM ചുററി വളഞ്ഞുള്ള പൊട്ടിപ്പൊളിഞ്ഞ ടാറില്ലാത്ത ഒരു റോഡാണുള്ളത്. ആയത് ഗതാഗത യോഗ്യമാക്കുക കൂടാതെ Bus stop—ൽ നിന്നും നേരിട്ടുള്ള (ഇന്നുള്ള) 100 M അകലമുള്ള നടപ്പാത വീതി കൂട്ടിയാൽ യാത്രാ സൗകര്യം എളുപ്പവും സുഗമവും ആക്കാവുന്നതാണ്,

(b) ആയുർവേദ ഡിസ്പെൻസറി (Tribal)

1972-ൽ പ്രവർത്തനം ആരംഭിച്ച ഈ ആശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള ആവശ്യമായ ഫർണ്ണിച്ചർ ഇല്ലാത്തതു കൊണ്ട് മരുന്ന് പൊടികൾ (പൊതികൾ) മണ്ണിൽ കൂട്ടിയിട്ട് കേടാകുന്നു. ഇവിടെ നിന്നും tribal വിഭാഗത്തിനു മാത്രമേ ചികിത്സ ലഭിക്കുന്നുള്ളു. Medical officer ഉൾപ്പെടെ നാല് ജോലിക്കാർ ഇവിടെ പ്രവർത്തിച്ച വരുന്നു. ഇത് സ്ഥിതി ചെയ്യുന്നത് tribal വിഭാഗം കൂട്ടത്തോടെ താമസിക്കുന്ന നെടുങ്കയം, ചക്കിക്കുഴി, ശങ്കരൻകോട് എന്നീ സ്ഥലങ്ങളിൽ നിന്നും 5 മുതൽ 8 KMവരെ അകലമുള്ള വാരിക്കൽ എന്ന സ്ഥലത്താണ്, ഈ പ്രദേശങ്ങളിൽ 2703 പട്ടികജാതി പട്ടിക വർഗ്ഗങ്ങൾ ആണുള്ളത്. ഇവരുടെ സൗകര്യാർത്ഥം ഈ ആശുപത്രി നെടുങ്കയത്ത് സ്ഥാപിച്ചാൽ അവർക്ക് അത് ഉപകാരപ്രദമായിരിക്കും.

കൂടാതെ ഈ ആശുപത്രി എല്ലാ വിഭാഗം ജനങ്ങൾക്കും ഉപകരിക്കുന്ന വിധത്തിൽ വിപുലീകരിച്ചാൽ ഒരു പരിധിവരെ വൃദ്ധജനങ്ങൾക്കും, കുട്ടികൾക്കും ആരോഗ്യ രക്ഷാ പ്രവർത്തനവും പരിപാലനവും ഫലപ്രാപ്തി പ്രാപിക്കും.

കരുളായിലെ ജനസംഖ്യയിൽ നാലിൽ ഒരു ഭാഗം 65 വയസ്സിന് മേൽ പ്രായമുള്ള ബഹുമാന്യ വൃദ്ധ ജനങ്ങൾ ആണ്, [senior citizones) ഇന്നവർ അവശരാണ്, അനാഥരാണ്. കർഷക തൊഴിലാളികൾ ആയിരുന്ന ഈ മാന്യ വ്യക്തികളുടെ ദയനീയാവസ്ഥ ഒരു പരിധിവരെ പരിഹരിക്കേണ്ടതും സംരക്ഷിക്കേണ്ടതും നാടിന്റെ കടമ ആകയാൽ അവർക്ക വേണ്ട സംരക്ഷണവും പുനരധിവാസത്തിനും ചികിത്സയും വേണ്ട വൃദ്ധ മന്ദിരങ്ങൾ ഉണ്ടാക്കിയാൽ മാത്രമേ കരുളായിലെ ആരോഗ്യ സംരക്ഷണം ലോകാരോഗ്യ സംഘടന വിവക്ഷിക്കുന്ന മാതിരി പരിപൂർണ്ണത പ്രാപിക്കുകയുള്ളു.

ഈ പഞ്ചായത്തിലെ 40% വീടുകൾക്ക മാത്രമേ കക്കൂസുകൾ പണിതിട്ടുള്ളു, (അതിൽ നാമമാത്രമായ സാനിട്ടറി കക്കൂസുകളേ ഉള്ളു) ഇതിനു കാരണം.

[a] സാമ്പത്തികം
[b] അന്ധ വിശ്വാസം
[c] അറിവില്ലായ്മ
[d] ഭൂമിയിൽ കുഴിയെടുക്കുന്നതിനുള്ള ബുദ്ധിമുട്ട് (Hard soil)

കരുളായി ആരോഗ്യ സർവ്വേ വികസന സമിതി സർവ്വേ നടത്തിയതിൽ ആരോഗ്യ പ്രദമായ 497 ഉം മററുള്ളവ 1771ഉം ആണെന്ന് കണ്ടിട്ടുണ്ട്.

90% വീടുകൾക്കും മലിന ജലം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം ഇല്ല. കൂടാതെ കന്നുകാലികളെ വളർത്തുന്ന 50% വീടുകളോട് ചേർന്ന പശു തൊഴുത്തുകളും ആടിൻ കൂടുകളുമാണ് സ്ഥാപിച്ചിട്ടുള്ളത് വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം കിട്ടുന്നതിനാണ് അപ്രകാരം ചെയ്തിരിക്കുന്നത്. അതുകൊണ്ട് കുടിവെള്ള സ്രോതസ്സുകൾ മലിനമാകുകയും ഈച്ച, കൊതുക് മുതലായവ വർദ്ധിക്കുകയും ചെയ്യുന്നു. മര മാലിന്യങ്ങൾ അവിടവിടെ വലിച്ചെറിയുന്നു. അതു പരിസര ശുചീകരണത്തെ ബാധിക്കുന്നു.

കാരക്കുളം, കാട്ടിലപ്പാടം, പുള്ളിയിൽ എന്നീ സ്ഥലങ്ങളിൽ ഉള്ള പൊതുകുളങ്ങൾ വൃത്തി ആക്കാത്തതു കൊണ്ട് (കാലാകാലങ്ങളിൽ) ഇവയെല്ലാം തന്നെ കൊതുക വളർത്തൽ കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. കൂടാതെ ചെറുപുഴ, കരിമ്പുഴ, എന്നീ കുടിവെള്ള സ്രോതസുകളിൽ ഓല ചീയിക്കുക. (അഴുക്കുക) വാഹനങ്ങൾ കഴുകുക എന്നിവ മൂലം ജലം അശുദ്ധമാക്കുന്നു.

കരുളായി പഞ്ചായത്തിൽ പൊതുമൽസ്യ മാംസ മാർക്കററും ഇല്ലാത്തതു കാരണം അവശിഷ്ട ങ്ങൾ അവിടവിടെ കിടന്ന് മലിനീകരണം നടക്കുക യും വലിയ ആരോഗ്യ പ്രശ്നമായി മാറുകയും ചെ യ്യുന്നു. ആയതിന് പരിഹാരമായി മത്സ്യ, മാംസ മാർക്കററും ആധുനിക രീതിയിലുള്ള അറവുശാലയും എല്ലിൻ കഴിയും അത്യാവശ്യമാണ്.

പൊതു ശ്മശാനമായി താഴെ പറയുന്ന സ്ഥലങ്ങൾ അനാഥമായി കിടക്കുകയാണ് ഇവ പഞ്ചായത്ത് ഏറ്റെടുത്ത് ആരോഗ്യപരമായി സം രക്ഷിച്ചാൽ മാത്രമേ പ്രശ്ന പരിഹാരം ആകുകയുള്ളൂ.

[a] കൂളിക്കുന്ന് [ 60 സെൻറ് ]
[b] കുണ്ടുങ്ങൽ [ 1 ഏക്കർ ]
[c] ചെകിടിക്കാപ്പ് [ 2 ഏക്കർ ]

മലപ്പുറംജില്ലയിൽപകർച്ചവ്യാധിഉണ്ടാകുന്നതും വ്യാപിക്കുന്നതുംകരുളായിയിൽ ആണ്. പരിസരശുചീക രണത്തിൻെറ അഭാവമാണ് ഇതിനുകാരണം. കൂടാ തെ 95% രോഗികൾക്കും ഉദര സംബന്ധമായ അസു ഖങ്ങളാണ് ഇവിടെ കുഷ്ഠരോഗികളെ ധാരാള മായി കാണപ്പെടുന്നതായി സർവ്വേയിൽ തെളിഞ്ഞി ട്ടുണ്ട്. അതും പട്ടിക ജാതി വിഭാഗങ്ങളിലാണ്.

40 രോഗികളെ മുൻകാലങ്ങളിൽ തുടർച്ച യായി ചികിത്സിച്ച് ഭേദമാക്കുകയും. ഇപ്പോൾ 10 പേർ ചികിത്സയിൽ കഴിയുകയും ചെയ്യുന്നു.

അഭാഗ്യം എന്നു പറയട്ടെ ഇവിടെ ക്യാൻ സർ രോഗികൾ കൂടുതലായി കാണപ്പെടുന്നു കഴി ഞ്ഞ 94-95 ൽ 6 പേർ ക്യാൻസർ രോഗം മൂലം മര ണപ്പെട്ടിട്ടുണ്ട്. അടിയന്തിരമായി "ക്യാൻസർ ഡിക്റെറക്ഷൻ" സർവ്വെ ആവശ്യമാണെന്നു കാ ണുന്നു.

കൊതുക ശല്യം രൂക്ഷമാണ് മലമ്പനി രോഗികൾ ഇവിടെ ഉണ്ട്. കൂടാതെ പുതിയതായി രൂപം പ്രാപിച്ചു കൊണ്ടിരിക്കുന്ന കൊതുക പരത്തു ന്ന രോഗങ്ങൾ സംക്രമിക്കുമെന്ന ഭയത്തിലാണ് ഇവിടുത്തെ ജനങ്ങൾ. ഛർദ്ദി, അതിസാരം, മഞ്ഞപ്പി ത്തം, മീസൽസ്, ചിക്കൻപോക്സ്, പെപ്ററിക് അൾസർ, റെസ്പിറേററി ഇൻഫെക്ഷൻസ് വേംസ് ഇൻഫെക്ഷൻസ് എന്നിവ പരക്കെ കാ ണുന്നു. പ്രശ്ന പരിഹാരത്തിനു പ്രതിരോധ നട പടികളും ബോധവൽക്കരണവും അടിയന്തിര മായി നടപ്പാക്കേണ്ടതാണ്.

## Old and Big Trees:-

നെടുങ്കയം, മുണ്ടക്കടവ്, മൈലാടിപ്പൊട്ടി, എന്നീ ആദിവാസി കോളനികളിൽ അപകടം വിളി ച്ചു വരുത്തുന്ന പ്രായം ചെന്നതും വലുതുമായ മരങ്ങൾ നിൽക്കുന്നു, ആയത് ഉടൻ മുറിച്ചു നീക്കി അവരുടെ ജീവന് സംരക്ഷണം നൽകേണ്ടതാണ്.

അഞ്ചു വയസ്സിനു താഴെ പ്രായമുള്ള 1860 കുട്ടികൾ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ കൂടുതൽ പേർക്കും പോഷകാഹാരക്കുറവ് കാണുന്നു. ഇതിനു കാരണം സർക്കാർ തലത്തിലുള്ള പോഷകാ ഹാരക്കുറവ് അകററുന്നതിനുള്ള പദ്ധതിയുടെ കുറവാ ണെന്ന് തെളിയുന്നു.

കുടുംബക്ഷേമ പദ്ധതിയുടെ പ്രവർത്തന വും പ്രയോജനവും അതിനോടുള്ള മനോഭാവവും പൊതുവേ തൃപ്തികരമല്ല. സ്ഥിരമായി സന്താന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ കേവലം 903 പേരാണ്. എന്നാൽ കുട്ടികളുടെ എണ്ണത്തിൻെറ സടിസ്ഥാനത്തിൽ 2541 അർഹരായ ദമ്പതികൾ ഇവിടെ ഇനിയും ബാക്കിയാണ്.

പൊതുജന പങ്കാളിത്തത്തിൻെറ അഭാവവും ആരോഗ്യ വിദ്യാഭ്യാസം കിട്ടാത്തതിൻെറ കുറവും PHC സ്ഥിരം Doctor ഇല്ലാത്തതും ഇതിനു കാര ണങ്ങളായി കാണുന്നു. അടിയന്തിര ശ്രദ്ധ ഈ പരി പാടിക്കു നൽകേണ്ടതാണ്.

## പ്രശ്നങ്ങൾ

(1) ശുദ്ധജല സ്രോതസ്സുകൾ ആവശ്യ ത്തിന് ഉണ്ടെങ്കിലും, ഉയർന്ന കുന്നിൻ പ്രദേശങ്ങൾ ആയതു കൊണ്ട് കുടിവെള്ളം കിട്ടുന്നില്ല. ചെറുപുഴ, കരിമ്പുഴ, എന്നീ പുഴകളിൽ നിന്ന് ടാങ്കുകൾ വഴി വെള്ളം ശേഖരിച്ച് ഈ പ്രശ്നം പൂർണ്ണമായും പരി ഹരിക്കാവുന്നതാണ്. അതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

(2) കാലകാലങ്ങളിൽ കുടിവെള്ളം ക്ലോ റിനേററ് ചെയ്ത് ശുദ്ധീകരിക്കുക.

(3) പുഴജലം മലിനീകരിക്കുന്ന അനാശാസ്യ പ്രവർത്തനങ്ങൾ നിയമം മൂലം നിരോധിക്കുക.

(4) ഓടകൾ ശാസ്ത്രീയമായി നിർമ്മിച്ച് മലിന ജലം നിർമാർജ്ജനം ചെയ്യുകയും ഖര വസ്തുക്കൾ കമ്പോസ്റ്റു വളമായോ തീയിട്ട കത്തിച്ചോ മലിനീകരണം തടയുക.

(5) കോളനികളിലെ കിണറുകൾ സാനിട്ടറി വെൽ ആയി മാത്രം പണി കഴിപ്പിക്കുകയും കർശനമായ പരിശോധന നടത്തുകയും വേണം.

[6] PHC. ഗവൺമെൻറ് ആയുർവേദ ആശുപത്രിയും കൂടുതൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ആവശ്യത്തിന് ഡോക്ടർമാരും ഇതര സ്റ്റാഫും മരുന്നും അനുവദിക്കുക. വാർഷികമായി ആശുപത്രി കെട്ടിടങ്ങളുടെയും ഉപകരണങ്ങളുടേയും കേടുപാടുകൾ തീർക്കുക. ആശുപത്രിയിലേക്കുള്ള യാത്രാ സൗകര്യം സുഗമവും സുരക്ഷിതവും ആക്കുക.

[7] ആരോഗ്യ കുടുംബ ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻഗണനാ പ്രാധാന്യം കൊടുത്ത് സന്തുഷ്ട കുടുംബങ്ങളെ വാർത്തെടുക്കുക.

(8) നാളെയുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങളുടെ പോഷകാഹാരക്കുറവും പരിഹരിക്കുക.

പ്രതിരോധ കുത്തിവയ്പ്പുകളും ശാരീരികവും മാനസികവുമായുള്ള വളർച്ചയെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസ സൗകര്യം നൽകുക.

[9] ഗർഭിണികളുടേയും അമ്മമാരുടേയും പരിരക്ഷയ്ക്ക് പ്രാധാന്യം നൽകുക.

[10] എല്ലാ വാർഡുകളിലും Pree-Primary വിദ്യാഭ്യാസം [അംഗൻവാടി] സൗകര്യം ഏർപ്പെടുത്തുക.

(11) സാംസ്കാരിക നിലയങ്ങൾ ഗ്രന്ഥാലയങ്ങൾ കളിസ്ഥലങ്ങൾ എന്നിവ സ്ഥാപിക്കുക.

[12] പൊതു മത്സ്യ മാംസ മാർക്കററ് അറവുശാല. എല്ലുകുഴി ഇവ നിർമ്മിക്കുക.

[13] പൊതു ശ്മശാനങ്ങൾ ആരോഗ്യകരമായി സംരക്ഷിക്കുകയും, വീട്ടുവളപ്പിൽ ചെയ്തുകൊണ്ടിരിക്കുന്ന ശവംമറവു ചെയ്യൽ പ്രക്രിയ നിരുത്സാഹപ്പെടുത്തുക.

[14] വൃദ്ധജന മന്ദിരങ്ങളും, അവരുടെ ചികിത്സാ, സംരക്ഷണം എന്നിവയ്ക്കു മുൻതൂക്കം നൽകുക.

[15] കോളനികളിൽ അപകട ഭീഷണി ഉയർത്തുന്ന Old and big Trees നീക്കം ചെയ്യുക.

[16] "എല്ലാ വീടുകൾക്കും കക്കൂസ് ആവശ്യം" എന്ന് ജനങ്ങളെ ബോധവൽക്കരിക്കുകയും ഗവ: സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്ന കോളനികൾക്കും, വീടുകൾക്കും നിർബന്ധമായും പൊതുജനാരോഗ്യ കക്കൂസുകൾ അനുവദിക്കുക. ഭൂപ്രകൃതി മൂലം കക്കൂസ് നിർമ്മാണത്തിന് ഗവ: നൽകുന്ന സാമ്പത്തിക സഹായം അപര്യാപ്തമാണ്. അവ ഉയർത്തുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വീട്ടുകാർക്കും ഈ ആനുകൂല്യം നൽകുക.

പുതുതായി വയ്ക്കുന്ന വീടുകൾക്ക് പുതിയ നമ്പർ പഞ്ചായത്ത് നൽകുമ്പോൾ കക്കൂസ് ഉണ്ടായിരിക്കണമെന്ന് ഭരണപരമായി നിർബന്ധം വരുത്തുക.

[17] പരിസര ശുചീകരണത്തിന് പ്രാധാന്യം നൽകുന്ന എക്സിബിഷൻ വർഷത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കുക. അത് തുടർ പരിപാടിയിൽ ഉൾപ്പെടുത്തുക.

(18) എല്ലാ വാർഡുകളിലും അലഞ്ഞു തിരിയുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിനുവേണ്ട സംവിധാനം ഏർപ്പെടുത്തുക. പ്രാദേശികമായി പട്ടിയെ പിടിക്കുന്നതിനും അവയെ മറവു ചെയ്യുന്നതുവരെയുള്ള Training കുറച്ചു Team-കളെ Salect ചെയ്ത ചെയ്യുകയും പഞ്ചായത്തിൽ തന്നെ സജ്ജമാക്കുകയും ചെയ്യുക.

വളർത്തു നായ്ക്കൾക്ക് ലൈസൻസ് സിസ്റ്റം നിർബന്ധമായും നടപ്പാക്കുക.

[19] ചെലവ് തീരെ ഇല്ലാത്തതും ചികിത്സ ഫലപ്രദവുമായ "പ്രകൃതി ചികിത്സ" യെ പരിപോഷിപ്പിച്ച് ഓരോ വാർഡിലും ഓരോ ട്രയിനിംഗ് കിട്ടിയവരെ നിയമിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് താല്പര്യം എടുക്കേണ്ടതാണ്.

*

# കുടിവെള്ളവും പൊതുജനാരോഗ്യവും 5

## ആരോഗ്യം

### അവലോകനം :-

1991-ലെ കനേഷുമാരി കണക്ക പ്രകാരം 17698 ജനങ്ങൾ താമസിക്കുന്ന കിഴക്കൻ ഏറനാട്ടിന്റെ ഒരു പിന്നോക്ക പ്രദേശവും അമരമ്പലം പഞ്ചായത്തിൽ നിന്നും അമരമ്പലം വില്ലേജിൽ നിന്നും 1968-ൽ പഞ്ചായത്തും വില്ലേജുമായി വേർതിരിഞ്ഞതും തെരഞ്ഞെടുക്കപ്പെട്ട രണ്ടാമത്തെ ഭരണ സമിതിയും ആണ് ഉള്ളത്.

കുന്നും മലകളാൽ മൂടപ്പെട്ട പ്രദേശമായ കരുളായി ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലെ ആരോഗ്യ പ്രവർത്തകർക്ക് എല്ലായിടത്തും എത്തിച്ചേരാൻ പ്രയാസമായതുകൊണ്ട് ആരോഗ്യ പ്രവർത്തനം മന്ദഗതിയിലാണ്. കൂടാതെ യാത്രാ സൗകര്യത്തിന്റെ അപര്യാപ്തതയും കാരണ മാകുന്നു.

ഇവിടത്തെ ജനനനിരക്ക് 14.23 ആണ് മരണനിരക്ക് 3.4 % മാതൃമരണ നിരക്ക് ഇല്ല. വൈകല്യ നിരക്ക് 3.67—ം ശിശുമരണ നിരക്ക് 14.23 ആണ്. ദ്വതീയ വിവര ശേഖരണത്തിൽ നിന്നും കിട്ടിയ വിവരങ്ങൾ താഴെപറയുന്നു. പട്ടിക ജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്നത്, നെടുങ്കയം, മുണ്ടക്കടവ്, ചൊടാലപ്പൊട്ടി, മൈലാടിപ്പൊട്ടി, മാഞ്ചേരി എന്നീ മലമടക്കുകളിൽ ആണ് പ്രസവരക്ഷ, പ്രസവാനന്തര ശുശ്രൂഷ, മരുന്ന് ഡോക്ടർമാരുടെ സേവനങ്ങൾ ലഭ്യമില്ലായ്മ കൂടാതെപോഷകാഹാരക്കുറവ്, പകർച്ചവ്യാധി,വിദ്യാഭ്യാസം തീരെഇല്ലായ്മ, യാത്രാ സൗകര്യം ഇല്ലായ്മ അന്ധവിശ്വാസം ഇവയാണ് ഈ വിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിന് വിഘാതമായി നിൽക്കുന്നതെന്ന് മനസ്സിലാക്കുന്നു. കൂടാതെ പി എച്ച് സി യിലും, മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിലും ഉദ്യോഗസ്ഥരുടെ കുറവും പ്രധാന കാരണങ്ങളാണ്.

### പ്രായഘടന :-

ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ 349 ഉം അതിൽ പ്രതിരോധകുത്തിവെയ്പ്പ് കിട്ടിയവർ 272 ആണ്. ഒരു വയസ്സ മുതൽ 5 വയസ്സുവരെയുള്ള കുട്ടികൾക്ക് 1064 ഉണ്ട്. പോഷകാഹാര പദ്ധതി ഇത്രയും കുട്ടികൾക്ക് വേണ്ടി 13 പോഷകാഹാര കേന്ദ്രങ്ങൾ മാത്രമാണുള്ളത്. ആയത് ജനസംഖ്യാനുപാതത്തിൽ വിതരണ കേന്ദ്രം വിന്യസിച്ചിരിക്കുന്നത് ശരിയായ രീതിയിൽ അല്ല.

60 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾ 1000 ന് 79 പേരാണ് അവർക്ക് യാതൊരു വിധ ആരോഗ്യ പ്രവർത്തനങ്ങളോ വൃദ്ധജന മന്ദിരങ്ങളോ ഇല്ല.

**വൈകല്യനിരക്ക് :** 3.67 ആണ് അതിൽ 44.6% ചലന വൈകല്യങ്ങളാണ്. 16 വയസ്സിനുമേൽ പ്രായമുള്ളവർക്കാണ് വൈകല്യ നിരക്ക് കൂടുതലായി കാണുന്നത് (63%)

### രോഗതുരത :

ക്ഷയം 1.37%, കുഷ്ഠരോഗം 0.5%, മലമ്പനി 0.023%, തിമിരം 7.9%, ക്യാൻസർ 0.48% വാതരോഗ ചികിത്സക്കായി 74% ത്വക്ക് രോഗം 74% പകർച്ച വ്യാധികൾ 168% ചികിത്സ എടുക്കുന്നതായി സർവ്വേയിൽ നിന്നും മനസ്സിലാകുന്നു. വർഷകാലത്ത് കൂടുതലായി എല്ലാ വാർഡുകളിലും കാണപ്പെടുന്നത് വയറിളക്കവും ഛർദ്ദിയും (ഗ്യാസ് ട്രോ) മഞ്ഞപ്പിത്തവും ആണ്. വേനൽ കാലത്ത് ത്വക്ക് രോഗങ്ങൾ, ചെങ്കണ്ണ്, വിര ശല്യം ചൊള്ള, മലമ്പനി എന്നിവയാണ്.

### സ്ഥാപനങ്ങളും ജീവനക്കാരും :

| | | |
|---|---|---|
| ഗവ: അലോപ്പതി | — | ഒന്ന് |
| പ്രൈവററ് ,, | — | മൂന്ന് |
| ഗവ: ആയുർവേദ | — | ഒന്ന് |
| പ്രൈവററ് ,, | — | ഒന്ന് |
| പാരമ്പര്യ ,, | — | അഞ്ച് |

ഈ സ്ഥാപനങ്ങൾ 1, 3, 4, 8, 9 എന്നീ വാർഡുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു, മററ് ആറു വാർഡുകളിലും ഇല്ല. ജനസംഖ്യാനുപാതകമായി വളരെ പിന്നോക്കമാണ്.ഫോറം 7.5 പ്രത്യേകം ചേർത്തിരിക്കുന്നു.

## ആരോഗ്യ രക്ഷ ചെലവ്

അലോപ്പതി ചികിത്സയ്ക്ക് സർക്കാർ നൽകുന്നത് ഒരു വർഷം നാലുലക്ഷം രൂപയാണ്. ജനസംഖ്യാനുപാതത്തിൽ ഒരാൾക്ക് ഒരാണ്ടിൽ കിട്ടാവുന്ന മരുന്ന് നാലുരൂപാ നാലുപൈസക്ക് മാത്രമാണ്.

ആയുർവേദ ചികിത്സ (സർക്കാർ) കിട്ടുന്നത് കേവലം 2703 S C/ST കാർക്കുമാത്രമാണ് അവരിൽ ഒരാൾക്ക് ഒരാണ്ടിൽ കിട്ടാവുന്ന മരുന്ന് പത്തുരൂപ എൺപതു പൈസക്കുള്ളതാണ്.

## വിവിധ ചികിത്സാ രീതികൾ

ഫോറം 7.5-ൽ പ്രത്യേകം ചേർത്തിരിക്കുന്നു.

## ആരോഗ്യ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന സന്നദ്ധ സംഘടനകളുടെ എണ്ണം- 7

1 സാൻഡോസ് ക്ലബ്ബ്

2 നാസ്കോ

3 ഫീനിക്സ്

4 റെഡ്സ്റ്റാർ

5 നവതരംഗ

6 കരുളായി ആർട്സ് & കൾച്ചറൽ സെന്റർ

7 സഹൃദയാ ആർട്സ് & സ്പോർട്സ് നിലംപതി

## കരുളായി ഗ്രാമ പഞ്ചായത്ത്

## മറ്റു ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ 7—5

### പ്രാഥമികാരോഗ്യ കേന്ദ്രം - കരുളായി

[ഗവൺമെൻറ്]

സ്ഥാപിതം...1990

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം – പ്രതിവർഷം എണ്ണം | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷ ചികിത്സ പാമ്പുകടി etc | മറ്റുള്ള രോഗങ്ങൾ | |
| 92....93 | NIL | 28745 | 1002 | 282 | 8541 | NIL | 18920 | 28745 |
| 93—94 | 315 | 25393 | 797 | 147 | 7183 | NIL | 17581 | 25708 |
| 94...95 | 523 | 16606 | 606 | 47 | 5075 | NIL | 11401 | 17129 |
| 95...96 | 278 | 17916 | 1001 | 74 | 5547 | NIL | 11572 | 18194 |
| ആകെ | 1116 | 88660 | 3406 | 550 | 26346 | — | 59474 | 89776 |

**NB : Others included Peptic Ulcer, Respiratory injection, Cancer, Worms etc**

**Staff Pattern—19** MO I/C 1, Pharmacist 1, Nurse 1, UDC 1, N/A 1, JHI Grade-II 2, DO Gr-I 1, HI-1, LHI 1, JPHN 4, Lab Tech. 1, Driver 1, PTS 1, Hop 1 A Grade II 2

## 7.1 (7 കോളം) സ്ഥാപനപരമായ പ്രശ്നങ്ങൾ :

കെട്ടിടം നാളിതുവരെ Maintance നടത്താത്തതിനാൽ ജനലും വാതിലും പൊട്ടിക്കിടക്കുന്നു. Compound wall ഉണ്ടെങ്കിലും സുരക്ഷിതമല്ല. വാഹനത്തിനു ഷെഡില്ല ആശുപത്രിയിൽ നിന്നും 1 KM അകലമുള്ള കിണർ 3 മീററോളം മണ്ണും ചളിയും നിറഞ്ഞിരിക്കുന്നു. അവിടെയുള്ള പമ്പ് പ്രവർത്തിപ്പിക്കുന്നതിന് Saff ഇല്ല. വെള്ളം ക്ലോറിനേററ് ചെയ്യുന്നില്ല, വെള്ളം മോശമാണ് ആശുപത്രിയിലേക്ക് വെള്ളം അടിച്ചിടുന്ന ടാങ്ക് വൃത്തിയാക്കുന്നില്ല. കാരണം അതിൽ കയറുന്നതിനുള്ള കോണി ഇല്ല. Maintance ഇല്ലാത്തതിനാൽ കോർട്ടേഴ്സും, പൈപ്പും ഓടയും കോടായിരിയ്ക്കുന്നു. സ്ഥിരം ഡോക്ടർ ഇല്ല. അതു കൊണ്ട് ഗർഭിണികളെ അഡ്മിററ് ചെയ്യുന്നില്ല. ഓപ്പറേഷൻ ഒന്നും നടക്കുന്നില്ല. പ്രതിരോധ കുത്തിവെയ്പ്പുകൾ ഡോക്ടറുടെ അസാന്നിദ്ധ്യത്തിലാണ് നടത്തുന്നത്. ലോകാരോഗ്യ സംഘടന വിഭാവനം ചെയ്ത പ്രകാരവും നിലവിലുള്ള ചട്ടപ്രകാരവും ഗർഭിണികളേയും കുട്ടികളേയും പരിശോധിക്കുകയും ആവശ്യമെങ്കിൽ അടുത്ത ആശുപത്രിക്ക് Refer ചെയ്യേണ്ടവർക്കും മററു രോഗികൾക്കും നിർദ്ദേശമോ ചികിത്സയോ കിട്ടുന്നില്ല. മററു രോഗികൾക്കു കൂടി അവസരം കിട്ടത്തക്കവിധത്തിൽ അടിയന്തിര സംവിധാനം ആവശ്യമാണ്. അതിനു വേണ്ട 1 ഏക്കർ സ്ഥലം ആശുപത്രിയ്ക്കുണ്ട്. സ്ഥലത്തിന്റെ Registration department ന് കൈമാറിയിട്ടില്ലെന്ന് അറിയുന്നു. ലാബ് ഉപകരണമുണ്ടെങ്കിലും മലമ്പനി മാത്രമേ പരിശോധിക്കുന്നുള്ളു.

Oparation theator : ജനറേറർ ഉണ്ടെങ്കിലും അതു പ്രവർത്തിപ്പിക്കുന്നതിന് പാരലൽ വയറിംഗും ചാർജ് ഓവർ സ്ഥാപിച്ചും ഇല്ല. ഷാഡോ ലെഡ് ലാമ്പ് കേടാണ് രണ്ട് ഇലട്രിക് സ്റ്റെബിലൈസർ ഒരു ഓട്ടോ ക്ലേവ് ഇവ കേടായി കിടക്കുന്നു. പവ്വർ ഫെയിലുവർ കാരണം പ്രതിരോധ കുത്തിവെപ്പിനുള്ള മരുന്നുകളുടെ പ്രോട്ടൻസി നശിയ്ക്കുന്നു. പൊതുവേ Electrical വയറിംഗ് ഡാമേജ് ആണ്. ബഡ് 10 എണ്ണം ഉണ്ടെങ്കിലും ബഡ് കവർ, പില്ലോ കവർ, ബഡ് ഷീററ് ഇവ ഇല്ല. ലാട്രിൻ (Latrine) ബ്ലോക്കാണ്.

Fund- ദിവസേന ചെലവ് ചെയ്യേണ്ട ഡീസൽ, മണ്ണെണ്ണ മുതലായവയ്ക്കു് അഡ്വാൻസ് ഫണ്ട് ഇല്ലാത്തതു കൊണ്ട് കുത്തിവെപ്പുകൾ, ക്യാമ്പുകൾ, ഓപ്പറേഷൻ മുതലായവ മുടങ്ങുന്നു.

രോഗികൾക്കു വരേണ്ട ആസ്പത്രി റോഡ് ഉപയോഗശൂന്യമായി കിടക്കുന്നു. ഒരു കിലോമീററർ, കുരുളായി ബസ്സ്സ്റ്റോപ്പിൽ നിന്നും യാത്ര ചെയ്യണം. 100 മീററർ മാത്രം അകലമുള്ള നടവഴി വീതി കൂട്ടിയാൽ രോഗികൾക്ക് വളരെ സൗകര്യ പ്രദമാകും.

## കരുളായി ഗ്രാമ പഞ്ചായത്ത്

## മററു ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ 7—5

## ഗവ: ആയുർവേദ ഡിസ്പെൻസറി [ട്രൈബൽ] കരുളായി [വാരിക്കൽ]

സ്ഥാപിതം ...1972

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങളും സംബന്ധിച്ച വിവരം —പ്രതിവർഷം എണ്ണം | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം എല്ലാ വികോഗവും | പകർച്ച വ്യാധികൾ | വിഷ ചികിത്സ പാമ്പുകടി etc | മററുള്ള രോഗങ്ങൾ | |
| 92....93 | NIL | 7250 | 1200 | 3211 | NIL | NIL | 2839 | 7250 |
| 93—94 | NIL | 6812 | 920 | 2919 | NIL | NIL | 2973 | 6812 |
| 94...95 | NIL | 9130 | 1320 | 3040 | NIL | NIL | 4770 | 9130 |
| 95...96 | NIL | 4909 | 720 | 2100 | NIL | NIL | 2089 | 4909 |
| ആകെ | NIL | 28101 | 4160 | 11270 | — | — | 12671 | 28101 |

**NB : Others included Peptic Ulcer, Respiratory injection, Cancer, Worms etc**

**Staff Pattern – 4** MO I/c 1, Pharmacist 1, Attender 1, P T S 1

## 7.1 സ്ഥാപനപരമായ പ്രശ്നങ്ങൾ

സ്വന്തമായി സ്ഥലമോ. കെട്ടിടമോ ഇല്ല. ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ് ഒരു അററൻഡർ, ഒരു പാർട്ട്ടൈം സ്വീപ്പർ ഇത്രയും സ്റ്റാഫുണ്ട്. ഒരു വർഷം 25,000 രൂപയുടെ മരുന്നു ലഭിയ്ക്കുന്നുണ്ടെങ്കിലും ആയത് ട്രൈബൽ വിഭാഗത്തിന് മാത്രമേ ഉപകരിയ്ക്കുന്നുള്ളു. എല്ലാ വിഭാഗത്തിനും ഉപകാരപ്രദമായ വിധത്തിലുള്ള സംവിധാനം ആവശ്യമാണ് . മരുന്നുകൾ പ്രത്യേകിച്ചും പൊടികൾ, സൂക്ഷിക്കുന്നതിനാവശ്യമായ റാക്കുകളോ, ഫർണ്ണിച്ചറോ ഇല്ല. മരുന്ന് നിലത്ത് കിടന്നു നശിക്കുന്നു.

കരുളായി ഗ്രാമ പഞ്ചായത്ത് 7—5

മററു ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് വിവരം ശേഖരിക്കൽ

## ലാറാ ഹോസ്പിററൽ, കരുളായി [അലോപ്പതി]

**Dr. L. RAVICHANDRAN** M B B S Reg No 53496

**സ്ഥാപിതം...1994**

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങളും സംബന്ധിച്ച വിവരം—പ്രതിവർഷം എണ്ണം | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികരം | വിഷ ചികിത്സ പാമ്പുകടി etc | മററുള്ള രോഗങ്ങളും | |
| 92...93 | NIL | — | — | — | — | — | — | — |
| 93...94 | NIL | 154 | 4 | 125 | — | NIL | 25 | 154 |
| 94...95 | NIL | 7000 | 82 | 3200 | 248 | NIL | 3470 | 7000 |
| 95...96 | NIL | 6000 | 197 | 2825 | 315 | NIL | 2663 | 6000 |
| ആകെ | NIL | 13154 | 283 | 6150 | 563 | NIL | 6158 | 13154 |

**NB : Others included Peptic Ulcer. Respiratory injection, Cancer, Worms etc**

**Staff Pattern – 4** MO 1, Pharmacist 1, Nurse 1, P T S 1

7—5

## കരുളായി ഗ്രാമ പഞ്ചായത്ത്

## മററു ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് വിവരം ശേഖരിക്കൽ

### ആര്യാ ഹോസ്പിററൽ, കരുളായി (അലോപ്പതി)

**Dr. K. V. VARGHEESE** M B B S Reg No 14836

**സ്ഥാപിതം...1993**

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം —പ്രതിവർഷം എണ്ണം | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | തക്ക് രോഗം | വാത രോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷ ചികിത്സ പാമ്പുകടി etc | മററുള്ള രോഗങ്ങൾ | |
| 92...93 | NIL | — | — | — | — | — | — | — |
| 93...94 | 700 | 12000 | 360 | 1022 | 982 | NIL | 10336 | 12700 |
| 94...95 | 825 | 9000 | 736 | 1543 | 637 | NIL | 6909 | 9825 |
| 95...96 | 800 | 1215 | 327 | 897 | 396 | NIL | 395 | 2015 |
| ആകെ | 2325 | 22215 | 1423 | 3462 | 2015 | NIL | 17640 | 24540 |

**NB: Others included Peptic Ulcer, Respiratory injection. Cancer. Worms etc**

**Staff Pttern 9** *M/O 1. Pharmacists 1. Nurse 5, PTS 2*

## കരുളായി ഗ്രാമ പഞ്ചായത്ത്

## മററു ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ 7—5

### [ഹോമിയോ] കരുളായി ക്ലിനിക്

**Dr. P. RAVEENDRAN** D H M S Reg No A. 1350

സ്ഥാപിതം .. 1977

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ എണ്ണം | രോഗങ്ങരം സംബന്ധിച്ച വിവരം —പ്രതിവർഷം എണ്ണം | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | തൊക്ക് രോഗം | വാത രോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികരം | വിഷ ചികിത്സ പാമ്പുകടി etc | മററുള്ള രോഗങ്ങരം | |
| 92... 93 | NIL | 3500 | 524 | 900 | 185 | NIL | 1891 | 3500 |
| 93—94 | NIL | 3900 | 390 | 1225 | 340 | NIL | 1945 | 3900 |
| 94 ...95 | NIL | 3000 | 296 | 1015 | 580 | NIL | 1109 | 3000 |
| 95...96 | NIL | 2600 | 180 | 900 | 387 | NIL | 1133 | 2600 |
| ആകെ | NIL | 13000 | 1390 | 4040 | 1492 | — | 6078 | 13000 |

**NB : Others included Peptic Ulcer, Respiratory injection, Cancer, Worms etc**

**Staff Pattern - 3** MO 1, Pharmacist 1, Sweeper 1



69

○ ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്

– ഗാന്ധിജി.

★ ★ ★

○ ഗ്രാമീണ ജനങ്ങളുടെ രക്തവും വിയർപ്പുംകൊണ്ടാണ് നഗരങ്ങളിലെ കോട്ട കൊത്തളങ്ങൾ പടുത്തുയർത്തിയിരിക്കുന്നത്. – ഗാന്ധിജി

★ ★ ★

○ സംസാരിക്കലും ചർച്ച ചെയ്യലുമാണ് ശരിയും തെററും കണ്ടുപിടിക്കാനുള്ള ഏററവും നല്ല മാർഗം. – നെഹ്റു

★ ★ ★

○ **ഏററവും ചെറിയവനെന്ന് കരുതുന്നവനിൽപോലും ഇന്ത്യയുടെ നിർമ്മാണത്തിൽ തനിക്ക് പങ്കുണ്ട് എന്ന് വിശ്വസിക്കുന്ന ഒരു ഇന്ത്യയെയാണ് ഞാൻ വിഭാവനം ചെയ്യുന്നത്.** – ഗാന്ധിജി.

# ഗതാഗതം – ഊർജ്ജം

## ഗതാഗതം

1968-ൽ പഞ്ചായത്ത് രൂപീകൃതമാവുമ്പോൾ മൺറോഡായിരുന്ന നിലമ്പൂർ-കരുളായ് ഫോറസ്റ്റ് റോഡ് മാത്രമേ ഗതാഗത സൗകര്യത്തിനായി ഉണ്ടായിരുന്നുള്ളൂ. വർഷങ്ങൾ കഴിഞ്ഞപ്പോൾ പ്രസ്തുത റോഡ് PWD ഏറ്റെടുക്കുകയും ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുകയും ചെയ്തു. ടൂറിസ്റ്റ് വികസന കേന്ദ്രമായി മാറാൻ വെമ്പൽകൊള്ളുന്ന നെടുങ്കയം ഭാഗത്തേക്കും, മൈലംപാറ-ചുള്ളിയോട് ഭാഗത്തേക്കും പിന്നീട് ഈ റോഡ് വ്യാപിപ്പിക്കുകയും അത് പഞ്ചായത്തിലെ ഒരു പ്രധാന റോഡായി മാറുകയും ചെയ്തു. കരുളായ് ബസാർ – കല്ലേന്തോട് കടവ്, കരുളായ്-അമരമ്പലം എന്നിവയാണ് മററു രണ്ട് PWD റോഡുകൾ. മൊത്തം 69.715 കി. മീററർ റോഡാണ് പഞ്ചായത്തിലുള്ളത്. ഇതിൽ PWDറോഡ് കൂടാതെ 4 950 കി. മീ. റോഡ് മാത്രമാണ് മെററൽ ചെയ്തിട്ടുള്ളത്. 64,765 കി.മീ. റോഡുകൾ ഇപ്പോഴും മൺറോഡുകളായിത്തന്നെ കിടക്കുകയാണ്. അതുകൊണ്ടുതന്നെ മെററലിംഗ് നടത്തി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കേണ്ട റോഡുകളുടെ പട്ടിക വളരെ വലുതും പ്രാധാന്യമർഹിക്കുന്നവയുമാണ്. (പട്ടിക-1) പഞ്ചായത്തിൽ പേരിനുമാത്രം 69.715 കി. മീ. റോഡ് സൗകര്യം ഉണ്ടെങ്കിലും ഭൂരിഭാഗം റോഡുകളും കുണ്ടും കുഴിയും ചെളിയും നിറഞ്ഞ് ഇടിഞ്ഞുപൊളിഞ്ഞ് ഗതാഗതത്തിന് അനുയോജ്യമല്ലാതെ കിടക്കുകയാണ് PWD റോഡായ നിലമ്പൂർ-കരുളായി-ചെറുപുഴ, വാരിക്കൽ-മൈലംപാറ-ചുള്ളിയോട് എന്നിവ പലഭാഗങ്ങളിലും ഓടകളുടെ അഭാവവും, അററകുററപണികളുടെ അപര്യാപ്തതയും മൂലം വികൃതമായി കിടക്കുകയാണ് മിക്ക റോഡുകൾക്കും ഓടകൾ ഇല്ല ആവശ്യാനുസരണം കലുങ്കുകളുമില്ല അക്കാരണം കൊണ്ടുതന്നെ മഴപെയ്താൽ വെള്ളം റോഡിലൂടെ ഒഴുകുകയും കുണ്ടും കുഴിയും ഇരട്ടിക്കുകയും കാൽനടയാത്രപോലും ദുസ്സഹമാക്കുകയും ചെയ്യുന്നു.

പഞ്ചായത്തിൽ റെയിൽ ഗതാഗതമോ ജലഗതാഗതമോ ഇല്ല. നേഷണൽ ഹൈവേയോ സ്റ്റേററ് ഹൈവേയോ പഞ്ചായത്തിലൂടെ കടന്നുപോകുന്നില്ല.

ബസ്, ടാക്സി, ഓട്ടോറിക്ഷ മുതലായവക്ക് പഞ്ചായത്തിൽ പ്രത്യേക സ്ററാൻറുകളില്ല. ഓട്ടോറിക്ഷകളും ടാക്സികളും തിരക്ക പിടിച്ച അങ്ങാടിയിലെ റോഡരുകിൽ പാർക്ക്ചെയ്യുന്നതുമൂലം സ്കൂൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അതുപോലെതന്നെ ബസ് യാത്രക്കാർക്ക് കേറിനിൽക്കാൻ ഒരു ബസ് സ്ററാൻഡോ ബസ് വെയിററിംഗ് ഷെഡോ കരുളായി അങ്ങാടിയിൽ ഇല്ല. വികസിച്ചുവരുന്ന കരുളായി ടൗണിൻെറയും അനുദിനം വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെയും ജനസംഖ്യയുടെയും ബാഹുല്യം കണക്കിലെടുത്ത് ഒരു ബസ് സ്റ്റാൻറും ടാക്സി സ്ററാൻറും ഓട്ടോറിക്ഷാ സ്ററാൻറും നിർമ്മിക്കാൻ മുന്തിയ പരിഗണന നൽകേണ്ടതാണ്.

## ടാർറോഡുകളുടെപ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ് പരമ പ്രധാനമായ പ്രശ്നം. റോഡുകളുടെ ഗുണനിലവാരമില്ലായ്മ, കുണ്ടുംകുഴികളുമായി ഇടിഞ്ഞുപൊളിഞ്ഞു മികച്ച യാത്രാ സൗകര്യത്തിന് അനുയോജ്യമല്ലാത്തറോഡുകൾ മെച്ചപ്പെടുത്തുക, അഴുക്കചാലുകൾ (ഓട) നിർമ്മിക്കുക, വീതികുറഞ്ഞ റോഡുകൾ ആവശ്യാനുസരണം വിപുലപ്പെടുത്തുക. തുടങ്ങിയ നിർദ്ദേശങ്ങളും ഉയർന്നുവന്നിരിക്കുന്നു.

## മെററൽറോഡുകളുടെയും മൺറോഡുകളുടെയും ശോചനീയാവസ്ഥ

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളിൽ പ്രധാനമായും നിലവിലുള്ള മെററൽ റോഡുകളുടെയും മൺറോഡുകളുടെയും ശോചനീയാവസ്ഥയെ ആസ്പദമാക്കിയുള്ളതാണ്. കുണ്ടും കുഴിയുമായി ഇടിഞ്ഞുപൊളിഞ്ഞ് കാൽനടയാത്രക്ക പോലും അനുയോജ്യമല്ലാതെ താറുമാറായി കിടക്കുന്ന റോഡുകൾ അടിയന്തിരമായി അററകുററപണികൾ നടത്തുക എന്നതാണ്. മൺറോഡുകൾ മെററൽ ചെയ്തു ടാറിംഗ് നടത്താനുള്ള നിർദ്ദേശങ്ങളും നിരവധിയാണ്. (പട്ടിക ഒന്ന്)

## പുതിയ റോഡുകൾ

പഞ്ചായത്തിലെ റോഡ് ശൃംഖല വികസിപ്പിക്കുന്നതിനും ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനും ഒട്ടേറെ പുതിയ റോഡുകൾ നിർമ്മിക്കേണ്ടതിൻെറ ആവശ്യകത ഗ്രാമസഭകളിൽ നിന്നും ധാരാളം വന്നിട്ടുണ്ട്. മിക്ക നിർദ്ദേശങ്ങളിലും നിലവിലുള്ള ഇടവഴികൾ മൺറോഡാക്കി മാററാനും പുതിയ മൺറോഡുകൾ നിർമ്മിക്കാനുമാണ്. ഇവ പട്ടിക 2 ൽ വാർഡ് ക്രമത്തിൽ കൊടുത്തിരിക്കുന്നു.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള നിരവധി നിർദ്ദേശങ്ങൾക്കും ആവശ്യങ്ങൾക്കും മുന്തിയ പരിഗണന നൽകുമ്പോൾ താഴെ പറയുന്ന റോഡുകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്.

1 അമരമ്പലം പഞ്ചായത്തിനെയും. കരുളായ് പഞ്ചായത്തിനെയും ബന്ധിപ്പിക്കാൻ ഉതകുന്ന 1–ാം വാർഡിലെ പള്ളിക്കുന്ന് – വലിയതോട് റോഡ് (1 കി മീ)

2 1–ാം വാർഡിനേയും 2–ാം വാർഡിനേയും ബന്ധിപ്പിക്കുന്ന തോട്ടപ്പൊയിൽ – കക്കോട് – മണ്ടംമൊഴി റോഡ്. പ്രസ്തുത റോഡിന് വലിയ തോടിന് കുറുകെ ഒരു പാലം ആവശ്യമാണ്.

3 വരമ്പുംപൊട്ടി –തോട്ടപ്പൊയിൽ – മണ്ടംമൊഴി പരത

4 തോട്ടപ്പൊയിൽ–തൊണ്ടി റോഡ്

5 അരിപ്പമല റോഡ്

6 കളത്തിൽ മദ്രസ്സപ്പടി–ലക്ഷംവീട്

7 മൈലംപാറ—തെക്കേമുണ്ട—പുള്ളിയോട് റോഡ് 3 കി മീ പുതുതായി നിർമ്മിക്കുകയാണെങ്കിൽ ഒരു ദ്വീപുപോലെ ഒററപ്പെട്ടുകിടക്കുന്ന തെക്കേമുണ്ട നിവാസികൾക്ക് പഞ്ചായത്തിൻെറ മററു വാർഡുകളുമായി ബന്ധപ്പെടാൻ വളരെ സൗകര്യപ്രദമായിരിക്കും.

8 ഭൂമിക്കുത്ത്—പനിച്ചോല ഗിരിജൻ കോളനി റോഡ്

9 വാരിക്കൽ—വളയംകണ്ട് റോഡ്

10 കിണററിങ്ങൽ—കരങ്ങൻപാറ റോഡ്

11 മരുതങ്ങാട്—പുല്ലഞ്ചേരി റോഡ്

12 കരുളായ്—അമരമ്പലം റോഡിലേക്കുള്ള ബൈപാസ്

കൂടാതെ അടിയന്തിരമായും പാലങ്ങൾ പണിയാനുള്ള നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്.

1 ഭൂമിക്കുത്ത് നടവഴിക്ക് ഒരു നടപ്പാലം

2 മൈലംപാറ—നെടുങ്കയം റോഡിന് കുറുകെ ഒരു ചെക്ക്ഡാം

3 പിലാക്കൽ ചീരത്തോടിനുകുറുകെ ഒരു നടപ്പാലം.

4 മണ്ടംമൊഴി—കക്കോട്—തോട്ടപ്പൊയിൽ റോഡിന് വലിയ തോടിന് കുറുകെ പാലം

കല്ലേന്തോട്മുക്ക് പാലം നിർമ്മിക്കുന്നതിലൂടെ കരുളായ്, മൂത്തേടം പഞ്ചായത്തുകളെ ബന്ധിപ്പിക്കാൻ കഴിയുന്നതാണ്.

പുതുതായി നിർമ്മിക്കേണ്ട മിക്ക റോഡുകളും സന്നദ്ധ പ്രവർത്തനത്തിലൂടെ പൂർത്തിയാക്കാൻ സാധിക്കുമെന്നുള്ളതിനുള്ള തെളിവാണ് പുനർപ്പണ ദിനത്തിൽ 50,000 ക ചെലവു വരുമായിരുന്ന കരുളായ് ടൗൺ ക്ലീനിംഗ്, പഞ്ചായത്തുഫണ്ടിൽനിന്നും ഒരു ഉറുപ്പികപോലും ചെലവഴിക്കാതെയാണ് പ്രസ്തുത പരിപാടി ജന പങ്കാളിത്തത്തോടുകൂടി പൂർത്തീകരിച്ചത് എന്നുള്ളത് ഒരു പുതിയ വികസന സംസ്ക്കാരത്തിലേക്കുള്ള കാൽവെയ്പ്പാണെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് നിവാസികൾക്ക് മററു പഞ്ചായത്തുമായും പട്ടണങ്ങളുമായും ബന്ധപ്പെടാൻ യാത്രാസൗകര്യം പരിമിതമാണ് മുമ്പ് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന K.S.R.T.C ബസ്സുകൾ പുന:സ്ഥാപിക്കുകയും പുതിയ സർവ്വീസുകൾ ആരംഭിക്കുകയും വേണം. നിലവിലുള്ള സ്വകാര്യ ബസ്സുകൾ പഞ്ചായത്ത് നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് അപര്യാപ്തമാണ്.

പട്ടിക 1

മെററലിംഗ് നടത്തി ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് നമ്പർ | റോഡിൻെറ പേര് | ദൂരം K. M. | വീതി M. | ഒരു വർഷത്തിൽ ചിലവഴിച്ച ഫണ്ട് | മെററൽ | | ഓട | | കലുങ്ക് | |
|---|---|---|---|---|---|---|---|---|---|---|
| | | | | | ചെയ്തത് | ചെയ്യാത്തത് | വേണ്ടത് | ഉള്ളത് | ഉള്ളത് | വേണ്ടത് |
| I | അമ്പലപ്പടി–വലുമ്പ്രം–ക്കുററംപാറ | 3 | 8 | | * Y | ☼N | ○R | | | ○ R |
| | കരുപ്പെട്ടിപാടം–പള്ളിക്കുന്ന് | 2 | 8 | | | N | ,, | | | ,, |
| | വലമ്പുറം–കുണ്ടങ്ങൽ | 1 | 8 | | | ,, | ,, | | | ,, |
| | വലമ്പുറം–തിരുമുണ്ടി | 1 5 | 6 | | | ,, | ,, | | | ,, |
| | നിലംപതി അംബേദ്കർ കോളനി (500 മീ ടാറിംഗ്)–തോട്ടപ്പൊയിൽ | 2 | 6 | | Y | ,, | ,, | | | ,, |
| | തൊണ്ടി–വരമ്പുംപൊട്ടി | $\frac{3}{4}$ | 3 | | | ,, | ,, | | | ,, |
| | വലമ്പുറം–കക്കോട് | 1.2 | 6 | | | ,, | | | | |
| | പള്ളിക്കുന്ന്–വലിയതോട് | $\frac{3}{4}$ | 8 | | | ,, | ,, | | | R |

| വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം K. M. | വീതി M. | ഒരു വർഷത്തിൽ ചിലവഴിച്ച ഫണ്ട് | മെററൽ | | ഓട | | കലുങ്ക് | |
|---|---|---|---|---|---|---|---|---|---|---|
| | | | | | ചെയ്തത് | ചെയ്യാത്തത് | വേണ്ടത് | ഉള്ളത് | ഉള്ളത് | വേണ്ടത് |
| II | പിലാക്കോട്ടുപാടം—പാറക്കൽ | 4 5 | 8 | | | N | R | | | R |
| | പുള്ള ി—ചക്കിട്ടാമല | $\frac{1}{2}$ | 3 | | | ,, | ,, | | | ,, |
| | പുള്ളി—സ്കൂൾപടി—പിലാക്കോട്ടുപാടം | $\frac{3}{4}$ | 3 | | | ,, | ,, | | | ,, |
| | കൊളവട്ടം—പിലാക്കോട്ടുപാടം | $\frac{1}{2}$ | 8 | | Y | | | | | ,, |
| | ചെറുപുള്ളി—ഗിരിജൻകോളനി | $\frac{1}{2}$ | 8 | | ,, | | | | | |
| | പുള്ളി—മണ്ടംമൊഴി | $\frac{3}{4}$ | 5 | | | N | R | | | R |
| | പ ിലാക്കോട്ടുപാടം—പുള്ളി | 1 | 6 | | ,, | | | | | |
| | പിലാക്കൊട്ടുപാടം—കൊട്ടാരക്കാട് | $\frac{1}{2}$ | 3 | | | N | R | | | R |
| | പുള്ളി—മണ്ടംമൊഴി—പരത | $\frac{3}{4}$ | 3 | | ,, | | | | | |
| | പിലാക്കോട്ടുപാടം—പുള്ളി—മണ്ടംമൊഴി | $\frac{3}{4}$ | 3 | | | N | | | | |
| III | പിലാക്കോട്ടുപാടം—കൊളവട്ടം | | | | | ,, | | | | |
| | മില്ലുംപടി—കരിന്താർകോളനി | | | | ,, | ,, | | | | |
| | ചെട്ടി—വള്ളിക്കെട്ട്—കരിന്താർ | | | | | ,, | | | | |
| | ചെട്ടി—കൊളവട്ടം | | | | | ,, | | | | |
| | ചെട്ടിപള്ളിപ്പടി—കരിന്താർ | | | | | ,, | | | | |
| IV | ഗവൺമെൻറ് ഹോസ്പിററൽ റോഡ് | | | | ,, | | R | | | |
| | തേക്കംകുന്ന്—ഹരിജൻകോളനി | | | | | N | | | | |
| | കിണററിങ്ങൽ—ആശുപത്രികുന്ന് | | | | | ,, | | | | |
| | കരുളായി—വരക്കളം | | | | | ,, | | | | |
| | കണ്ടിക്കൽ—അരക്കംപൊയിൽ | | | | | ,, | | | | |
| | അരക്കംപൊയിൽ—മുണ്ടക്കളം | | | | | ,, | | | | |
| | കാട്ടിലപാടം—ചെട്ടി | | | | | ,, | | | | |
| | അരക്കംപൊയിൽ—ചെട്ടിശ്മശാനം | | | | | ,, | | | | |
| | സായിപ്പുംപടി—കുണ്ടുങ്ങൽ | | | | | ,, | | | | |
| | മുല്ലപ്പള്ളി—കാട്ടിലപ്പാടം | | | | | ,, | | | | |
| | വരക്കളം—കൊയലമുണ്ട | | | | | ,, | | | | |
| | കളംകുന്ന് റോഡ് | | | | | ,, | | | | |
| V | മൈലംപാറ–തെക്കേമുണ്ട(ഹരിജൻ കോളനി) | 1.5 | 6 | | | ,, | R | | | R |
| | കണ്ടിക്കൽ–പെരുമ്പൊയിൽ | 2 | 6 | | | ,, | ,, | | | ,, |
| | കാരക്കുളം– കണ്ടിക്കൽ റോഡ് | 1 | 8 | | | ,, | ,, | | | ,, |
| | മൈലംപാറ – ചെരങ്ങാംതോട് | 1 | 8 | | Y | | ,, | | | |
| | അരക്കംപൊയിൽ - കണ്ടിക്കൽ | $\frac{3}{4}$ | 8 | | | N | ,, | | | R |
| | മൈലംപാറ ഹരിജൻകോളനി | 1 | 3 | | | ,, | ,, | | | |
| VI | ഭൂമിക്കുത്ത് - ചെറുപുഴ ഗിരിജൻകോളനി | | | | | | | | | |
| | മൈലംപാറ – പനിച്ചോല | | | | | | | | | |
| | നെടുങ്കയം – മുണ്ടക്കടവ് | | | | Y | | | | | |
| VII | പിലാക്കൽമുല്ലപ്പള്ളി | | | | | N | | | | |
| | വാസുപ്പടി – കൊയലമുണ്ട | | | | | ,, | | | | |
| | അമ്പലകുന്ന്—വാസുപടി | | | | | ,, | | | | |
| | പാണ്ട്യാലംപാടം—അമ്പലകുന്ന് | | | | | ,, | | | | |
| | വരിക്കൽ – നരിയാളംകുന്ന്—മുക്കം | | | | | ,, | | | | |
| VII | ചെമ്മന്തിട്ട ക്ഷേത്രം റോഡ് | $\frac{1}{2}$ | | | | N | | | | |
| | കരുളായ് ബസാർ—അത്തിക്കൽ | 1.5 | | | Y | | R | | | R |
| | കൊട്ടപാറ ഫുട്പാത്ത് | 0.6 | | | | N | ,, | | | |
| | കാർളിക്കോട് ,, | 0.25 | | | | ,, | ,, | | | R |
| | അത്തിക്കാപ്പ്—ഒഴലക്കൽ | 0.2 | | | | ,, | ,, | | | ,, |
| IX | കാർളിക്കോട്-പുല്ലഞ്ചേരി (കുറച്ചുഭാഗം ടാർ) | | | | Y | | | | | |
| | വലിയപുള്ളി—കാർളിക്കോട് | | | | ,, | | | | | |
| | കൊയപ്പാൻ വളവ്—കൂളിക്കുന്ന് | | | | | N | | | | |
| | പുള്ളി—പൂത്തൊലൊടി | | | | | N | | | | |
| | പുള്ളി—മരുതങ്ങാട് | | | | | N | | | | |

പട്ടിക 2

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| വാർഡ് നമ്പർ | നിർദ്ദേശിക്കുന്ന പേര് | സുമാർ ദൂരം |
|---|---|---|
| I | തൊണ്ടി—തോട്ടപ്പൊയിൽ | 1 കി. മീ. |
| | തോട്ടപ്പൊയിൽ—കക്കോട്—മണ്ടംമൊഴി | 1.5 ,, |
| | തോട്ടപ്പൊയിൽ—തൊണ്ടിമൂല | 0.5 ,, |
| | വരമ്പുംപെട്ടി—തോട്ടപ്പൊയിൽ മണ്ടംമൊഴി | 2 ,, |
| | തൊണ്ടി—മർച്ചൻറ് സ്കൂൾ | 0.5 ,, |
| | വലമ്പൂരം—പുഞ്ചപ്പാടം | 0.5 ,, |
| | കരുപ്പെട്ടി—കരുപ്പെട്ടിപ്പാടം | 0.5 ,, |
| | അംബേദ്കർകോളനി—വലമ്പൂരം | 0.5 ,, |
| II | അരിപ്പമല റോഡ് | 1 5 ,, |
| | ഊത്താലക്കൽ—മണ്ടംമൊഴി—കരിന്താർ | 1.5 ,, |
| III | ചെട്ടി—ഹൈസ്കൂൾ | 0.5 ,, |
| IV | ഈച്ചപ്പൊയിൽ—വരക്കളം | 0 3 ,, |
| | കളത്തിൽ മദ്രസപ്പടി—ലക്ഷംവീട് | 0.3 ,, |
| V | മൈലംപാറ—വെള്ളാരംകുന്ന് | 0 6 ,, |
| VI | ഭൂമിക്കുത്ത്—പനിച്ചോല ഗിരിജൻകോളനി | |
| | മൈലംപാറ—പനിച്ചോല | |
| VII | വാരിക്കൽ—വളയംകണ്ട് | |
| VIII | ഒയലക്കൽ—അത്തിക്കൽ | 0 4 ,, |
| | കിണററിങ്ങൽ—കരങ്ങൻപാറ | 0.6 ,, |
| | അത്തിക്കൽ—ചെമ്മംതിട്ട | 0 3 ,, |
| | കുരുളായ് തിയേററർ റോഡ് | 0.3 ,, |
| IX | മരുതങ്ങാട്—പുല്ലഞ്ചേരി | |

ഗതാഗതം 4

*Y — Yes ചെയ്തത് *N — No ചെയ്യാത്തത്
°R — Required വേണ്ടത്

## ഊർജ്ജം

1965 ൽ പുല്ലഞ്ചേരിയിലുള്ള ചുരുക്കം ചില വീടുകളിൽ ഏതാനും ബൾബുകൾ പ്രകാശിക്കുന്ന തോടുകൂടിയാണ് കരുളായ് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തുന്നത്. പിന്നീട് 14 വർഷത്തിനുശേഷം T.K. മുഹമ്മദ് എന്ന ബാപ്പുട്ടിയുടെയും ഏതാനും സാമൂഹ്യ പ്രവർത്തകരുടെയും ശ്രമഫലമായി 1978–79 കാലഘട്ടത്തിലാണ് കരുളായ് ടൗണിലും സമീപപ്രദേശങ്ങളിലും വൈദ്യുതി എത്തുന്നത്. 1981–ൽ പഞ്ചായത്തിലെ 1–ാം വാർഡിൽ നിലംപതി, തോട്ടപ്പൊയിൽ, കക്കോട് പ്രദേശങ്ങളിൽ പന്നിക്കോടൻ കുഞ്ഞലവി, C. H. മൊല്ലക്കുട്ടി തുടങ്ങിയവരുടെ ശ്രമഫലമായും 1992–ൽ M.P. കുഞ്ഞിമുഹമ്മദ്, M. P. ഹുസൈൻ, വടക്കൻ അബ്ദുൾ കരീം തുടങ്ങിയവരുടെ ശ്രമഫലമായി പള്ളിക്കുന്നിലും പരിസരങ്ങളിലും വൈദ്യുതി കണക്ഷൻ ലഭിച്ചു.

വൈദ്യുതി പ്രസരണത്തിൽ അടിക്കടി സംഭവിക്കുന്ന തകരാറും വോൾട്ടേജിന്റെ കുറവും ഏറെക്കുറെ പരിഹരിക്കുന്നതിന് P. K കുഞ്ഞലവി, T K അബ്ദുള്ളക്കുട്ടി മാസ്റ്റർ, G തോമസ് മാസ്റ്റർ, എന്നിവരുടേയും മററു സാമൂഹ്യപ്രവർത്തകരുടേയും അശ്രാന്തപരിശ്രമ ഫലമായി വല്ലപ്പുഴ– കരുളായ് ഇൻറർലിങ്ക് ലൈനിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

1980–ൽ കരുളായിയിൽ നിന്നും ജലസേചന ആവശ്യാർത്ഥം ശങ്കരൻകോടിലേക്ക് 4 കിമീററർ നീളത്തിൽ മെയിൻ ലൈൻ വലിച്ചിരുന്നു കർഷകരുടെ നിസ്സഹകരണംമൂലം പ്രസ്തുത ലൈൻ പഞ്ചായത്തിന് നഷ്ടപ്പെട്ടു. ആ കാലഘട്ടത്തിൽ തന്നെകരുളായിയിൽനിന്നുഭൂമിക്കുത്തുവഴിമൈലംപാറയിലേക്ക് മലയിൽ കൊച്ചുമത്തായിയുടെശ്രമഫലമായി ചെരങ്ങാംതോട് മുക്കിലേക്കും ഒരു ത്രീഫേസ് ലൈൻ വലിച്ചിരുന്നു. പി എം പോൾ, കൊച്ചുമലയിൽ മത്തായി എന്നിവർ തമ്മിലുള്ള വ്യവഹാരം മൂലം പ്രസ്തുത ലൈനും പഞ്ചായത്തിന് നഷ്ടപ്പെട്ടു.

ഒന്നാം വാർഡിലെ ആനപ്പാറ, വലമ്പുറം എന്നീ പ്രദേശങ്ങളിൽ കാർഷികാവശ്യത്തിനായി 40 പമ്പ് സെററുകൾക്ക് 1989–ൽ മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നടപടികൾ ഒന്നും ആയിട്ടില്ല.

നിലമ്പൂർ പഞ്ചായത്തിലെ വെളിയംതോട് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന 66 KV സബ് സ്റ്റേഷനിൽ നിന്ന് എടക്കര, കാളികാവ് ഫീഡറുകളിൽ നിന്നാണ് കരുളായ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്നത്. വൈദ്യുതി വിതരണത്തിന് പ്രധാനമായും 9 ട്രാൻസ്ഫോർമറുകൾ പ്രവർത്തിക്കുന്നു. എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയാണ്

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിററിയും താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | സ്ഥിതി ചെയ്യുന്ന സ്ഥലം | കപ്പാസിററി |
|---|---|---|
| 1 | കരുളായ് ടൗൺ | 250 KVA |
| 2 | കരുളായ് ക്വാർട്ടേഴ്സ്പടി | 63 KVA |
| 3 | കരുളായി സൊസൈററിപ്പടി | 63 KVA |
| 4 | ഭൂമിക്കുത്ത് | 63 KVA |
| 5 | പുല്ലഞ്ചേരി I | 100 KVA |
| 6 | പുല്ലഞ്ചേരി II | 100 KVA |
| 7 | കുറുന്തോട്ടിമണ്ണ | 150 KVA |
| 8 | നിലംപതി | 100 KVA |
| 9 | കാരക്കുളം | 100 KVA |

പഞ്ചായത്തിൽ 1173 ഗാർഹികോപഭോക്താക്കളും 232 വ്യാപാര കണക്ഷനുകളും, 15 വ്യാവസായിക കണക്ഷനുകളും, 116 കാർഷിക കണക്ഷനുകളുമുണ്ട്. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം ഓർഡിനറിയിനത്തിൽ 1000 വും O.T.P യിനത്തിൽ 815 ഉം OYEC യിനത്തിൽ 125 മാണ്.

പഞ്ചായത്തിൽ 10 സോഡിയം വേപ്പർ ലാമ്പുകളും, 5 ട്യൂബുകളും അടക്കം 134 തെരുവ് വിളക്കുകൾ ഉണ്ട്. 50% തെരുവ് വിളക്കുകളും കേടുവന്നുകിടക്കുകയാണ്. യഥാസമയങ്ങളിൽ ബന്ധപ്പെട്ട അധികാരികൾ പ്രകാശിക്കാത്ത ബൾബുകളും ട്യൂബുകളും മാററുകയോ അററകുററപണികൾ നിരന്തരം ആവശ്യപ്പെട്ടിട്ടും നടത്തിത്തരികയോ ചെയ്യാറില്ല. പ്രതിമാസം സ്ട്രീററ് ലൈററിനു വേണ്ടി പഞ്ചായത്തിൽനിന്നും 2023 ക വീതം അടവാക്കുന്നുണ്ട്. വിളക്കുകൾ കത്തിയാലും ഇല്ലെങ്കിലും ഈ തുക നിർബന്ധമായും അടവാക്കേണ്ടതുണ്ട്. കത്താത്ത വിളക്കുകൾക്കുകൂടി ചാർജ്ജ് അടവാക്കുന്ന ഈ പ്രാകൃതസമ്പ്രദായം മാറിയേതീരൂ. ഉപയോഗിക്കുന്ന വൈദ്യുതിക്കനുസരിച്ച് ചാർജ്ജ് അടവാക്കാനുള്ള സമ്പ്രദായം ഏർപ്പെടുത്തുകയോ അല്ലെങ്കിൽ തെരുവുവിളക്കുകളുടെ സംരക്ഷണവും ചുമതലയും പഞ്ചായത്തിന് നൽകുകയോ ചെയ്യേണ്ടതാണ്.

മിക്ക ഗ്രാമസഭകളിൽനിന്നും പുതിയ കണക്ഷൻ ലഭിക്കുന്നതിനുള്ള ഒട്ടേറെ ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പരിഗണനാർഹമായ ആവശ്യങ്ങളും നിർദ്ദേശങ്ങളും പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള ഒരു ശ്രമം ആവശ്യമാണ്.

പഞ്ചായത്തിൽ മൊത്തം 34 പട്ടികജാതി / പട്ടികവർഗ്ഗ കോളനികളുണ്ട്. അവയിൽ 7 കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. 27 കോളനികൾ ഇപ്പോഴും വൈദ്യുതിക്കുവേണ്ടി കാത്തിരിക്കുകയാണ്. വൈദ്യുതീകരിച്ചവയും, വൈദ്യുതീകരിക്കാത്തവയും വാർഡ് ക്രമത്തിൽ താഴെ പട്ടികയിൽ ക്രമപ്പെടുത്തിയിരിക്കുന്നു.

വൈദ്യുതീകരിച്ചവ

| വാർഡ് നമ്പർ | കോളനിയുടെ പേര് | കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യ സ്ലാബ് എണ്ണം | പണം നല്കി കണക്ഷൻ ലഭിച്ച എണ്ണം |
|---|---|---|---|---|
| 1 | നിലംപതി അംബേദ്കർ ഗ്രാമം | 23 | — | 23 |
| 4 | തേക്കുംകുന്ന് ഹരിജൻ കോളനി | 7 | 4 | 3 |
| 6 | ചെറുപുഴ പട്ടികവർഗ്ഗ കോളനി | 3 | 3 | — |
| | വലിയഭൂമിക്കുത്ത്ഗിരിജൻകോളനി | 10 | 10 | — |
| | വള്ളിക്കെട്ട് ഗിരിജൻ കോളനി | 5 | 5 | — |
| 9 | വലിയപുള്ളി ഗിരിജൻ കോളനി | 10 | 4 | 6 |
| | ചെറുപുള്ളി ഗിരിജൻ കോളനി | 12 | — | 12 |

വൈദ്യുതീകരിക്കേണ്ട കോളനികൾ

| വാർഡ് നമ്പർ | കോളനിയുടെ പേര് | മൊത്തം ഓരോ കോളനിയിലുമുള്ള കുടുംബങ്ങൾ |
|---|---|---|
| I | കുണ്ടുങ്ങൽ ഹരിജൻ കോളനി | 18 |
| | തോട്ടപ്പൊയിൽ ഹരിജൻ കോളനി | 15 |
| | കക്കോട് ഹരിജൻ കോളനി | 12 |
| II | അരിപ്പമല ഹരിജൻ കോളനി | 25 |
| | കരിന്താർ ഹരിജൻ കോളനി | 26 |
| III | ചെട്ടി ഹരിജൻ കോളനി കുളവട്ടം | |
| | കരിന്താർ (ചോല) ഹരിജൻ കോളനി | |
| | വള്ളിക്കെട്ട് ഹരിജൻ കോളനി | |
| | കൊട്ടാരക്കാട് ഹരിജൻ കോളനി | |
| IV | കളംകുന്ന് ,, | 10 |
| | ചെട്ടിയിൽ ,, | 15 |
| | കട്ടിമല ,, | 10 |
| | അരക്കംപൊയിൽ ,, | 11 |
| V | മൈലംപാറ ഗിരിജൻകോളനി | 9 |
| VI | പനിച്ചോല ,, | 5 |
| | താഴെ മൈലംപാറ | 5 |
| | പാലക്കുന്ന് കോളനി | 14 |
| | നെടുങ്കയം ,, | 45 |
| | മുണ്ടക്കടവ് ,, | 20 |
| | ചോടാലപൊട്ടി ,, | 18 |
| | മൈലാടിപൊട്ടി ,, | 34 |
| | ചെറിയ ഭൂമിക്കുന്ന് | 6 |
| VII | അമ്പലകുന്ന് ഹരിജൻ കോളനി | 13 |
| | കൊയലമുണ്ട ,, | 4 |
| VIII | കൊട്ടപാറ ഗിരിജൻ കോളനി | 15 |
| IX | മരുതങ്ങാട് ഹരിജൻ കോളനി | 25 |
| | പുള്ളി ഹരിജൻ കോളനി | 5 |

## പ്രശ്നങ്ങൾ

1 വൈദ്യുതി വിതരണം മിക്കസമയത്തും തകരാറിലാണ്. പ്രത്യേകിച്ച് മഴക്കാലത്ത് വൈദ്യുതി നിലച്ചാൽ തകരാറ് കണ്ടുപിടിച്ച് സപ്ലൈ പുനഃസ്ഥാപിക്കാൻ കാലതാമസം നേരിടുന്നു.

2 പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

3 വൈദ്യുതി കണക്ഷനുവേണ്ടി ധാരാളം പേർ C.D അടവാക്കിയും M.G വെച്ചും കാത്തിരിക്കുന്നു.

4 പഞ്ചായത്തിൽ 27 ഹരിജൻ/ഗിരിജൻ കോളനികൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്. വൈദ്യുതി എത്തിയ കോളനികളിൽ മുഴുവൻ കുടുംബങ്ങൾക്കും കണക്ഷൻ കിട്ടിയിട്ടില്ല.

5 പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം ഒരു ശാപമായി തുടരുന്നു. പീക്ലോഡ് സമയങ്ങളിൽ വോൾട്ടേജ് വെറും പേരിനുമാത്രമേയുള്ളൂ.

6 പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകൾ പകുതിയിലധികം പ്രകാശിക്കുന്നില്ല.

7 ഉപയോഗശൂന്യമായ തെരുവ് വിളക്കുകൾക്ക് കറണ്ട്ചാർജ്ജ് ഈടാക്കുന്നു.

8 വൈദ്യുതചാർജ്ജ് അടയ്ക്കാൻ 10ഉം 13 ഉം കി.മീ യാത്രചെയ്ത് നിലമ്പൂരിലെത്തേണ്ടിവരുന്നു.

9 പഞ്ചായത്ത് പരിധിയിൽ ഒരു സബ് എഞ്ചിനീയർ ഓഫീസ് ആവശ്യമാണ്.

## സാധ്യതകളും പരിഹാരമാർഗ്ഗങ്ങളും

പഞ്ചായത്തിന്റെ തെക്കെ അറ്റവും കരിമ്പുഴയുടെ ഉൽഭവസ്ഥാനത്തോടടുക്കുന്ന മീൻമുട്ടി, ശങ്കുമുഖം, പ്രദേശത്തുള്ള വെള്ളച്ചാട്ടം ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള സാധ്യത പല ഗ്രാമസഭകളിലും ഉയർന്നിട്ടുണ്ട്. സമഗ്ര സാ

ങ്കേതിക പഠനത്തിലൂടെ പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ശ്രമം നടത്താവുന്നതാണ്.

പ്രേഷണ – വിതരണ രംഗങ്ങളിൽ വരുന്ന അപാകതകൾ വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നുണ്ട്. മരച്ചില്ലകളും മററും ലൈനുകളിൽ തട്ടി ഉണ്ടാകുന്ന തടസ്സങ്ങളും ഇവിടെ വൈദ്യുതി വിതരണരംഗത്തെ നിത്യസംഭവങ്ങളാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ മാത്രമായി പ്രത്യേക സംവിധാനം പ്രാദേശിക തലങ്ങളിൽ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും 27 ഹരിജൻ / ഗിരിജൻ കോളനികളിലും വൈദ്യുതി എത്തിക്കാൻ സത്വര നടപടി ഉണ്ടാകേണ്ടതാണ്.

വയറിംഗ്നടത്തി CD അടച്ചും, MG വെച്ചും കാത്തിരിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട മേൽനടപടികൾ ആവശ്യമാണ്.

പ്രസരണ നഷ്ടം ഒഴിവാക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉപയോഗശൂന്യമായ തെരുവ് വിളക്കുകൾ കാര്യക്ഷമമാക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ തെരുവു വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

ഉപയോഗിക്കാത്ത കറണ്ടിന് ചാർജ്ജ് ഈടാക്കുന്ന സമ്പ്രദായം ഒഴിവാക്കാൻ ഓരോ തെരുവ് വിളക്കിനും മീററർ സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ സമയാസമയങ്ങളിലുള്ള പരാതി പരിഹാരത്തിനായി പഞ്ചായത്ത് പ്രദേശത്ത് ഒരു സബ് എഞ്ചിനീയർ ഓഫീസ് തുറന്നുപ്രവർത്തിക്കാൻവേണ്ട മേൽനടപടികൾ കൈക്കൊള്ളേണ്ടതാണ്.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെയും സൗരോർജ്ജ വിളക്കുകളുടെയും ഉപയോഗം പഞ്ചായത്തിൽ നാമമാത്രമാണ്. പഞ്ചായത്ത് മുൻകൈഎടുത്ത് അനാർട്ടിന്റെ സഹകരണത്തോടെ ഇവയുടെ പ്രചാരണത്തിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും വീടുകളിലെ അപകടങ്ങൾ ഒഴിവാക്കാനും വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും മുൻകരുതൽ നടപടികളും സ്വീകരിക്കേണ്ടതാണ്. വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ടഎല്ലാപ്രവർത്തനങ്ങളും ലഘൂകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായും ഉണ്ടാകേണ്ടതാണ്.

നല്ലപോലെ സൂര്യപ്രകാശം ലഭ്യമാകുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് വീട്ടുപയോഗത്തിനും തെരുവു വിളക്കുകൾക്കായും സോളാർ ലാമ്പുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്ത് തല സംവിധാനം നടപ്പിലാക്കേണ്ടതാണ്.

ഊർജ്ജം 4



# 7. പാർപ്പിടവും സാമൂഹ്യക്ഷേമവും

1968-ലാണ് കരുളായി പഞ്ചായത്ത് നിലവിൽ വന്നത്. ഇതിനുമുൻപ് ഈ പ്രദേശം അമരമ്പലം, മൂത്തേടം പഞ്ചായത്തുകളിൽ ഉൾപ്പെട്ടതായിരുന്നു. 1991ലെ ജനസംഖ്യാ കണക്കുപ്രകാരം പഞ്ചായത്തിൽ 17698 ജനങ്ങൾ അധിവസിക്കുന്നുണ്ട്. ഇതിൽ 70ശതമാനത്തിൽ അധികം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഈ പ്രദേശം വളരെ പിന്നോക്കമാണ്. ഭൂരിഭാഗം ജനങ്ങളും കർഷകരും കർഷകത്തൊഴിലാളികളുമാണ്.

പഞ്ചായത്തിലെ 9വാർഡുകളിലായി മൊത്തം 4581 വീടുകൾ ഉണ്ട്. ഇതിൽ 35ശതമാനത്തോളം കുടിലുകളും, 60ശതമാനത്തോളം ചെങ്കല്ലും ഇഷ്ടികയും ഉപയോഗിച്ച് നിർമ്മിച്ചതും ഓട്മേഞ്ഞതുമാണ്. 5ശതമാനം മാത്രമാണ് കോൺക്രീററു കെട്ടിടങ്ങൾ. പഞ്ചായത്തിലെ 1500റോളം കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല സ്വന്തമായി ഭൂമിപോലും ഇല്ലാത്ത 1000ത്തിൽപരം കർഷകതൊഴിലാളി കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. സ്വന്തമായി വീടും, സ്ഥലവും ഇല്ലാത്ത കർഷകതൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിലേക്കായി 120 കർഷകതൊഴിലാളി കുടുംബങ്ങൾക്ക് 4സെൻറ് ഭൂമി ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഭൂമിയില്ലാത്ത കർഷകതൊഴിലാളികളുടെ എണ്ണം ഇതിൻെറ പത്തിരട്ടിയാണ്. സർക്കാരിൻെറ വിവിധ സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ സൗജന്യമായി വീട് നിർമ്മിച്ച് കൊടുക്കുന്ന പദ്ധതി മററു ജനവിഭാഗങ്ങൾക്കും കൂടി അടുത്തകാലത്തായി അനുവദിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ആവശ്യക്കാർ കൂടുതൽ ഉള്ളതിനാൽ അനുവദിക്കുന്ന തുക വളരെ അപര്യാപ്തമാണ്. കൂടാതെ ഇത്തരം ഒരുവീട് നിർമ്മിക്കുന്നതിന് സർക്കാർ അനുവദിക്കുന്നത് 15000ത്തോളം രൂപയാണ്. എന്നാൽ വീട് നിർമ്മിക്കുന്നതിനുള്ള വിവിധ സാധന സാമഗ്രികളുടെ വില അമിതമായതോതിൽ വർദ്ധിച്ചതിനാൽ മേൽതുക തുലോം അപര്യാപ്തമാണ്. ആയതിനാൽ ഇത്തരം വീടുകൾ നിർമ്മിക്കുന്നതിന് കുറഞ്ഞത് 30000 രൂപയെങ്കിലും അനുവദിക്കേണ്ടതാണ്.

ദുർബ്ബല ഇടത്തര വിഭാഗങ്ങൾക്ക്വേണ്ടി ഭവന നിർമ്മാണ ബോർഡുവഴി സർക്കാർ നടപ്പാക്കികൊണ്ടിരിക്കുന്ന ഭവന നിർമ്മാണ വായ്പ്പ ദുർബല വിഭാഗക്കാരായ വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ ഈ വിഭാഗക്കാർക്ക് പൊതുപ്രവർത്തനത്തിൽ താൽപ്പര്യക്കുറവ് കാണപ്പെടുന്നു.

## ഈ പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു

| | IAY | MWS | JRY |
|---|---|---|---|
| 92–93 | 5 | ... | 6 |
| 93–94 | 3 | ... | 14 |
| 94–95 | 7 | ... | 2 |
| 95–96 | 21 | ... | 9 |
| | 36 | | 31 |

പഞ്ചായത്തിൽ നിലവിൽ ഹൗസിംങ് സൊസൈററികളോ ഹൗസിങ് കോളനികളോ ഇല്ല. ലക്ഷംവീട് കോളനികൾ ദുർബല വിഭാഗങ്ങളുടെ കോളനികൾ എന്നിവ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവയുടെ ഇപ്പോഴത്തെ അവസ്ഥ ശോചനീയമാണ്. മിക്ക കോളനികൾക്കും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പോലുമില്ല. ലക്ഷം വീടുകളുടെ അററകുററപ്പണികൾ അടിയന്തിരമായി ചെയ്തു തീർക്കേണ്ടതുണ്ട്. മിക്ക കോളനികളിലും വൈദ്യുതി എത്തിനോക്കിയിട്ടില്ല. പഞ്ചായത്തിൽ കോളനിയായി താമസിക്കുന്ന ദുർബ്ബല ജനവിഭാഗങ്ങൾ ഹരിജനങ്ങളും ഗിരിജനങ്ങളുമാണ്. പ്രാഥമികആവശ്യങ്ങൾക്കു പോലും സൗകര്യമില്ലാതെ ചെററകുടിലുകളിൽ താമസിക്കുന്ന ജനങ്ങൾക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

വനത്തിനുള്ളിൽ മുണ്ടക്കടവ്, നെടുങ്കയം ചൊടാലപ്പൊട്ടി, മൈലാടിപ്പൊട്ടി എന്നീ ഗിരിജൻ കോളനികളിൽ ചിതൽ ശല്യം കൂടുതലായതിനാൽ കോൺക്രീററുവീടുകൾ നിർമ്മിച്ച് കൊടുക്കേണ്ടതും വീടിൻെറ കട്ടിളയും, ജന്നൽ കട്ടിളയും കോൺക്രീററിൽ നിർമ്മിച്ചവയുമായിരിക്കണം. ഇങ്ങനെകാണിക്കാൻ കാരണം മുൻകാല അനുഭവങ്ങൾ ആണ്.

അടുത്തകാലത്തായി ലക്ഷങ്ങൾ മുടക്കി വലിയ കോൺക്രീററു വീടുകൾ നിർമ്മിക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട് നെൽപാടങ്ങൾ നികത്തി വീട് നിർമ്മിക്കുന്ന പ്രവണതയും കൂടുതലായി കണ്ടുവരുന്നുണ്ട്. ഇത്തരം പ്രവണത കൂടുതൽ ആയികണ്ടുവരുന്നത് ഗൾഫ് മേഖലയിൽ ജോലിയുള്ള ജനവിഭാഗങ്ങൾക്കിടയിലാണ്. ഇതിൻെറ പൊള്ളത്തരം ഇത്തരക്കാരെ പറഞ്ഞ് ബോധ്യപ്പെടുത്തി ഈ തുക പ്രത്യുൽപ്പാദനപരമായ കാര്യങ്ങളിൽ നിക്ഷേപിക്കുന്നതിന് അകർഷക പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

അന്യ സംസ്ഥാനങ്ങളിൽനിന്നും കുടിയേറിയ തൊഴിലാളികൾ ഇവിടെ ജോലിനോക്കുന്നുണ്ട്. ഇവർമിക്കവരും പീടികമുറികളിലാണ് താമസിക്കുന്നത്. കോൺക്രീററു കെട്ടിടങ്ങളുടെ നിർമ്മാണം ഏറിവന്നതിനാൽ ആണ് അന്യ സംസ്ഥാനത്തിലെ തൊഴിലാളികളെ ആശ്രയിക്കേണ്ടിവന്നത്. കെട്ടിട നിർമ്മാണ രംഗത്തെ സാധന സാമഗ്രികളുടെ അമിതമായ വിലക്കയററം ഇടത്തരം വരുമാനക്കാരേയും തൊഴിലെടുക്കുന്ന വിഭാഗങ്ങളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഒരുകൊച്ചുവീട് നിർമ്മിക്കുക എന്നുള്ളത് ഇക്കൂട്ടർക്ക് ഒരു സ്വപ്നമായി മാറുകയാണ്. കെട്ടിട നിർമ്മാണരംഗത്ത് വൈദഗ്ധ്യം നേടിയവരോ നിർദ്ദേശം നൽകേണ്ട സ്ഥാപനങ്ങളോ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ട് അത്യാവശ്യ ചിലവുകൾ എറിവരുകയാണ്. കെട്ടിടസാമഗ്രികൾ വാങ്ങുന്നതിന് ജനങ്ങൾ സമീപ പഞ്ചായത്തിനെ ആശ്രയിക്കേണ്ടിവരുന്നുണ്ട്.

ചിലവ്കുറഞ്ഞ വീടുനിർമ്മാണ ശൈലിക്ക് ഈ പഞ്ചായത്തിൽ വേണ്ടത്ര പ്രചാരണം ലഭിച്ചിട്ടില്ല. ഈ രീതി ഈ പഞ്ചായത്തിൽ ആരും അവലംബിച്ചതായി കാണുന്നില്ല. കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയററം സാധാരണക്കാരേയും, ദുർബ്ബലവിഭാഗങ്ങളേയും സ്വന്തമായ ഭവനം എന്ന സങ്കൽപ്പത്തിൽ നിന്നും വാടകകെട്ടിടങ്ങളിലേക്ക് കുടിയേറാൻ പ്രേരിപ്പിക്കുന്നു. വീടുകൾക്കുചുററുമുള്ള മതിലുകൾ ഭൂരിഭാഗം വീടുകൾക്കും ഇല്ല. എങ്കിലും ജൈവവേലികൾ പ്രചാരത്തിലുണ്ട്.

ഭവന നിർമ്മാണ മേഖലയിലെ വിദഗ്ദ തൊഴിലാളികളുടെ കൂലി ഇടത്തരക്കാർക്കും ദുർബ്ബല വിഭാഗങ്ങൾക്കും താങ്ങാവുന്നതിലും അധികമാണ്. പുരുഷതൊഴിലാളികൾക്ക് ശരാശരി കൂലി 150രൂപയും സ്ത്രീ തൊഴിലാകളികൾക്ക് 80രൂപയുമാണ് കൂലി ലഭിക്കുന്നത് ഇന്നത്തെ ജീവിത നിലവാരവുമായി തട്ടിച്ച്നോക്കുമ്പോൾ നിലവിലുള്ള കൂലിനിരക്കുകൾ വളരെ അപര്യാപ്തമാണ്. കൂടുതൽ കൂലികൊടുത്താൽ തന്നെ ആവശ്യത്തിന് വിദഗ്ദ തൊളിലാളികളെ ലഭിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിൽ നിൽക്കുന്നത്. തൊഴിലാളികളുടെ ദൗർലഭ്യം അമിതമായ കൂലി, നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന തുടങ്ങിയ പ്രശ്നങ്ങൾ ഇന്ന് നിലനിൽക്കുന്നതിനാൽ വീട് നിർമ്മാണരംഗത്ത് കരാർ സംമ്പ്രദായം വ്യാപകമായികണ്ടുവരുന്നുണ്ട്.

## *പഞ്ചായത്തിലെ വീടുകളുടെ വിവരം താഴെകൊടുക്കുന്നു* [പട്ടിക 14 (A)]

| വാർഡ് | കെട്ടിടങ്ങളുടെഎണ്ണം | ബഹുനിലകെട്ടിടം | കോൺക്രീററ് | ഓട് | ഓല | മററുള്ളവ | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മി വീട്: എണ്ണം |
|---|---|---|---|---|---|---|---|
| 1 | 526 | 11 | 11 | 347 | 157 | 12 | 49 |
| 2 | 410 | 3 | 19 | 251 | 137 | 18 | 16 |
| 3 | 608 | 4 | 15 | 334 | 255 | 14 | 26 |
| 4 | 662 | 21 | 62 | 379 | 200 | 26 | ... |
| 5 | 354 | 3 | 6 | 247 | 98 | 3 | ... |
| 6 | 383 | 2 | 8 | 236 | 137 | 32 | ... |
| 7 | 368 | 5 | 19 | 156 | 188 | 19 | ... |
| 8 | 703 | 41 | 85 | 454 | 123 | 3 | ... |
| 9 | 567 | 16 | 44 | 293 | 214 | 19 | ... |
| Total | 4581 | 106 | 269 | 2697 | 1509 | 146 | 91 |

## ഹൗസിംങ്ങ് സൊസൈററികളുടെ പ്രവർത്തനം

കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധന അമിതമായ കൂലിനിരക്ക് വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം തുടങ്ങിയ പ്രതികൂല സഹചര്യങ്ങൾ സാധാരണക്കാരേയും, തൊഴിലാളികളേയും പാർപ്പിട നിർമ്മാണ രംഗത്തുനിന്നും പിൻതിരിപ്പിക്കുന്നു. എന്നാൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ്പകൾ യഥാസമയം ലഭ്യമാക്കുകയാണെങ്കിൽ വീടുനിർമ്മാണം സാധാരണക്കാർക്കു വളരെ ആശ്വാസപ്രദമാകുമായിരുന്നു. ഇവിടെയാണ് ഹൗസിങ്ങ് സൊസൈററികളുടെ പ്രസക്തി. ഈ പഞ്ചായത്തിലെ ജനങ്ങൾപഞ്ചായത്തിനുപുറത്തുനിന്നുള്ളഹൗസിങ്ങ് സൊസൈററികളേയും ബോഡുകളേയുമാണ് കൂടുതൽ ആശ്രയിക്കുന്നത്. ഏററവും അടുത്ത് സ്ഥിതിചെയ്യുന്നത് നിലമ്പൂർ ഹൗസിങ്ങ് കോ-ഓപ്പറേററീവ് സൊസൈററിയാണ്. ഇത്തരം ഹൗസിങ്ങ് സൊസൈററികളുടെ പ്രവർത്തന രീതികളും നിബന്ധനകളും സാധാരക്കാർക്ക് വേണ്ടത്ര അറിവ് ഇല്ലാത്തതുമൂലം സാധാരണ ജനങ്ങൾ ഇത്തരം സൊസൈററികളെ ശരണം പ്രാപിക്കുന്നതിൽ വിമുഖത കാട്ടുന്നുണ്ട്. ഇതുപരിഹരിക്കുന്നതിലേക്കായി ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരുഭവന നിർമ്മാണ വായ്പ്പാ സൊസൈററി സ്ഥാപിക്കേണ്ടിയിരിക്കുന്നു.

ഹരിജന ഗിരിജന വിഭാഗത്തിന് വീട് നിർമ്മിക്കുന്നതിന് സർക്കാർ അനുവദിക്കുന്ന ധനസഹായം 15000രൂപയാണ്. ഇത് തീരെ അപര്യാപ്തമാണ്. ടി ധനസഹായം വീടും അനുബന്ധ സൗകര്യങ്ങൾക്കും കൂടിയാണ് എന്ന് ഓർക്കേണ്ടതുണ്ട്. ആയതിൽ ഈ മേഘലയിലെ ധനസഹായം 30000ത്തിൽ അധികമാക്കേണ്ടതാണ്. ഈ മേഖലയിലെ വീട്നിർമ്മാണം കരാറുകാരെ ഒഴിവാക്കി ഗുണഭോക്താവിനെ തന്നെ ഏൽപ്പിക്കേണ്ടതും ഇതിൽ യാതൊരുവിധ ചൂഷണത്തിനും ഇടവരുത്താതെ അനുവദിക്കുന്ന തുക മുഴുവൻ ഗുണഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും ഇത്തരം വീടുകളുടെ പണി ഒരു ജനകീയ കമ്മററി നിരീക്ഷണം നടത്തേണ്ടതുമുണ്ട്.

ഭവന നിർമ്മാണ മേഖലയിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധന, തടിയുടെ ദൗർലഭ്യം, വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം സ്ഥിര വരുമാനമില്ലാത്തവർക്ക് വായ്പ്പാ സൗകര്യം ഇല്ലാതിരിക്കൽ, നടപ്പ് പദ്ധതികളുടെ വികലമായ നടത്തിപ്പ്, ചിലവ്കുറഞ്ഞ വീട് നിർമ്മാണത്തെ കുറിച്ചുള്ള അജ്ഞത, കെട്ടിട നിർമ്മണ നിയമം നടപ്പിലാക്കുന്നതിന്റെ വിവേചനരീതി മുതലായവയാണ്.

## പരിഹാര നിർദ്ദേശങ്ങൾ

1 ഭവന നിർമ്മാണ രംഗത്ത് ആകർഷകമായ രീതിയിൽ കുറഞ്ഞപലിശ നിരക്കിൽ വായ്പ്പ കൊടുക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുക. അവ നടപ്പിലാക്കുന്നതിന് ഒരു ഭവന നിർമ്മാണ സഹകരണ സംഘം ഈ പഞ്ചായത്തിൽ സ്ഥാപിക്കുക. ഭവന നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ നിയന്ത്രിത വിലയ്ക്ക് ഈസ്ഥാപനത്തിൽനിന്നും ലഭ്യമാക്കേണ്ടതാണ്.

2 കോൺക്രീററു സൗധങ്ങൾ നിർമ്മിക്കുന്നതിൽനിന്നും സാമ്പത്തികശേഷിയുള്ളവരെ പിൻതിരിപ്പിക്കാൻ വേണ്ട ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

3 ജനകീയ പങ്കാളിത്തത്തോടെ ദുർബല വിഭാഗക്കാർക്കു വീട് നിർമ്മിക്കാൻവേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. രാജീവ് ദശലക്ഷ ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

4 പഞ്ചായത്തിൽ നിലവിലുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ നിയമം വിവേചനം കൂടാതെ പഞ്ചായത്തിലുടനീളം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.

5 സ്റേറജ് സർട്ടിഫിക്കററ് നൽകുവാനുള്ള അധികാരം പഞ്ചായത്ത് സമിതിക്ക് നൽകുക.

6 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇടപെടുക. (സിമൻറ്, കമ്പി etc)

7 നിർമ്മാണ ചിലവ് 3 ലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന വീടുകൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക.

8 സർക്കാർ വായ്പ ലഭ്യമാക്കുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

9 ഭവന നിർമ്മാണ അപേക്ഷകൾ പഞ്ചായത്ത് വഴി വിതരണം ചെയ്യുക.

10 രജിസ്ററർ ആഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

11 ചിലവ് കുറഞ്ഞ വീടുകൾക്കു വർദ്ധിച്ച പ്രചാരം നൽകുക.

12 JAY, JRY, MWS എന്നിവയുടെ എസ്ററിമേററ് വായ്പാതുക 30000 ആക്കുക.

പാർപ്പിട പ്രശ്നം പരിഹരിക്കണമെങ്കിൽ ഇത്തരം ഭവന രഹിതരായ ദുർബല ജനവിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാകണം. ഇതിലേക്ക് പഞ്ചായത്തിൻെറ കീഴിലുള്ള സർക്കാർ പുറമ്പോക്കുകളും അരിപ്പമലയിലുള്ള മിച്ച ഭൂമിയും ഉപയോഗിക്കാവുന്നതാണ്. ഭൂമി 4 സെൻറു വീതം പഞ്ചായത്ത് സൗജന്യമായി നൽകുകയും വീട് നിർമ്മിക്കാൻ എൽ.ഐ.സി മററു ഇതര സ്ഥാപനങ്ങളിലൂടെ ചുരുങ്ങിയ ചിലവിന് വായ്പ ലഭ്യമാക്കുകയും നിർമ്മാണം നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തികയും ചെയ്യുന്നത് നന്നായിരിക്കും ഇതിലേക്കു സന്നദ്ധ സംഘടനകളുടെയും മററും ജനകീയ പങ്കാളിത്തം ഉപയോഗിക്കാവുന്നതാണ്.

അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പഞ്ചായത്തിലെ നൂറ് ശതമാനം ജനങ്ങൾക്കും പാർപ്പിടം നൽകുക എന്നതാവട്ടെ നമ്മുടെ ലക്ഷ്യം.
അതിനായി ഈ ഒററ ലക്ഷ്യം വച്ച് മററെല്ലാം മറന്ന് നമുക്ക് ഒന്നിക്കാം. പ്രവർത്തിക്കാം.

## സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമ രംഗത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ ലക്ഷ്യംവച്ച് വിവിധ ദാരിദ്ര്യ നിർമ്മാർജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള വിവിധ ക്ഷേമ പദ്ധതികളുമാണ് ഇന്ന് നിലവിലുള്ളത്. ഇതിനുപുറമെ പട്ടികജാതി വികസനത്തിനും വനിതാക്ഷേമത്തിനും പ്രത്യേകം വികസന കോർപറേഷനുകൾ പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജന പദ്ധതി പ്രകാരമുള്ള സഹായങ്ങളാണ് വലിയതോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. പല ക്ഷേമ പദ്ധതികളെപററിയും ജന വിഭാഗങ്ങൾക്കുള്ള അജ്ഞത ഒരു പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് വാർഡ് മെമ്പർമാർക്കും സന്നദ്ധ സംഘടനാ പ്രവർത്തകർക്കും കൂടെകൂടെ പദ്ധതികളെപ്പററിയുള്ള ഒരു ക്ലാസ്സ് സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത പഞ്ചായത്തിൽ പ്രകടമാണ്. പദ്ധതികളെ കുറിച്ചുള്ള അജ്ഞത, അർഹതപ്പെട്ടവർക്ക് ലഭിക്കായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണത്തിൻെറ കുറവ്, യഥാസമയം സഹായം ലഭിക്കായ്ക തുടങ്ങിയവ ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തിൽ നിർമ്മാണതൊഴിലാളികൾ, കർഷകതൊഴിലാളികൾ, ബീഡിതൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, ഹോട്ടൽതൊഴിലാളികൾ എന്നിവർ കൂടുതൽ ഉണ്ടെങ്കിലും എല്ലാ തൊഴിലാളികളും ഈ പദ്ധതിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും വനിതാ വികസന കോർപ്പറേഷനിൽ നിന്നും ഉള്ള സഹായങ്ങൾ നാമമാത്രമാണെങ്കിലും ഇവയുടെ ആസ്ഥാനം ജില്ലയ്ക്കു പുറത്താ

യതിനാൽ ഇവ വഴിയുള്ള ആനുകൂല്യങ്ങൾ ഇത്തരം വിഭാഗക്കാർക്കു ലഭിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

സാമൂഹ്യ ക്ഷേമ രംഗത്താണ് സഹായം കൂടുതൽ ലഭിക്കുന്നതെങ്കിലും ഗുണഭോക്താക്കളെ സംബന്ധിച്ചും പദ്ധതികളുടെ നടത്തിപ്പു സംബന്ധിച്ചും വസ്തുനിഷ്ടമായ ഒരു വിലയിരുത്തൽ പഞ്ചായത്തിൽ നടന്നിട്ടില്ല. മുൻപു നടന്ന ഐ. ആർ. ഡി. പി. സർവ്വെ പ്രകാരം 1024 കുടുംബങ്ങളെയാണ് കണ്ടെത്തിയതായി കാണുന്നത്. ഇത് തീരെ വിശ്വാസയോഗ്യമല്ല. നിലവിലുള്ള മാനദണ്ഡങ്ങൾ വച്ചാണെങ്കിലും 6000 ൽപരം കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ടെന്നാണ് വിലയിരുത്തൽ. ദാരിദ്ര്യ രേഖയ്ക്കു സർക്കാർ നിജപ്പെടുത്തിയിരിക്കുന്ന വാർഷിക സാമ്പത്തിക മാനദണ്ഡം ചുരുങ്ങിയത് 25000 രൂപയായെങ്കിലും ഉയർത്തേണ്ടിയിരിക്കുന്നു. ഈ രംഗത്ത് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സമഗ്രമായ ജനപങ്കാളിത്തത്തോടെയുള്ള ഒരു സർവ്വെ പഞ്ചായത്ത് തലത്തിൽ നടത്തേണ്ടത് ഈ മേഖലയിലെ ഭാവിപ്രവർത്തനങ്ങൾക്ക് സഹായകരമാണ്. ധനസഹായം അർഹതപ്പെട്ടവർക്ക് ലഭിക്കത്തക്ക രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കണം.

## D W.C.R A

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യം വച്ച് പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C R A. പഞ്ചായത്തിലെ 6-ാം വാർഡിൽ 10ഗിരിജൻ കുടുംബങ്ങൾക്ക് ഒരു ആട് വളർത്തൽ യൂണിററും 7-ാം വാർഡിൽ 5 ഹരിജൻ കുടുംബങ്ങൾക്ക് ഒരു കറവ പശു യൂണിററും 9-ാം വാർഡിൽ 10 കുടുംബങ്ങൾക്ക് ഒരു കറവ പശു യൂണിററും അനുവദിച്ചിരുന്നു. എന്നാൽ ഇവയുടെ ഒന്നും പ്രവർത്തനം തൃപ്തികരമല്ല 91-92 കാലത്തിന് ശേഷം ഈ പദ്ധതി ആനുകൂല്യം പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മയും ഉദ്യോഗസ്ഥ തലത്തിലുള്ള പ്രചാരണത്തിന്റെ അപര്യാപ്തതയും ആണ് മുഖ്യ പ്രശ്നം. ഈ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ആകർഷകമാക്കി കൂടുതൽ സഹായം ഈ മേഖലയിൽ നൽകി ഇത്തരം ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഇതിൽ അതാത് വാർഡുമെമ്പർമാർക്കുള്ള സ്ഥാനം പ്രത്യേകം പറയേണ്ടതില്ലല്ലൊ?

## ട്രൈസം

18മുതൽ 35 വയസ്സുവരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട പരിശീലനവും നിർദ്ദേശങ്ങളും നൽകലാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നാളിതുവരെ മൊത്തം 8 പേർക്കാണ് ഈ പദ്ധതി പ്രകാരം പ്രവേശനം ലഭിച്ചത്. (ഇലക്ട്രോണിക്സ്, കമ്പോസിങ്ങ്, ടൈലറിംഗ്) എന്നാൽ ഇതിൽ 2പേർ മാത്രമാണ് സ്വയം തൊഴിൽ കണ്ടെത്തിയവർ മററുള്ളവർ മററുതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുകയാണ്. തൊഴിൽ രഹിതർ കൂടുതൽ ഉള്ള ഈ പഞ്ചായത്തിൽ ട്രൈസം പദ്ധതിക്ക് കൂടുതൽ പ്രധാന്യം നൽകി തൊഴിലില്ലാത്ത യുവതീയുവാക്കളെ ട്രൈസം പദ്ധതിയിൽ ഉൾക്കൊള്ളിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കേണ്ടതുണ്ട്. ട്രൈസം പദ്ധതിക്ക് കൂടുതൽ ആൾക്കാരെ കണ്ടെത്തുകയും പരിശീലനം ലഭിച്ചവർക്ക് ധനസഹായവും മററും നൽകി ഇവർക്ക് തൊഴിൽ കണ്ടെത്തുന്നതിന് സഹായകരമായ നടപടികൾ കൈകൊള്ളേണ്ടതുമാണ്. ഇത്തരം തൊഴിൽ പരിശീലനം ലഭിച്ചവർക്കു തുടർന്നും ജോലിനൽകുന്നതിനുള്ള സംരംഭം തുടങ്ങാൻ പഞ്ചായത്തിൽ മുതൽമുടക്കാൻ സന്നദ്ധമായുള്ള ആൾക്കാരെ കണ്ടുപിടിച്ച് അവർക്ക് പ്രോൽസാഹനം നൽകേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ മുതൽമുടക്കുന്നവർക്ക് ലാഭവും, തൊഴിൽ പരിശീലനം ലഭിച്ചവർക്കുതൊഴിലും ലഭിക്കുന്നതിനു പുറമേ പഞ്ചായത്തിന് ഇത് വികസനരംഗത്ത് ഒരു മുതൽകൂട്ടായിരിക്കും.

## ടൂൾകിററ്

ഗ്രാമീണ കൈ തൊഴിലാളികൾക്ക് നവീനരീതിയിലുള്ള തൊഴിലുപകരണങ്ങൾ നൽകുന്ന

ഒരു പദ്ധതിയാണ് ഇത്. ഈ പദ്ധതിയുടെ പ്രവർത്തനം പഞ്ചായത്തിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. ടൂറാകിററുകാർക്കു അനുവദിക്കുന്ന തുകയുടെ പരിധി ഉയർത്താനും കൈതൊഴിലുകാർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം എത്തിച്ചുകൊടുക്കുവാനും നൂതന പരിപാടികാം ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

**C R.S.P.**

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് ഇത്. പഞ്ചായത്തിൽ 93-94 മുതൽ 95-96 വരെ മൊത്തം 56കക്കൂസുകാക്ക് അനുമതി നൽകിയെങ്കിലും 24എണ്ണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഓരോ വർഷവും വളരെ ചുരുങ്ങിയ ആളുകാക്ക് മാത്രമാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളത്. ഇത്തരം ജനവിഭാഗങ്ങളിൽ ഭൂരിപക്ഷത്തിനും കക്കൂസുകാ ഇല്ലാത്ത അവസ്ഥയിൽ കൂടുതൽ ആാക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം എത്തിക്കുന്നതിനും ധനസഹായം കലോചിതമായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

## കക്കൂസുകളുടെ വിവരം

| വർഷം | അനുവദിച്ചത് | പൂർത്തിയാക്കിയത് |
|---|---|---|
| 93-94 | 34 | 15 |
| 94-95 | 11 | 4 |
| 95-96 | 11 | 5 |
| ആകെ | 56 | 24 |

ഈ പദ്ധതിയിൽ അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയാണ് പദ്ധതി പൂർത്തീകരണത്തിന് തടസ്സമായി നിൽക്കുന്നത് എന്നാണ് സർവ്വെ സൂചിപ്പിക്കുന്നത്. അതിനാൽ ധനസഹായം ഉയർത്തുവാനും പദ്ധതിയുടെ പൂർത്തീകരണത്തിന് ഒരു പഞ്ചായത്ത് തല കമ്മററികാ രൂപീകരിക്കുവാനും നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. കക്കൂസിന്റെ ഡിസൈനിംഗിൽ പ്രാദേശിക രീതിയിൽ മാററം വരുത്തുവാൻ അനുമതി വാങ്ങണം.

## വില്ലേജ് ഓഫീസുകൾ വഴി നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ

സാമൂഹ്യ ക്ഷേമരംഗത്ത് റവന്യൂ വകുപ്പ് കാര്യമായി വിവിധ പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കാക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാകുന്നത്.

അർഹരായ മുഴുവൻ ആാക്കാർക്കും ധനസഹായം ലഭിക്കുന്നില്ല എന്നതും, അനർഹരായവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതായും ഈ പദ്ധതിയുടെ വിലയിരുത്തലിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതലപൂർണ്ണമായും പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതും അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

വിവിധതരം പെൻഷനുകളുടെ ധനസഹായം കാലോചിതമായി ഉയർത്തേണ്ടതും അവ ഏകീകരിക്കേണ്ടതുമാണ്.

## വിധവാ പെൻഷൻ

വിധവകാക്ക് പ്രായപൂർത്തിയായ ആൺകുട്ടികാ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുകയില്ല. ഈ മാനദണ്ഡം മാറേറണ്ടതാണ്. പഞ്ചായത്തിൽ 155പേർക്ക് വിധവാപെൻഷൻ ലഭിക്കുന്നുണ്ട്. വാർഷിക വരുമാനം മാനദണ്ഡമാക്കി ഈ പെൻഷൻ കൊടുക്കുവാൻ നടപടികാ സ്വീകരിക്കേണ്ടതാണ്.

## വാർദ്ധക്യകാല പെൻഷൻ

പഞ്ചായത്തിൽ 18പേർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്. എന്നാൽ ഈ പെൻഷന്റെ വിതരണം കൃത്യമായി നടക്കുന്നില്ല. അർഹതപ്പെട്ടവർക്ക് മുഴുവൻ ആനുകൂല്യം ലഭിക്കുന്ന

തിനും പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

## വികലാംഗ പെൻഷൻ

പഞ്ചായത്തിൽ 57 പേർക്കു പെൻഷൻ ലഭിക്കുന്നുണ്ട്. സർവ്വെ പ്രകാരം 65 വികലാംഗർ ഈ പഞ്ചായത്തിൽ ഉണ്ട്. വികലാംഗ സർട്ടിഫിക്കററു ലഭിക്കണമെങ്കിൽ DMOയുടെ ഓഫീസിൽ പോകണം. ഇത് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആയതിനാൽ വികലാംഗ സർട്ടിഫിക്കററ് താലൂക്ക് ആശുപത്രിയിൽനിന്നും കൊടുക്കുന്നതിന് നിലവിലുള്ള നിയമം മാററുന്നതിന് സമ്മർദ്ദം ചെലുത്തണം. പെൻഷൻ മുടക്കംകൂടാതെ ലഭ്യമാക്കണം.

## കർഷക തൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ 220 പേർക്കാണ് ഇതിൻെറ ഗുണം ലഭിച്ച്കൊണ്ടിരിക്കുന്നത്. പഞ്ചായത്തിൽ കൂടുതൽ കർഷകതൊഴിലാളികൾ ഉണ്ടെന്നിരിക്കെ വളരെ കുറഞ്ഞ ശതമാനത്തിനേ പെൻഷൻ ഇപ്പോൾ ലഭിക്കുന്നുള്ളു. കൂടാതെ അനർഹരായവർക്കും ഈ പെൻഷൻ ലഭിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ അർഹരായവരെ കണ്ടുപിടിക്കുവാനുള്ള ചുമതല അതാത് വാർഡുമെമ്പർമാർക്കു നൽകി അർഹരായവർക്കു മുഴുവൻ ഈ പെൻഷൻ പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ പദ്ധതിയുടെ നടത്തിപ്പു ചുമതല പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

## ക്ഷയരോഗ പെൻഷൻ

പഞ്ചായത്തിൽ ക്ഷയരോഗികൾ ധാരാളം ഉണ്ടെങ്കിലും പെൻഷൻ കിട്ടുന്നവർ വളരെ കുറവാണ്. ഈ പദ്ധതിയെകുറിച്ചുള്ള അജ്ഞതയും സ്വകാര്യ മേഖലയിലെ ചികിൽസയുമാണ് ഇതു ലഭിക്കാതിരിക്കുന്നതിന് പ്രധാന കാരണം പൊതു, സ്വകാര്യ ചികിൽസ സംവിധാനം ഉപയോഗപ്പെടുത്തുന്ന മുഴുവൻ രോഗികൾക്കും വരുമാനപരിധി കൂടാതെ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കണം.

## തൊഴിലില്ലായ്മ വേതനം

പഞ്ചായത്തിൽ 8-ാം പദ്ധതിയിൽ 160 പേർ അപേക്ഷ നൽകിയതിൽ 127പേർ തൊഴിലില്ലായ്മാ വേതനംപററുന്നുണ്ട്. അനർഹമായി തൊഴിലില്ലായ്മ വേതനം പററുന്നവർ വളരെ കൂടുതൽ ആണ് കൂടാതെ ലഭിക്കുന്ന സംഖ്യയും വളരെ കുറവാണ്. ആയതിനാൽ ഇപ്പോൾ നിലനിൽക്കുന്ന ഈ രീതിക്ക് അടിസ്ഥാനപരമായ മാററം വരുത്തി ഈ രംഗത്തു ചിലവഴിക്കുന്ന തുക തൊഴിലില്ലാത്തവർക്കു ഉപയുക്തമാകുന്ന രീതിയിൽ ഉൽപ്പാദനമേഖലകളിലേക്കു തിരിച്ചുവിടുന്നതിനെപ്പററി ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

## മാതൃസഹായം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് ആദ്യത്തെ 2 പ്രസവത്തിനുനൽക്കുന്ന ധനസഹായമാണ് ഇത്. പഞ്ചായത്തിൽ ഈ വിധത്തിൽ സഹായംനൽകാൻ കഴിയുന്നപരിധി 44 പേർക്കാണെങ്കിലും 23 അപേക്ഷകരെ 95-96 കാലയളവിൽ ഉണ്ടായിരുന്നുള്ളു. അപേക്ഷകർക്കു മുഴുവൻ തുക വിതരണം ചെയ്തു. അർഹരായവർ ഈപഞ്ചായത്തിൽ കൂടുതൽ ഉണ്ടെങ്കിലും ഈ പദ്ധതിയുടെ പ്രചാരണ കുറവുമൂലം അർഹതപ്പെട്ടവർക്ക് മുഴുവൻ ഇതിൻെറ ഗുണംലഭിച്ചിട്ടില്ല. ആയതിനാൽ ഇത്തരം സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിവരം എല്ലാ ജനങ്ങളിലും എത്തിക്കുന്നതിന് വേണ്ടത്ര പ്രചാരണം നൽകുന്നതിന് പഞ്ചായത്തിന് എന്തൊക്കെ ചെയ്യാമെന്ന് കൂലങ്കഷമായ ചർച്ച ആവശ്യമാണ്.

## അങ്കൻവാടികൾ I.C D.S Program

സാമൂഹ്യ ക്ഷേമരംഗത്ത് വിപ്ലവാത്മകമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കേണ്ട അംഗൻവാടികൾ 95–96ലാണ് പഞ്ചായത്തിൽ ആരംഭിച്ചത്. കൊച്ചുകുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇവ ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരളവുവരെ സഹായിക്കുന്നുണ്ട്. പോളിയോ നിർമാർജന രംഗത്ത് അങ്കൻവാടികളുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

പഞ്ചായത്തിൽവിവിധ വാർഡുകളിലായി 13 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമോ വേണ്ടത്ര കളിക്കോപ്പുകളോ മിക്ക അംഗൻവാടികൾക്കും ഇല്ല. കുട്ടികളുടെ മാനസിക വളർച്ചക്കു കളിക്കോപ്പുകളുടെ ആവശ്യം വളരെ പ്രധാനപ്പെട്ടതാണ്. വിദ്യാഭ്യാസപരമായും ആരോഗ്യപരമായുംപിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് അംഗൻവാടികളുടെ കാര്യക്ഷമമായ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. കൂടുതൽ ജീവനക്കാരും അർഹതപ്പെട്ട വേതനവും, ആവശ്യമായ പ്രവർത്തനസൗകര്യങ്ങളും ഈ മേഘലയിൽ നൽകേണ്ടതുണ്ട്.

## അംഗൻവാടികളുടെ വിവരം

| വാർഡ് | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|
| 1 | ... | ... | ... | 1 | ... | ... | ... |
| 2 | ... | ... | ... | 1 | ... | ... | ... |
| 3 | ... | 1 | ... | 1 | ... | ... | ... |
| 4 | ... | ... | ... | 2 | ... | ... | ... |
| 5 | ... | ... | ... | ... | ... | ... | ... |
| 6 | ... | 1 | ... | 2 | 1 | ... | ... |
| 7 | ... | 1 | ... | 1 | .. | ... | ... |
| 8 | ... | ... | 1 | ... | 1 | ... | ... |
| 9 | ... | 1 | 1 | 1 | 1 | ... | ... |
| ആകെ | 1298 കുട്ടികൾ | | | | | | |

ജനസംഖ്യാനുപാതികമായി പഞ്ചായത്തിൽ ഇനിയും അംഗൻവാടികൾ അനുവദിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ 4–ാം വാർഡിൽ കാട്ടിലപ്പാടത്തും 1–ാം വാർഡിൽ പള്ളിക്കുന്നിലും ഓരോ അംഗൻവാടികൾകൂടി സ്ഥാപിക്കേണ്ടതുണ്ട്. അംഗൻവാടികൾ ഇതുവരെ ഒന്നും ഇല്ലാത്ത 5–ാം വാർഡിൽ തെക്കേമുണ്ടയിലും കാരക്കുളത്തും, മുല്ലപ്പള്ളിയിലും ഓരോ അംഗൻവാടികൾ അത്യാവശ്യമാണ്. അംഗൻവാടികൾ പ്രവർത്തനക്ഷമമാക്കുന്നതിന് അവയുടെ ശോച്യാവസ്ഥ പരിഹരിച്ച് എല്ലാസൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്. അംഗൻ വാടികളിൽ പ്രാഥമിക കാര്യങ്ങൾക്കുള്ള സൗകര്യങ്ങൾ അടിയന്തിരമായി നൽകേണ്ടതുണ്ട്. അംഗൻവാടികൾക്ക് ആവശ്യമായ സ്ഥലവും കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ടും വേണ്ടത്ര ലഭ്യമല്ലെങ്കിൽ ജനകീയ സമിതി രൂപീകരിച്ച് ജനങ്ങളിലേക്ക് ഇറങ്ങി തടികളും മററുനിർമ്മാണ സാമഗ്രികളും സൗജന്യമായി ശേഖരിച്ച് മനുഷ്യാധ്വാനം കൈമുതലാക്കി ഒരു കൂട്ടായ സംരംഭം ഈ മേഖലയിൽ ആവശ്യമാണ്.

ഈ പഞ്ചായത്തിലെ ആദിവാസികൾ

തിങ്ങിപാർക്കുന്ന ചൊടാലപ്പൊട്ടി, മുണ്ടകടവ്, നെടുങ്കയം എന്നീ കോളനികൾ കേന്ദ്രീകരിച്ച് ഓരോ അംഗൻവാടിയും V–ാം വാർഡിൽ ജനവാസമേറെയുള്ള തെക്കേമുണ്ട കേന്ദ്രീകരിച്ച് ഒന്നും VII–ാം വാർഡിൽ നരിയളം കുന്നിൽ ഒന്നും III-ാം വാർഡിൽ ഹൈസ്കൂൾ കുന്നിൽ ഒന്നും മേൽഖണ്ഡികയിൽ പറഞ്ഞതു കൂടാതെ അനുവദിക്കുന്നതിന് അധികൃതരിൽ സമ്മർദ്ധം ചെലുത്തേണ്ടതാണ്.

അംഗൻ വാടികൾക്ക് കളിപ്പാട്ടങ്ങൾ വാങ്ങുവാൻ നിശ്ചിത ഗ്രാൻറ് പഞ്ചായത്തിൽ നിന്നും നൽകണം. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കണം.

അംഗൻവാടികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അംഗൻവാടി ജീവനക്കാരുടെ സേവനവേതന ഘടന പരിഷ്ക്കരിക്കുകയും ജോലി സ്ഥിരത ഉറപ്പുവരുത്തുകയും വേണം ഇപ്പോൾ ഈ മേഖലയിലെ ജീവനക്കാർക്ക് ലഭിക്കുന്ന വേതനം വളരെ തുച്ഛവും ജോലി ഭാരിച്ചതുമാണ്. ഭാവിതലമുറയെ വാർത്തെടുക്കുന്നതിൽ അംഗൻവാടികൾക്കുള്ള പങ്ക് ഒരു ക്ഷേമ രാഷ്ട്രമായ നമ്മുടെ രാജ്യത്ത് അത്യന്താപേക്ഷിതമാണ്.

## ക്ഷേമനിധികളെ സംബന്ധിച്ച്

## കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ 200ൽ അധികം പേർ ക്ഷേമനിധിയിൽ അംഗങ്ങളാണ്. മുഴുവൻ നിർമ്മാണ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. കഠിനാധ്വാനം ചെയ്തു ജീവിക്കുന്ന ഈ മേഖലയിലെ തൊഴിലാളികളുടെ പെൻഷൻ പ്രായം 55 ആയി കുറക്കേണ്ടിയിരിക്കുന്നു. കൂടാതെ എല്ലാനിർമ്മാണ തൊഴിലാളികളേയും ഈ പദ്ധതിയിൽ അംഗങ്ങളാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ബോണസ് നൽകേണ്ടതാണ്. 45 കോടിയോളം രൂപ ആസ്തിയുള്ള ബോർഡിന് സർക്കാരിനെ ബാധിക്കാത്ത രീതിയിൽതന്നെ നടപ്പാക്കാവുന്നതാണ്.

## കർഷകതൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ 600ൽപരം ആളുകൾ ക്ഷേമനിധിയിൽ അംഗങ്ങളാണ്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള മുഴുവൻ തൊഴിലാളികൾക്കും ബോണസ് നൽകുവാനുള്ള നടപടികൾ സർക്കാരിനെ ആശ്രയിക്കാതെ 45 കോടിയിലധികം ആസ്തിയുള്ള ബോർഡിൽ നിന്ന് തന്നെ സംഘടിപ്പിച്ച് തൊഴിലാളികൾക്കു വിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

ക്ഷേമനിധിയിൽ ചേരാൻ അർഹതയുള്ളവർ ധാരാളം ഇനിയും ഈ പഞ്ചായത്തിൽ ഉണ്ട്. അവരെ കണ്ടെത്തി ഈ പദ്ധതിയിൽ അംഗങ്ങളാക്കുവാൻ കർമ്മപരിപാടി ആവിഷ്ക്കരിക്കണം. പ്രായപരിധി ഈ മേഖലയിലും 55 ആയി കുറക്കേണ്ടിയിരിക്കുന്നു. മററു മേഖലകളിൽ ജോലി ചെയ്യുന്ന ധാരാളം തൊഴിലാളികൾ ഉണ്ടെങ്കിലും അവർക്ക് ക്ഷേമനിധി രൂപീകരിക്കുകയോ അംഗങ്ങളായി ചേർക്കുകയോ ചെയ്തിട്ടില്ല, ഇക്കാര്യത്തിൽ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിന് കൂട്ടായ ബോധവൽക്കരണം ആവശ്യമാണ്. ജീവിതകാലം മുഴുവൻ വെയിലിലും, മഴയിലും മണ്ണിനോടും മല്ലിട്ട് കനകം വിളയിക്കുന്ന കർഷകതൊഴിലാളികൾക്ക് സായാഹ്നത്തിൽ നൽകുന്ന തുക കാലോചിതമായി പരിഷ്കരിക്കുകയും അവ എളുപ്പം ലഭ്യമാകുന്നരീതിയിൽ ഈ പദ്ധതി കൂടുതൽ ആകർഷണീയമാക്കേണ്ടതുണ്ട്. ക്ഷേമനിധിയിൽ ഭൂ ഉടമാവിഹിതം പിരിച്ചെടുക്കാനുള്ള സംവിധാനം നിലവിലില്ല. ഇതു ഈടാക്കി നിധിയിൽ ഇടാനുള്ള നടപടികൾ സ്വീകരിക്കണം

## പൊതുവിതരണം

കുതിച്ചുയരുന്ന അവശ്യസാധനങ്ങളുടെ വിലയെ ഒരു പരിധിവരെ കടിഞ്ഞാണിടുന്നത് സർക്കാരിൻെറ ഉടമയിലുള്ള പൊതുവിതരണ ശൃംഖലയാണ്. ഇതിൽ റേഷൻഷാപ്പുകളുടെ പ്രവർത്തനം മററു സംസ്ഥാനങ്ങൾകൂടി മാതൃകയാക്കിയിട്ടുണ്ട്. റേഷൻഷോപ്പു വഴി അരിയും, പഞ്ചസാരയും, മണ്ണെണ്ണയുമല്ലാതെ എല്ലാ അവശ്യ സാധനങ്ങളും വിതരണം ചെയ്താൽ കമ്പോളത്തിലെ വില നിലവാരത്തെ ഒരുപരിധി വരെ നിയന്ത്രിക്കുവാൻ സാധിക്കും.

പഞ്ചായത്തിൽ 6 റേഷൻ കടകൾ നിലവിലുണ്ട്. ഇവയിൽ മൊത്തം 2952 കാർഡുകൾ ഉണ്ട്. പഞ്ചായത്തിൽ മാവേലി സ്റ്റോറുകൾ ഇല്ല. കരുളായി കേന്ദ്രീകരിച്ച് ഒരു മാവേലി സ്റ്റോർ അത്യാവശ്യമായി സ്ഥാപിക്കേണ്ടിയിരിക്കുന്നു. സിവിൽ സപ്ലൈസിൻ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോർ തുടങ്ങിയാൽ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായിരിക്കും.

കരുളായി പഞ്ചായത്തിലെ ഏക സഹകരണ സ്ഥാപനമായ കരുളായി സർവ്വീസ് സഹകരണബാങ്ക് എല്ലാവർഷവും ഓണചന്ത നടത്താറുണ്ട്. റംസാൻ, ഓണം, ക്രിസ്തുമസ് തുടങ്ങിയ എല്ലാ ആഘോഷവേളകളിലും ഇത്തരത്തിലുള്ള ചന്തകൾ ബാങ്കുമുഖേന നടത്താൻ സഹകരണ ഡിപ്പാർട്ടുമെൻറ് ശ്രമിക്കേണ്ടതാണ്.

## റേഷൻഷാപ്പ് (പൊതുവിതരണം)

റേഷൻ ഷാപ്പുകൾ പൂർണ്ണമായും പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്. റേഷൻകടകളുടെ പേര് മാററംകൊണ്ട് ജനങ്ങൾക്കു യാതൊരു നേട്ടവുമുണ്ടായില്ല. പഞ്ചായത്തിലെ സാമൂഹ്യ സ്ഥിതി വിലയിരുത്തുമ്പോൾ റേഷൻ സംവിധാനം നില നിറുത്തേണ്ടതിൻെറ പ്രധാന്യം വളരെ വലുതാണ്. റേഷൻ ഷാപ്പുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തുതലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം. അല്ലാത്തപക്ഷം സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാസത്തിൽ ഒന്നോ രണ്ടോ ദിവസം പഞ്ചായത്തിൽവന്ന് റേഷൻ കാർഡ് സംബന്ധിച്ച പരാതികൾക്ക് പരിഹാരം നിർദ്ദേശിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ അത്യാവശ്യമായി വരുന്ന സ്ഥലങ്ങളിൽ റേഷൻ ഷോപ്പുകൾ ഇനിയും സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതികൾ ഒന്നും ഇല്ല. ഇത് അടിയന്തിരമായി രൂപീകരിക്കണം. ഉപഭോക്താക്കൾ വഞ്ചിക്കപ്പെടുന്ന ഒരു ദയനീയ അവസ്ഥയാണ് സംസ്ഥാനത്ത് നില നിൽക്കുന്നത്. ഉപഭോക്തൃ വഞ്ചനയെന്നത് ഭക്ഷണവുമായി മാത്രം ബന്ധപ്പെട്ടതല്ല. മായംചേർക്കൽ മാത്രവുമല്ല. സ്വകാര്യ ലാഭത്തിനു വേണ്ടി മാത്രം നടത്തുന്ന എല്ലാപ്രവർത്തനങ്ങളും ഇതിൽ ഉൾക്കൊള്ളുന്നതാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദം, സേവനം, ഭരണം തുടങ്ങിയ ജീവിതത്തെ സ്പർശിക്കുന്നഎല്ലാ തുറകളിലും ഈ വഞ്ചന ദർശിക്കാം. സമൂഹത്തിലെ ബഹുഭൂരിപക്ഷംപേരും വഞ്ചിക്കപ്പെടുന്നവരാണ്. ചെറിയൊരു ന്യൂനപക്ഷം മാത്രമാണ് ഇതുവഴി നേട്ടമുണ്ടാക്കുന്നത്. കൊട്ടാര സദൃശ്യമായ മണിമാളികകളും, പഞ്ചനക്ഷത്ര ഹോട്ടലും വലിയ ഫാക്ടറികളും ഒക്കെ ഈ ചെറിയ ന്യൂനപക്ഷത്തിൻെറ വകയാണ്. ഇവർ നടത്തുന്ന വഞ്ചനയുടെ ഭൗതികഫലങ്ങൾ ആണ്. ചാളകളും, ചേരികളും, തൊഴിലില്ലായ്മയും, ദാരിദ്ര്യവും രോഗങ്ങളും ഒക്കെ ഇതിൻെറ മറുവശവും.

## വഞ്ചനയുടെ രൂപങ്ങൾ

### 1 ഒന്നിനുപകരം മറെറാന്ന്

'ഇളയവളെ കാണിച്ച് മൂത്തവളെ കെട്ടിക്കുക' എന്നൊരു ചൊല്ലുണ്ടല്ലൊ. ലേബൽ ഒന്നായിരിക്കും അകത്തുള്ളത് മറെറാന്ന്.

### 2 ഗുണനിലവാരം

കലർപ്പ് അല്ലെങ്കിൽ മായം ആണ് നമുക്ക് പരിചയമുള്ള തട്ടിപ്പ്.

### 3 അളവിൽ കുറവ്

തൂക്കത്തിലും, വ്യാപ്തത്തിലും, നീളത്തിലും ഒക്കെ നമ്മെ കബളിപ്പിക്കുന്നു.

### 4 വില

സാധനങ്ങൾ പൂഴ്ത്തിവെച്ച് കൃത്രിമ വിലക്കയററം ഉണ്ടാക്കി നമ്മെ പററിക്കുന്നു.

### 5 നികുതി

ഗവൺമെൻറ് നേരിട്ടു ജനങ്ങളെ വഞ്ചിക്കുന്നു. പരോക്ഷ നികുതികളിലൂടെ നാം വാങ്ങുന്ന സാധനങ്ങളുടെ വിലയുടെ നല്ലൊരു ശതമാനം (30 ശതമാനം മുതൽ 70 ശതമാനം വരെ സർക്കാർ ഈടാക്കുന്ന പലതരം നികുതികളാണ്

ചുരുക്കത്തിൽ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും സാധാരണക്കാർ നിരന്തരമായി വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവിടെയാണ് ഉപഭോക്തൃ സംരക്ഷണ സമിതികളുടെ പ്രസക്തി. ശക്തമായ ഒരു ഉപഭോക്തൃ സംരക്ഷണ സമിതി ഈ പഞ്ചായത്തിൽ അടിയന്തിരമായി രൂപീകരിക്കേണ്ടിയിരിക്കുന്നു.

൦൦

# 8 സംസ്കാരം

നീലഗിരി മലകളുടെ താഴെ പരന്നു കിടക്കുന്ന വലിയൊരു റിസർവ്വ് ഫോറസ്റ്റ് ഉൾപ്പെടുന്ന കരുളായി പഞ്ചായത്തിന് സാംസ്കാരിക പൈതൃകമെന്ന് വിശേഷിപ്പിക്കാൻ വെറും ഒരു നൂറ്റാണ്ടിന്റെ ചരിത്രമേയുള്ളൂ. നൂറ്റാണ്ടിന് മുമ്പ് ജനസംഖ്യ ഈ പഞ്ചായത്തിൽ നന്നേ കുറവായിരുന്നു. ഉള്ളവരാകട്ടെ മററ് പ്രദേശങ്ങളിൽ നിന്നും കുടിയേറിയവരും. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലായിരുന്നതിനാൽ ഇവർക്ക് വിദ്യാഭ്യാസം ലഭ്യമായിരുന്നില്ല. അനൗപചാരിക വിദ്യാഭ്യാസവും വേണ്ടത്ര ജനങ്ങൾക്ക് കിട്ടിയിരുന്നില്ല. അന്നുണ്ടായിരുന്ന മതന്യൂനപക്ഷം അവരുടെ കുട്ടികളെ പ്രത്യേകിച്ച് പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ തയ്യാറല്ലായിരുന്നു. ഒരു മുസ്ലീം സ്കൂൾ പള്ളിക്കുത്തിൽ ഉണ്ടായിരുന്നതായി സൂചിപ്പിക്കുന്നു. വഴിക്കടവ് മുതൽ കാളികാവ് വരെയുള്ള മുസ്ലിങ്ങൾക്കായി 1 ആരാധനാലയം പള്ളിക്കുത്തിലാണ് ഉണ്ടായിരുന്നത്. ഇന്നത്തെ കഥാപ്രസംഗ ശൈലിയിലുള്ള മാപ്പിള കിസ്സപ്പാട്ട് ആ കാലത്ത് നിലവിലുണ്ടായിരുന്നു. മഹാകവി മോയിൻകുട്ടി വൈദ്യർ, പുലിക്കോട്ടിൽ ഹൈദ്രു എന്നീ പ്രഗത്ഭന്മാരുടെ കവിതകളാണ് ആലാപനം ചെയ്തിരുന്നത്.

ആയിരത്തിലേറെ വർഷം പഴക്കമുള്ള ഒരു ഹിന്ദുദേവാലയമാണ് ചെമ്മന്തിട്ട ക്ഷേത്രം. ഇതിനെപ്പററി വളരെയേറെ ഐതിഹ്യങ്ങൾ പറഞ്ഞു കേൾക്കുന്നു. ക്ഷേത്രത്തോടനുബന്ധിച്ചുള്ള പ്രദേശങ്ങളിൽ ധാരാളം ബ്രാഹ്മണർ താമസിച്ചിരുന്നു. അവരുടെ കുലദൈവമായിരുന്നു. സൗമ്യസ്വരൂപിണിയും ബാലസ്വരൂപയുമായ ചെമ്മന്തിട്ട ഭഗവതി. വളരെ ദൂരെ നിന്ന് ഒരു ശക്തി ഈ കാവിലുണ്ടായിരുന്ന ദേവി ശക്തിയോടു കൂടി ലയിച്ചുവെന്നും ഇവിടെ സ്ഥിരത പ്രാപിച്ചുവെന്നുമാണ് വിശ്വാസം. തുടർന്ന് ഈ സ്ഥലത്തിന് ചെമ്മന്തിട്ട എന്ന പേരു കിട്ടിയെന്നും പറയപ്പെടുന്നു. ദൈവവിരോധികളായ ഒരു കൂട്ടം ആളുകൾ ബ്രാഹ്മണരുമായി കലഹമുണ്ടാക്കുകയും, ഒരു വിഭാഗം ബ്രാഹ്മണർ ഭയന്ന് പാലായനം ചെയ്യുകയും ചെയ്തു. ബാക്കിയുണ്ടായിരുന്ന ആളുകളിൽ നിന്നും ഈ ക്ഷേത്രത്തിന്റെ അധികാരം ക്ഷത്രിയരിൽ വന്നുചേർന്നു. ആ രാജവാഴ്ചക്കാലത്ത് ആണ് ക്ഷേത്രത്തിന് ഭൂസ്വത്തുക്കൾ കിട്ടിയത്. ആ രാജകുടുംബത്തിൽപ്പെട്ട ഒരാൾക്ക് ശൂദ്രസ്ഥാനവുമായി ബന്ധമുണ്ടാകുകയും ഭാര്യാസ്വീകരണം നടത്തുകയും ചെയ്തു. അങ്ങനെയാണ്. ഈ ക്ഷേത്രത്തിന്റെ ഭരണം ചെമ്മന്തിട്ട നായർ തറവാടിന് വന്നുചേർന്നത്.

ഇതൊരു കാവായിരുന്നു. ക്ഷേത്രത്തിന് മേൽപ്പുരയില്ല. മററ് ക്ഷേത്രങ്ങളിലുള്ളതു പോലെ ഇവിടെ പ്രതിഷ്ഠയില്ല. ദേവി ശിശുവാണെന്ന സങ്കല്പം കൊണ്ട് ആനആർപ്പ്, വെടിക്കെട്ട് ഇവകളില്ല. പാട്ടുത്സവമാണ് ഇവിടുത്തെ പ്രധാന ഉത്സവചടങ്ങ്. കളം വരച്ച് വിളക്ക് വെച്ച് കുറുപ്പൻമാർ എന്നറിയപ്പെടുന്ന പ്രത്യേക വിഭാഗക്കാർ താളത്തോടുകൂടി മൂന്നോ ഏഴോ ദിവസങ്ങളിൽ ദേവീസ്തുതികൾ പാടുന്നു. ഇപ്പോൾ ഈ ക്ഷേത്രഭരണം നടത്തുന്നത് മലബാർ ദേവസ്വം ബോർഡാണ്. പാട്ടുത്സവ സമയത്ത് നാനാജാതി മതസ്ഥരും ആഘോഷങ്ങളിൽ പങ്കെടുക്കുകയും സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യുന്നു.

1947 കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽപെട്ട പുല്ലഞ്ചേരി ബഥേൽ കോളനിയിൽ ക്രിസ്തീയ വിഭാഗത്തിൽപെട്ട 47 കുടുംബങ്ങൾ കുടിയേറി പാർത്തു. അക്കാലത്ത് അവരുടെ വിഭാഗത്തിൽപെട്ട ആരാധനാലയങ്ങൾ അവിടെയില്ലാതിരുന്നതുകൊണ്ട് ചെറിയൊരു ചാപ്പലുപോലെ വച്ചുകെട്ടി അവർ ആരാധന നടത്തിയിരുന്നു. ഈ പ്രദേശത്തെ ആദ്യത്തെ ക്രിസ്ത്യൻ ദേവാലയം പുല്ലഞ്ചേരിയിലുള്ള ക്രിസ്തീയ ദേവാലയമാണ്. മലബാർ ഭദ്രാസനത്തിന്റെ കീഴിൽ കരുളായിയിലുള്ള 70 – 75 ഓളം കുടുംബങ്ങൾക്കുള്ള ആരാധനാലയം അന്തരിച്ച ഫാദർ കുര്യാക്കോസ് 1955—ൽ സ്ഥാപിച്ചു. ഇതിന്റെ പ്രവർത്തനത്തിന് പിന്നിൽ അദ്ദേഹം വളരെയേറെ കഷ്ടതകൾ അനുഭവിച്ചിട്ടുണ്ട്

നൂററാണ്ടുകൾക്ക് മുൻപ് തന്നെ ഈ പഞ്ചായത്തിലുള്ള വനത്തിലും അതിനോട് ചേർന്നുള്ള പ്രദേശങ്ങളിലും ആദിവാസികൾ വസിച്ചിരുന്നു. ഓരോ വിഭാഗത്തിനും അവരുടേതായ ആചാരാനുഷ്ഠാനങ്ങൾ ഇന്നും നിലനിൽക്കുന്നു. ഏറനാടിന്റെ അധിപൻമാരെന്നറിയപ്പെടുന്ന ''അറനാടൻമാർ'' എന്ന ആദിഗിരി വർഗ്ഗക്കാർ ഈ പ്രദേശങ്ങളിൽ ഇന്നും താമസിക്കുന്നു. അനേകം വർഷങ്ങൾക്ക് മുമ്പ് ഉത്തരേന്ത്യയിൽ നിന്നും കേരളത്തിലെത്തിച്ചേർന്ന 'നീഗ്രിറോ' വംശജരായ ഒരു ആദിദ്രാവിഡ ജനവർഗ്ഗമാണ് അറനാടൻമാർ. കൃഷിപ്പണിയിലോ കാലിവളർത്തലിലോ ഇവർക്ക് താൽപര്യമില്ല. പുഴവക്കത്തുള്ളവർപോലും കുളിക്കുകയോ വസ്ത്രം വൃത്തിയാക്കുകയോ ചെയ്യാറില്ല. ഒരു മതത്തിലും ഇവർ വിശ്വസിക്കുന്നില്ല. പ്രായപൂർത്തിയായ പെൺകുട്ടികൾ ഇഷ്ടമുള്ള പുരുഷനോടൊപ്പം ഒളിച്ചോടുന്നു. വധൂവരൻമാർ ഒരുപാത്രത്തിൽ നിന്നും ആഹാരം കഴിച്ചാൽ വിവാഹം കഴിഞ്ഞു.

ആദിവാസികളിൽപ്പെട്ട പണിയർ, ചോലനായ്ക്കർ, കുറുമർ, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളും വനത്തിലും നാട്ടിൻ പ്രദേശങ്ങളിലുമായി താമസിക്കുന്നു. പണിയർ വിഭാഗത്തിൽപെട്ടവർ കൊയ്ത്തുകഴിഞ്ഞാൽ രാത്രികാലങ്ങളിൽ കൂട്ടമായി തുടികൊട്ടി പാട്ടുപാടി നൃത്തം വയ്ക്കുന്ന പ്രാകൃത കലാരൂപമുണ്ട്. മരണാനന്തരം വീടുകളിൽ ഇത്തരം ആഘോഷങ്ങൾ നടത്തുന്നതായും കാണുന്നുണ്ട്. പ്രാകൃതമായ ബിംബാരാധനകളും ആഘോഷങ്ങളും ഇവർ നടത്താറുണ്ട് മാഞ്ചേരി (ചൊടാലപ്പാട്ടി കോളനി) മുണ്ടക്കടവ് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് കാട്ടുനായ്ക്കൻമാർ താമസിക്കുന്നു. മരണാനന്തരം വീടുകളിൽ കേന്ദ്രീകരിച്ച് വാദ്യോപകരണങ്ങളോടുകൂടി പാട്ടുപാടി നൃത്തം ചെയ്യുന്ന രീതി ഇവർക്കുണ്ട്. മരിച്ചയാളുടെ മരണകാരണം ഈയവസരത്തിൽ തെളിയുമെന്നാണ ഇവരുടെ വിശ്വാസം.

മൈലാടിപ്പൊട്ടി കേന്ദ്രീകരിച്ച് മുപ്പതോളം വരുന്ന ചോലനായ്ക്കർ കുടുംബം താമസിക്കുന്നു. ഇവരിൽ സ്ത്രീകൾ കുറവും പുരുഷൻമാർ കൂടുതലുമാണ്. പിതാവിന് പാരിതോഷികം കൊടുത്ത് പെൺകുട്ടിയെ വിലക്കുവാങ്ങുന്ന വിവാഹ സമ്പ്രദായം നിലനിൽക്കുന്നു. ഗൃഹാധിപത്യം സ്ത്രീകൾക്കാണ്. മരണാനന്തരം മരിച്ചവ്യക്തിയെകുറിച്ചുള്ള ചിന്ത അവസാനിപ്പിക്കുന്നു. മരണത്തെ സന്തോഷ സൂചകമായിട്ടാണ് കാണുന്നത്. ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ ഇവിടെ നിന്നും ചോലനായ്ക്കർ വിഭാഗത്തിൽപ്പെട്ട പാണപ്പുഴ ചാത്തനും, കുപ്പമല ചെല്ലനും ഡൽഹിയിൽ നടന്ന റിപ്പബ്ളിക് ദിനാഘോഷങ്ങളിൽ പങ്കെടുത്തിരുന്നു. ഔഷധ സസ്യങ്ങളുപയോഗിച്ചുള്ള പാരമ്പര്യ ചികിൽസാരീതിയാണ് ഇവർ പിൻതുടരുന്നത്. പക്ഷെ മററാർക്കും അത് പകർന്നു കൊടുക്കുകയില്ല. ആദ്യ കാലങ്ങളിൽ വന വിഭവങ്ങൾ ശേഖരിച്ച് ഇടത്തട്ടുകാരായ ആൾക്കാർക്ക് കൊടുക്കുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. 1976—ൽ ഇവരുടെ സാമൂഹിക — സാമ്പത്തിക പുരോഗതിക്കായി ഗവൺമെൻറ് ഗിരിജൻ സൊസൈററി രൂപീകരിക്കുകയും വനവിഭവങ്ങൾ സൊസൈററി വഴി ശേഖരിച്ച് അവർക്ക് അർഹമായ സാമ്പത്തികാനുകൂല്യം നൽകുകയും ചെയ്യുന്നു.

ആദ്യ കാലങ്ങളിൽ നെൽകൃഷി മാത്രമെ ഇവിടെ ഉണ്ടായിരുന്നുള്ളൂ. നിലമ്പൂർ കോവിലകം, ചെമ്മംതിട്ട ദേവസ്വം, കരുളായി പട്ടർ തുടങ്ങിയവരുടേതായിരുന്നു ഭൂമി മുഴുവനും. ഈ ജൻമിമാർ നേരിട്ടുവന്ന് കൃഷിചെയ്യാതെ ഓരോ സ്ഥലങ്ങളിലും അതിനുള്ള മേൽനോട്ടക്കാരെ നിയോഗിച്ചിരുന്നു. അങ്ങനെ നിയോഗിക്കപ്പെട്ടിരുന്ന ആൾക്കാർ താമസിച്ചിരുന്ന കുടുംബങ്ങളെ 'കളങ്ങൾ' എന്നാണ് പറഞ്ഞിരുന്നത്. കൃഷിചെയ്തിരുന്ന ആൾക്കാരെ കുടിയാൻമാർ എന്ന് പറഞ്ഞിരുന്നു. സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംകൊണ്ട ഖിലാഫത്ത് പ്രസ്ഥാനത്തിൽ, ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ ഈ പഞ്ചായത്തിലെ ചുരുക്കം ജനങ്ങളും സംഘടിക്കുകയുണ്ടായി. ഈ സമരത്തിന്റെ അന്ത്യത്തിൽ ചില അനിഷ്ട സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

വളരെക്കാലങ്ങൾക്ക് മുമ്പ് ഈ നാട്ടിലെ കലാകാരൻമാർ ''വെള്ളരി നാടകം'' എന്ന കലാ

രൂപം അവതരിപ്പിച്ചിരുന്നു. അതിൽ രാജാപ്പാർട്ട്, വിദൂഷകൻ എന്നീ ഭാഗങ്ങൾ ഉണ്ടായിരുന്നു. അതിൽ വിദൂഷകന്റെ പാർട്ട് തന്മയത്വത്തോടെ അഭിനയിച്ച് കഴിവ് തെളിയിച്ച ഒരാളാണ് ചിത്രംപള്ളിവേലായുധൻ. സാംസ്കാരിക രംഗത്ത് വളരെയധികം സംഭാവന നൽകിയവ്യക്തിയാണ് ഇ. കെ. അയ്മു എന്ന സാഹിത്യകാരൻ. നാടകങ്ങളും ചെറുകഥകളും രചിച്ച് അവാർഡ് നേടിയിട്ടുള്ള ഇദ്ദേഹം കരുളായിയിലെ സ്ഥിരം താമസക്കാരനായിരുന്നു. ആദ്യകാല സാംസ്കാരിക നായകൻമാരായ നാലകത്ത് മാനു, പനോലൻ കുഞ്ഞു തുടങ്ങിയ ആളുകളെ ഈയവസരത്തിൽ സ്മരിക്കേണ്ടതാണ്.

1953—54 കാലഘട്ടത്തിൽ നാട്ടുകാരിൽപെട്ട ഏതാനും സഹൃദയരുടെ പരിശ്രമഫലമായി ഇന്നുകാണുന്ന ദേശസേവാസമാജം വായനശാല ഒരു വാടക കെട്ടിടത്തിൽ ആരംഭിച്ചു. സാമൂഹിക പ്രവർത്തകനായിരുന്ന കെ. ഗോവിന്ദൻ നായരായിരുന്നു ആദ്യകാല പ്രസിഡന്റ്. 56—57 കാലഘട്ടത്തിൽ ഇതിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുകയും എ. പി. മുഹമ്മദ് ഫോറസ്റ്റർ, ടി. കെ. മുഹമ്മദ് എന്ന ബാപ്പുട്ടി പി. എം. പോരം തുടങ്ങിയവർ പ്രസിഡന്റ് സ്ഥാനം വഹിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ വായനശാലയിൽ ചെറുകാടിനെപ്പോലെ സുപ്രസിദ്ധരായിട്ടുള്ള സാഹിത്യകാരൻമാർ കലാസാംസ്കാരിക രംഗങ്ങളെപ്പററി സംസാരിച്ചിരുന്നു വായനശാലയുടെ വാർഷികത്തിന് ആദിവാസികളുടെ കലാരൂപങ്ങളും മററ് കലാപരിപാടികളും നടത്തിയിരുന്നു. ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം കലാസാംസ്കാരിക രംഗത്ത് ഒരു കുതിച്ചുകയററം നടത്തിയ കാലഘട്ടമായിരുന്നു അത്.

കലാ—കായിക—സാമൂഹിക രംഗത്തെ ഉന്നമനത്തിന് ചുക്കാൻ പിടിക്കേണ്ട സംഘടനകൾ വിരലിലെണ്ണാവുന്നവ മാത്രമെ കരുളായി പഞ്ചായത്തിലുള്ളൂ. പലപ്പോഴും ആത്മാർത്ഥതയും സേവന സന്നദ്ധതയും മാത്രം കൈമുതലാക്കിക്കൊണ്ട് രൂപീകരിക്കപ്പെടുന്ന ക്ളബ്ബുകൾ സാമ്പത്തിക ഞെരുക്കം മൂലം തകർന്നുപോകുന്നു.

1980 കളിൽ രൂപീകരിക്കപ്പെട്ട കെ. എ. സി. സി. സംഘടന കരുളായിയുടെ കലാ –സാംസ്കാരിക രംഗത്ത് കുറച്ച് നാൾ പ്രവർത്തിക്കുകയും ആവുന്നത്ര സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്. 1989—ൽ ആൽഫാസ് ക്ളബ്ബ് പ്രസിദ്ധീകരിച്ച 'രദ്യ' കൈയെഴുത്ത് മാസികയുടെ പ്രവർത്തനം ഏറെ നാൾ നീണ്ടുനിന്നില്ല. യുവകലാസാഹിതി കരുളായി യൂണിററ് 94—ൽ പ്രസിദ്ധീകരിച്ച 'സമീക്ഷ' ത്രൈമാസികയുടെ പ്രവർത്തനവും ഇന്ന് നിലച്ച മട്ടാണ്.

പഞ്ചായത്തിൽ ഇപ്പോൾ എട്ട് ആർട്സ് & സ്പോർട്സ് ക്ളബ്ബുകൾ പ്രവർത്തിക്കുന്നു. ഇവയിൽ രജിസ്ററർ ചെയ്തവയും ചെയ്യാത്തവയുമുണ്ട്. കരുളായി നാസ്കോ (NASCO) പരിമിതികൾക്കകത്തു നിന്നുകൊണ്ട് പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. SANDOS, PHOENIX RED STAR, സഹൃദയവേദി ക്ളബ്ബുകളും പഞ്ചായത്തിലെ കലാ — സാംസ്കാരിക രംഗത്ത് തങ്ങളുടേതായ സംഭാവനകൾ നൽകുന്നുണ്ട്. നാല് വായനശാലകളാണ് പഞ്ചായത്തിൽ ആകെയുള്ളത്. കരുളായി അങ്ങാടിയിൽ സ്ഥിതിചെയ്യുന്ന ഒന്നിനുമാത്രമെ ഗവൺമെന്റ് ഗ്രാന്റ് നൽകുന്നുള്ളൂ. പഞ്ചായത്ത് സാംസ്കാരിക നിലയമുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. 'മാനവി' എന്ന സാമൂഹിക സംഘടന ചെറുതെങ്കിലും ജനോപകാര പ്രവർത്തനങ്ങളിൽ പങ്കാളിത്തമുണ്ട്. കരുളായി അങ്ങാടിയിൽ ഫസ്ലെ ഉമർ ഇംഗ്ലീഷ് സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്ന വായനശാലയും സാംസ്കാരിക രംഗത്ത് ചെറുതല്ലാത്ത സംഭാവന നൽകുന്നുണ്ട്.

കോൽക്കളി, ദഫ് മുട്ട്, ചവിട്ടുകളി (ചെറുമക്കളി) തുടങ്ങിയ നാടൻ കലാരൂപങ്ങൾ നാമമാത്രമായെങ്കിലും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പുതിയ തലമുറ ഇവയോട് താൽപര്യം കാണിക്കാത്തതിനാൽ ഈ കലാരൂപങ്ങൾ നാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു. തൃപ്തികരമായ മതസൗഹാർദ്ദമാണ് പൊതുവെ കാണപ്പെടുന്നത്. ആഘോഷങ്ങളിലും, പൊതുപരിപാടികളിലുംജാതിമതഭേദമെന്യേ ജനങ്ങൾ സഹകരിക്കുന്നു. പഞ്ചായത്തിന്റെ പരിതാപകരമായ സാമ്പത്തികാവസ്ഥ

യും സാംസ്ക്കാരിക പിന്നോക്കാവസ്ഥയും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നതായി കാണാം. അതിനാൽ പ്രാദേശിക വിഭവ സമാഹരണത്തിലൂടെ മുന്നോറാൻ സാമൂഹിക-സാംസ്ക്കാരിക സംഘടനകൾക്ക് കഴിയാതെ പോകുന്നു. ഗവൺമെൻറ് തലത്തിൽ സാമ്പത്തിക സഹായം നൽകി ഇത്തരം സന്നദ്ധസംഘടനകളെപ്രോൽസാഹിപ്പിക്കേണ്ടത് ആത്യാവശ്യമാണ്. ഇവയെ അഭിവൃദ്ധിപ്പെടുത്തുന്നതോടെ ജനങ്ങളെ കൂടുതൽ കൂടുതൽ സന്നദ്ധപ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുവാനും തദ്വാരാ പഞ്ചായത്തിൻെറ വികസനം യാഥാർത്ഥ്യമാക്കുന്നതിനും കഴിയും.

കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പ്രത്യേക സംവിധാനങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിലില്ല. കലാസമിതികളിൽ സ്ത്രീ പങ്കാളിത്തം തീരെ ഇല്ല. T. V, കേബിൾ T. V. എന്നിവ സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നുണ്ട്. 10% ജനങ്ങൾ പഞ്ചായത്തിൽ T. V. ഉപയോഗിക്കുന്നുണ്ട്. 50ഓളം Cable T. V. ഉണ്ട്. പഞ്ചായത്ത് മേളകൾ സംഘടിപ്പിക്കപ്പെടുമ്പോൾ നിലവിലുള്ള ക്ളബ്ബുകൾ കായിക മൽസരങ്ങളിൽ സജീവമായി പങ്കെടുക്കാറുണ്ട്. പൊതുകളിസ്ഥലത്തിനുവേണ്ടി പഞ്ചായത്ത് രണ്ട് എക്കറോളം ഭൂമി ഏറ്റെടുത്തിട്ടുണ്ട്. എങ്കിലും ഇത് പ്രവർത്തനയോഗ്യമായിട്ടില്ല. ഹൈസ്കൂളിനും യു. പി. സ്കൂളിനും പൊതു കളിസ്ഥലമുണ്ട് ഒരു കരാട്ടെ സ്കൂൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജിംനേഷ്യം ഉണ്ടായിരുന്നുവെങ്കിലും പ്രവർത്തനം നിലച്ചമട്ടാണ്. സ്ത്രീകൾക്ക് പ്രത്യേകമായ കളിസ്ഥലങ്ങൾ ഇല്ല. ഒരു സിനിമാശാലയും പഞ്ചായത്തിലുണ്ട്.

വായനാശീലമുള്ള ധാരാളം ആൾക്കാർ ഈ പഞ്ചായത്തിലുണ്ടെങ്കിലും, വേണ്ട അവസരങ്ങൾ അവർക്ക് ലഭ്യമാകുന്നില്ല. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വായനശാല, ഗ്രന്ഥാലയം ഉൾപ്പെട്ട സാംസ്ക്കാരിക നിലയങ്ങൾ എന്നിവ സ്ഥാപിച്ചാൽ അത് ജനങ്ങൾക്ക് ഏറെ ഗുണപ്രദമാകും. സ്ത്രീ വിദ്യാഭ്യാസത്തിനും തുടർസാക്ഷരതാപ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഈ സ്ഥാപനങ്ങൾനടത്തണം. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന നാടൻ കലകളെ പുനരുദ്ധരിക്കുകയും സാംസ്ക്കാരിക സംവാദങ്ങൾ സംഘടിപ്പിക്കപ്പെടുകയും ചെയ്യേണ്ടുന്നതിൻെറ ഉത്തരവാദിത്വം ഈ നിലയങ്ങൾക്കായിരിക്കണം. ആവശ്യം വേണ്ടുന്ന ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഇവയ്ക്ക് ലഭ്യമാക്കണം. കരുളായി അങ്ങാടി കേന്ദ്രീകരിച്ച് ഒരു കമ്മ്യൂണിററി സെൻററിൻെറ പ്രവർത്തനം ജനോപകാരപ്രദമാകും.

## പ്രശ്നങ്ങൾ

വായനാശീലം പുതിയ തലമുറയിൽ വളരെ കുറവായിട്ടാണ് കാണപ്പെടുന്നത്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം വായനയെ സാരമായി ബാധിക്കുന്നുണ്ട്.

സാമ്പത്തികത്തിനതീതമായിപ്പോലും വിവാഹാദി ചടങ്ങുകളിൽ ആർഭാടം വലിയ തോതിൽ കാണുന്നു.

കായിക വിനോദങ്ങൾക്ക് പൊതുവെ സൗകര്യമില്ല.

കലാസമിതികൾ നേരിടുന്ന പ്രധാന പ്രശ്നം സാമ്പത്തികമാണ്

കലാകാരൻമാരെ വളർത്തിയെടുക്കാൻ കഴിയാതെ വരുന്ന അവസ്ഥയും ഉണ്ട്.

തനത് കലകൾക്ക് നാശം സംഭവിക്കുന്നു.

## സാധ്യതകൾ

പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും സാംസ്ക്കാരിക നിലയങ്ങളും ഗ്രന്ഥശാലകളും സ്ഥാപിക്കാവുന്നതാണ്. ഇവയോട് ചേർന്ന് പൊതുജന മാധ്യമമായ ടി. വി., റേഡിയോ എന്നിവ കൂടി സ്ഥാപിക്കാം.

പഞ്ചായത്തിൽ നിലവിലുള്ള ലൈബ്രറികളെ പുനരുദ്ധരിച്ചുകൊണ്ട്, വായനാ സൗകര്യം മെച്ചപ്പെടുത്തി സാംസ്ക്കാരിക നിലവാരം ഉയർത്താവുന്നതാണ്.

പഞ്ചായത്ത് കേന്ദ്രമാക്കി ഒരു കായിക പരിശീലനകേന്ദ്രവും അതിനോട് ചേർന്ന് കളിസ്ഥലവും നിർമ്മിച്ചാൽ ഇന്നനുഭവിക്കുന്ന കായിക പ്രതിഭകളുടെ ദാരിദ്ര്യം ഇല്ലാതാക്കാവുന്നതാണ്.

പഞ്ചായത്തിൽ കലാവാസനയുള്ള പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകാൻ പര്യാപ്തമായിട്ടുള്ള കലാസമിതികൾ സംഘടിപ്പിക്കാവുന്നതാണ്.

കലാപ്രതിഭകൾക്ക് തങ്ങളുടെ കഴിവുകൾ അവതരിപ്പിക്കുവാൻ പൊതുവേദിയില്ലാത്തതിനാൽ, പഞ്ചായത്തിന്റെ സൗകര്യപ്രദമായ സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കാവുന്നതാണ്. മതസൗഹാർദ്ദത്തിന് പ്രാധാന്യം നൽകികൊണ്ട് എല്ലാ മതവിഭാഗക്കാരെയും ഉൾപ്പെടുത്തി ചർച്ചയും, സെമിനാറും, സമ്മേളനങ്ങളും നടത്താവുന്നതാണ്. കൂടാതെ കലാപരിപാടികൾ അവതരിപ്പിക്കുമ്പോൾ വിഷയമായി മതസൗഹാർദ്ദം തെരഞ്ഞെടുക്കാവുന്നതാണ്.

നാടൻ കലാരൂപങ്ങൾ പൊതുവെ കാണാനില്ലാത്ത ഈ പഞ്ചായത്തിൽ, അവയ്ക്ക് പ്രാധാന്യം നൽകികൊണ്ട് അത് പരിശീലിപ്പിക്കുവാനും വളർത്തിയെടുക്കുവാനും പ്രത്യേകം സമിതികൾ രൂപീകരിക്കാവുന്നതാണ്.



# 9 വനിത

കരുളായി പഞ്ചായത്തിലെ ജനസംഖ്യ 1991 ലെ സെൻസസ് കണക്ക്പ്രകാരം 17968 ആണ്. ഇതിൽ 8600 പുരുഷൻമാരും 9098 സ്ത്രീകളുമാണ്. അതായത് പഞ്ചായത്തിലെ ജനസംഖ്യയിൽ 51.4% സ്ത്രീകളാണ്. 25% കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളവയാണ്. സ്കൂൾ തലത്തിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലാണ്. എന്നാൽ ഉന്നതവിദ്യാഭ്യാസത്തിന് പോകുന്നതിൽ കൂടുതലും ആൺകുട്ടികളാണ്. പെൺകുട്ടികൾ ഉന്നതവിദ്യാഭ്യാസത്തിന് പോകുന്നത് തന്നെ ബിരുദം വരെ മാത്രമാണ്.

കരുളായി പഞ്ചായത്തിൽ സാമൂഹ്യ സാംസ്ക്കാരിക മേഖലകളിൽ ഇന്നത്തെപ്പോലെതന്നെ മുൻകാലങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഇല്ലായിരുന്നു. ഈ കാലഘട്ടത്തിൽ സ്ത്രീകളുടെ സ്കൂൾ പഠനം അസാധ്യമായിരുന്നു. ഭൗതിക വിദ്യാഭ്യാസത്തിനോടുള്ള വിരക്തി, അജ്ഞത, സാമുദായിക വിലക്കുകൾ, ബോധവൽക്കരണത്തിന്റെ കുറവ്, സമീപപ്രദേശങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത തുടങ്ങിയവയാണ് മേൽ ഉദ്ധരിച്ചതിന്റെ പ്രധാന കാരണങ്ങൾ.

1920 കളിൽ ഇന്നത്തെ കരുളായി പഞ്ചായത്തിലെ ഒന്നാം വാർഡിൽ പള്ളിക്കുന്ന് എന്ന സ്ഥലത്ത് വനിതകൾക്കായി ഒരു കുടിപള്ളിക്കൂടം ഉണ്ടായിരുന്നെങ്കിലും ഇന്ന് അത് നിലവിലില്ല. കുട്ടികളെ കിട്ടാത്തതുകൊണ്ടും മാനേജ് ചെയ്യാൻ ആളില്ലാത്തതുകൊണ്ടും അത് നാമാവശേഷമായി

സർവ്വൻറ്സ് ഓഫ് ഇന്ത്യ സൊസൈററിയുടെ കീഴിൽ 1941 ൽ സ്ഥാപിതമായ പുള്ളിയിൽ ദേവധാർ എൽ. പി. സ്കൂളും 1949 ൽ സ്ഥാപിതമായ കരുളായി ഡി. എ. എൽ. പി.സ്കൂളുമാണ് പഞ്ചായത്തിലെ ആദ്യത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ. 1955ൽ പുല്ലഞ്ചേരിയിൽ ഒരു ഗവ: എൽ. പി സ്കൂളും 1968 ൽ കരുളായി കുഞ്ഞാമുട്ടിമെമ്മോറിയൽ ഹൈസ്ക്കൂളും 1974ൽ പുള്ളിയിൽ ഗവ: യു. പി. സ്കൂളും സ്ഥാപിതമായി. ഈ സ്ക്കൂളുകൾ നിലവിൽ വന്നതോടുകൂടിയാണ് പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യം ലഭിച്ചു തുടങ്ങിയത്.

പൊതുവെ മററേത് രംഗത്ത് നിന്നെന്ന പോലെ പെൺകുട്ടികളെ വിദ്യാഭ്യാസ രംഗത്ത് നിന്നും അകററിനിർത്തിയിരുന്ന പ്രവണതയാണ് മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്. സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ നാട്ടൊട്ടുക്ക്വളർന്നിട്ടും അടുക്കള ജോലിയിലും മററു നിർമ്മാണ പ്രവർത്തനങ്ങളിലും മുഴുകി ഒതുങ്ങിക്കഴിയാനായിരുന്നു സ്ത്രീകൾക്ക് താൽപര്യം.

കരുളായി പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ ആദ്യത്തെ മുസ്ലിം വനിത സി. എം. മറിയക്കുട്ടി ആയിരുന്നു. അധ്യാപന രംഗത്ത് ഇപ്പോൾ D.A.L.P. സ്കൂൾ H.M. ആയ പി. സഫിയ ടീച്ചർ ആണ് ആദ്യം ചുവട് വെച്ച മുസ്ലിം വനിത. ദേവകിടീച്ചറും റോസടീച്ചറും ഈ പഞ്ചായത്തിലെ ആദ്യകാല അദ്ധ്യാപികമാരാണ്. കുടുംബ ജീവിതം നയിക്കുന്ന മുസ്ലിം വനിതകളിൽ നിന്ന് സഹകരണം, പഞ്ചായത്ത് ഭരണം എന്നീ പൊതു രംഗങ്ങളിലേക്ക് ഉയർന്നുവന്ന അദ്യത്തെ മുസ്ലിംവനിതയാണ് ഖദീജ ജമാൽ. എന്നിരുന്നാലും ആദ്യത്തെ പഞ്ചായത്ത് വനിതാമെമ്പർ നിർമ്മല ബീവി ആണ്.

ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി പ്രകാരം നിലവിൽവന്ന പ്രഥമ പഞ്ചായത്ത് ഭരണ സമിതിയുടെ അദ്ധ്യക്ഷസ്ഥാനംഅലങ്കരിക്കുന്നത് കെ. പി ജെൽസീമിയ ആണ്.

എന്നാൽ ഈ യുഗത്തിൽ ബിരുദധാരിണികൾ ധാരാളമായി കണ്ടു വരുന്നുണ്ടെങ്കിലും ബിരുദാനന്തരബിരുദത്തിന് പോകുന്നവരുടെ എണ്ണം വളരെ പരിമിതമാണ്.

തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. കൃഷി, കെട്ടിട നിർമ്മാണം, ഇഷ്ടിക നിർമ്മാണം എന്നീ മേഖലകളിലാണ് സ്ത്രീകൾ കൂടുതൽ ജോലി ചെയ്യുന്നത്.

സഹകരണാടിസ്ഥാനത്തിൽ വനിതകളുടെ നേതൃത്വത്തിൽ ഒരു ഇഷ്ടിക നിർമ്മാണ യൂണിററ് ഈ പഞ്ചായത്തിയുണ്ടായിരുന്നു. അതിപ്പോൾ പ്രവർത്തന രഹിതമാണ്.

വീട്ടിലിരുന്നു ബീഡിതെറുക്കുന്നവരും, കുട്ട,വട്ടി മുതലായവ നെയ്യുന്നവരും, തുന്നൽ ജോലിയിലേർപ്പെട്ടവരും ആണ് മുഖ്യ സ്ത്രീ തൊഴിലാളികൾ, കടകളിലും, റേഷൻകടകളിലും സാധനം വാങ്ങാൻ പോകുന്നതിൽ ഏറിയപങ്കും സ്ത്രീകളാണ്. കൃഷിപ്പണിക്ക് കൂലി കുറവായതിനാലും പലപ്പോഴും പണിലഭ്യമല്ലാത്തതിനാലും മററു നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടാനാണ് വനിതകൾക്ക് താൽപര്യം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടുതലും വനിതാ ജീവനക്കാരാണ്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം സൂചിപ്പിക്കുന്ന ഒരു പട്ടി താഴെ കാണിക്കുന്നു.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷൻ എണ്ണം |
|---|---|---|
| കർഷകൻ | 39 | 516 |
| കർഷകത്തൊഴിലാളി | 1500 | 1200 |
| മൃഗസംരക്ഷണം | 76 | 388 |
| കല്ലുവെട്ട് | 7 | 80 |
| കുടിൽ വ്യവസായം | 75 | 22 |
| കെട്ടിട നിർമ്മാണം | 200 | 300 |
| ഇഷ്ടിക നിർമ്മാണം | 200 | 300 |

തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം പുരുഷനോളം വരുന്നില്ല എന്ന് പട്ടിക കാണിക്കുന്നു. പഞ്ചായത്ത് മൊത്തത്തിൽ ഒരേ തൊഴിലിന് കൂലിനിരക്കിൽ സ്ത്രീപുരുഷ അന്തരം നിലനിൽക്കുന്നു. ജനസംഖ്യയിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന സ്ത്രീകളെ എല്ലാ മേഖലകളിലും ശക്തിപ്പെടുത്തുകയാണ്. അവർക്കെതിരെയുള്ള പ്രതിശക്തികളെ തണെം ചെയ്യാനുള്ള മാർഗ്ഗം. ചെറുകിട വ്യവസായങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ, കോഴി വളർത്തൽ, ബീഡി തെറുപ്പ്, തുന്നൽ ജോലി, കുട്ട, വട്ടി നെയ്ത്ത്, അടുക്കളത്തോട്ടം, പൂകൃഷി എന്നിവയിൽ സ്ത്രീകൾക്ക് പരിശീലനം നൽകി തൊഴിൽ മേഖലയിലേക്ക് അവരെ തിരിച്ചുവിടുന്നതിനുള്ള ഒരു പ്രയത്നം ആത്യന്താപേക്ഷിതമാണ്

മുൻകാലഘട്ടങ്ങളിൽ പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളൊന്നും തന്നെ ഈ പഞ്ചായത്തിലില്ല. എന്നാൽ അടുത്തകാലത്തായി മഹിളാസമാജം, C B N P, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ എന്നിവകളിൽ സ്ത്രീകളുടെ നേതൃത്വവും സാമൂഹ്യപ്രവർത്തനവും കണ്ടുവരുന്നുണ്ട് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കേവലം വിരലിലെണ്ണാവുന്ന വനിതകൾ മാത്രമേ ഉള്ളൂ.

വനിതകൾക്കായി സ്വകാര്യ മേഖലയിൽ ഒരു അറബിക് കോളേജ് പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്കുള്ള മററു വിദ്യാഭ്യാസ സ്ഥാപനങ്ങളോ സഹകരണ സംഘങ്ങളോ ഈ പഞ്ചായത്തിലില്ല എന്നാൽ രണ്ട് മഹിളാ സമാജങ്ങൾ ഉണ്ട്. ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്തതിനാൽ ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. മഹിളകളുടെ പ്രവർത്തനമുള്ള സംഘടന C. B. N. P. മാത്രമാണ്. ഒരു P. H C. ഉണ്ടെങ്കിലും ഗർഭസംബന്ധമായ ചികിൽസക്ക് 15 K M ഓളം ദൂരെയുള്ള താലൂക്ക് ആശുപത്രിയെ ആശ്രയിക്കേണ്ട സ്ഥിതിയാണ്. 10 ബെഡുള്ള ഈ ആശുപത്രിക്ക് 2 ഗൈനക്കോളജിസ്ററിൻെറയെങ്കിലും സേവനം അത്യാവശ്യമാണ്. കേന്ദ്രഗവൺമെൻറിൻെറ ഗർഭിണികൾക്കുള്ള പ്രസവകാല സംരക്ഷണ ചെലവ് 300 രൂപ വീതം 23 സ്ത്രീകൾക്ക് ഈ പഞ്ചായത്തിൽ വിതരണം ചെയ്തു കഴിഞ്ഞു. ഇത് വളരെയധികം പ്രയോജന പ്രദമെങ്കിലും അനുവദിച്ച തുക അപര്യാപ്തമാണ്.

200 ഓളം വീടുകളിൽ കുടുംബ നാഥകൾ സ്ത്രീകളാണ്. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. സ്ത്രീ പീഡനക്കേസുകൾ വ്യാപകമായിട്ടില്ലെങ്കിലും ഒററപ്പെട്ട സംഭവങ്ങൾ മുൻകാലങ്ങളിൽ റി

പ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത മുൻകാലങ്ങളിൽ അറബി മലയാളം ലിപി പരിഹാരമായെങ്കിലും 1990 ലെ സാക്ഷരതാ പ്രവർത്തനം നിരക്ഷരത തുടച്ചുമാററാൻ ഏറെ സഹായകരമായി.

## പ്രശ്നങ്ങൾ

തൊഴിലില്ലായ്മ പഞ്ചായത്തിലെ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. തൊഴിൽ ചെയ്യുന്ന മേഖലയിൽ തന്നെ കൂലി നിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു. ഒരേ ഇനം തൊഴിലിന് തന്നെ വ്യത്യസ്ത കൂലിനിരക്കാണ്.

| തൊഴിൽ മേഖല | സ്ത്രീകളുടെ കൂലി | പുരുഷൻമാരുടെ കൂലി |
|---|---|---|
| കർഷകതൊഴിലാളി | 60 രൂ. | 100 രൂ. |
| കെട്ടിട നിർമ്മാണം | 100 | 150 |
| ഇഷ്ടിക നർമ്മാണം | 80 | 120 |

— പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെക്കുറവാണ്. ബുദ്ധിയും കഴിവും ഉണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള പ്രോത്സാഹനമുണ്ടോ ?

— തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.

— സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിന് സംഘടിതമായ ശ്രമങ്ങൾ വളരെ കുറവാണ്.

— പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും സ്വന്തം ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ഒരു കൈത്തൊഴിൽ അഭ്യാസിക്കുന്നതിനുമൊന്നും വളരെ പ്രാധാന്യം നൽകാത്ത ഒരു സമീപനമാണ് നിലനിൽക്കുന്നത്.

— നേതൃത്വ രംഗത്ത് വനിതകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകുന്ന കാഴ്ചപ്പാട് ഒരു രാഷ്ട്രീയ സാമൂഹിക പാർട്ടികളിലും കാണുന്നില്ല

— സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല.

— വനിതകൾക്ക് തൊഴിൽ പരിശീലനം ലഭിക്കുന്നതിന് ഉതകുന്ന സാങ്കേതിക സ്ഥാപനങ്ങളോ പരിശീലന കേന്ദ്രങ്ങളോ ഈ പഞ്ചായത്തിലില്ല

— ബീഡി തെറുപ്പ്, കുട്ട, വട്ടി നിർമ്മാണം, തയ്യൽ തുടങ്ങിയ ചെറുകിട, യൂണിററുകൾ തുടങ്ങുന്നതിനുള്ള സാങ്കേതിക പരിജ്ഞാനമോ പാശ്ചാത്തല സൗകര്യമോ ഇല്ല.

— ചാരായം നിർത്തിയതുകൊണ്ട് കുറച്ചൊക്കെ പ്രയോജനങ്ങൾ ഉണ്ടെങ്കിലും കള്ളവാററും വിദേശ മദ്യ ഉപയോഗവും സ്ത്രീകളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു.

— അശ്ലീല പോസ്റ്ററുകളും, സമീപകാലത്ത് സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ പ്രചരിപ്പിക്കുന്ന ചില അശ്ലീല സചിത്ര പുസ്തകങ്ങളും പെൺകുട്ടികളെ വഴിതെററിക്കാൻ പോന്നവയാണ്.

— ആദിവാസി സ്ത്രീകൾക്ക് കുട്ട, വട്ടി തുടങ്ങിയ വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിജ്ഞാനമുണ്ടെങ്കിലും അസംസ്കൃത വസ്തുക്കളായ ചൂരൽ, ഈററ എന്നിവ വനത്തിൽ നിന്ന് ശേഖരിക്കുന്നതിനുള്ള നിയമാനുവാദം ഇല്ല.

— നിയമപരമായി സ്ത്രീ പുരുഷ സമത്വം ഉണ്ടെങ്കിലും സമൂഹത്തിൽ ഇന്നും സ്ത്രീക്ക് സ്വാതന്ത്ര്യം ഇല്ല. ഇതിനുകാരണം മതപരമായ വിലക്കുകളും പുരുഷ മേധാവിത്വമാണ്.

— ശൈശവ വിവാഹം നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ഇന്നും സമൂഹത്തിൽ ഈ

ദുഷ്പ്രവണതയുണ്ട്.

— അംഗൻവാടി വർക്കർമാർക്ക് അർഹമായ വേതന വ്യവസ്ഥയില്ല. അംഗൻവാടികൾക്ക് പ്രാഥമിക സൗകര്യങ്ങളും വേണ്ടത്ര കളിക്കോപ്പും ഇല്ല.

— CBNP പ്രവർത്തകർക്ക് തുച്ഛമായ വേതനം നൽകിയിരുന്നു. അതും ഈ ഏപ്രിൽ മാസം മുതൽ നിർത്തലാക്കിയിരിക്കയാണ്.

— സർക്കാരിന്റെ വനിതാ ക്ഷേമ പദ്ധതികളെപ്പററിയുള്ള അജ്ഞത.

— കരുളായി അങ്ങാടി ആസ്പദമാക്കി പൊതു കക്കൂസുകളും മററു സാനിട്ടറി സൗകര്യങ്ങളും ഇല്ല.

— കലാകായിക രംഗങ്ങളിൽ സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുന്നില്ല.

— Clay industries. ഓട്, ഇഷ്ടിക തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായശാലകളിൽ കുംഭാര വർഗ്ഗത്തിൽപ്പെട്ട വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുക.

## സാദ്ധ്യതകളും പരിഹാര മാർഗ്ഗങ്ങളും.

— പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘം സ്ഥാപിക്കുക.

— കുടിൽ വ്യവസായങ്ങൾക്ക് വളരെ സാദ്ധ്യതയുള്ള ഒരു പഞ്ചായത്താണിത്. മെഴുകുതിരി നിർമ്മാണം, സോപ്പുനിർമ്മാണം, കോഴി വളർത്തൽ, പച്ചക്കറികൃഷി, കന്നുകാലി വളർത്തൽ, ജാം—അച്ചാർ നിർമ്മാണം. തേനീച്ച വളർത്തൽ, ബീഡിതെറുപ്പ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം പൂകൃഷി തുടങ്ങിയ നിരവധി തൊഴിലുകൾ ചെയ്യാൻ സ്ത്രീകൾ തൽപരരാണ്. ഇതിനുവേണ്ട പരിശീലനവും ധനസഹായവും ഉൽപന്നങ്ങൾ വിററഴിക്കുന്നതിനുള്ള സംവിധാനവും സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കുക. സാമ്പത്തിക ബുദ്ധിമുട്ട് കാരണം വിദ്യാഭ്യാസം തുടരാൻ സാധിക്കാത്ത സാഹചര്യത്തിൽ [illegible] നേട്ടമായിത്തന്നെ കണക്കാക്കാൻ സാധിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ (നഴ്സറി നിലവാരം മുതൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെ) സ്ഥാപിച്ച് നടത്താൻ സാധിച്ചാൽ നമ്മുടെ പ്രദേശത്തെ സ്ത്രീകളുടെ നിലയിൽ ഗണ്യമായ പുരോഗതി പ്രതീക്ഷിക്കാം.

ചൂഷണം ചെയ്യപ്പെട്ട് നിരാലംബരായിത്തീരുന്ന സ്ത്രീകൾക്ക് വേണ്ട ക്ഷേമപ്രവർത്തനങ്ങൾ നടത്താനും, കേന്ദ്രസംസ്ഥാന ഗവൺമെൻറുകളുടെ ഗ്രാൻറുകളുടെ സഹായത്തോടുകൂടി സ്ത്രീകളുടെ സ്വതന്ത്രമായ നേതൃത്വത്തിലും, പങ്കാളിത്തത്തിലും ചെറുകിട വ്യവസായ സ്ഥാപനങ്ങളും, ബിസിനസ്സ് സ്ഥാപനങ്ങൾ, കൈത്തൊഴിൽ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് സഹകരണ സംഘം കൊണ്ട് സാധിക്കും. വളരെ താൽപര്യ പൂർവ്വം സേവന മനഃസ്ഥിതിയോടെ ഈ സംരംഭത്തിന് മുന്നിട്ടിറങ്ങാൻ പ്രാപ്തരായ സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്.

— നീർമറി പദ്ധതി നടത്തിപ്പിലൂടെ ഈ പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

— പഞ്ചായത്തിനുള്ളിൽ തന്നെയുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് ചെറുകിട ബിസിനസ്സ് യൂണിററുകൾ സ്ഥാപിച്ച് സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ നിർമ്മാർജ്ജനം ചെയ്യുക. (ചകിരി, തഴ, പനമ്പട്ട, ചിരട്ട, ഈററമുള, ചൂരൽ, വാഴനാര്, പാഴ്മരങ്ങൾ)

— പ്രവർത്തന രഹിതമായ സഹകരണ യൂണിററിന്റെ പുനരുദ്ധാരണം നടത്തുക.

— സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക. കള്ളവാററുകേന്ദ്രങ്ങൾ കണ്ടുപിടിച്ച് ഇല്ലായ്മ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.

— പൊതുപ്രവർത്തന രംഗത്ത് സ്ത്രീകളെ ആകർഷിക്കാൻ ബോധവൽക്കരണ പഠനസെമി

നാറുകൾ സംഘടിപ്പിക്കുക.

— വനിതകൾക്കായുള്ള ക്ഷേമ പദ്ധതികളെപ്പറ്റിയുള്ള അറിവു നൽകുക.

— സംസ്ക്കാരച്യുതി സംഭവിക്കാതിരിക്കാനായി കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് പ്രത്യേക ബോധവൽക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കുക

— പഞ്ചായത്തിലെ വനിതകളുടെ സമഗ്രമായ വികസനത്തിന് എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ സ്ഥപിക്കുക. ഉള്ള മഹിളാ സമാജങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

— അംഗൻവാടികളുമായുള്ള സ്ത്രീകളുടെ ബന്ധം ഊട്ടിയുറപ്പിക്കുകയും അതു വഴി സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുക.

— വിധവാപെൻഷൻ, അഗതി പെൻഷൻ മാതൃ സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

— വനം വകുപ്പു മുഖേന അസംസ്ക്കൃത സാധനങ്ങൾ വനത്തിൽ നിന്നും ശേഖരിക്കുന്നതിനുള്ള നിയമാനുവാദം പട്ടിക വർഗ്ഗ വനിതകൾക്ക് നൽകുകയും അവരുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും വേണം.

— മതപരവും സാമൂഹികവുമായ വിലക്കുകളിൽ നിന്നും സ്ത്രീയെ വിമോചിതയാക്കാൻ സമൂഹ ബോധവൽക്കരണ ക്ളാസുകൾ നടത്തുക.

— കരുളായി അങ്ങാടി ആസ്പദമാക്കി വനിതകൾക്കായി ഒരു പൊതു കക്കൂസ് നിർമ്മിക്കുക.

— അഗതികളുംനിരാലംബരുമായസ്ത്രീകൾക്കു വേണ്ടി ഒരു അഗതി മന്ദിരം സ്ഥാപിക്കുക.

— പെൺകുട്ടികളെയും, സ്ത്രീകളെയും കലാകായിക പരിശീലനത്തിന്റെ പൊതുധാരയിലേക്ക് എത്തിക്കുക.

— പഞ്ചായത്തിലെ ഏക പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഗൈനകോളജിസ്റ്റിന്റേയും, ചൈൽഡ് സെപഷ്യലിസ്റ്റിന്റേയും സേവനം ഉറപ്പാക്കുക.

— സൈക്കിൾ സവാരി, കളരിപ്പയററ്, കരാട്ടെ എന്നിവ അഭ്യസിപ്പിച്ച് പെൺകുട്ടികളുടെ ആത്മ വിശ്വസം വളർത്തുക.

1918 കൾക്ക് ശേഷം കോളനി വാഴ്ചക്കാലത്തു തന്നെ ദേശീയ വിമോചന പ്രസ്ഥാനങ്ങളിൽ പുരുഷൻമാരെപ്പോലും അതിശയിപ്പിച്ചുകൊണ്ട് പ്രവർത്തിക്കാൻ സ്ത്രീകൾക്കുകഴിഞ്ഞിരുന്നു. A. O. ഹ്യൂം, മഹാത്മജി എന്നിവർ സ്ത്രീകളെ ഈ പ്രസ്ഥാനങ്ങളിലേക്ക് കൊണ്ടു വരുന്നതിൽ ഒരു വലിയ പങ്കുവഹിച്ചു. മാർഗററ് നോബിൾ, സിസ്ററർ നിവേദിത, സരളാ ദേവി സരോജനി നായിഡു എന്നിവർ ഈ പ്രസ്ഥാനത്തിലെ പ്രമുഖരായിരുന്നു.

എല്ലാ രംഗങ്ങളിലും പ്രശോഭിക്കാൻ കഴിവുള്ള സ്ത്രീകളെ വെറും വനിതാക്ഷേമ പ്രവർത്തനങ്ങളിൽ മാത്രം ഒതുക്കിനിർത്താതെ ഉത്പാദന മേഖലകളായ കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നീ രംഗങ്ങളിലും തുല്ല്യമായ പങ്കാളിത്തം നൽകി ഈ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ വിജയത്തിനായി കൂട്ടായി യത്നിക്കാം.



# 10 സഹകരണ പ്രസ്ഥാനം

കേരളത്തിലെ സഹകരണ മേഖല നാനാതുറകളിൽ വളർന്ന് പടർന്ന് പന്തലിച്ച് നില നില്ക്കുന്ന ഒരു മഹാ പ്രസ്ഥാനമാണ്. സമഗ്ര കാർഷിക–ഗ്രാമീണ വികസനത്തിന് മുഖ്യ പങ്ക് വഹിക്കാൻ കഴിയുന്ന ഏററവും നല്ല ഒരു പഞ്ചായത്ത്തല ഏജൻസിയാണ് സഹകരണ സംഘങ്ങൾ. ഈ വസ്തുതമനസ്സിലാക്കി കഴിഞ്ഞപഞ്ചവൽസര പദ്ധതികളിലൊക്കെ പ്രാഥമിക കാർഷികവായ്പാ സംഘങ്ങൾക്ക് മുന്തിയ പരിഗണന നൽകിയിരുന്നു. സഹകരണ പ്രസ്ഥാനത്തെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാററാനും അവയുടെ കോട്ടങ്ങളും നേട്ടങ്ങളും വിലയിരുത്തി പഠിച്ച് കുററമററതാക്കാനും കഴിഞ്ഞ കാലങ്ങളിൽ ഒട്ടനവധി കമ്മീഷനുകളും കമ്മററികളും നിയമിതമാവുകയും അവയുടെ പഠനറിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടുംനമ്മുടെ ഈ മഹാസംരംഭം ഇന്നും അവഗണനയുടെയും അപര്യാപ്തതകളുടെയും ഊരാകുടുക്കിലാണ്.

18000 ത്തോളം ജനസംഖ്യയും 131 ച. കീമീററർ വിസ്തീർണ്ണവുമുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിലെ സഹകരണ സംഘങ്ങൾ അംഗുലീ പരിമിതമാണ്. പ്രാഥമിക കാർഷിക വായ്പാ രംഗത്ത് സ്തുത്യർഹമായ സേവനം നടത്തികൊണ്ടിരിക്കുന്ന കരുളായ് സർവ്വീസ് സഹകരണ ബാങ്ക് മാത്രമാണ് ഉള്ളത്. 1974 ഒക്ടോ: 3-ാംനു-രജിസ്ററർ ചെയ്യുകയും 4—10—1974ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്ത മേൽ സഹകരണ ബാങ്കിന്റെ ഒരവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു.

**പട്ടിക 1**

| പ്രവർത്തന പരിധി | ഇനം | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | സംഘം നൽകിയ വായ്പകൾ: കാർഷികം | സംഘം നൽകിയ വായ്പകൾ: കാർഷികേതരം | ജില്ലാ ബാങ്കിൽ നിന്ന് സംഘം സ്വീകരിച്ച വായ്പകൾ: കാർഷികം | ജില്ലാ ബാങ്കിൽ നിന്ന് സംഘം സ്വീകരിച്ച വായ്പകൾ: കാർഷികേതരം | സംഘം സ്വീകരിച്ച നിക്ഷേപങ്ങൾ: ഹ്രസ്വകാലം | സംഘം സ്വീകരിച്ച നിക്ഷേപങ്ങൾ: സ്ഥിരം |
|---|---|---|---|---|---|---|---|---|---|---|---|
| കരുളായ് പഞ്ചായത്ത് | ക്രഡിററ് | 4—10—1974 | 3230 | 7,55,905 | 15,000 | 16743387 | 9959472 | 1004410 | 4006410 | 3963246 | 3188223 |

## പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും

സഹകരണ ബാങ്കുകളിൽ നിന്നും വാണിജ്യബാങ്കുകളിൽ നിന്നും കർഷകർ കാർഷികാവശ്യത്തിനായി കടം വാങ്ങുന്നുണ്ട്. കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും കടം വാങ്ങുന്ന കർഷകർ കട സംഖ്യയുടെ നിശ്ചിത തോതിൽ ഓഹരി മൂലധനം അടച്ചിരിക്കണം. ആ മൂലധനം കർഷകനെ സംബന്ധിച്ചിടത്തോളം ഒരു വരുമാനവും നൽകാത്ത "മൃത നിക്ഷേപമായി" കിടക്കുകയാണ്. അത്കൊണ്ട് സംഘങ്ങളിലെ അംഗങ്ങൾക്ക് പലിശക്ക് പുറമേ മുടക്കിയ മൂലധനത്തിന്റെ പലിശയും കൂട്ടിയാൽ ഉണ്ടാകുന്ന ചിലവ് ഭാരിച്ചതാണ്. വാണിജ്യ ബാങ്കുകളിൽ നിന്ന് കടം വാങ്ങുന്ന കർഷകർക്ക് യഥാർത്ഥത്തിൽ കുറഞ്ഞ ചെലവേ പലിശയിനത്തിൽ വരുന്നുള്ളു. ഈ അന്തരം പലയിടങ്ങളിലും സംഘങ്ങളിൽ നിന്നുള്ള കാർഷിക വായ്പാ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതു കൊ

ണ്ട് സംഘങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ പലിശ നിരക്ക് 6% ആയി കുറക്കണം.

അല്ലെങ്കിൽ സംഘത്തിന്റെ ലാഭ—നഷ്ടം നോക്കാതെ മൂലധന നിക്ഷേപത്തിന് ഒരു നിശ്ചിത ലാഭവിഹിതം അംഗങ്ങൾക്ക് നൽകുവാൻ കാലോചിതമായ മാററം നിയമങ്ങളിൽ അനിവാര്യമായും വരുത്തണം.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ കാലത്തിന്റെ മാററത്തിനനുസരിച്ച് അംഗങ്ങളുടെ വർദ്ധിച്ചു വരുന്ന വായ്പാവശ്യങ്ങൾ നിറവേററി കൊടുക്കാൻ കഴിയുന്ന സംഘങ്ങൾ ഒന്നും തന്നെ ഇല്ലെന്ന് പറയാം. അതുകൊണ്ട് ബാങ്കിന്റെ വായ്പാപരിധി വൈവിദ്ധ്യീകരിച്ച് അംഗങ്ങൾക്ക് ആൾ ജാമ്യത്തിലും വസ്തു പണയത്തിലും നൽകാവുന്ന വായ്പാപരിധി യഥാക്രമം 25,000 ഉം ഒരു ലക്ഷവുമായി ഉയർത്താൻ ബാങ്കിന്റെ നിയമാവലിയിൽ ആവശ്യമായ മാററങ്ങൾ വരുത്തേണ്ടതാണ്.

## പുതിയ സംഘങ്ങളും അവയുടെ പ്രസക്തിയും

അംഗങ്ങളുടെ ദീർഘകാല വായ്പാവശ്യങ്ങൾ നിറവേററാൻ ഭവന നിർമ്മാണ സംഘങ്ങളോ, പ്രാഥമിക കാർഷിക വികസന ബാങ്കുകളോ നമ്മുടെ പഞ്ചായത്തിലില്ല. അതുകൊണ്ട് പഞ്ചായത്ത്തലത്തിൽ ഒരു പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘവും ഒരു പ്രാഥമിക കാർഷിക വികസന സംഘവും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

സഹകരണ രംഗത്ത് വളരെ പിന്നിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ വ്യത്യസ്ത തുറകളിൽ പെട്ട ധാരാളം സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കാനുള്ളസാധ്യത വളരെ കൂടുതലാണ്.

131 ച. കി. മീററർ വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ 70%ത്തിലധികം സർക്കാരിന്റെ കീഴിലുള്ള നിക്ഷിപ്ത വനമേഖലയാണ് ജനസംഖ്യയിൽ നല്ലൊരു വിഭാഗം ആദിവാസികളും പട്ടിക ജാതിക്കാരുമാണ്. ഇവരുടെ പ്രധാന തൊഴിൽ വന വിഭവങ്ങൾ ശേഖരിക്കലും കൊട്ട, മുറം, പനമ്പ്, ചൂരൽകൊട്ട, മുതലായവ നിർമ്മിക്കലുമാണ്. വന വിഭവങ്ങൾ ഇടത്തട്ടുകാർ വളരെ ചുരുങ്ങിയ വിലക്കാണ് ഇവരിൽ നിന്ന് വാങ്ങുന്നത്. അതുപോലത്തന്നെ അവരുടെ ഉൽപന്നങ്ങൾക്കും ന്യയമായ വില ലഭിക്കാറില്ല. അതുകൊണ്ട് ഇവരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പഞ്ചായത്ത് തലത്തിൽ പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങൾക്ക് വളരെയധികം പ്രസക്തിയുണ്ട്.

അസംഘടിതരായ തൊഴിലാളികളുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കും വേണ്ടി ലേബർ കോൺട്രാക്ട് സഹകരണ സംഘം, അഭ്യസ്തവിദ്യരായ യുവ ജനങ്ങൾക്കായി ഒരു എഡ്യുക്കേഷണൽ സഹകരണ സംഘം, വനിതകളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി വനിതാ സഹകരണ സംഘങ്ങൾ, ബാലവാടി സഹകരണ സംഘം, ആട്ടോറിക്ഷ ടാക്സി ഡ്രൈവേഴ്സ് സഹകരണസംഘംമുതലായവ രൂപീകരിക്കാവുന്നതാണ്.

## ക്ഷീര സഹ : സംഘങ്ങൾ

പിന്നെ എടുത്തു പറയത്തക്ക ഒരു മേഖലയാണ് ക്ഷീരവികസന മേഖല. ക്ഷീരവികസന വിപണന രംഗത്ത് ഈ പഞ്ചായത്തിൽ മൂന്ന് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. അവയുടെ പേരുകളും സ്ഥിതി വിവരക്കണക്കുകളും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | മൊത്തം ശേഖരിക്കുന്നപാൽ ലി. | പഞ്ചായത്തിൽതന്നെ വിൽക്കുന്നത് ലി. | പഞ്ചായത്തിന് പുറത്ത് വിൽക്കുന്നത് ലി. |
|---|---|---|---|---|
| 1 | കരുളായ് ക്ഷീരോൽപാദക സഹ: സംഘം. | 484 | 90 | 394 |
| 2 | മൈലംപാറ ക്ഷീരോൽപാദക സഹ: സംഘം. | 250 | 90 | 160 |
| 3 | പുല്ലഞ്ചേരി ക്ഷീരോൽപാദക സഹ: സംഘം. | 450 | | 450 |
| | ആകെ | 1184 | 180 | 1004 |

ക്ഷീര വിപണന സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങളും, പരിഹാരമാർഗ്ഗങ്ങളും, സാധ്യതകളും മൃഗസംരക്ഷണം എന്ന വിഷയത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ക്ഷീര സഹകരണ സംഘങ്ങളുടെ വിവരണം ചെറുറിപ്പോർട്ടിൽ ഒതുക്കുകയാണ്.

# 11. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം:

കരുളായി പഞ്ചായത്തിലെ ആകെ ജനസംഖ്യ 17698 ആണ് ഇതിൽ 1980 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 723 പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്. 34 പട്ടികജാതി- വർഗ്ഗ കോളനികളിലായാണ് ഇവർ താമസിക്കുന്നത്. ഇടകലർന്ന് താമസിക്കുന്നവരും പഞ്ചായത്തിലുണ്ട്.

ലോകത്തിലെ തന്നെ ആദിമ ഗോത്ര വംശജരായ ചോലനായ്ക്കർ തിങ്ങിപാർക്കുന്നത് ഈ പഞ്ചായത്തിലെ റിസർവ്വ് വനത്തിനകത്താണ് ഇവരെ കൂടാതെ പണിയ കാട്ടുനായ്ക്കർ എന്നീ ആദിവാസി വിഭാഗക്കാരും വനാന്തരങ്ങളിൽ താമസിക്കുന്നുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട പണിയ, അറനാടൻ വിഭാഗക്കാർ കാടിനുപുറത്തും താമസിച്ചുവരുന്നു SC - ST വിഭാഗക്കാരുടെ ക്ഷേമത്തിനായി കോടികണക്കിന് രൂപ [illegible]ക്കാർ ചെലവഴിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര പു[illegible]ഗതി ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞിട്ടി[illegible] ഇടത്തട്ടുകാരുടെയും ബ്യൂറോ ക്രസിയുടെയ[illegible] ചൂഷണം ഈ വിഭാഗത്തിൻെറ പിന്നോക്കാവ[illegible]ഥക്ക് കാരണമാണ്. അതുപോലെ വിദ്യാഭ്യാ[illegible] സാമൂഹ്യ പിന്നോക്കാവസ്ഥയും ഇതിനൊ[illegible] കാരണമാണ് ഉച്ചനീചത്വം പെറിയ തോതിലെ[illegible]ങ്കിലും ഇന്നും നിലനിൽക്കുന്നുണ്ട്. എങ്കില[illegible] പൊതുവെ സൗഹാർദപരമായ അന്തരീക്ഷമാണ് പഞ്ചായത്തിൽ കാണാൻ കഴിയുന്നത്.

പഞ്ചായത്തിലെ പട്ടികജാതി-വർഗ കോളനിക[illegible]ടെ പേരും കുടുംബങ്ങളുടെ എണ്ണവും പട്ടി[illegible]1ൽ കൊടുക്കുന്നു.

## *പട്ടിക- 1*

കുടുംബങ്ങളുടെ എണ്ണം

| വാർഡ് നമ്പർ | കോളനിയുടെ പേര് | എസ്.സി | എസ്.ടി |
|---|---|---|---|
| 1 | നിലമ്പതി അംബേദക്കർ ഗ്രാമം | ... 21 | 2 |
| 4 | തേക്കുംകുന്ന് കോളനി | ... 7 | |
| 6 | പെറുപുഴ കോളനി | | 15 |
| 6 | വലിയ ഭൂമിക്കുത്ത് കോളനി | | 13 |
| 6 | വള്ളിക്കെട്ട കോളനി | | 11 |
| 9 | വലിയപുള്ളി ഗിരിജൻ കോളനി | | 10 |
| 9 | ചെറിയപുള്ളി ഗിരിജൻ കോളനി | | 15 |
| 1 | കുണ്ടുങ്ങൽ കോളനി | ... 18 | |
| 1 | തോട്ടപ്പൊയിൽ കോളനി | ... 15 | |
| 1 | കക്കോട് കോളനി | ... 12 | |
| 2 | അരിപ്പമല കോളനി | ... 25 | |
| 2 | കരിന്താർ കോളനി | ... 26 | |
| 3 | ചെട്ടി കോളനി-കുളവട്ടം | ... 6 | |
| 3 | കരിന്താർ(ചോല) കോളനി | ... 12 | |
| 3 | വള്ളിക്കെട്ട് കോളനി | ... 32 | |
| 3 | കൊട്ടാരക്കാട് കോളനി | ... 28 | |
| 4 | കളംകുന്ന് കോളനി | ... 10 | |
| 4 | ചെട്ടിയിൽ കോളനി | ... 15 | |
| 4 | കുട്ടിമല കോളനി | ... 10 | |
| 4 | അരക്കംപൊയിൽ കോളനി | ... 10 | |
| 5 | മൈലമ്പാറ കോളനി | | 9 |
| 6 | പനിച്ചോല കോളനി | | 5 |
| 6 | താഴെ മൈലമ്പാറ കോളനി | | 5 |
| 6 | പാലക്കുന്ന് കോളനി | ... 14 | |
| 6 | മുണ്ടക്കടവ് കോളനി | | 20 |
| 6 | നെടുങ്കയം കോളനി | | 45 |
| 6 | പൊടാലപ്പൊട്ടി കോളനി | | 18 |
| 6 | മൈലാടിപ്പൊട്ടി | | 34 |
| 6 | ചെറിയ ഭൂമിക്കുത്ത് | | 6 |
| 7 | അമ്പലക്കുന്ന് കോളനി | ... 13 | |
| 7 | കൊയലമുണ്ട കോളനി | ... 4 | |

## പട്ടിക- 1

കുടുംബങ്ങളുടെ എണ്ണം

| വാർഡ് നമ്പർ | കോളനിയുടെ പേര് | എസ്.സി | എസ്.ടി |
|---|---|---|---|
| 8 | കൊട്ടുപാറ കോളനി | | 15 |
| 9 | മരുതങ്ങാട് കോളനി | 25 | |
| 9 | പുള്ളി കോളനി | 5 | |

**ആരോഗ്യം:-** ഈ വിഭാഗത്തിൽ പെട്ടവരുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. തുറസായ സ്ഥലങ്ങളിലെ മലമൂത്ര വിസർജനം ആരോഗ്യരംഗത്ത് ഹാനികരമായിരിക്കുന്ന പ്രവണതയാണ്. വനത്തിനകത്ത് താമസിക്കുന്ന ആദിവാസികൾക്ക് ചികിൽസാ സൗകര്യമില്ലാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ബോധവൽക്കരണമില്ലായ്മയും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും സാംക്രമിക രോഗങ്ങൾക്കും പോഷകാഹാരകുറവുമൂലമുള്ള രോഗങ്ങൾക്കും ഇടയാക്കുന്നു.

**വിദ്യാഭ്യാസം:-** ഈ വിഭാഗത്തിൽപ്പെട്ട നല്ലൊരു ശതമാനം ആളുകളും നിരക്ഷരരാണ്. തുടർ സാക്ഷരതാ പ്രവർത്തനം വേണ്ട രീതിയിൽ നടക്കുന്നില്ല പഞ്ചായത്തിലെ ഈ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ ഭാഗികമായി മാത്രമെ വിദ്യാലയങ്ങളിൽ പോകുന്നൊള്ളു സാമ്പത്തിക പരാധീനതകളും ബോധവൽക്കരണമില്ലായ്മയും മററു പശ്ചാത്തല സൗകര്യമില്ലായ്മയും മൂലമാണിത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതയും ഈ വിഭാഗക്കാരുടെ പിന്നോക്കാവസ്ഥക്ക് കാരണമാണ് SC/ST വിഭാഗത്തിൽപ്പെട്ട വിദ്യാലയങ്ങളിൽ പോകുന്ന കുട്ടികളുടെ പഠന നിലവാരം പൊതുവെ തൃപ്തികരമല്ല. സ്കൂളിൽ പോകുന്ന കുട്ടികളുടെ സ്ഥിതി പട്ടിക 2 ൽ ചേർക്കുന്നു

## എസ്. സി/ എസ് ടി കുട്ടികൾ

| സ്ററാൻഡേർഡ് | സ്ക്കൂളിൽപോകുന്നകുട്ടികൾ | | | തോററുപഠിക്കുന്നവർ | | | പഠനംനിർത്തിയവ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 26 | 19 | 45 | | | | 1 | 1 | 2 |
| 2 | 30 | 25 | 55 | 2 | 2 | 4 | 4 | 2 | 6 |
| 3 | 12 | 18 | 30 | 12 | 18 | 30 | | 1 | 1 |
| 4 | 20 | 18 | 38 | 3 | 1 | 4 | | | |
| 5 | 16 | 21 | 37 | | 2 | 2 | | | |
| 6 | 17 | 10 | 27 | 1 | 2 | 3 | | | |
| 7 | 12 | 13 | 25 | 3 | 2 | 5 | | | |
| 8 | 16 | 13 | 29 | 7 | 3 | 10 | | | |
| 9 | 20 | 24 | 44 | 4 | 1 | 5 | | | |
| 10 | 14 | 13 | 27 | | | | | | |
| ആകെ | 183 | 174 | 357 | 32 | 31 | 63 | 5 | 4 | 9 |

**പാർപ്പിടം:-** സർക്കാറിൻെറ വിവിധ വകുപ്പുകളിൽ നിന്നായി വീടു നിർമ്മിച്ച് കൊടുക്കുന്നതിനായി സാമ്പത്തികസഹായം നൽകി വരുന്നുണ്ട്. വീടുകളുടെ ആവശ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവയെല്ലാം വളരെ അപര്യാപ്തമാണ്. വീടുവെക്കാനായി ( അനുബന്ധ സൗകര്യങ്ങൾക്കും) നൽകുന്ന തുക 15,000/ രൂപയാണ്. ഈ തുക കൊണ്ട് വീടിൻെറ പണി നല്ല രീതിയിൽ പൂർത്തിയാക്കാൻ സാധിക്കാറില്ല. അതുപോലെ തന്നെ കരാറുകാർ മോശപ്പെട്ട മരങ്ങളാണ് മേൽകൂരക്കും മററും ഉപയോഗിക്കുന്നത്. ഇതുമൂലം മേൽക്കൂര ദ്രവിച്ച് നിലം പതിക്കുന്ന സ്ഥിതിയാണുള്ളത്. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും നിർമ്മാണചെലവും കണക്കിലെടുത്ത് ഭവന ധനസഹായ സംഖ്യ വർദ്ധിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വീടുകളുടെ അററ കുററ പണിക്കായി യാതൊരു സഹായവും ഇക്കാലം വരെയും ഈ വിഭാഗക്കാർക്ക് ലഭിച്ചിട്ടില്ല.

**കുടിവെള്ളം:-** പഞ്ചായത്തിലെ മുഴുവൻ SC / ST കോളനികളിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. നിലവിലുള്ള കിണറുകൾ തന്നെ വേന

ലിൽ വററിപോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. ചെറുപുഴ ശുദ്ധ ജല വിതരണ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.

**തൊഴിൽ :** ഈ വിഭാഗക്കാർ രൂക്ഷമായ തൊഴിലില്ലായ്മ നേരിടുന്ന മുൻകാലങ്ങളിൽ കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരായിരുന്നു ഭൂരിപക്ഷവും. ഈ മേഖലയിലെ സാധ്യതകൾ മങ്ങിയതോടെ മററു മേഖലകളിലേക്ക് ഈ വിഭാഗക്കാർ ചേക്കേറുന്ന പ്രവണത വർദ്ധിച്ച് വരുന്നു. ഈ വിഭാഗക്കാർക്കു തൊഴിൽ നൽകാനുള്ള നടപടികൾക്കു ഒമ്പതാം പദ്ധതിയിൽ മുൻഗണന നൽകേണ്ടതാണ്.

**പ്രശ്നങ്ങൾ :**

* തേക്കുംകുന്ന് ഹരിജൻ കോളനിക്കടുത്തുള്ള അശാസ്ത്രീയമായ കന്നുകാലി അറവ് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
* ആദിവാസികേന്ദ്രങ്ങളിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
* തുറസായ സ്ഥലങ്ങളിലെ മലമൂത്ര വിസർജനം.
* വിദ്യാഭ്യാസംഗത്തെ പിന്നോക്കാവസ്ഥ.
* തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവം.
* സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത.
* പഠന നിലവാരത്തകർച്ച.
* മുട്ടിക്കടവ് ട്രൈബൽ ഹോസ്ററലിൽ പഠിക്കുന്ന പഞ്ചായത്തിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ.
* ഭവനനിർമ്മാണത്തിനായി ലഭിക്കുന്ന സർക്കാർ സഹായത്തിന്റെ അപര്യാപ്തത.
* കോളനികളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം.
* കോളനികളിലേക്കുള്ള ഗതാഗത സൗകര്യങ്ങളുടെ കുറവ്.
* കോളനി വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല.
* കോളനി വീടുകൾക്കു അററകുററപ്പണി നടത്താൻ സഹായം ലഭിക്കുന്നില്ല.
* സഹകരണ മേഖലയിൽ ജോലി സംവരണം ലഭിക്കുന്നില്ല.
* എല്ലാ SC/ST കുടുംബങ്ങൾക്കും സ്വന്തമായി വീടും സ്ഥലവും ഇല്ല
* എല്ലാ കോളനി വീടുകളിലും ആധുനിക രീതിയിലുള്ള കക്കൂസ് നിർമ്മിച്ച് നൽകുന്നില്ല.
* കലാ സാംസ്കരിക രംഗത്ത് പ്രവർത്തിക്കുന്ന ഈ വിഭാഗക്കാർക്കു വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

**സാധ്യതകൾ:-**

എല്ലാ കോളനി വീടുകളിലും ആധുനിക രീതിയിലുള്ള കക്കൂസുകൾ സൗജന്യമായി നിർമ്മിച്ചു നൽകാൻ സർക്കാർ മുൻകൈ എടുക്കണം. അശാസ്ത്രീയമായ തേക്കുംകുന്നിലെ കന്നുകാലി അറവു അവസാനിപ്പിക്കുകയും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആധുനിക രീതിയിലുള്ള അറവുശാലയും മത്സ്യ മാംസ മാർക്കററും നിർമ്മിക്കണം. മാസത്തിൽ ഒരു തവണയെങ്കിലും ആദിവാസി കോളനികളിൽ വൈദ്യ പരിശോധന നടത്തേണ്ടതാണ്, വനത്തിനകത്ത് താമസിക്കുന്നവർക്ക് അത്യാഹിതങ്ങളും മററുമുണ്ടാകുമ്പോൾ വനംവകുപ്പിന്റെ വാഹനങ്ങൾ നിർബന്ധമായും വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

വീട് നിർമ്മാണത്തിന് ലഭിക്കുന്ന സർക്കാർ സഹായം അനുബന്ധ സൗകര്യങ്ങൾക്കുമടക്കം 15,000 രൂപ എന്നത് നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് നിർമ്മാണ ചെലവും കണക്കിലെടുത്ത് ചുരുങ്ങിയത് 30,000 രൂപയെങ്കിലും വർദ്ധിപ്പിക്കണം. കാലാകാലങ്ങളിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാക്കേണ്ടതാണ്. കോളനി വീടുകൾ കോൺക്രീററ്കൊണ്ട് നിർമ്മിക്കുന്നത് ഒരുപരിധിവരെ ശോച്യാവസ്ഥ പരിഹരിക്കാൻ സഹായിക്കും നിർമ്മാണപ്രവർത്തനം ഉപഭോക്താവുതന്നെ ഏറെറടുത്ത്നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഭവനനിർമ്മാണ സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുകയോ ഈ രംഗത്ത് പ്രശസ്തിയാർജ്ജിച്ച നിർമ്മിതികേന്ദ്രത്തിന്റെ സഹായം തേടുകയോ ആകാം.

കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കരിമ്പുഴയിലെ വെള്ളം ഉപയോഗിച്ചുകൊണ്ട് കൊട്ടുപാറകേന്ദ്രായി സമഗ്രമായ ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കാവുന്നതാണ്. പത്തു വീടുകൾക്ക് ഒരു കിണർ എന്നരീതിയിൽ സ്ഥാപിക്കുകയു

വേനലിൽ വററുന്ന കിണറുകൾക്ക് ആഴം വർധിപ്പിക്കേണ്ടതുമാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി അടിയന്തിരമായി നടപ്പാക്കേണ്ട ചില നിർദ്ദേശങ്ങൾ താഴെ പറയുന്നു.

o ചെറുപുഴ ശുദ്ധജല വിതരണപദ്ധതിയിൽ നിന്നുള്ള വെള്ളം മുണ്ടക്കടവ് കോളനിയിലേക്ക് കൂടി എത്തിക്കേണ്ടതാണ്.

o പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ റിപ്പയർ ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.

o വീടുകളുടെ അററകുററ പണിക്കായി അഞ്ചു വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികസഹായം നൽകേണ്ടതാണ്.

o ആദിവാസി കേന്ദ്രമായ നെടുങ്കയത്ത് അടിയന്തിരമായി ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കണം

o നെടുങ്കയം, മുണ്ടക്കടവ്, ചൊടാലപ്പൊട്ടി, മാഞ്ചീരി, എന്നിവിടങ്ങളിൽ തുടർ സാക്ഷരതാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയും വേണം.

o എല്ലാകോളനികളിലും തുടർ സാക്ഷരതാപ്രവർത്തനം പുനഃരാരംഭിക്കണം.

o ഒന്നാം വാർഡിലും ആറാം വാർഡിലും(നെടുങ്കയം)ഓരോ L. P സ്കൂൾ സ്ഥാപിക്കണം.

o പഞ്ചായത്തിൽ ഒരു U P സ്കൂൾ കൂടി സ്ഥാപിക്കണം.

o പഞ്ചായത്തിൽ ഒരു I. T. I സ്ഥാപിക്കണം. വിദ്യാലയങ്ങളിൽ പോകുന്ന കുട്ടികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്താൻ കോളനികൾ കേന്ദ്രീകരിച്ച് ട്യൂഷൻ സെൻററുകൾ സ്ഥാപിക്കണം.

o അംബേക്കർകോളനി, കുണ്ടുങ്ങൽകോളനി, ഹൈസ്ക്കൂൾകുന്ന്, നെടുങ്കയം, മുണ്ടക്കടവ്, ചൊടാലപ്പൊട്ടി, തെക്കേമുണ്ട, അരക്കംപൊയിൽ എന്നിവിടങ്ങളിൽ പുതിയ അംഗനവാടികൾ സ്ഥാപിക്കേണ്ടതാണ്.

o കൊളവട്ടം അംഗനവാടിയിൽ ആവശ്യമായ ഉപകരണങ്ങളും കളിപ്പാട്ടങ്ങളും നൽകേണ്ടതാണ്.

o പഞ്ചായത്തിലെ കുട്ടികൾ താമസിച്ചു പഠിക്കുന്ന മുട്ടിക്കടവ് ട്രൈബൽ ഹോസ്റ്റലിൽ അടിസ്ഥാനപരമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

o പട്ടികജാതി വിഭാഗക്കാർക്കായി ഒരു ഹോസ്ററൽ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കണം.

o പഞ്ചായത്തിലെ മുഴുവൻ കോളനികളും വൈദ്യുതീകരിക്കണം. താറുമാറായി കിടക്കുന്ന വയറിംഗ് ഉടമ്പടി റിപ്പയർ ചെയ്യേണ്ടതുമാണ്.

o തേക്കുംകുന്ന് ഹരിജൻകോളനി വീടുകളുടെ മുകളിലൂടെ പോകുന്ന വൈദ്യുതി ലൈൻ മാററി സ്ഥാപിക്കണം.

o കോളനികളുടെ സമീപത്ത് നിർബന്ധമായും തെരുവു വിളക്കുകൾ സ്ഥാപിക്കണം.

o ഈ വിഭാഗക്കാർക്കായി ഒരു കാർഷിക സഹകരണ സംഘം സ്ഥാപിക്കുകയും വനപ്രദേശത്ത് തരിശായികിടക്കുന്ന ഭൂമി കൃഷിചെയ്യാനായി വിട്ടുകൊടുക്കേണ്ടതുമാണ്.

o കൊട്ടുപാറ ഗിരിജൻ കോളനിയിലെ റബർ കൃഷി പരിപാലിക്കാനും പാൽ ശേഖരിക്കുവാനും അവരുടെതായ ഒരു സഹകരണ സംഘം സ്ഥാപിക്കാവുന്നതാണ്.

o പഞ്ചായത്തിലെ മുഴുവൻ കോളനി നിവാസികൾക്കും കൃഷിചെയ്യാൻ സ്ഥലവും കാർഷികോപകരണങ്ങളും നൽകേണ്ടതാണ്.

o കോളനികളിലെ 'മണ്ണൊലിപ്പ്' തടയാൻ നടപടി സ്വീകരിക്കേണ്ടതാണ്.

X വനത്തിനകത്തുള്ള ആദിവാസികൾ കളംകുന്ന് ഭാഗത്തുള്ള പട്ടികജാതി കുടുംബങ്ങൾ തുടങ്ങിയവർക്ക് അടിയന്തിരമായി പട്ടയം നൽകേണ്ടതാണ്.

X ഇഷ്ടികനിർമ്മാണം, റബർ ഉൽപ്പന്നവ്യാവസായം പരമ്പരാഗത തൊഴിൽ എന്നീമേഖലകളിൽ ഈ വിഭാഗക്കാർക്കായി സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. സ്ത്രീകൾക്ക് തയ്യൽപരിശീലനവും നൽകേണ്ടതാണ്

X മുണ്ടക്കടവ്, മാഞ്ചീരി, ചൊടാലപ്പൊട്ടി, മൈലാടംപ്പൊട്ടി, നെടുങ്കയം, എന്നീകോളനികളിൽ താമസിക്കുന്നവരുടെരക്ഷക്കായി കോളനിക്ക് ചുററും ട്രഞ്ച് സംവിധാനം ശക്തിപെടുത്തേണ്ടതാണ്.

X മുണ്ടക്കടവ് കോളനിയിലെ വീടുകൾക്ക് ഭീഷണിയായി നിൽക്കുന്ന വൻമരങ്ങൾ മുറിച്ചുനീക്കാൻ നടപടിയുണ്ടാകണം

X കരുളായി അങ്ങാടിക്ക് സമീപത്തുള്ള വനം വകുപ്പിൻെറ അധീനതയിലുള്ള കെട്ടിടങ്ങൾ ആദിവാസികൾക്ക് രാത്രികാലങ്ങളിൽ താമസിക്കുവാൻ സൗകര്യപെടുത്തണം.

X നിലംപതി, വള്ളിക്കെട്ട്, ഭൂമിക്കുത്ത്, മരുതങ്ങാട് (കൂളിക്കുന്ന്) കൊഴലമുണ്ട, പുല്ലഞ്ചേരി (ചെവിടിക്കാപ്പ്) എന്നിവിടങ്ങളിലെ ശ്മശാനങ്ങൾക്ക് ചുററും മതിൽകെട്ടേണ്ടതാണ്.

X കൊട്ടാരക്കാട് പ്രദേശത്ത് കോളനി സ്ഥാപിക്കുവാൻ ഒരേക്കർഭൂമി ലഭ്യമാണ്. അത് പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതാണ്.

X നെടുംകായത്ത് ഒരു തപ്പാൽപെട്ടി സ്ഥാപിക്കേണ്ടതാണ്.

X നെടുങ്കയം, ചൊറുപുഴ കോളനികളിൽ ഓരോ കമ്മ്യൂണിററിഹാളുകൾ സ്ഥാപിക്കണം.

X കുന്നുങ്ങൽ കോളനി, തോട്ടപ്പായിൽ, കൊട്ടുപാറ, കക്കോട്, താഴെമൈലംമ്പാറ, മരുതങ്ങാട്, ചെട്ടി, തേക്കുംകുന്ന് കുട്ടിമല, അരക്കംപൊയിൽ, അരിപ്പംമല, അമ്പലക്കുന്ന്, കൊഴലമുണ്ട, കൊട്ടാരക്കാട് എന്നീ കോളനികൾ I. H. D. P. കോളനിയായി അംഗീകരിക്കുക

X മുഴുവൻ കോളനിറോഡുകളും ഗതാഗതയോഗ്യമാക്കുക

X ഭൂമികുത്ത്ശ്മശാനം, പാലക്കുന്ന് കോളനി എന്നിവിടങ്ങളിലേക്ക് പൊതുവഴി ആവശ്യമാണ്

X മൈലമ്പാറയിലുള്ള കുഴൽകിണററിൽ നിന്ന് വെള്ളം പമ്പ്ചെയ്തു ടാങ്ക് നിർമ്മിച്ച് ആ പ്രദേശത്തുള്ളമുഴുവൻ കോളനികളിലേക്കും ശുദ്ധജലം എത്തിക്കാൻ നടപടി സ്വീകരിക്കണം.

X പനിച്ചോലയിലുള്ള എല്ലുകുഴി മാററണം.

X സഹകരണ മേഖലയിലെ സ്ഥാപനങ്ങളിലും സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലും ഈ വിഭാഗക്കാർക്ക് ജോലിസംവരണം ഏർപ്പെടുത്തേണ്ടതാണ്.

X ആദിവാസി രംഗത്തുള്ള പ്രാചീനമായ കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിനായി പട്ടികജാതി വിഭാഗത്തിലെ ഈ രംഗത്ത് അഭിരുചിയുള്ളവരെ പ്രോൽസാഹിപ്പിക്കുന്നതിനായും സർക്കാർ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കേണ്ടതാണ്.

X മുഴുവൻ കോളനികളിലും വായന ശാലകൾ സ്ഥാപിക്കണം.

X പഞ്ചായത്തിലെ എല്ലാ കോളനികളിലും ടെലിവിഷൻ സെററുകൾ സ്ഥാപിക്കേണ്ടതാണ്

X ഈ വിഭാഗക്കാർക്കായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളിൽ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനും പദ്ധതികളുടെ നടത്തിപ്പിൽ ഓരോ കോളനികളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ടുപേർ ഉൾപ്പെടുന്ന ജനകീയ കമ്മററികൾ രൂപീകരിക്കണം.

X ഈ വിഭാഗക്കാർക്കായി പുതിയ തൊഴിൽ യൂണിററ് തുടങ്ങുന്നതിന് സാമ്പത്തിക സഹായം ഏർപ്പെടുത്തേണ്ടതാണ്.

* * *

# 12 വിഭവ സമാഹരണം

131 Sqm ലായി വ്യാപിച്ചുകിടക്കുന്ന അവികസിത പ്രദേശമാണ് കരുളായി പഞ്ചായത്ത് ഭൂവിസ്തൃതിയിൽ 70%വും റിസർവ്വ് വനമായതിനാൽ ബാക്കി സ്ഥലത്ത് മാത്രമേ ജനവാസമൊള്ളു. ഇവരിൽ കൂടുതലും കാർഷിക വൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്.

പഞ്ചായത്തിൻെറ മുഖ്യ വരുമാനം കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ സഹായങ്ങളെ ആശ്രയിച്ചാണ് പഞ്ചായത്തിൻെറ വികസന പ്രവർത്തികൾ നടത്തുന്നത്. അൺടൈഡ് J.R.Y, V.T.C സ്ററാമ്പ് ഡ്യൂട്ടി 75% എന്നിവയാണ് പ്രധാനമായും സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറുകൾ. ജനസംഖ്യാടിസ്ഥാനത്തിൽ തുകകൾ വിതരണം ചെയ്യുന്നതു കൊണ്ട് ജനസംഖ്യയിൽ പുറകിൽ നിൽക്കുകയും, അവികസിതമായി കിടക്കുകയും ചെയ്യുന്ന ഈ പഞ്ചായത്തിന് മേൽ ഗ്രാൻറുകൾ താരതമ്യേന കുറവാണ് ലഭിക്കുന്നത്. 3—ാം ഗ്രേഡ് പഞ്ചായത്തായ ഈ പഞ്ചായത്തിലെ ജീവനക്കാരുടെ പട്ടിക താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ഹെഡ് ക്ലർക്ക് | 1 |
| 3 | യു. ഡി. സി. | 2 |
| 4 | എൽ. ഡി. സി. | 1 |
| 5 | ജൂനിയർ ബിൽകലക്ടർ | 1 |
| 6 | പ്യൂൺ | 1 |
| 7 | പാർടൈം സ്വീപ്പർ | 1 |

ഇവരിൽ ഹെഡ് ക്ലാർക്കിൻെറയും പ്യൂണിൻെറയും പാർടൈം സ്വീപ്പറുടെയും തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്.

ഭരണ സമതി അംഗങ്ങളായി 9 പേരാണ് ഉള്ളത് ജീവനക്കാരുടെ ശമ്പളവും ബത്തയും ഭരണ സമിതി അംഗങ്ങളുടെ ഓണറേറിയവും ബത്തയും അടക്കം 3,75000 രൂപ ചിലവ് വരുന്നുണ്ട്. ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവും, ക്ഷാമബത്ത പുതുക്കലും അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിച്ചതുമൂലവും ഭരണചെലവ് ഇനിയും കൂടുവാൻ സാധ്യതയുണ്ട്.

1995—1996 വർഷത്തിൽ പഞ്ചായത്തിനു ലഭിച്ച തനതു വരുമാനം 2,94478 രൂപയാണ്. ഇതിൽ നിന്നും, പഞ്ചായത്തിൻെറ തനതു വരുമാനത്തിൽനിന്നും ഭരണ ചെലവ് നികത്താൻ കഴിയുന്നില്ല എന്ന് കാണാം. അതായത് പഞ്ചായത്തിൻെറ നിത്യചിലവ് പോലും സർക്കാരിൻെറ മററു ഗ്രാൻറിനെ ആശ്രയിച്ചാണിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 9, 24, 703 രൂപ അൺടൈഡ് J. R. Y ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. മുൻ കാലങ്ങളെ അപേക്ഷിച്ച് നേരിയ വർദ്ധനവ് ഇതിൽ ഉണ്ട്. തനതുവരുമാനത്തിലും ഈ വർദ്ധനവ് കാണാം നികുതിയേതരവരുമാനമായി ഫലവൃക്ഷങ്ങൾ ലേലം ചെയ്ത വകയിൽ 5100 രൂപയും ലൈസൻസ് ഫീഇനത്തിൽ 8610 രൂപയുംപിരിഞ്ഞുകിട്ടി.3—ാം ഗ്രേഡ് പഞ്ചായത്ത് ആയത് കൊണ്ട് എക്സ്ററാബ്ളിഷ് ഗ്രാൻറായി 1,23,000 രൂപയും ലഭിച്ചു. മൊത്തം വരുമാനത്തിൻെറ 32.8 ശതമാനം അൺടൈഡ് ഇനത്തിൽ ലഭിച്ചതാണ്. J. R. Y ഇനത്തിൽ ജനറൽ സെക്ടറിൽ 118 സാനിട്ടറി കക്കൂസുകൾക്ക് 2,37000 രൂപയും പട്ടികജാതി/വർഗ്ഗവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചതിന് 137,7 00 രൂപയും ചിലവഴിച്ചു. പൊതുമരാമത്തു പ്രവർത്തികൾക്കായി 2,40,087 രൂപയും തെരുവു വിളക്കുകൾക്ക് 56,936രൂപയും ആണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചിലവഴിച്ചത്.

പഞ്ചായത്തിരാജ് നിയമപ്രകാരം ഭരണ സമിതിക്ക് കൈവന്നിട്ടുള്ള പുതിയ അധികാരങ്ങൾ സഹായധനം വിതരണം ചെയ്യുന്നതിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ്. മൃഗസംരക്ഷണം, പൊതുജനാരോഗ്യം, കൃഷി, ക്ഷീരവികസനം തുടങ്ങിയ വകുപ്പുകളിൽ ചെലവഴിക്കേണ്ടതായ തുകകൾ പഞ്ചായത്ത് കണക്കിൽ വന്നു ചേർന്നെങ്കിലും മിക്കവയും അതാത് വകുപ്പ് നിർദ്ദേശിക്കുന്ന ഇനത്തിൽ മാത്രമെ ചിലവഴിക്കാൻ സാധിക്കുന്നൊള്ളു. ഈ തുകകൾ ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്ത പദ്ധതികൾക്കായി ചെലവഴിക്കാൻ അനുവാദം നൽകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ മുഖ്യ ചെലവ് ഇനമായ ഭരണ ചിലവ് കഴിഞ്ഞ 10 വർഷമായി കൂടി കൊണ്ടിരിക്കുകയാണ്. ഈ തുക മൊത്തം ചിലവിന്റെ 31% വരും ജീവനക്കാരുടെ ക്ഷാമബത്തയിലുള്ള വർദ്ധനവും, ശമ്പള പരിഷ്ക്കരണവും, മെമ്പർമാരുടെ ഓണറേറിയവും വർദ്ധിപ്പിച്ചതു മൂലവുമാണ് ഈ ഇനത്തിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളത് പൊതുമരാമത്ത് പണികൾക്കായി മൊത്തം ചിലവിന്റെ 23% ചെലവഴിക്കുന്നുണ്ട്. ഈ തുകയിലും ഗണ്യമായ വർദ്ധനവ് കാണുന്നുണ്ട്. റോഡുകളുടെ അററകുററ പണികൾക്കും നിർമ്മാണത്തിനുമായി പഞ്ചായത്തിലെ പൊതു ജനങ്ങളുടെ വർദ്ധിച്ച ആവശ്യങ്ങൾ10% പോലും നിറവേററാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. പൊതുമരാമത്ത് പ്രവർത്തികൾ, കരാറായും, പഞ്ചായത്ത് നേരിട്ടും ബെനിഫിഷറി കമ്മററി മുഖേനയും നടത്തുന്നുണ്ട്.

വരുമാനത്തിന്റെ 10%തുകസ്ട്രീററ്ലൈററ് ഇനത്തിലാണ് ചെലവഴിക്കുന്നത്. എന്നാൽ സ്ട്രീററ്ലൈററുകളുടെ കാര്യക്ഷമത 50% താഴെയാണ്. ഈ കാര്യത്തിൽ കൃത്യമായ പരിപാലനം ആവശ്യമാണ്. J.R.Y, അൺടൈഡ് തുടങ്ങിയ വരുമാനത്തിൽ നിന്നും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വീട്, കക്കൂസ്, റോഡ് എന്നിവക്കായി നിശ്ചിത ശതമാനം തുക ചിലവഴിക്കുന്നുണ്ട് ഈഇനത്തിൽ ലഭിക്കുന്നതുക സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം ചിലവഴിക്കുമ്പോൾ പ്രായോഗികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. 10800 രൂപ ഉപയോഗിച്ചുകൊണ്ട് വീട് നിർമ്മിക്കുക എന്നത് ശ്രമകരമാണ്. അത്കൊണ്ട് മേൻമകുറഞ്ഞ വീടുകളായിരിക്കും ഉണ്ടാക്കുക.

ഗിരിജനങ്ങൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണത്തിനായി കേരള വാട്ടർ അതോറിററി സ്ഥാപിച്ചുട്ടുള്ള ചെറു പുഴ പദ്ധതിയിൽ 23 പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവക്ക് വർഷത്തിൽ 20, 124 രൂപ വാട്ടർ ചാർജ്ജ് ഇനത്തിൽ അടവാക്കിക്കൊണ്ടിരിക്കുന്നു. ടാപ്പുകളുടെയും പദ്ധതിയുടെയും റിപ്പയർചെലവ് ഇതിന് പുറമെയാണ്. പ്രവർത്തിക്കാത്തതും കേടുവന്നതുമായ ടാപ്പുകൾക്കും ചാർജ്ജ് അടക്കുന്നത് കൊണ്ട് അധികം ചെലവ് വരുന്നു. കേടുവന്നത് നന്നാക്കാൻ നിരന്തരം ആവശ്യപ്പെട്ടാലും വാട്ടർ അതോറിററിയിൽനിന്ന് യഥാസമയം പ്രതികരണം ലഭിക്കാറുമില്ല.ഇത് പരിഹരിക്കുന്നതിന്ന് പഞ്ചായത്ത് തലത്തിൽ പരിശീലകരെലഭിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ 8, 9 വാർഡുകളിലായി ഏകദേശം 75 ഏക്ര പാടങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിനു വേണ്ടി 3,25000 രൂപ ചെലവഴിച്ച് ഒരു ചെറുകിട ജലസേചന പദ്ധതിക്ക് പഞ്ചായത്ത് തുടക്കം കുറിച്ചിട്ടുള്ളതാണ് ഉൽപ്പാദന മേഖലയിൽ ഉണ്ടായിട്ടുള്ള വികസനപ്രവർത്തനം. കടമായി ഒരു ഏജൻസിയിൽ നിന്നും പഞ്ചായത്ത്തുകകൈപററിയിട്ടില്ല എന്നത്കൊണ്ട് കടം തിരിച്ചടവിന് പഞ്ചായത്തിന് ബാദ്ധ്യതയില്ല.

വരവ്

പട്ടിക I 23—24




ചിലവുകൾ

**Establishment**




**Public works**




**Others**




100

പദ്ധതി വിഹിതങ്ങളും, സർക്കാർ ഗ്രാൻറുകളും പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുമ്പോൾ നിലവിലുള്ള മാനദണ്ഡം ജനസംഖ്യാ ആനുപാതികമാണ്. ഇതു മൂലം ജനസംഖ്യ കുറഞ്ഞതും സ്വാഭാവികമായും, വരുമാനം കുറഞ്ഞതുമായ അവികസിത പഞ്ചായത്തുകൾക്ക് താരതമ്യേന കുറഞ്ഞ വിഹിതമാണ് ലഭിക്കുന്നത്. ജനസംഖ്യ കൂടിയതും അതുവഴി വരുമാനം വർദ്ധിച്ചതുമായ പഞ്ചായത്തുകൾക്ക് കൂടിയ തുകയുമാണ് ലഭിക്കുന്നത്. ഇത് അശാസ്ത്രീയമായ ഒരു പ്രവണതയായി കാണുന്നു. പഞ്ചായത്തിൻെറ വരുമാനവും വികസനവും ഗ്രേഡും കണക്കാക്കി തുക വീതിക്കുന്നതാകും ഉചിതം. പഞ്ചായത്ത് ജനകീയ ആസൂത്രണ പ്രക്രിയയിലൂടെ രൂപപ്പെടുത്തിയെടുത്ത പദ്ധതികൾക്ക് പഞ്ചായത്തിൻെറ വലിപ്പച്ചെറുപ്പം നോക്കാതെ തുക വിതരണം ചെയ്യേണ്ടതായിട്ടുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ കൂടുതലുള്ള ഈ പഞ്ചായത്തിൽ ഈ ഇനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്തിൻെറ മേൽ വിഭാഗത്തിൻെറ ക്ഷേമപ്രവർത്തനങ്ങൾക്ക് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന് തികയുന്നതായിരിക്കണം.

ഈ പഞ്ചായത്തിൽ ധനകാര്യസ്ഥാപനങ്ങളായി സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൻെറ കരുളായി ബ്രാഞ്ചും, കരുളായി സർവ്വീസ് സഹകരണ ബേങ്കും മാത്രമാണുള്ളത്.

പ്രാദേശിക ഉൽപ്പാദന മേഖലയിൽ വലിയ ഒരളവോളം ഗുണകരമായ മാററം വരുത്താൻ ഈ ബാങ്കുകൾക്ക് കഴിഞ്ഞിട്ടുണ്ട്. കാർഷിക വായ്പ, കച്ചവട വായ്പ, വ്യവസായ വായ്പ എന്നീ ഇനങ്ങളിലാണ് ഗ്രാമീണ ബാങ്ക് പ്രധാനമായും വായ്പ നൽകുന്നത്. സംസ്ഥാന സർക്കാരിൻെറ IRDP, CCDP വായ്പകളും നൽകുന്നുണ്ട്. വായ്പ എടുക്കുന്നവർ 90% ആളുകളും കൃത്യസമയത്ത് തിരിച്ചടക്കുന്നുണ്ട്.

സൗത്ത് മലബാർ ഗ്രാമീണബാങ്ക് നൽകിയ വായ്പാ വിവരണം.

ലോൺ കൊടുത്തത്. | അവധി ബാക്കി

| കൃഷി | വ്യവസായം | കച്ചവടം | മററുള്ളവ | ആകെ | കൃഷി | മററുള്ളവ |
|---|---|---|---|---|---|---|
| 20980000 | 600000 | 5697000 | 1959000 | 29236000 | 2019559 | 396558 |

അവലംബം S.D.

20980000 രൂപ ഈ ബാങ്കിൽ നിക്ഷേപമായി ഉണ്ട്. ഈ തുകയിൽ കൂടുതൽ തുക വായ്പയായി വിതരണം ചെയ്തിട്ടുമുണ്ട്. നിക്ഷേപ തുക നിക്ഷേപ സമാഹരണ മാസാചരണകാലത്ത് കൂടി വരുന്നതായി കാണാം.

3230 എ ക്ലാസ് മെമ്പർമാരുടേയും 2364 സി ക്ലാസ് മെമ്പർമാരിൽനിന്നും സർക്കാരിൽ നിന്നും അടക്കം 755905 രൂപ ഓഹരി മൂലധനമുള്ള ഭേദപ്പെട്ട ഒരു ബാങ്കാണ് കരുളായി സർവ്വീസ് സഹകരണ ബാങ്ക്. 7151469 രൂപ വിവിധ നിക്ഷേപങ്ങളിലായി ബാങ്കിൽ നിക്ഷേപമുണ്ട്. ബാങ്കിൻെറ സ്വന്തം ഫണ്ടും, ജില്ലാ ബാങ്കിൻെറ വായ്പാകൊണ്ടും കാർഷിക കാർഷികേതര വായ്പകളായി 11633859 ക വിതരണം ചെയ്തിട്ടുണ്ട്.

കരുളായി കോ–ഓപ്പറേററീവ് സർവ്വീസ് സഹകരണ ബാങ്ക് നൽകിയ വായ്പാ വിതരണം

വായ്പകൊടുത്തത് | അവധി ബാക്കി

| കൃഷി | വ്യവസായം | കച്ചവടം | മററുള്ളവ | ആകെ | കൃഷി | മററുള്ളവ |
|---|---|---|---|---|---|---|
| 1670455 | | | 9963404 | 11633859 | 157710 | 15558 |

അവലംബം S.D.

അവധിബാക്കി സംഖ്യ 5%ത്തിന് താഴെയാണ്. ഇത് മററു ബാങ്കുകളെ അപേക്ഷിച്ച് വളരെ കുറവാണ്, നിക്ഷേപ തുക 7151469 രൂപയാണ് ഇതിൻെറ 75 ശതമാനവും ലോണായി ഈ പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുന്നുണ്ട്. ഈ 2 ബാങ്കുകരം കൂടാതെ മററു ധനകാര്യം സ്ഥാപനങ്ങരം ഒന്നും ഈ പഞ്ചായത്തിൽ ഇല്ല.

വിദേശരാജ്യങ്ങളിൽ ഈ പഞ്ചായത്തിലെ 5% ആരംക്കാർ ജോലി ചെയ്യുന്നുണ്ട്. ഇവരിൽ 95%വും ഗരംഫ് രാഷ്ട്രങ്ങളിലാണ്. ബാക്കി5% പാശ്ചാത്യരാജ്യങ്ങളിലാണ്. ഇവരുടെസമ്പാദ്യം കൂടുതലായും കെട്ടിടനിർമ്മാണത്തിനും, തോട്ടം വാങ്ങുന്നതിനും ആണ് ഉപയോഗിക്കുന്നത്. സ്ഥിര നിക്ഷേപമായി ബാങ്കുകളിൽ നിക്ഷേപിക്കുന്നവരും ഇല്ലാതില്ല. വികസന സാധ്യതയുള്ള വ്യവസായ മേഖലയിലേക്ക് ഈ സമ്പാദ്യങ്ങരം നിക്ഷേപിക്കുന്നതിന് വ്യാപകമായ പ്രചരണവും വ്യവസായ സംരംഭകർക്കുള്ള മാർഗനിർദ്ദേശങ്ങളും പരിശീലനവും പ്രോൽസാഹനവും സംഘടിപ്പിക്കേണ്ടതുണ്ട്. ഈ സാധ്യത വിജയകരമായി ഉപയോഗിക്കുവാൻ കഴിഞ്ഞാൽ പഞ്ചായത്തിൻെറ മുഖച്ഛായതന്നെ മാററാൻ കഴിയുന്നതാണ്. ഗരംഫ് മേഖലയിലെ സംഘർഷാവസ്ഥയും സുരക്ഷിതത്വമില്ലായ്മയും ഇതിനൊരു തടസമായി വരാമെങ്കിലും വിജയസാധ്യത തള്ളിക്കളയാൻ കഴിയില്ല.

സന്നദ്ധ സംഘടനകളും പ്രവർത്തകരും ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവരുടെ സേവനം പ്രയോജനപ്പെടുത്താൻ ആരും ശ്രമിക്കാറില്ല. എന്നാൽ നവംബർ 1 ൻെറ പുനരർപ്പണദിനം സമുചിതമായി ആചരിക്കാൻ സർവ്വവിധ സംഘടനകരം തയ്യാറാകുകയും 300 റോളം സന്നദ്ധ സേവകരുടെ സഹായത്തോടെ ഏകദേശം 50000 രൂപയുള്ള പ്രവർത്തി ഏറെറടുത്ത് നടത്തുകയും ചെയ്തു. ഇതിൽ നിന്നും സന്നദ്ധസേവനം ഈ പഞ്ചായത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് തെളിയുകയാണ്. പഞ്ചായത്തിലെ സ്കൂളുകളിലെ P.T.A കരം പലതും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചില വർഷങ്ങളിൽ ചലനരഹിതമാകാറുണ്ട്. PTA കമ്മററികരം കാര്യക്ഷമമാക്കുവാനും സന്നദ്ധ സേവനം ഉപയോഗപ്പെടുത്താനും പഞ്ചായത്ത്തലത്തിൽ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ റവന്യൂ വരുമാനത്തിൻെറ മേൽനോട്ടം വഹിക്കാൻ ഉദ്യോഗസ്ഥൻെറ അഭാവം.

2 നികുതിപിരിവ് ഉദ്യോഗസ്ഥൻമാരുടെ അപര്യാപ്തത.

3 ഭരണസമിതി അംഗങ്ങളുടെ വർദ്ധിപ്പിച്ച ഓണറേറിയവും ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവും ഭരണചിലവ് അനുദിനം അധികരിക്കുന്നു.

4 കരാറുകാരുടെ അമിതമായ ലാഭക്കൊതി വികസന രംഗത്തെ ഗുണമില്ലായ്മക്ക് കാരണമാകുന്നു.

5 എഞ്ചിനീയറിംഗ് ആഫീസിൽനിന്നും വകുപ്പ് മേലാഫീസിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം വികസനത്തെ ബാധിക്കുന്നു.

6 കാലാനുസൃതമായി നികുതി ചട്ടങ്ങളിൽ മാററം വരുത്തുന്നതിനുള്ള കാലതാമസം.

7 സന്നദ്ധ സേവനങ്ങളെ സമാഹരിക്കാനുള്ള സംവിധാനത്തിൻെറ അഭാവം.

8 ബാങ്ക് വായ്പകരംക്ക് ഈടു നൽകുന്നതിനുള്ള പ്രയാസം.

## സാദ്ധ്യതകൾ

1 നിലവിലുള്ള നികുതി പിരിവ് ഉദ്യോഗസ്ഥൻമാരുടെ തസ്തിക കൂടുതൽ അനുവദിക്കുകയും മേൽനോട്ടത്തിന് ഒരു പുതിയ തസ്തിക സൃഷ്ടിക്കുകയും ചെയ്യുക.

2 വിനോദ നികുതിപിരിവ് തിയേററുകളെ A B C ക്ലാസ് തിരിച്ച് കോമ്പൗണ്ട് ചെയ്യാനുള്ള നിയമ നിർമ്മാണം നടത്തുക.

3 കെട്ടിട നികുതി ചുമത്തുമ്പോൾ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തെ അടിസ്ഥാനമാക്കി നികുതി ചുമത്താനുള്ള നിയമ നിർമ്മാണം നടത്തുക.

4 തൊഴിൽ നികുതി നിർണ്ണയിക്കുന്നതിന് നിലവിലുള്ള സ്ലാബ് സമ്പ്രദായത്തിനു പകരമായി ശമ്പളത്തിന്റെ നിശ്ചിത ശതമാനമായി നിജപ്പെടുത്തുക.

5 എല്ലാവിധ നികുതികളിലും സേവന നികുതി ഏർപ്പെടുത്തുക.

6 ഭൂമി ക്രയവിക്രയം നടത്തുമ്പോൾ വാങ്ങുന്ന ആളിൽ നിന്നു മാത്രമെ ഇപ്പോൾ ഫീസ് ഈടാക്കുന്നുള്ളു. എന്നാൽ വിൽക്കുന്ന ആളിൽ നിന്നും നിശ്ചിത ശതമാനം ഫീസ് ഈടാക്കാനുള്ള നിയമനിർമ്മാണം നടത്തുക.

7 സന്നദ്ധസേവനങ്ങളെ സമാഹരിക്കാനും അവർക്ക് വേണ്ട സാമ്പത്തിക സഹായം നൽകുന്നതിനും പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിക്കുക.

8 വനം വകുപ്പിൽനിന്നും തടി ലേലം ചെ[illegible]തു വിൽക്കുമ്പോൾ ഒരു നിശ്ചിത ശത[illegible]നം അതാതു പഞ്ചായത്തുകൾക്ക് ലഭ്യമാ[illegible]നുള്ള സംവിധാനം ഏർപ്പെടുത്തുക.

9 ജീവനക്കാരുടെയും ഭരണസമിതിയംഗ[illegible]ടെയും ശമ്പളവും ബത്തയും മുഴുവൻ [illegible]റായി അനുവദിക്കുക.

10 ബാങ്ക് വായ്പകൾക്ക് വായ്പ ഉപ[illegible]ക്കുന്ന മേഖല ഈടായി സ്വീകരിച്ച് വാ[illegible] നൽകാനുള്ള സംവിധാനം ഏർപ്പെടു[illegible]

11 പഞ്ചായത്ത് പദ്ധതികൾക്ക് ഭരണാ[illegible]യും സാങ്കേതികാനുമതിയും മററ് [illegible]നുമതിയും പഞ്ചായത്ത് തലത്തിൽ [illegible]ക്കുക.

# ഉപസംഹാരം

പൊതുരംഗത്തേക്കുള്ള എൻെറ ആദ്യത്തെ കാൽവെയ്പാണ് പഞ്ചായത്തിലേക്കുള്ള തെരഞ്ഞെടുപ്പ്. കാരണവന്മാരും നേതാക്കന്മാരും സ്ഥാനാർത്ഥിയാകാൻ നിർബന്ധിച്ചപ്പോൾ അത് ഇത്രയും ഗൗരവമായ ഒരു ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിൽ എത്തുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. വീട്ടിൽ കുഞ്ഞുങ്ങളുമായി വസിക്കുന്ന ഒരു സാധരണ കുടുംബിനി ഒരു പഞ്ചായത്ത് പ്രസിഡണ്ടായി വന്നപ്പോൾ എനിക്ക് അല്പം ശങ്കതോന്നി. എന്നാൽ ആത്മ വിശ്വാസത്തോടും ആർജ്ജിച്ച വിദ്യാഭ്യാസം നൽകിയ മനഃക്കരുത്ത് മുറുകെ പിടിച്ച് ഓരോ അടിയും ശ്രദ്ധാപൂർവ്വം മുന്നോട്ട് വെച്ചുകൊണ്ടാണ് നീങ്ങിയത്. ഓരോദിവസം കഴിയുംതോറും ഉത്തരവാദിത്വത്തിൻെറ ആഴവും പരപ്പും ഞാൻ പഠിക്കുകയായിരുന്നു. പ്രശ്നങ്ങളുടെ നീണ്ടപട്ടിക ! അവ പരിഹരിക്കുന്നതിലുള്ള സങ്കീർണ്ണത !! ഇവ കൂടുതൽ പഠിക്കാനും മനസ്സിലാക്കാനും എനിക്ക് പ്രചോദനമേകി എനിക്ക് പിന്തുണ നൽകിയ പാർട്ടിയേയോ, എന്നെ സ്നേഹിക്കുന്ന ജനവിഭാഗത്തെയോ മാത്രം ആശ്രയിച്ചാൽ എൻെറ ഉത്തരവാദിത്വ നിർവ്വഹണം സുഗമമാക്കാനോ, പഞ്ചായത്തിൻെറ വികസനം പരിപൂർണ്ണതയിലെത്തിക്കാനോ സാദ്ധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കി. പ്രതിപക്ഷത്തിൻെറ മാത്രമല്ല; പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ സ്നേഹവും വിശ്വാസവും സഹകരണവും എൻെറ ഉത്തരവാദിത്വ നിർവ്വഹണത്തിന് അനിവാര്യമാണെന്ന് ഞാൻ മനസ്സിലാക്കി. അതനുസരിച്ചായിരുന്നു എൻെറയും സഹപ്രവർത്തകരുടെയും നീക്കം. അത് വിജയത്തിലേക്ക് ഞങ്ങളെ നയിക്കുന്നു എന്ന് മനസ്സിലാക്കാൻ ഏറെ കാത്തിരിക്കേണ്ടി വന്നില്ല. അതുകൊണ്ട്തന്നെ പതിവിന് വിപരീതമായ ഒരു പ്രവർത്തന ശൈലി രൂപപ്പെടുവാനും സംഗതിയായി.

മേൽപറഞ്ഞ ആശയങ്ങളുമായി മുന്നോട്ടു പോകുമ്പോഴാണ് 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന ആശയം സർക്കാർ മുന്നോട്ടു വെച്ചത്. അത്യാഹ്ലാദപൂർവ്വമാണ് ഞങ്ങൾ അത് സ്വീകരിച്ചത്. ആസൂത്രണം അടിത്തട്ടിൽ നിന്ന് എന്ന സൂക്തം – വികസനം ജനപങ്കാളിത്തത്തോടെ – എന്ന മഹത്തായ മറെറാരാശയത്തിന് വഴിയൊരുക്കുന്നു. ഈ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയപ്പോൾ യഥാർത്ഥത്തിൽ ഞങ്ങൾ ജനങ്ങളിലേക്ക് ഇറങ്ങിചെല്ലുകയായിരുന്നു. ഇതിൻെറ പരിപാടികളും മാർഗരേഖകളും ജനങ്ങളുടെ പൂർണ്ണമായ അറിവിലേക്കും, അംഗീകാരത്തിനുമായി സമർപ്പിക്കപ്പെട്ടപ്പോൾ വളരെ ആവേശത്തോടെയാണ് ജനങ്ങൾ അത് സ്വീകരിച്ചത്. ആസൂത്രണവുമായി ബന്ധപ്പെട്ട മേൽഘടകങ്ങളിൽ നിന്നും ലഭിച്ച എല്ലാ നിർദ്ദേശങ്ങളും സൂക്ഷ്മതയോടും ചിട്ടയോടും സമയബന്ധിതമായി ചെയ്തതുകൊണ്ടാണ് ഈ പഞ്ചായത്തിൽ ഈ ബൃഹത്തായ സമഗ്ര വികസന രേഖ തയ്യാറാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞത്. കഴിഞ്ഞ രണ്ടുമൂന്നു മാസമായി ഈ പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സംഘടനകളിലെയും ആബാലവൃദ്ധം ജനങ്ങൾ ഇതിൻെറ വിവിധ ഘട്ടങ്ങളിലെ പ്രവർത്തനത്തിന് പ്രതിഫലേച്ഛയില്ലാതെ രാപകൽ പ്രവർത്തന നിരതരായിട്ടുണ്ട്. രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങൾ മറന്ന് രാഷ്ട്ര പുനഃർ നിർമ്മാണ പ്രക്രിയയിൽ ഇത്രയും ആത്മാർത്ഥമായുംആവേശത്തോടെയുംഐക്യത്തോടെയും ഉള്ള കൂട്ടായ പ്രവർത്തനം രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞ മററു സംരംഭങ്ങൾ ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. ജനനൻമക്കുവേണ്ടിയുള്ള വികസനപ്രവർത്തനങ്ങളിൽഇത്തരംഒരുശൈലിരൂപപ്പെടുത്തുകയെന്നതുതന്നെയാണ് ഈ പ്രസ്ഥാനത്തിൻെറ ഏററവും വലിയ നേട്ടം–അത് നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു–നവമ്പർ ഒന്നിന് നടന്ന പുനഃരർപ്പണ പരിപാടിയുടെ വൻ വിജയം ഇതിൻെറ തെളിവാണ്. നാട്ടിലെ മുഴുവൻ ജനങ്ങളെയും 'പൊതുതാൽപര്യം' എന്ന വൈകാരികമായ കണ്ണികൊണ്ട് ബന്ധിപ്പിക്കാനും 'നാം ഒന്ന്' എന്ന ചിന്തയിലേക്ക് നയിക്കുവാനും നമുക്ക് സാധിച്ചു.

നാം തുടങ്ങിയതേയുള്ളു. ഫല പ്രാപ്തിയായിട്ടില്ല. ആസൂത്രണത്തിൻെറ ആരംഭ ഘട്ടങ്ങളാണിത്. ആസൂത്രണം പൂർത്തിയാക്കണം– പദ്ധതി വിഹിതം ലഭ്യമാകണം– മാർഗനിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് നാം ആസൂത്രണം ചെയ്ത് രൂപപ്പെടുത്തിയ പദ്ധതികൾ ആ വിഹിത സംഖ്യകൊണ്ട് നടപ്പിലാക്കണം– അതിന് വിഹിത സംഖ്യമാത്രം പോരാ– നമ്മുടെ എല്ലാവരുടെയും–ജനങ്ങളുടെ മൊത്തം പങ്കാളിത്തം അതിനാവശ്യമാണ്. അതാണ് 9–ാം പദ്ധതി ജനകീയ പദ്ധതി. ഈ പദ്ധതിയുമായി നമുക്ക് ശ്രദ്ധാപൂർവ്വം മുന്നോട്ടുപോകാം. വിജയം സുനിശ്ചിതം. അതിലേക്കായി എല്ലാവരുടെയും സഹകരണവും, സന്മനസ്സും, പ്രാർത്ഥനയും ഞാൻ പ്രതീക്ഷിക്കുന്നു.

**കെ. പി. ജൽസീമിയ**
പ്രസിഡണ്ട്
കരുളായ് ഗ്രാമ പഞ്ചായത്ത്

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

10;

## ആമുഖം, ചരിത്ര പശ്ചാത്തലം.

1. ജി.തോമസ് മാസ്റ്റർ കൺവീനർ
2. ടി.കെ.അബ്ദുള്ളകുട്ടി മാസ്റ്റർ
3. സി.കെ.മുഹമ്മത് മാസ്റ്റർ
4. എൻ.ചക്രപാണി മാസ്റ്റർ
5. എൻ.കുഞ്ഞിമുഹമ്മത്

## കൃഷിയും ജലസേചനവും

1. പി.കുഞ്ഞലവി, കൺവീനർ
2. എൻ.കുഞ്ഞിമുഹമ്മത്
3. കണ്ണൻ കുളവൻ മുഹമ്മത്
4. എൻ.പി.ലൂക്കോസ്

## മൃഗസംരക്ഷണവും മൽസ്യബന്ധനവും

1. കെ.കദീജ, കൺവീനർ
2. കുര്യാക്കോസ്
3. ജോളി
4. എ.അലവിക്കുട്ടി

## വിദ്യഭ്യാസം

1. കെ.സാജൻ മാസ്റ്റർ, കൺവീനർ
2. ജോയ് സി മാത്യു
3. കെ.ഹൈദർ മാസ്റ്റർ
4. എൻ.ബാലകൃഷ്ണൻ മാസ്റ്റർ

## കുടിവെള്ളം – പൊതു ജനാരോഗ്യം

1. ടി.പി.സിദ്ധീഖ്, കൺവീനർ
2. എം.കെ.ശ്രീധരൻ
3. സുഗതൻ
4. കമ്മു മാസ്റ്റർ

## വ്യവസായം

1. എൻ.സുബൈർ, കൺവീനർ
2. ടി.കെ.മഹ്മൂദ്
3. വേണു ഭഗവതികളത്തിൽ
4. പി.വി.അബ്രഹാം

## ഗതാഗതം – ഊർജ്ജം

1. കെ.പി.ജൽസീമിയ, കൺവീനർ
2. ടി.പി.ഹൈദരലി
3. എം.പി.ഹുസൈൻ
4. ഇ.കെ.ഹസൈനാർ

## പാർപ്പിടവും സാമൂഹ്യക്ഷേമവും

1. ഇ.വസന്തകുമാരി, കൺവീനർ
2. ബാലകൃഷ്ണൻ ശർമ്മ
3. സുഗതൻ
4. കെ.കൃഷ്ണൻ

## സംസ്കാരം

1. കെ.കോയക്കുട്ടി, കൺവീനർ
2. ഫാ.ഫ്രാൻസിസ്
3. ജെ.രാധാകൃഷ്ണൻ മാസ്റ്റർ
4. ഉണ്ണി പി നായർ

## വനിത

1. കെ.പി.ജൽസീമിയ, കൺവീനർ
2. പി.കെ.അംബികാ ദേവി
3. എ.എസ്.മറിയാമ
4. കെ.വിജയ ലക്ഷ്മി

## സഹകരണം

1. കെ.ജി.സാജൻ മാസ്റ്റർ, കൺവീനർ
2. എം.പി.ഹുസൈൻ
3. എം.ഉസ്മാൻ
4. സുരേഷ്ബാബു

## പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം

1. വി.വേലായുധൻ, കൺവീനർ
2. കെ.മനോജ്
3. വി.വേലായുധൻ
4. നാഗൻ ഫോറസ്റ്റർ

## വിഭവസമാഹരണം

1. ടി.പി.സിദ്ധീഖ്, കൺവീനർ
2. ജി.തോമസ് മാസ്റ്റർ
3. ഇ.വസന്തകുമാരി
4. *കെ.കൃഷ്ണൻ*

# അധികാരം ജനങ്ങളിലേക്ക്

